Archivfilm
vorhanden

N12<527029630 021 LS

ubTÜBINGEN

Wilh. Kapp
Buchbinderei & Papierh.
Tübingen Münzg. 3

# പശ്ചിമോദയം

നമ്പ്ര ഒന്നിന്നു ൨ പൈ പെസ്സവില

൪. നമ്പ്ര — തലശ്ശെരി — ൧൮൪൮ ജനുവരി


## ഭൂമിശാസ്ത്രം

### ഭാരതഖണ്ഡം

#### ൫. ദക്ഷിണഖണ്ഡവും ലങ്കാദ്വീപും (തുടൎച്ച)

ലങ്കാദ്വീപിന്റെ വടക്കികിഴക്കെകരമെൽ ത്രിക്കൊണമലകൊട്ട എന്ന ഖണ്ഡത്തിലെ മുഖ്യമായ തുറമുഖത്തിൻ അരികിൽ നില്ക്കകൊണ്ടു എന്നും പ്രസിദ്ധപ്പെട്ടിരിക്കുന്നു കല്കൊത-മദ്രാസ മുതലായ ദെശങ്ങളിലെ തുറമുഖങ്ങളിൽ മഴക്കും പെരിക്കാറ്റിന്നും നിമിത്തം അണഞ്ഞുനില്പാൻ കഴിയാത്ത സമയവും കപ്പല്ക്കാൎക്ക് ത്രിക്കൊണമല തുറമുഖം തന്നെ ഒരാപത്തും വരാത്ത സങ്കെതസ്ഥലമാകുന്നു. വലിയ വടക്കപ്പലുകൾക്കും അനെക പത്തമാരികൾക്കും അതിൽ പ്രവെശിച്ചു നങ്കൂരം ഇടുവാൻ വിസ്താരം വെണ്ടുവൊളം ഉണ്ടു കൊട്ടയിൽ വസിക്കുന്നത ഇങ്ക്ലീഷ പട്ടാളമല്ലാതെ നിവാസികൾ എല്ലാവരും ഹിന്തുജാതികൾ തന്നെ ആകുന്നു

ത്രിക്കൊണമലയിൽനിന്നു വടക്കൊട്ടു ദ്വീപിന്റെ അറ്റത്ത തന്നെ ചില തുരുത്തികൾ ഉണ്ടു അതിൽ മുഖ്യമായതു യാഴ്പാണം തന്നെ മലയും പാറകളും അതിൽ ഇല്ലായ്കകൊണ്ടു കുടിക്കാരുടെ മുഖ്യപ്രവൃത്തി കൃഷി തന്നെ ആകുന്നു ചില തുറമുഖങ്ങളും അവിടെ ഉണ്ടാകകൊണ്ടു കച്ചൊടവും ഏറെ നടക്കുന്നു നിവാസികൾ മിക്കവാറും തമിഴർ ആകുന്നു അല്പം ചില ഒല്ലന്തക്കാരും ത്രിക്കൊണമലയിൽനിന്നും മറ്റും അങ്ങൊട്ടു ചെന്നു കുടിയെറി വസിക്കുന്നു

ലങ്കാദ്വീപിന്റെ അകത്തുള്ള മലപ്രദെശത്തിലെ സകല ഊരുകളുടെ അവസ്ഥ വിവരിച്ചുപറവാൻ കഴികയില്ല കളുമ്പിൽനിന്നു ഏകദെശം ൧൮ കാതം വഴി കിഴക്കൊട്ടു മുമ്പെ രാജധാനി ആയ കണ്ടിനഗരം ൩൦൦൦-൪൦൦൦ കാലടി ഉയരമുള്ള മലപ്രദെശത്തിൽ കിടക്കുന്നു ബുദ്ധതിരുപല്ലു സൂക്ഷിച്ചുവെച്ച ക്ഷെത്രമല്ലാതെ അതിൽ ഒരു വിശെഷം കാണ്മാനില്ല ഭിക്ഷുക്കളുടെ സംഖ്യ ഏകദെശം ൫൦൦൦ ആയിരിക്കും ദ്വീപു മുഴുവനും ഇങ്ക്ലീഷ്കാരുടെ വശംവ

ന്ന സമയം മുതൽ ആ പട്ടണത്തിന്റെ ശൊഭക്കും സൌഖ്യത്തിന്നും വളരെ വ്യത്യാസം വന്നുപൊയി

ലങ്കാദ്വീപിലെ നിവാസികൾ പുരാണകാലമെന്നതിൽ പാൎത്തുവരുന്നവരും പുറനാട്ടിൽനിന്ന കൂടക്കൂടെ വന്ന നാട്ടുപിടിച്ചടക്കി കുടിയെറിയവരും എന്നിങ്ങിനെ രണ്ടുവിധം തന്നെ ആകുന്നു പുരാണവാസികൾക്കു സിംഹളർ എന്ന പെർ അവർ മിക്കവാറും മലനാട്ടിലും തെക്കെ അംശത്തിൽ കടപ്പുറങ്ങളിലും വസിക്കുന്നു ബ്രഹ്മവിഷ്ണുമഹെശ്വരന്മാരെ സെവിക്കാത്ത ബൌദ്ധമതക്കാരാകകൊണ്ടു ജാതിയത്വം ഹിന്തുജാതികളെപ്പൊലെ ആചരിക്കുന്നില്ല അവരുടെ ഭാഷക്ക പാലി എന്ന പെർ അത സംസ്കൃതത്തിൽ പ്രാകൃതഭാഷയത്രെ ആകുന്നു വിദ്യാഭ്യാസം ചിത്രം മുതലായ ശില്പപണികൾ കൃഷി കച്ചവടം എന്നിവറ്റിന്നു അവൎക്ക പ്രാപ്തിയും ഉത്സാഹവും അല്പമെയുള്ളു

പിന്നെ വന്നുകുടിയെറി വാഴുന്നവർ പലവിധം ആകുന്നു ചക്രവൎത്തികളുടെ കാലത്തിൽ ഒരൊ യുദ്ധങ്ങൾ നടന്ന സമയം മുതൽ തമിഴർ തെലുങ്കർ മലയാളികൾ എന്നിവകക്കാർ അവിടെ വന്ന വടക്കെ ദെശങ്ങളിൽ ആധിക്യം പ്രാപിച്ചു പാൎത്തുവരുന്നു അവർ അല്ലാതെ പല ചൊനകർ എന്ന അറവി സന്തതികൾ ദ്വീപിൽ എങ്ങും ചിതറി വസിച്ചു കച്ചവടം ചെയ്തുകൊണ്ടുമിരിക്കുന്നു പല പൊൎത്തുഗീസർ ഹൊല്ലന്തർ ഇങ്ക്ലിഷ്കാർ എന്ന വിലാത്തി ജാതികളും - ചീനക്കാർ വാസികൾ എന്ന ആസ്ത്ര്യഖണ്ഡക്കാർ ചിലർ - ആഫ്രിക്കയിൽനിന്നു വന്നു ഹൊല്ലന്തർ കൊണ്ടുവന്ന കാപ്പിരികളുടെ മക്കളും ദ്വീപിൽ പലദിക്കുകളിലും കുടിയെറി വസിക്കുന്നു

ലങ്കാദ്വീപിലെ പൂൎവ്വചരിത്രത്തിൽ നല്ല നിശ്ചയം ഇല്ല വിലാത്തിക്കാർ അവിടെ വന്ന സമയം മുതൽ നടന്ന അവസ്ഥകളെ മാത്രം പറയാം ൧൫൦൫ ക്രി. അ. പൊൎത്തുഗീസർ ആദ്യം ആ ദ്വീപിനെ കണ്ടു ൧൫൧൭ ക്രി. അ. അതിൽ കുടിയിരിപ്പാൻ തുടങ്ങി അവരുടെ കയ്യാൽ ഒന്നാമത കൊളമ്പുനഗരമുഖത്തിൽ പ്രവെശിച്ചു ക്രമമിട്ടപ്പൊൾ സിംഹളർ ഭൂമിയുടെ തങ്ങടെ രാജാവെ കണ്ടു ഒരുവക വെളുത്ത സുന്ദരന്മാർ ഇവിടെ എത്തി ഇരിമ്പുതൊപ്പിയും മദ്ദും ധരിച്ചും

വെളുത്തകല്ലുകളെ തിന്നും ചൊരകുടിച്ചും മീൻ നാരങ്ങ മുതലായത വാങ്ങിയാൽ വി
ലയായി പൊൻപണം കൊടുത്തും വലിയ ചിലുള്ള കുഴലുകളെ കൊണ്ടു ഇടി വെട്ടുമ്പൊ
ൾ വലിയ ഒച്ചകൾ ൧൨ നാഴിക ദൂരം അതിൽനിന്നൊടി പരന്ന കൊട്ടയിലൊ ഭവന
ത്തിലൊ തട്ടിയാൽ സകലവും ഇടിച്ചുകളയുമെന്നി പ്രകാരമുള്ളവർ മാനം എല്ലാം ഉണ
ർത്തിച്ചാറെ രാജാവു ഭയപ്പെട്ടു ഇവരവരെ കൊണ്ടു സത്യവും സമയവും ചെയ്യിച്ചില ഇവ
കകളെയും കാഴ്ചയായി കൊടുത്തു കര ഇരിക്കുവാൻ സമ്മതിക്കയും ചെയ്തു അന്നുമുതൽ
പൊർത്തുഗീസർക്കു കളികളിലും മറ്റും വാത്തകളുവട്ടം തുടങ്ങി അല്പകാലം കഴിഞ്ഞാറെ ദെശം
ഈ രാജാവിന്നു ഗൃഹഛിദ്രം ഉണ്ടായപ്പൊൾ ഒരു മമദം അംഗീകരിച്ചു ദൊൻജുവാൻ
ധർമ്മപാലി എന്നവൻ ദെവതം ചെൻറുവട വെട്ടി ആക്കിച്ചു അവനെ രാജാവാക്കുകയും
ചെയ്തിനെയും ഉണ്ടായ യുദ്ധങ്ങളിൽ പൊർത്തുഗീസർ കൂടക്കൂടെ ജയിച്ചു കൊട്ടകളെ പിടിച്ചട
ക്കി വാണ അന്നിട്ടും സെനയും വന്നില്ല മറുവക്കക്കാർ പിന്നെയും പിന്നെയും കലഹിച്ചു
ഒരുസമയം ലങ്കിലു ഹൊല്ലന്തരുടെ സഹായത്തിനാലെ ൧൬൬൩ ക്രി. അ. പൊർത്തുഗീ
സരെ മുഴുവനും ശീമയിൽനിന്നു ആട്ടികളകയും ചെയ്തു എന്നിട്ടും സിംഹളക്കു അതിനാൽ ലാഭം
ഒന്നും ഉണ്ടായില്ല ഹൊല്ലന്തർ കൂടക്കൂടെ സകല കടപ്പുറങ്ങളിലും വന്നു അതിക്രമിച്ചു ഇടമു
പങ്ങളെയും മറ്റും കൈക്കലാക്കി ശീമയിൽ എങ്ങും അധികാരികളായി വർദ്ധിച്ചു എന്നു
കണ്ടി സിംഹം എന്ന പെരുള്ള രാജാവു ൧൭൯൬ ക്രി. അ. ഇങ്ക്ലിഷ്കാരെ തുണെക്കായി വി
ളിച്ചു ഹൊല്ലന്തരെ തൊല്പിച്ചു പുറത്താക്കുകയും ചെയ്തു അതിന്റെ ശെഷം ശീമയിൽ എ
ങ്ങും ഒരൊ കലഹങ്ങളും രാജദ്രോഹങ്ങളും മറ്റും നടന്നപ്പൊൾ ഇങ്ക്ലിഷ്കാർ ക്രമത്താ
ലെ ആയതെല്ലാം അമൎത്തു ൧൮൧൫ ക്രി. അ. ശ്രീവിക്രമസിംഹം എന്ന കണ്ടിരാ
ജാവെ സ്ഥാനഭ്രഷ്ടനാക്കി ശീമ മുഴുവനും വശീകരിച്ചു ഇന്നെയൊളം വാണു
കൊണ്ടിരിക്കുന്നു

പൊർത്തുഗീസർ ലങ്കാശീമയിൽ വന്ന സമയം മുതൽ ഇതുവരെയും ഒരൊരൊവ
കക്കാർ തമ്മിൽ ഇടയെന്നും ക്രിസ്തുമതം നടത്തുവാൻ ഉത്സാഹിച്ചതു മുഴുവനും അസാ
ദ്ധ്യമായി പൊയില്ല ഹൊല്ലന്തർ വാണുകൊണ്ടിരുന്നപ്പൊൾ ൧൦൦ എഴുത്തുപള്ളി
കളിൽ വെച്ചു ഏറെകാലമായിട്ടു ൨ ലക്ഷം കുട്ടികളെ പഠിപ്പിച്ചു സത്യവെദ
വും മറ്റും അറിവാൻ സംഗതി വരുത്തി പുരുഷന്മാരെയും സ്ത്രീകളെയും സ്നാ

നം കഴിച്ചു ക്രിസ്തുസഭയൊടു ചെൎത്തു ഒരൊ ദിക്കുകളിൽ പള്ളികളെയും പണിയി
ച്ചു പ്രസംഗത്തിനായി പാതിരിമാരെ വരുത്തി പാൎപ്പിക്കയും ചെയ്യുന്നതിന്നു മുമ്പെ
പൊൎത്തുഗീസർ അപ്രകാരം തന്നെ അനെകരെ രൊമമതാനുസാരികളാക്കി
എങ്കിലും അവരുടെ ഉപദെശം മിക്കതും മാ നഷ്ടമാകകൊണ്ടു ആ
ക്രിസ്ത്യാനികൾക്കു ഇപ്പൊൾ പെർ മാത്രം ശെഷിച്ചിരിക്കുന്നു നാട്ടിൽ അവർ
അജ്ഞാനികളുടെ ചെല കെട്ടുന്നുള്ളു — ഇങ്ക്ലിഷ്കാർ ദ്വീപു സ്വാധീന
മാക്കിയനാൾ മുതൽ കൂടക്കൂട ൯-൮ മിശ്യൊൻ സംഘങ്ങളിൽ നിന്നു പാതി
രിമാർ വന്നു ശുദ്ധ സുവിശെഷം അറിയിച്ചു അതിൽ അധികം എഴുത്തുപ
ള്ളികളെയും സ്ഥാപിച്ചു അനെകൎക്കു സത്യജ്ഞാനം ഗ്രഹിപ്പിച്ചു. പ്രത്യെകം ദ്വീ
പിന്റെ വടക്കെ ഭാഗത്തു തങ്ങടെ പ്രയത്നഫലങ്ങളെ കണ്ടു സന്തൊഷിച്ചു അ
നുഭവിച്ചു വരുന്നു

## ആകാശനീന്തം-(തുടൎച്ച)-

അനന്തരം ഒരൊരൊ വിദ്വാന്മാർ ആകാശപന്തിനെ കുറവില്ലാതെ ആക്കി
തീൎക്കുവരുത്തുവാൻ നൊക്കി ധൂൎത്തന്മാർ ഒരൊരൊ വമ്പു ചൊല്ലി പല രാജ
ധാനികളിലും നഗരങ്ങളിലും ചെന്നു പന്തൊടുംകൂടെ ആകാശത്തിൽ കയറി
വളരെ സമ്മാനം വാങ്ങുകയും ചെയ്യു — ഇവരിൽ ഗ്ലൂഞെത്ത എന്നവൻ എങ്ക്ലന്തി
ൽ വെച്ചു ഇന്നു അതിശയം കാട്ടി ധനം വളരെ സമ്പാദിച്ചശെഷം ഇക്കരവി
ട്ടു ഫ്രാഞ്ചിയിലെക്കു പറപ്പാൻ വിഷമം ഇല്ലെന്നവര അതു തന്നെ താൻ വാഴ്ത്തി അ
നവധി ജനങ്ങൾ കൂടി നൊക്കുമ്പൊൾ ദൊവർ കടപ്പുറത്തുനിന്നു പന്തിൽ കരെ
റി (൧൮൩൬. നവ. ൭) ഗ്ലൂഞെത്തൊടു കൂട ഒർ അമെരിക്കക്കാരൻ ഉണ്ടായിരു
ന്നു — നല്ല കാറ്റുണ്ടാകകൊണ്ടു അവർ വെഗത്തിൽ ഫ്രാഞ്ചിയുടെ നെരെ പ
റക്കുമ്പൊൾ ഉടനെ ജലവായു പന്തിന്റെ ഒരു വഴുതിൽകൂടി പുറത്തു പൊവാ
ൻ തുടങ്ങി പന്തു ഏകദെശം സമുദ്രത്തൊളം താഴുകയും ചെയ്തു — അപ്പൊൾ അ
വർ ഭയപ്പെട്ടു ഭാരമുള്ളത് ഒക്കയും കുപ്പായം മുതലായതും സമുദ്രത്തിൽ ചാടിക
ളഞ്ഞിട്ടും വെള്ളം തൊട്ടുമാറായപ്പൊൾ കാറ്റു അധികം അടിച്ചതിനാൽ
പിന്നെയും അല്പം കയറി കലെസ് പട്ടണത്തിന്റെ അരികിൽ ഒരു കാട്ടിൽ ഇറങ്ങു

കയും ചെയ്തു — ഫ്രാൻസു രാജാവ് ആസ്ഥലത്ത് കല്ലെക്കാരിയെ ഒരു സ്തംഭം നാട്ടിച്ചു അതിന്നു സമ്മാനവും മരണപര്യന്തം ആണ്ടുതോറും ൧൦൦൦ റീത്ത ആസ്തികയും ചെലവിന്നു കൊടുത്തു പോരുകയും ചെയ്തു

ഈ പ്രയോഗങ്ങൾ സാധിച്ച ഇവിടന്നായ രൊഷ്യർ പരീക്ഷിച്ചപ്പോൾ താനും ചണ്ണാതിയും നശിച്ചുപോയി — അതിന്റെ കാരണം കാറ്റിനെ വിരോധിക്കെണ്ടതിന്നു തണ്ടു തുഴ മുതലായ യന്ത്രങ്ങളെ ചെയ്യാൻ വിചാരിച്ചത് എല്ലാം നിഷ്ഫലമായി — എങ്കിലും ആകാശത്തിന്നു കീഴിൽ തെക്കെ കാറ്റുള്ളപ്പോൾ അല്പം മുകളിൽ വടക്കെ കാറ്റുള്ളതും ആകാശത്തിന്റെ ഒഴുക്കും ഉയരത്തിന്നു തക്കവണ്ണം പലവിധേന മാറുന്നതും കാണ്കകൊണ്ടു ഇതിർ കാറ്റു വിരുദ്ധമ്പോൾ താഴുകയാലും ഉയരുകയാലും അനുകൂലമായ ആകാശം അന്വേഷിക്കാം — എന്നു കണ്ടു ഉപായം വിചാരിച്ചത് എന്തെന്നാൽ — മുമ്പെ പന്തിൽ ജലവായുവെ നിറച്ചു ഉടനെ അടക്കം പുതിയ വായുവെ ചെല്ലാൻ ഇനിയുകയില്ല — രൊഷ്യർ രൊവരുടെ സ്തുസ്തതയൊടെ ഒരു വിധമുള്ള രാക്ഷസിഭക്ഷ വെച്ചു പന്തൊട് ഒരു കുഴൽ ചെർത്ത് അധികം കയറെണ്ടതിന്നു പന്തിലെ ആകാശത്തിന്നു അധികം കൂട്ടുവരുത്തി — പിന്നെ ആ കുഴലിൽ ചാരങ്ങളും സൂക്ഷ്മമായി അടയുന്ന ആണികളും യന്ത്രവിദ്യകളും ഉണ്ടു — അവകളെ തുറന്നാൽ ജലവായു പുറത്തു വരും വന്ന് ആവശ്യമുള്ളെടത്തോളം താഴുകയും ചെയ്യും — ഇവകളെ അടക്കത്തിന്നും കയറത്തിന്നും പരീക്ഷിച്ചപ്പോൾ നല്ല അനുഭവം കണ്ടു എങ്കിലും കാറ്റിന്റെ തള്ളലാൽ ദോഷപക്ഷം ജലവായുവെ കത്തിച്ചു എങ്കിൽ വിഷനിശ്ചയം — ജലവായു മുതലായ വിലവായുക്കളും കത്തുന്ന ആകാശഭേദങ്ങൾ ആകുന്നുവല്ലോ — അതുകൊണ്ടു രൊഷ്യൂരും സഖിയും വളരെ സശ്രദ്ധക്ഷയൊടും കൂടപ്പുതിയ പന്തിനെ ഒരുക്കി കലെസിൽനിന്നു കരെറി ഇങ്ക്ലന്ത് കരയുടെനെരെ ഓടി എങ്കിലും കാറ്റു പിന്നെയും പിന്നെയും മാറുക കൊണ്ടു നല്ലവണ്ണം നടന്നില്ല — പടിഞ്ഞാറെ കാറ്റു ഫ്രാഞ്ചിക്കരെക്ക് ഒടിച്ചപ്പോൾ അവർ മെല്ലെപ്പെട്ടു കരെക്കു വരുന്നുള്ള ഉപായം പ്രയോഗിച്ചു എന്നു തോന്നുന്നു — എന്നാറെ എത്രയും ഉയരത്തിൽ ഇരിക്കുമ്പോൾ തന്നെ പന്തു കത്തി വീണു തുടങ്ങി — ശരീരങ്ങൾ കടലുരത്ത് അതി വെഗത്തിൽ വീണ്ണത്തിയപ്പോൾ ഇരുവരിലും മരണത്രപം

തിരിച്ചുമാറ്റില്ല (൧൭൯൭. ജൂൻ. ൧൫)

അതിനാൽ ഭയം തോന്നി എങ്കിലും പല തരം ആകാശനിന്ദം അധികം ആയ
തിളച്ചുവന്നു — അവരിൽ ഉങ്ക്രൂസ്സി എന്നവൻ പണ്ടൊരു സ്വിധം തോന്നിയെ
ചെന്നുകെട്ടി ഫിഗ്ലിസ് തെരലന്ത എന്നായിപ്പുകളെ ഒരുമിച്ചുകാത്തെന്നു
നിന്ന് ആളടക്കടലിൽ നിന്തെ വരുന്നകൊണ്ടിരുന്നു — ആ സമയം വെന്നിൽ എ
ങ്കിലും ഉയരം നിമിത്തം അവന്റെ മഷിശിത്തത്താൽ ഉറെച്ചുപൊയി ആകയാ
ൽ ഈറങ്ങുവതിൻ ഇഷ്ടിച്ചു ജലവായു വെള്ളം പുരത്തുവിട്ടപ്പോൾ — വടക്കൻ
കാറ്റുവന്നിറെച്ചിരിച്ചു മിന്നലും ഇടിയും ചെന്ന് ഒരു മെഘത്തിൽ ചാടി സ
മുദ്രത്തെ ഓളം താഴ്ത്തുകയും ചെയ്തു — തിരമാല അടിച്ചു വെള്ളം തൊണിയിൽ
വന്നിരിന്നു എങ്കിലും വന്നതൊണിയെ വലിച്ചുകൊണ്ടുപൊയി ഒരു കപ്പല്ക്ക
നെരെ ചെന്നതിനാൽ അതിൽ കയറി അപായം വരാതെ ഇംഗ്ലന്തിൽ സം
ഗതിവന്നു

ഇങ്ങ്ലിസ്സ് പൂർവ്വ വായു ഉപകാരി ആകാശവിമാനത്തിൽ ഒരു വിശിഷ്ടനാകി — അ
വൻ ഒന്നാം അധികം കയറിയതിനാൽ തന്റെ മൂക്കിൽനിന്ന് ചെവികളിലും രക്തത്താൽ
ഉറവിച്ചു ശേഷം ഇറങ്ങിക്കൊണ്ടു വന്നു — പിന്നെ അവൻ ഉത്സാഹികളോടുകൂട
അറിയകടലിൽ വിണപ്പൊൾ ഒരു മീൻപിടിക്കാരൻ തന്റെ തൊണിയി
ൽ കയറിയവരെ രക്ഷിച്ചു പത്തിന്റെ കയറുകളും ചെയ്തു — ആ കൂളട
നെ പിന്നെയും കയറി ഒരു ഇങ്ക്തൊട്ടയൊളം പറന്നു ഗോപുരത്തൊടു മുട്ടി
അതിൽ ഉള്ള കില്ലദാർ ഈ ഉവാനിൽ നിന്നു വന്ന ദേവകൾ ആഷണ്ഡവെ
ച്ചു എല്ലാം ബന്ധം ബന്ധമാക്കി രക്ഷ എന്ന പൊലെ മാനിച്ചുവെങ്കപ്പെട്ടവൻ
വിഭാഗിച്ചു കൊടുക്കയും ചെയ്തു — ഒടുവിൽ ഉപകാരിയും മെൽപ്രകാരം ക
ഒന്നിരണ്ടുതരം പുത്രമക്കളെ പരീക്ഷിച്ചു ശേഷം ബോലോഞ്ഞയിൽ വി
ശ്രമിക്കയും ചെയ്തു (൧൭൮൫)

## കെരളപഴമ

### ൧. അൾമൈദ കണ്ണനൂർ കൊട്ടയെ പണിയിച്ചതു


അൾമൈദ അഞ്ചുദീപിനെ വിട്ടതെക്കൊട്ടു ഒടുവാൻ ഒരുമ്പെടുമ്പൊൾ

അവന്റെ മിലാമിന്മാർ പാസിയിൽനിന്ന വരുന്നൊരു കപ്പൽ പൊരുളു പിടിച്ചു അതിലുള്ള കുതിരകളെ കരെക്ക ഇറക്കി പാർപ്പിച്ചു — പിറ്റെദിവസം നൊക്കുമ്പൊൾ കുതിരകളെ കണ്ടില്ലെന്നു മെൽരാവു വന്നിച്ചു അവരെ ദെമൊഷ്ടിച്ചിരുന്നു എങ്കിലും ചെയ്തു — അതുകൊണ്ടു അൾമെദ അവനെ ശിക്ഷിപ്പാൻ ഹൊനാവര നഗരത്തെക്ക ഒടി തിരെച്ചു രാവെ പൊക്കി മുതലായ കടപ്പുറം തൊട്ടു പടകുകളെ മുട്ടുന്നതൊടി കൂട്ടി കൊടുത്തു ഭയം നിലവരത്തുകയും ചെയ്തു (അക്കം ൧൩) പിറ്റെദിവസം മെൽരാവുതി ഒമ്മായുമെ അയച്ചു അൾമെദ യൊട്ടക്കമ വൊദിച്ചു ഒഴിച്ചു പറഞ്ഞു പൊർത്തുഗാൽകൊടിയെ തന്റെ കൊടിമരത്തിന്മെൽ ഇട്ടു വരപ്പിപ്പാൻ സമ്മതം വാങ്ങുകയും ചെയ്തു

അനന്തരം അൾമെദ താൻ കണ്ണനൂരിലെക്ക ഒടുമ്പൊൾ ഹൊമൻ കപ്പിത്താനെ കൊച്ചിയിലും കൊല്ലത്തും ചെന്ന വർത്തമാനം അറിയിപ്പാൻ കൽകളെ വാങ്ങിച്ചു ഇട്ടു പിന്തെന്നതിന്നു മുമ്പിൽ അയച്ചു — ആയവൻ കൊല്ലത്തുള്ള പരങ്കികൾ നായരസാവെകന്മാരെ — ചരക്കു കിട്ടുമൊ എന്നിന്നിശ്ചയം ഇല്ലാഞ്ഞു കരുമുളക കൊടുപ്പാൻ രാജാവുമായി കരാർ ചെയ്തിട്ടുണ്ടല്ലൊ ഇപ്പൊഴൊ അവർ അറവിപടകുകൾ കൊള്ളിച്ചു കൊടുത്തു ചരക്കുകളെ വെക്കാതെ കരെക്കു വരുവാൻ സംഗതിവരും — എന്നുകെട്ടു ഉടനെ ഹൊമൻ മലശൂരന്മാരെ അയച്ചു എല്ലാ അറവിപടകുകളിൽനിന്നും പായും ചുക്കാനും വാങ്ങിച്ചു പൊർത്തുഗീസ പാണ്ടിശാലയിൽ വെപ്പിക്കയും ചെയ്തു — പിന്നെ താൻ സന്തൊഷിച്ചു മടങ്ങി പൊരുമ്പൊൾ അറവികൾ ഒപ്പൽ രഹദാരി കൂടാതെ വരുന്നതു കണ്ടൊരെ അവരെ പിടിച്ചു ആളുകളെ കിഴിൽ ആക്കി അടെച്ചു ഒരൊന്നിൽ മിലപരങ്കികളെ കരെക്ക കണ്ണനൂർ ഉറക്കിൽ എത്തിയാറെ കപ്പലിലെ ആളുകൾ കലഹിച്ചു പരങ്കികളെ കൊന്നു കടലിൽ ചാടി അൾമെദയും ഹൊമനും കാണ്കെ പാഞ്ഞു കൊടുത്തു ഒടിപൊകയും ചെയ്തു — അതുപിടിപ്പാൻ കൂടാതെ ആയപ്പൊൾ അൾമെദ ഹൊമനൊടു കൊപിച്ചു സ്ഥാനത്തിൽനിന്നു താഴ്ത്തി വെക്കയും ചെയ്തു —

അൾമെദ കണ്ണനൂർ ഉറക്കിൽ എത്തിയ (ക്രൊ ൧൫൦൫) സെപ്തമ്പ്ര

നെ പാണ്ടിശാലക്കാരനായ ബെൎത്തൊസ വന്ന വൎത്തമാനം അറിഞ്ഞിച്ചു മാപ്പി
ളമാരുടെ ധനപ്രാപ്തിനിമിത്തം കൊലത്തിരിക്കൊർ ആവലും ഇല്ല അവർ
ങ്ങളെ കൊല്ലുവാൻ വല്ലപ്പൊഴും പറഞ്ഞു — അതിന്നാകിൽ അവർ ഒരുമ്പെ
ട്ടാൽ തമ്പുരാൻ രക്ഷിക്കയുമില്ല അതുകൊണ്ടു നമ്മുടെ സൌഖ്യത്തിന്നായും ഇഞ്ചി
ക്കച്ചവടത്തിന്നായും ഇവിടെ ഒരു കൊട്ട വെണം അതിന്നാകിനൊൻ ദെശത്തി
ന്റെ മൂലയായി നിക്കുന്ന ഇന്നുമുക്കാൽ തുരുത്തിയെ നല്ലത് എന്നു കണ്ടു രാജ
കല്പന വാങ്ങി ഒരു വലിയ പാണ്ടിശാലെക്ക അടിസ്ഥാനങ്ങളിട്ടുവാൻ തുട
ങ്ങി ഇരിക്കുന്നതു ഇനി കൊട്ടയാക്കി വരുത്തിയാൽ കുറവില്ല എന്നു കൊ
ട്ടാരത്തൊട സംക്രുടാതെ ഇന്നു പണി തുടങ്ങും എന്ന അൽമൈദ കല്പിച്ചു
കരെക്കിറങ്ങും മുമ്പെ അൽമൈദ നരസിംഹരായരുടെ മന്ത്രിയെ കണ്ടു പിന്നെ
കൊലത്തിരിയെ കണ്ടു — ആയതു കടപ്പുറത്തുള്ള പാലത്തിന്മെൽ തൈവെള്ളയും പ
ട്ടും വിരിച്ചു വഴിക്കൽ വെച്ചു കണ്ടു കാഴ്ച വെച്ചു കൊട്ട കെട്ടുവാൻ സമ്മതം ചൊദി
ച്ചു മാപ്പിള്ളമാരെ അടക്കുവാൻ ഇതുതന്നെ വഴി എന്നു ബൊധം വരുത്തിയ
ന്നു തന്നെ (൧൫൦൫, ഒക്ത.) പണി തുടങ്ങുകയും ചെയ്തു — അതിന്നു രാജാവ് പണി
ക്കാരെ കൊടുത്തു അൽമൈദയും ഒരു വീരനെയും വിടാതെ എല്ലാവരെ കൊ
ണ്ടും പണിയെടുപ്പിച്ചു — എട്ടു ദിവസത്തിന്നകം ശത്രുവെ തടുക്കെണ്ടുന്നതിന്നു
പാൎപ്പാൻ മാത്രം തക്ക കൊട്ടയെ കെട്ടി ദെശം ക്രിസ്ത്രസന്ത് അഞ്ജെലൊ എന്ന
പെരും വിളിച്ചു ലൊരഞ്ചു ബ്രിത്തൊ എന്ന വീരനെ ൧൫൦ പറങ്കികളൊടും യു
ദ്ധസാധനങ്ങളൊടും കൂട അവിടെ പാൎപ്പിക്കയും ചെയ്തു — അൽമൈദ ദ്രുതങ്ങള
ത്വരാ അവിടെനിന്നു ഒ(൧൬) കൊച്ചിക്കെത്തുകയും ചെയ്തു




പണ്ടത്തെ
കണ്ണനൂർകൊട്ട

F. Müller. Editor.

നമ്പ്ര ഒന്നിന്ന ൧ ഒരു പൈസ്സവില

൨ നമ്പ്ര തലശ്ശേരി ൧൮൪൭ ഫിബ്രുവരി

# പശ്ചിമോദയം

## ഭൂമിശാസ്ത്രം

### ഭാരതഖണ്ഡം

#### ൩. ദക്ഷിണഖണ്ഡവും ലങ്കാദ്വീപും

#### സഹ്യപശ്ചിമമലയും കാവെരികൃഷ്ണാദിനദീപ്രദെശങ്ങളും

ദക്ഷിണഖണ്ഡത്തിലെ ഉയൎന്നഭൂമിയുടെ തെക്കെ അറ്റത്ത നീലഗിരി തന്നെ
ആകുന്നു മുമ്പെ പറഞ്ഞ വല്ലാത്ത ഗിരിസമൂഹത്തിൽനിന്ന വടക്കപടിഞ്ഞാറും
വടക്കകിഴക്കായിട്ട നീണ്ടുകിടക്കുന്ന സഹ്യാദ്രി പശ്ചിമമല എന്ന ഘാട്ട
കൾ ഉയൎന്ന ദെശത്തിന്ന പടിഞ്ഞാറും കിഴക്കും അതിരുകളായിരിക്കുന്നു അതി
ൽ വിവരിച്ചവരയെന്നു വടക്കകിഴക്കൊട്ടു നീണ്ടുനില്ക്കുന്ന പശ്ചിമമല തന്നെ-
തപതിനദിമുതൽ നീലഗിരിയൊളം ഒരെ ഭെദം കൂടാതെ നീണ്ടുകിട
ക്കുന്ന സഹ്യാദ്രി എന്ന തുടൎമ്മലയുടെ അവസ്ഥ പശ്ചിമമലയിൽ കാണുന്നില്ല
അന്ന നീലഗിരിമുതൽ വടക്കൊട്ട ഒരിസ്സാ അമരഖണ്ഡം മുതലായ ദെശങ്ങ
ളൊട്ടും വ്യാപിച്ചുനില്ക്കുന്നു എങ്കിലും കാവെരി കൃഷ്ണ മുതലായ നദികൾ കിഴ
ക്കൊട്ട വങ്കാളസമുദ്രത്തൊടു ചെരെണ്ടതിന്ന ആ മലകളിൽകൂടി ഒഴുക
ന്നതാകകൊണ്ടു അതിന്റെ ചെച്ചുപല ദിക്കുകളിലും വിട്ടുപൊയിരിക്കുന്നു
ആയതകൊണ്ടു അതിന്നു തുടൎമ്മല എന്ന പെർ വരുന്നില്ല ആ ഉപലെടത്തും ഘാ-
ട്ടിയായിട്ട വടക്കൊട്ട ചെന്നും മറെറ സ്ഥലങ്ങളിൽ ഗിരിസഞ്ചയത്തി
ന്റെ ഭാവം ധരിച്ചും മറ്റു ചില ദിക്കിൽ കുന്നുപ്രദെശത്തിന്റെ ആകൃതി
യും വരുന്നില്ലുന്നപ്രകാരം കാണുന്നു അതിന്റെ ഉയരത്തിലും വളരെ ഭെദം
ഉണ്ടു ചെലം പെട്ടുന്ന സമീപമുള്ള മലകൾ ൭൦൦൦ കാലടിയൊളവും പെണ്ണയാറു
പെണ്ണാറെന്ന രണ്ടു നദികളുടെ നടുവിലുള്ള തുടൎമ്മല ൩൦൦൦ കാലടിയൊളവും
ഉയൎന്നുകിടക്കുന്നു വടക്കൊട്ട ചെല്ലുന്നതിൽ അതിന്റെ ഉയരവും വലിപ്പവ
ലിച്ചുകാണുന്നു- നീലഗിരി തുടങ്ങി ഒരിസ്സാവരെയും മലകൾ ൩-൪-൫-൬-കാ

ം. പശ്ചിമഘട്ടം എകദെശം സമുദ്രവുമായി അകന്നു വടക്കൊട്ടു വ്യാപിച്ചുനില്ക്കകൊണ്ടു കി
ഴക്കെ കടപ്പുറത്തുള്ള താണഭൂമി പടിഞ്ഞാറെ കരപ്രദെശത്തെക്കാൾ വിസ്താരം എറി
യതാകുന്നു. അതിൽക്കൂടി ഒഴുകുന്ന നദികളിൽ കാവെരി-കൃഷ്ണ-ഗൊദാവരി എന്നിവ
ന സഹ്യാദ്രിയിൽനിന്നു ജനിച്ചു ഒഴുകുന്ന നാട്ടുകളിൽ അനെക നദികൾ ചെൎന്നുവരി
കയാൽ വെള്ളം പെരുകിയവ ആകുന്നു. ശെഷം പെണ്ണയാറു-പാലാറു-വൈ
ഗാറു എന്നിവയിൽ ഉറവുകൾ ദൂരമില്ലാത്ത പശ്ചിമമലയിൽനിന്നാക
കൊണ്ടു വെള്ളം കുറഞ്ഞവയാകുന്നു. സമുദ്രത്തിൽ ചെരുന്ന ഈ പ്രധാന നദിപ്രദെശ
ങ്ങളെ വെവ്വെറെ വിവരിക്കുന്നു

## ൧. കാവെരി നദി ഒഴുകുന്ന നാട്ടുകൾ

കാവെരിപ്പുഴ കുടകനാട്ടിലെ എകദെശം ൪൦൦൦ കാലടി ഉയരമുള്ള ബ്രഹ്മഗിരിയി
ൽനിന്നു ജനിച്ചു മലനാട്ടുടെ കിഴക്കൊട്ടൊഴുകി വടക്കെ മലകളിൽനിന്നു ഹെമവതി
മുതലായി രണ്ടു പുഴകളും തെക്കുനിന്നു ലക്ഷ്മണതീൎത്ഥനദിയും വന്നതിൽ ചെരു
കകൊണ്ടു മലപ്രദെശം വിട്ടു വെള്ളം പെരുകിയ നദിയായി മൈസൂർ എന്നുയ
ൎന്ന സമഭൂമിയിൽക്കൂടി കിഴക്കെ തെക്കൊട്ടു ചെന്നു വയനാട്ടിൽനിന്നു ജനിച്ചു
വരുന്ന കബിനിപ്പുഴയെ കൈക്കൊണ്ടശെഷം കിഴക്കൊട്ടു ഉഗ്രമായി പല വലിയ
വഴികളിൽക്കൂടെ പ്രവഹിച്ചു ചാടി കൊല്ലെഗാലസമീപത്തിങ്കൽ പശ്ചിമമലയുടെ
ശാഖയിൽക്കൂടെ പ്രാപിച്ചുവരുന്നു—

കുടകദെശം മലനാടാകകൊണ്ടു കാവെരി ഒഴുകുന്ന ഭൂമിയിൽ ആദ്യം കാടത്രെ ആ
പുഴവെള്ളം കൃഷിക്കാൎക്കു വിശെഷിച്ചു നാട്ടുകാൎക്കു അധികം ഉപകാ
രമായി വരുന്നില്ല. മലകളിൽനിന്നു പുറപ്പെട്ടു സമഭൂമിയിൽ പ്രവെശിക്കുന്നതു
മുതൽ ജനങ്ങൾ പല വിധ കൃഷികൾക്കും വെണ്ടുന്ന വെള്ളം കിട്ടെണ്ടതിന്നു ഒരൊ
തൊട്ടുകളും ഓവുകളും മറ്റും ഉണ്ടാക്കി പുഴയുടെ രണ്ടുകരകളിലും കൂടി വെള്ളം ന
ടത്തിവരുന്നു. ആ ഉയൎന്ന ദെശത്തു പുഴവക്കത്തുള്ള നഗരങ്ങളിൽ പ്രധാനമായതു
ശ്രീരംഗപട്ടണം. തന്നെ ആയതു കാവെരിയിലെ ഒരു ദ്വീപിന്മെൽ കിടക്കുന്നതു. ഹൈ
ദരാലി ടിപ്പുസുല്ത്താൻ എന്നിവരും ആ പട്ടണം രാജധാനിയാക്കി വാണിരുന്നു. അ
വരുടെ കാലത്തിൽ എകദെശം ഒന്നര ലക്ഷം നിവാസികൾ അതിൽ ഉണ്ടായിരുന്നു

ന്നവരുടെ കൈയ്യം മുതൽ പട്ടണവും വസ്തുക്കളൊക്കെയും അതിൽ വസിക്കുന്നവർക്കു കൂടക്കൂ
ടവന്നിരുന്നതല്ലായ്കയാൽ ദിനങ്ങൾ വരികയാൽ അനെകർ പട്ടണം വിട്ടു പൊയിരിക്കുന്നു ഇപ്പൊ
ഴത്തെ നിവാസികളുടെ സംഖ്യ ഇരുപതിനായിരത്തിൽ അധികം ഃ ഇക്കന്നാനൂര
നാനൂറിൽ ടിപ്പുസുല്ത്താന്റെ ക്രൂരതയാൽ ഈ പട്ടണം അനെകമലയാളികൾക്കും ശവ
കുഴിയായി തീർന്നിരിക്കുന്നു ഇങ്ക്ലിഷ്കാർ ടിപ്പുവെ ജയിച്ചശെഷം മുമ്പെത്തെ രാ
ജസ്ഥാനം വാഴിച്ചു ഇപ്പൊഴത്തെ രാജ്യസന്തതി വംശത്തിൽ നിന്ന അല്പം കാല
ത്തെക്കൊട്ടു ഉദുമലപ്പെട്ട പട്ടണം തന്നെ

കാവെരി നദിയിൽ നിന്ന വടക്കൊട്ടു പശ്ചിമമലയുടെ പടിഞ്ഞാറെ ദെശഭാഗ
ങ്ങളുടെ സമീപത്തുള്ള ബെങ്കളൂർ കൊട്ടയിലാണ് ഇക്കൊയ്ക്ക വന്നിട്ടാൻ ഉചിത
ഭൂമിയാകയാൽ ഇങ്ക്ലിഷ് പട്ടാളങ്ങൾക്കും മുഖ്യവാസസ്ഥലമായിരിക്കുന്നു – മധുര നദി
വടക്കുനിന്ന വന്ന ചട്ടിക്കല്ലു കൊട്ട സമീപത്തെ വെള്ളച്ചാട്ടം കൊണ്ടു കാവെരിക്കു
ദുസ്സാദ്ധ്യകരമിതിക്കും ഏകദെശം ൧൫ കോലടി താഴ്ചയുമുണ്ട് അവിടെ നിവസത്തും
അനെക ഉഷ്ണവശിയ പാറകൾ നിറഞ്ഞ പുഴവരമ്പുകളെ കയറി ഒഴുകി വ–
ന്നിട്ട് ആയവ പാറകളിൽ നിന്ന ഭയങ്കരമായി ഒഴുകുന്നതു കൂടാതെ എകദെശം ൩൦
കോലടി താഴത്തെ ഗംഭീരമായ കിഴക്കെ തടങ്ങളെ വെള്ളത്തിനെയും ഒന്നായി
വെൺ വെളുത്ത പാറകളിലും വിളങ്ങി നില്ക്കുന്ന പാറകളിലും കൂടി പ്രവഹിച്ചു ഭവാ
നിപ്പുഴയെ കൈക്കൊള്ളുന്ന ഭൂമിയിൽ കിഴക്കെ താണ ദെശത്തിൽ പ്രവെശിച്ചു വ
രുന്നു

ആ മലപ്രദെശത്തിൽ ചട്ടിക്കല്ലു കൊട്ട തുടങ്ങി ഭവാനികൂടൽ എന്ന സ്ഥല
ത്തൊളം വിശെഷങ്ങളെ കാണ്മാനില്ല തിരികൊടിൽ കാവെരിപുരം മു
തലായ സ്ഥലങ്ങളിൽ ലമ്പാണികൾ താണ ദെശത്തിൽ നിന്ന കൊണ്ടുവരുന്ന
ചരക്കുകളിൽ അല്പം ഒരു കച്ചവടം നടന്നുവരുന്നു മെൽപറഞ്ഞ പാറകൾ ഒന്നിൽ
പണ്ടുണ്ടായ നഗരത്തിന്റെ വല ശെഷിപ്പുകളെയും കണ്ടിച്ചു പൊയ ക്ഷെത്ര
വിശെഷങ്ങളെയും കാണ്മാനുണ്ടു മലകളുടെ ഉയരം ചിലദിക്കിൽ ൫൦൦൦ ചി
ലെടത്തു ൪൦൦൦ കാലടി തന്നെ

ഭവാനിക്കൂടൽ തൃച്ചിറാപ്പള്ളി ഇങ്ങിരണ്ടു കൊട്ടകളുടെ നടുവിൽ കാവെരി

വളരപുഴകൾ വടക്കുനിന്നും തെക്കുനിന്നും വന്നുചെരുകകൊണ്ടു താണനാട്ടുടെ കിഴക്കൊട്ടു ഒഴുകുന്നതിൽ ബഹുവിസ്താരമുള്ള നദിയായി തീൎന്നിരിക്കുന്നു - ഇച്ചി രാജ്യങ്ങളിൽ ബങ്കാള സമുദ്രം എന്നിരണ്ടിന്റെ നടുവിൽ കാവെരി അനെകങ്ങളൈ കളായി പിരിഞ്ഞു ഒഴുകുക കൊണ്ടു അതിന്റെ വെള്ളം സമുദ്രത്തിൽ എത്തും മുമ്പെ കൃഷിസ്ഥലങ്ങളിലും മറവും മിക്കവാറും ചിലവായി പൊകുന്നു ഇപ്രകാരം കാവെരി കൈകൾ നിമിത്തം വടക്കെ ദെവികൊട്ട മുതൽ തെക്കെ കള്ളിമെട തലയൊളം ഉള്ള കടപ്പുറവും ചൊഴമണ്ഡലഭൂമി മിക്കതും പട്ടണങ്ങൾ ഉന്നതകൾ എന്നിവ നിറഞ്ഞൊരു വലിയ തൊട്ടത്തിന്റെ ഭാഷ്യ ധരിച്ചു കിടക്കുന്നു അതുകൊണ്ടു നാട്ടിൽ ക്ഷാമം എന്നുള്ളത അപൂൎവ്വം തന്നെ അതുമല്ലാതെ നാട്ടുകാർ ധാന്യങ്ങളെ പുറനാട്ടുകളിലെക്ക കൊണ്ടുപൊയി കച്ചവടം ചെയ്യും വരുന്നു

കാവെരി കൈകൾ സമുദ്രത്തിൽ കൂടുന്ന ഭൂമിയിലെ വിശെഷനഗരങ്ങൾ - കള്ളിമെട - നാഗപട്ടണം - നാഗൂർ - കാരിക്കാൽ - തരങ്കമ്പാടി - ദെവികൊട്ട - ചിതംബരം - പൊൎത്തനൊവ എന്നിവ തന്നെ ഈ സ്ഥലങ്ങളിൽ നിന്നു പടിഞ്ഞാറൊട്ടു പുഴവക്കത്തു തന്നെ കുംഭകൊണം - തഞ്ചാവൂർ - തൃശ്ശിനാപ്പള്ളി എന്നി മൂന്നും പ്രധാനപട്ടണങ്ങളായി ശൊഭിക്കുന്നു തൃശ്ശിനാപ്പള്ളിയിൽ നിന്നു തെക്കു പടിഞ്ഞാറൊട്ടു തൊണ്ടിമാന രാജധാനിയായ പുതുക്കൊട്ട ചൊൻഭൂമിയിൽ തന്നെ കിടക്കുന്നു - ഭവാനിക്കൂടലിൽ നിന്നു വടക്കൊട്ടു ചെലം പട്ടണവും തെക്കൊട്ടു പുഴവക്കത്തു തന്നെ കാരൂർ നഗരവും വിശിഷ്ടം

൧൭ാം നൂറ്റാണ്ടിൽ മഹാരാഷ്ട്രജാതികളും മറവരും കിഴക്കൊട്ടും തെക്കൊട്ടും പുറപ്പെട്ടു വലിയ യുദ്ധവും കഴിച്ചു ഒരൊ ദെശങ്ങളെയും സ്വാധീനമാക്കി അപ്പൊൾ പശ്ചിമമലയിൽ നിന്നു കിഴക്കൊട്ടു കാവെരി ഒഴുകുന്ന ചൊഴമണ്ഡലം മിക്കതും അവരുടെ കൈവശമായി തീൎന്നു പല മത്സരങ്ങളും യുദ്ധങ്ങളും നടന്നശെഷം അത്രെ ദെശമെല്ലാം ഇങ്ക്ലിഷ്കാരുടെ അധികാരത്തിലും പെട്ടുവന്നു - തഞ്ചാവൂർ രാജാവിന്നു അവർ രാജനാമവും രാജധാനിയും ചില കൊവിലകങ്ങളും മാത്രം സമ്മതിച്ചുകൊടുത്തതെയുള്ളു - ൧൫൦ ചില്വാനം വൎഷം മുമ്പെ വിലാത്തിയിൽ നിന്നു പാതിരിമാർ വന്നു തരങ്കമ്പാടി - തഞ്ചാവൂർ മുതലായ സ്ഥലങ്ങളിൽ വസിച്ചു വല

എഴുത്തുപള്ളികളെയും ഉണ്ടാക്കി കുട്ടികളെ അഭ്യസിപ്പിച്ചു ഈ വിശെഷം അറി
ഞ്ഞു ക്രമത്താലെ പലരെയും ക്രിസ്ത്യാനരാക്കി സഭയൊടു ചെൎത്തു രാജ്യ
ത്തിന്റെ മമതയും പ്രാപിച്ചു എങ്കിലും ഈ സമയത്തൊളം രാജ്യം മിക്കവാറും ശ
ത്രുവിന്റെ ഭൂമിയായി ഹിന്തുമാൎഗ്ഗാചാരത്തിൽ ഉറച്ചുകിടക്കുന്നു പത്തിരുപതി
നായിരം ആളുകൾ ക്രിസ്ത്യാനരായിവന്നിട്ടും സത്യവഴിവരത്തിന്നടക്കുന്നവർ
ചുരുക്കം തന്നെ ലൌകികഭൊഗമൊഹാദികൾ പുഷ്ടിയുള്ളനാട്ടിൽ എങ്ങും സ
ത്യം ഞെരുക്കി വാണുകൊണ്ടിരിക്കുന്നു—

## ആകാശത്തിന്നും (ശിഷ്ടം)

മെൽ പ്രകാരം പലരും ഒരൊരൊ പൎവ്വതങ്ങളിൽ കയറി വരുന്ന വിശെഷങ്ങൾ അനെ
കം ഉണ്ടു—കാൎയ്യം ഇതുവരെയും നല്ലക്രമത്തിൽ ആയി വന്നില്ലതാനും— കാറ്റൊടു എ
തിൎപ്പാൻ ഒരു വഴിയും അറിയുന്നില്ല ഇറങ്ങുകയാലും കയറുകയാലും മീതെലും
കീഴിലും ഉള്ള കാറ്റുകളെ പരീക്ഷിക്കുമാറെ ഉള്ളു— നല്ല കാറ്റ് എങ്കിൽ ഒരു
നാഴികെക്കകം എട്ടും പത്തും കാതം വഴി ദൂരെ പറക്കും— പത്തു കയറുന്നത് ഒരു മാത്രയി
ലകം ൧൱ അടി ഉയരത്തൊളം വെല്ലുന്ന വെഗതയൊടെ തന്നെ— മെഘങ്ങളിൽ
കയറിയാൽ അവറ്റൊടു തട്ടിവീഴുന്ന പ്രകാരം തൊന്നും— കയറും തൊറും ശീതം അ
ധികം ഉണ്ടാകും ആകാശവും സ്ഥൂലത കുറഞ്ഞു ശ്വാസം കഴിപ്പാൻ പൊലും ഏക
ദെശം പൊരാതെ ആകും— നന്ന ഉയൎന്നു പൊയാൽ അല്പം മാത്രം ഇറുകിയ ഉട
നെ ശരീരം വീൎക്കും— പുറത്തുള്ള ആകാശത്തിന്റെ അമൎച്ചകുറയും തൊറും ശരീ
രത്തിൽ ഒഴുകുന്ന രക്തം പൊങ്ങി പൊങ്ങി കണ്ണു മൂക്കു വായി ചെവികളിൽനിന്നും
ഇറ്റിറ്റു പുറപ്പെട്ടും അതിനാൽ മുഖം വീൎത്തും കറുത്തും കാണും— വെടിവെച്ചാ
ൽ ധ്വനി നല്ലവണ്ണം കെൾക്കാതെയും ചെവിക്ക് അധികം വെദന ഉണ്ടായിട്ടും കാണും—
പ്രാവു മുതലായ പക്ഷികളെ മീതെലെക്കു കൂട്ടിക്കൊണ്ടുപൊയാൽ തത്രപ്പാട്ടും
മാന്ദ്യം പൊലെയും കാണിക്കും പുറത്തു ചാടിയാൽ അവ ഒട്ടും പറക്കാതെ വീണു
വീണു ആകാശത്തിന്ന് സ്ഥൂലത്വം മതിയാകുന്നിടത്തൊളം താണുപൊകും—
മെൽ പെട്ടു നൊക്കിയാൽ നക്ഷത്രങ്ങളെ മങ്ങലിച്ചും ആകാശം നീലമായും അല്ല

കണ്ണുനെറവുമാടകരുതപ്പെരിയ ആകാശത്തിൽനിന്നു സൂൎയ്യപ്രകാശംപൊലെ വിളങ്ങി അനന്തരൂപെണകിരണം - താഴെ ഒട്ടുനെരക്കിയാൽ കാറില്ലാത്ത സമയത്തുംഭൂമിയി ലെമഞ്ഞും തെളിവുള്ള ആകാശവും ഹെതുവായിട്ടുള്ളതും എന്നാട്ടും സ്പഷ്ടമായിരുന്നതി ല്ല -

ഫ്രാഞ്ചിവീരന്മാർ (൧൮൫൭) ഒന്നിച്ചു ഘെരൊട്ടുപടക്കൂടുന്ന സമയം ഷിലർബൊ ൎക്കുത്തിൽനിന്ന് ഒരുവന്നിനെ അല്പം കരെ ൨൦൦ ഉം കിരകളെ ഒട്ടി ഉരച്ചിച്ചു ശത്രുവാളുകരത്ത്യ പൊനകനൊക്കി കുഴൽകൊണ്ടുകണ്ടത്എല്ലാം വീട്ടുകളിൽ കയ്യി തിംരം യത്നങ്ങൾകെട്ടി വീട്ടുകളെപടനായകന്മാൎക്കുരക്കി കൊടുക്കയും ചെയ്തു - പി ന്നെ ഒരു പടനാളിൽ അപ്രകാരം ചെയ്യുമ്പൊൾ മാറൊന്മാർ ൧൫ വഴിയത്തൊക്കത്ത തിന്റെ രനെരെ സ്ഥാപിച്ചുവെടിവെച്ചിട്ടും ചെതം ഒന്നും ഉണ്ടായില്ല - വന്തിനെ ആകെച്ചുതങ്കിൽ എത്തുവായം എന്നാൽ നിരിച്ചിത്താൽ ൧൦ം കൊൽനീട്ടമുള്ള ഒരു പട്ടി ട്ടയെ സങ്കല്പിച്ചിട്ടുണ്ടു - ചന്തിനെ ആകാശം വന്നാൽ ആയുൎത്തകുടയുടെ ഉള്ളിൽ വാ യുക്കിൽ കുടമറിയാതെ ചുറ്റി ചുഴന്നു വീഴും - തലക്കിരിച്ചൽ ഇല്ലാതെ നട്ടുനിട്ടി ചുക്കൊണ്ടവൻ ആ വീഴ്ക്കുടയുടെ ഉള്ളിൽ ഇരുന്നു ൧൦൦൦ അടി ഉയരത്തിൽ നിന്നും സ്വ ൎഗ്ഗ്യമതു ഉരക്കും - നിലത്തെത്തൊട്ടു പൊൽ ആകുടരണ്ടു മൂന്നുപൊണ്ടു കയറൽ ആന രത്തുതന്നെ നാശം വരാതിരിപ്പാൻ പ്രത്യെകം നൊക്കിക്കൊള്ളു -

ഇപ്പൊൾ പന്തിൽ ജലവായുവെന്നല്ല കല്ക്കരികാച്ചിയെടുത്ത അംഗാര കവായുവെ നിറെക്കും - ആയതിന്നു ലഘുത്വം കുറയ അധികം ഉണ്ടെങ്കിലും വി ലതാഴ്ചത്തിൽ ഏറെവും ചുരുങ്ങിയതു - കാരണം വിലാത്തിയിലെ വീട്ടുക ളിലും തെരുക്കളിലും എണ്ണകൊണ്ടല്ല ആ കല്ക്കരി വായുവെ കൊണ്ടു രാത്രിയി ൽ വിളക്കു കത്തിക്കുന്നു - അതിന്നതിരിയും വെണ്ടാത്ത വായുവെ വലുതായി ട്ടുള്ള ഗ്രഹങ്ങളിൽ അടെച്ചുവിച്ചു കുഴലുകളെ വെച്ചു എല്ലാ വീഥികളിലും ഭ വനങ്ങളിലും നടത്തുന്നതുണ്ടായം - കുഴയിന്റെ രന്ധ്രം തിരിച്ചു ദ്വാരത്തൊട്ടു തീ തൊട്ടുവിച്ചാൽ വായു ഉടനെ കത്തും - അതുകൊണ്ട് ഒരുവന്തിനെ നിറെപ്പാ ൻ മതിയായ വായു വിലാത്തിയിൽ താമസംകൂടാതെ കിട്ടുമാറുണ്ടു .

ഈ സംവത്സരത്തിൽ ബങ്കാള നഗരമായ കല്ക്കത്തയിലും ഒരു വെള്ളക്കാര

ൻ വന്നുവരുന്നില്ലം. [illegible] കൾ വല്ലതുമൊഴു. അപ്രകാരം വെച്ചുവ

ന്നിരിക്കമാറാകുന്ന [illegible]

## കേരളപഴമ

### ൨൭. നരസിംഹരായരുടെ മന്ത്രി

അപ്പൊൾ മൈദകണ്ണനൂർക്കൂടിയിൽ വന്നിരിക്കുന്ന നരസിംഹരായരുടെ മന്ത്രിയും അവനെ കപ്പലിൽ കയറി വന്നു കണ്ടു പറഞ്ഞിട്ടുണ്ടല്ലൊ - അച്ചുതന്റെ ഇന്നൊരു പരങ്കികളുടെ ശൂരമാഹാത്മ്യം കേട്ടറിഞ്ഞപ്പൊൾ രായർ മന്ത്രിയെ ആനഗുന്തിയിൽനിന്നു കണ്ണനൂരിൽ അയച്ചു മലയാളത്തിലെ പൊടുസള്ളാതെ ചെല്ലുവാൻ രായർക്കു മനസ്സുണ്ടെന്നും രാജപുത്രനെ തന്റെ മകളെ ഭാൎയ്യയാക്കി കൊടുക്കയും ആം എന്നും ഇതുകൊണ്ടു വന്നൊരു മലക്കരെ പറഞ്ഞു വരാൻ തിര സംതൊഷത്തൊടെ എന്നും ബൊധിപ്പിക്കയും ചെയ്തു - അതുകൊണ്ടും രായരുടെ രാജ്യശ്രീത്വം കെട്ടുകൊണ്ടും പരങ്കികൾക്കു വളരെ സന്തൊഷം ഉണ്ടായി - കാരണം രായർ മുസല്മാനരൊടു കുടിപ്പകയായിട്ടു യവനരെ അകറ്റി നിന്നും തെക്കു കൊണ്ടിരുന്നു - മുമ്പെ ഒന്നാം പൊൎത്തുഗൽ മന്ത്രി ഇട്ടും പട്ടാണികളൊടു വിടാതെ പൊരുകയപ്പൊൾ ഇന്നും ഒരിക്കൽ മുട്ടാവെണം എന്നു കണ്ടു രായർ തുളുനാടു പിടിച്ചടക്കി ഹൊനാവര ഭട്ടക്കളെ ബാൎക്കനൂർ മംഗലപുരം മുതലായ അഴിമുഖങ്ങളിൽ ആവശ്യപ്രകാരം കുതിരകളെ വരുത്തി വാങ്ങിച്ചു കൊണ്ടിരുന്നു - കുതിരക്കാർ അവിടെനിന്നും വന്നു സെവിച്ചാൽ വളരെ മാസപ്പടി ഉണ്ടു - എത്രമതം എന്ന ചൊദ്യവും ഇല്ല - കൊഴിക്കൊട്ടിലെ അവസ്ഥ വിചാരിച്ചപ്പൊൾ മുസല്മാനരൊടു പൊരുവാൻ പരങ്കി മതം നല്ലത് എന്നു രായർ പക്ഷമാകുന്ന കല്പന പറക - നല്ലവണ്ണം പൊരാടുന്നവൎക്കു രായർ താൻ കയ്യിൽ കടകമൊതിരങ്ങളും മറ്റും കൊടുക്കും - വീരന്മാരിൽ അല്പം ഒരു കലശൽ ഉണ്ടായാൽ വാൾ എടുത്തു രാജമുമ്പിൽ വെച്ചു പൊരുതിയവരും - തട്ടാന്മാരും മറ്റും വല്ലതും ഗതി കൊണ്ടു വാൾ പിടിച്ചാൽ ആയിരം അങ്കം കുറെച്ചു തീൎക്കയത്രെ ന്യായം - അതുകൊണ്ടു ശൂരഭാവം എല്ലാവരിലും ഉണ്ടു - മരണത്തിൽ വളരെ അവമാനം - സ്ത്രീകളും വല്ലതു അഭിമാനവും വിചാരിച്ചു പിന്നെ കുടിപ്പകയും രാജാവ്

മരിച്ചാൽ ൧൦൦൦ റൊളം ഭാൎയ്യമാരും കന്യകമാരും ഉടന്തടി ഏറി മരിക്കും. പുരുഷന്മാരും അപ്രകാരം വെട്ടി മരിച്ചു സ്വാമിയെ അനുഗമിക്കും — അതുകൊണ്ടു എല്ലാവൎക്കും യുദ്ധാഭ്യാസത്തിന്ന വളരെ ഉത്സാഹം ഉണ്ടു മുസല്മാനരൊടുള്ള പടകളി ലപ്പൊൾ നാലും അഞ്ചും ലക്ഷം പുരുഷാരം ചെരും.

രാജ്യം അന്യനാടായിട്ടു ഉത്തരപടിഞ്ഞാറു തുളുനാടു പിന്നെ സഹ്യപൎവ്വതത്തിന്ന കിഴക്കെ ദക്ഷിണവും കൎണ്ണാടകവും പൂൎവ്വസമുദ്രതീരത്തെ തെലുങ്കും ചൊഴമണ്ഡലവും ഒന്നി വന്നത്രെ — രാജധാനിയായ വിജയനഗരം തുംഗഭദ്രാതീരത്തു തന്നെ മറുകരയിൽ ആനഗുന്തിയും വിരൂപാക്ഷീശ്വര മല്ലികാൎജ്ജുനമുതലായ മഹാക്ഷെത്രങ്ങളും കിഷ്കിന്ധാദി കുന്നുകളും രാജഗൃഹങ്ങളും ശൊഭനമായി കാണുന്നു — നഗരത്തിലെ ചുറ്റും നാല്തൊരും ൩൨൦൦൦ വരാഹൻ പിരിവു — ൪൦൦ ആനെക്കു നില്പാൻ കരിങ്കൽ പന്തി ഉണ്ടു — കുതിരകൾ അന്ന ഏകദെശം ൪൦൦൦൦ അതിൽ ഒരൊന്നിന്ന ൪൦൦ഉം ൫൦൦ഉം വരാഹൻ വിലയും ഉണ്ടു — പട്ടണത്തിന്റെ ഉല്പത്തി ഏകദെശം കൊല്ലം ൫൦൦ (ക്രി. ൧൩൩൪) ഒന്നാം രാജാവ് കുറുമ്പജാതിക്കാരനായ ബൊക്ക (ബുക്ക) രായർ — അവന്റെ പുത്രൻ ഹരിഹരരായർ. പിന്നെ ദെവരായർ കെരളാദി രാജാക്കന്മാരെ ജയിച്ചു കപ്പം വാങ്ങി — പിന്നെ ധൎമ്മവാസ്ഥാനങ്ങളെ അറികെ കെട്ടുന്നരായരുടെ അധികാരത്തിന്നു താഴ്ച വന്നു — ശെഷം മല്ലികാൎജ്ജുനരായർ വിരൂപാക്ഷരായർ സദാശിവ മഹാരായർ — ഈമൂദി തിമ്മരായർ — പിന്നെ ഇളുജാതിയിൽ ഉണ്ടായ വിജയനരസിംഹ വീരനരസിംഹ രാസനം ഏറി പലദിക്കിലും ജയിച്ചു രാജ്യപരമെശ്വരരായ മഹാരായർ എന്ന പെർ കൊണ്ടു കീൎത്തിതനായി — അവന്റെ പുത്രന്മാരിൽ ഒന്നാമൻ വീരനരസിംഹരായർ തന്നെ അവൻ (൧൪൯൭ — ൧൫൦൮ ക്രി.) രാജ്യം രക്ഷിച്ചു പരങ്കികളൊടു മമത ചെയ്വാൻ തുടങ്ങി — പിന്നെ അനുജനായ കൃഷ്ണരായർ അപ്പാജി മന്ത്രിയുടെ കൌശലത്താൽ രാജ്യത്തെ പിഴുക്കി (൧൫൦൮ — ൧൫൩൦) വാണു പലരാജാക്കന്മാരെയും തൊല്പിച്ചു മുസല്മാൻ പട്ടാണങ്ങളെ തെഷിടെനിന്നും നീക്കി മഹാക്ഷെത്രങ്ങളിൽ ഏറധദാനങ്ങളെ ശിലാശാസനങ്ങളൊടും കൂടെ കൊടുത്തു ക്രിസ്ത്യാനരിലും പ്രസാദം കാട്ടി വാഴുകയും ചെയ്തു

F. Müller. Editor.

നമ്പ്ര ഒന്നിന്ന — പശ്ചിമോദയം — ഫെബ്രുവരി
൯. നമ്പ്ര — തലശ്ശെരി — ൧൮൪൯ മാൎച്ച

# ഭൂമിശാസ്ത്രം

## ഭാരതഖണ്ഡം

### ൯. ദക്ഷിണഖണ്ഡവും ലങ്കാദ്വീപും—

### ൨. പൂൎവ്വമലയും കാവെരി കൃഷ്ണാദിനദിപ്രദെശങ്ങളും—

### ൧. പെണ്ണയാറു പാലാറു പൊന്നാറു എന്നീ മൂന്നനദികൾ ഒഴുകുന്ന ദെശങ്ങളുടെ അവസ്ഥ—

ഈ മൂന്നു പുഴകളുടെ ഉറവുകൾ ദക്ഷിണഖണ്ഡത്തിലെ ഉയൎന്ന ഭൂമിയുടെ കിഴക്കെ അറ്റത്ത പൂൎവ്വമലയുടെ പടിഞ്ഞാറെ ശാഖാഗിരികളിൽ നന്ദിദുൎഗ്ഗം മുതലായ കൊട്ടകളുടെ സമീപത്തിൽ നിന്നു തന്നെ ആകുന്നു അവിടെ നിന്ന പെണ്ണയാറു കിഴക്കെ തെക്കൊട്ടു ഉദ്ദെസ്സൊട്ട- രായക്കൊട്ട- കൃഷ്ണഗിരികൊട്ടയും മറ്റും കടന്ന ബാരമഹൽ എന്നെ മലനാട്ടിൽ വെച്ചു പൂൎവ്വമലയിലെ കണ്ടിവായിൽ കൂടി ഉയൎന്ന ദെശത്തിൽ നിന്ന പ്രവഹിച്ചു വീണ്ടും കിഴക്കൊട്ടു താണനാട്ടൂടെ ചെന്ന കൂടല്ലൂർ- പുതുച്ചെരി ഈ രണ്ടു പട്ടണങ്ങളുടെ നടുവിൽ കൂടി ബങ്കാളസമുദ്രത്തിൽ ചെന്നുകൊണ്ടിരിക്കുന്നു—

പെണ്ണയാറു ഒഴുകുന്ന മലപ്രദെശത്തിൽ വളരെ പല ഉറപ്പുള്ള കൊട്ടകൾ ഉണ്ടായിരുന്നു ഹൈദരാലി അവിടെ നിന്നു പുറപ്പെട്ടു എങ്ങും ജയിച്ചു ഒരൊന്നു പിടിച്ചടക്കി നശിപ്പിച്ചതിനാൽ ഇപ്പൊൾ നന്ദിദുൎഗ്ഗം കൃഷ്ണഗിരി മുതലായ ചില കൊട്ടകൾ മാത്രം അല്പം ഒരു ഉറപ്പു ശെഷിച്ചിരിക്കുന്നു- മദ്രാസിൽ നിന്നു സൈന്യങ്ങളൊടു കൂട പുറപ്പെട്ടു മയിസ്സൂർ രാജ്യത്തിൽ പ്രവെശിപ്പാൻ ആയ കൊട്ട ഉറപ്പുള്ളവ ആയിരുന്നു സമമായി മലമുകളിൽ കിടന്നതിനാൽ ഇങ്ക്ലിഷ്ക്കാർ എത്രെ ക്ലിശം അതിനെ പിടിച്ചു തകൎത്തുകളഞ്ഞു—

പെണ്ണയാറു ഒഴുകുന്ന താണനാട്ടിൽ വിശെഷ പട്ടണങ്ങൾ ഇല്ല കൃഷിക്കാരായ നിവാസികൾ പാൎക്കുന്ന ഊരുകൾ പലരെ ഉണ്ടു താനും മദ്രാസ- ആൎക്കാട്ടു മുതലായ പട്ടണങ്ങളിൽ നിന്നു തെക്കൊട്ടു ചെലത്ത പൊകുന്ന വഴിയരികെ മലസമീപത്തു തന്നെ തൃവത്തൂർ- മട്ടൂർ ഇരുമട്ടൂർ- ധാരമ്പുരി- അടവക്കൊട്ട- പൊമല്ലൂർ മുതലായ ഗ്രാമങ്ങൾ ശൊഭി

ച്ചുകിടക്കുന്നു - പുഴ സമുദ്രത്തിൽ കൂടുന്ന കരയിൽ - കൂടല്ലൂർ - പുതുച്ചെരി എന്നിരണ്ടു പട്ടണങ്ങൾ പ്രധാനം മുമ്പെ ഇങ്ക്ലിഷ്കാരും ഫ്രഞ്ചിക്കാരുമായി യുദ്ധം ചെയ്ത സമയം മദ്രാസ ഫ്രഞ്ചിക്കാരുടെ കൈവശമായപ്പൊൾ കൂടല്ലൂർ ഇങ്ക്ലിഷ്കാരുടെ പ്രധാനപട്ടണമായിരുന്ന ഒടുവിൽ അവൎക്ക ആധിപത്യം വന്നശെഷം അവർ മദ്രാസിൽ മടങ്ങിപ്പൊകകൊണ്ടു കൂടല്ലൂർപട്ടണത്തിന്റെ മഹാത്മ്യവും ക്ഷയിച്ചുപൊയി - പുതുച്ചെരിപട്ടണം ഇന്നാൾവരെയും ഫ്രഞ്ചിക്കാരുടെ കൈവശത്തിൽ ഇരിക്കുന്നു അതിലെ നിവാസികൾ മിക്കവാറും ഫിലാത്തിക്കാരും അവരുടെ സന്തതികളും ആകകൊണ്ടു പട്ടണത്തിന്നു ഫിലാത്തി നഗരങ്ങളുടെ ചെല്ലുണ്ടു പണ്ടെത്ത ശൊഭ ഇല്ലതാനും നിവാസികളുടെ സംഖ്യ ൩൦൦൦൦ ആയിരിക്കും അവരുടെ മുഖ്യപ്രവൃത്തി ഒരൊരൊ കൈത്തൊഴിലുകളും അല്പം കച്ചവടവും തന്നെ ആകുന്നു—

പാലാറു മയിസൂർ രാജ്യത്തിന്റെ കിഴക്കെ അംശത്തിലെ നന്ദിദുൎഗ്ഗദെശത്തിന്നുത്ഭവിച്ചു തെക്കൊട്ടൊഴുകി ഹൈദരാലിയുടെ ജനനനഗരമായ കൊലാറെ കടന്നു അമ്പൂർ സമീപത്തു വെച്ചു മലകളെ വിട്ടു കിഴക്കൊട്ടു പ്രവഹിച്ചു താണ ദെശത്തിരിക്കുന്ന കുടിയാത്ത - പള്ളികൊണ്ട - വെല്ലൂർ - ആൎക്കാടു മുതലായ സ്ഥലങ്ങളെ കടന്നു ചതുരംഗപട്ടണത്തിലെത്തി ബങ്കാളസമുദ്രത്തിൽ ചെന്നു വരുന്നു - ഈ പുഴ ഒഴുകുന്ന മലനാട്ടിൽ ഹൈദരാലി പല യുദ്ധവും നാശവും വരുത്തിയതകൊണ്ടു ജനങ്ങൾ ഏറെ വസിക്കുന്നില്ല അതിന്നു കിഴക്കുള്ള താണ ദെശം ജനങ്ങൾ നിറഞ്ഞ ഭൂമി തന്നെ ആകുന്നു ആൎക്കാട്ടു നാട്ടിൽ മാത്രം ൩൫൩൮ ഊരുകൾ ഉണ്ടെന്നു കെൾക്കുന്നു നിവാസികൾ പല ചിറകളെയും കുളങ്ങളെയും കുഴിച്ചുണ്ടാക്കിയും ഒരൊരൊ കൈത്തൊടു കീറിയും വെള്ളം എങ്ങും നടത്തുകകൊണ്ടു ദെശം മിക്കതും കൃഷിക്കു ഉചിതനിലമായിരിക്കുന്നു - വെല്ലൂർ യുദ്ധകാലത്തിങ്കൽ എത്രയും ഉറപ്പുള്ളൊരു കൊട്ടയായിരുന്നു സന്ധി വന്നതിന്റെ ശെഷം അതിന്റെ വലിപ്പവും വിശെഷത്വവും ക്ഷയിച്ചുപൊയി ആൎക്കാട്ടു കൊട്ടയിൽ ഒരു നവാബ പാൎക്കകൊണ്ടു നിവാസികൾ മിക്കതും മുസല്മാനർ തന്നെ ഇങ്ക്ലിഷ്കാരും ചില പട്ടാളങ്ങളെ അവിടെ പാൎപ്പിച്ചിരിക്കുന്നു കാഞ്ചിപുരത്തിങ്കലെ വിശെഷം ഒരു പുരാണ മഹാക്ഷെത്രം അത്രെ ചതുരംഗപട്ടണത്തിന്നരികെയുള്ള മാമല്ലപ്പുരത്തെ ശെഷിച്ചിരിക്കുന്ന പാറയമ്പലങ്ങളിൽ പുരാണ ഹിന്തുജാതികളുടെ അതിശയമായ കൌശലപ്പണികളെ

കണ്ടറിയാം—

ചതുരംഗപട്ടണത്തിൽനിന്നു ഏകദെശം ൪ കാതം വഴി വടക്കൊട്ട മദ്രാസപട്ടണം കടപ്പുറത്തു തന്നെ തുറമുഖം കൂടാതെ എത്രയും വിശാലമായി ശൊഭിച്ചു കിടക്കുന്നു ഇത് സംസ്ഥാനത്തിന്റെ പ്രധാന നഗരം ആകകൊണ്ടു ഗൊവൎണ്ണർ മുതലായ മെലധികാരികൾ അവിടെ തന്നെ വസിച്ചു രാജ്യകാൎയ്യങ്ങളെ നടത്തിവരുന്നു പട്ടണത്തൊടു ചെൎന്ന ജൊൎജ്ജ് കൊട്ടയിൽ രാജ്യപരിപാലനത്തിന്നായി സൎക്കാർ പട്ടാളങ്ങളും മറ്റും പാൎക്കയും കച്ചവടം ചെയ്വാൻ പല വിലാത്തിക്കാരും പട്ടണത്തിൽ വന്നു വസിക്കകൊണ്ടു പലവിധങ്ങളാകും ക്രമത്താലെ അങ്ങൊട്ടു ചെന്നു കുടിയെറുകയും ചെയ്തിരിക്കുന്നു വിശെഷിച്ചു ദൈവവചനത്തെയും ലൌകികവിദ്യകളെയും പഠിപ്പിക്കെണ്ടതിന്നു ഇങ്ക്ലീഷ പാതിരിമാർ പല എഴുത്തുപള്ളികളെയും സൎക്കാർ ഒരു വിദ്യാശാലയെയും അവിടെ സ്ഥാപിച്ചിരിക്കുന്നു സംസ്ഥാനത്തിലെ ഇങ്ക്ലീഷസഭക്കാരെ പരിപാലിക്കുന്ന അദ്ധ്യക്ഷന്റെ വാസ്സും ആ പട്ടണത്തിൽ തന്നെ ആകുന്നു— ഇങ്ങിനെ വിലാത്തിക്കാരുടെ വിദ്യകളും ക്രിസ്ത്യപള്ളികളും വിഗ്രഹസെവിക്കാരുടെ അഞ്ഞൊറവും ക്ഷെത്രങ്ങളും ധനവാന്മാരുടെ വിശാലഗൃഹങ്ങളും പാണ്ടിശാലകളും ദരിദ്രന്മാരുടെ പുരകളും കുടിലുകളും ഒക്കപ്പാടെ ആ വലിയ നഗരത്തിൽ തന്നെ ചെൎന്നിരിക്കുന്നു നിവാസികളുടെ സംഖ്യ ഏകദെശം ൪॥ ലക്ഷം അതിൽ ഏകദെശം ൩൦൦൦൦ ആളുകൾ മുസല്മാന്മാരാകുന്നു— പട്ടണത്തിൽനിന്നു അല്പം തെക്കെ മയിലാപ്പൂർ സമീപത്ത ഒരു പാറമെൽ തൊമാപള്ളി ഉണ്ടു അപ്പൊസ്തലനായ തൊമാ അവിടെനിന്നു തന്നെ മരിച്ചു എന്നൊരു ശ്രുതി കെൾ്ക്കുന്നതുകൊണ്ടു അതിന്നു ഈ പെർ വന്നു എന്നതൊന്നു ആ കൊല്ലം തൊറും അനെക രൊമക്രിസ്ത്യാനർ അവിടെ ചെന്നു ആരാധന കഴിച്ചുവരുന്നു- മദ്രാസിൽനിന്നു ൧൦- ൧൨ കാതം വഴി വടക്കപടിഞ്ഞാറൊട്ടു നാഗിരിമലപ്രദെശത്ത തന്നെ എത്രയും ശ്രുതിപ്പെട്ട തിരുപതിക്ഷെത്രവും കൊട്ടയും അതിന്നു കുറെ തെക്കപടിഞ്ഞാറ ചന്ദ്രഗിരി കൊട്ടയും അവിടെനിന്നു തെക്കു ചിറ്റൂർ നഗരവും ദെശത്തിലെ മുഖ്യസ്ഥലങ്ങളാകുന്നു—

വെണ്ണാറുപുഴയുടെ ഉറവുകൾ നന്ദിദുൎഗ്ഗം കല്ലൊട്ട മുതലായ സ്ഥലങ്ങളിൽനിന്നു അല്പം വടക്കുള്ള മലപ്രദെശത്തിൽനിന്നു തന്നെ ആകുന്നു ആ മലകളുടെ ഉയരം ഏ

കദെശം ൩൫൦൦ കാലടി പെണ്ണാറു ൧—൩ കൈവഴിയായി വടക്കൊട്ടൊഴുകി-ഹെറെകൊണ്ട-പെന്നക്കൊണ്ട-ഉരക്കൊണ്ട മുതലായ സ്ഥലങ്ങളെ കടന്നു ഉദെഗ്ഗിദുൎഗ്ഗസമീപത്തിങ്കൽ നിന്നു കിഴക്കൊട്ടു പ്രവഹിച്ചുകൊണ്ടു ചെന്നതിന്റെ ശെഷം കടപ്പകൊട്ടയുടെ അരികിൽ ഒരു പിളൎപ്പിൽ കൂടി ഉയൎന്ന ദെശത്തിൽ നിന്നു കിഴ്പ്പെട്ടു വീണ താണ നാട്ടൂടെ പ്രവഹിച്ചു നെല്ലൂർ പട്ടണസമീപം വെച്ചു വങ്കാളസമുദ്രത്തിൽ ചെന്നു ചെരുന്നു—

പെണ്ണാറു ഒഴുകുന്ന ഉയൎന്ന ദെശത്തിൽ വിശിഷ്ടമാകൊട്ടക്കട്ടിദുൎഗ്ഗം തന്നെ പട്ടാണിരാജാക്കന്മാരുടെ കാലത്തെ ഉറപ്പുള്ള കൊട്ടയെയും ചുറ്റുമുള്ള ദെശത്തെയും കൈക്കലാക്കണ്ടതിന്നു മഹാരാട്ടിജാതിക്കളും ഹൈദരാലിയും മറ്റും പെരുമാറിക്കൊണ്ടിരുന്നു ഒടുവിൽ ആ ദെശവും ഇങ്ക്ലിഷ്ക്കാൎക്ക അധീനമായി വന്നു— പെണ്ണാറു മലകളെയും കാടകന്നു നാട്ടിൽ കടപ്പ പട്ടണം പ്രധാന സ്ഥലം ആകുന്ന ആ ദെശത്തിൽ നിന്നു നാട്ടുകാർ വജ്രരത്നക്കല്ലുകളെയും മറ്റും വിളഞ്ഞെടുക്കുന്നു നദി ഒഴുകുന്ന താണ ദെശത്തിൽ പ്രധാന പട്ടണമായ നെല്ലൂർ കടല്ക്കരയിൽ അല്ല വങ്കാളസമുദ്രത്തിൽ നിന്നു അല്പം അകന്നിരിക്കുന്നു ആ പട്ടണത്തിൽ നിന്നു വടക്കൊട്ടു ഒങ്കൊലനഗരത്തൊളമുള്ളകുന്നു പ്രദെശത്തിന്നു കുന്നുവാഴികൾ പണ്ടു ഇരിമ്പു ഈയം ചെമ്പു മുതലായ ലൊഹങ്ങളെ എടുത്തു എങ്കിലും അസ്ത്രയത്നമിത്താം ആ വകപണികൾ ഇപ്പൊൾ മുഴുവനും കഷിച്ചുകിടക്കുന്നു—

ഈ വിവരിച്ച നദികൾ ഒഴുകുന്ന നാട്ടുകളിലെ നിവാസികളും ഭാഷകളും മൂന്നു വിധം കടല്ക്കരെത്തുടങ്ങി പടിഞ്ഞാറൊട്ടു ഏകദെശം പവിഴമലയൊളം പാൎത്തു വരുന്നവർ മിക്കവാറും തമിഴർ ആകുന്നു മലപ്രദെശത്തിൽ കുടിയെറി വസിക്കുന്നവർ പ്രത്യെകം തെലുങ്കർ തന്നെ അവരിൽ നിന്നു പടിഞ്ഞാറെ നിവാസികൾ കൎണ്ണാടക ഭാഷ പറയുന്ന ജാതികൾ ആകുന്നു ഈ മൂന്നു വകക്കാൎക്കും മുഖ്യ പ്രവൃത്തി കൃഷി തന്നെ ഒരൊ ദിക്കുകളിൽ അല്പാല്പം കച്ചവടവും നായാട്ടും മറ്റും ഉണ്ടായിരിക്കും.——

## പ്രാണസങ്കൊചനിദ്ര

വൃക്ഷക്കൊർ ഒരു ജീവൻ എന്നു ഇങ്ക്ലിഷിൽ ഒരു പഴഞ്ചൊൽ ഉണ്ടു- അതിന്റെ ദൃഷ്ടാന്തമായിട്ടു ഒരു വൃത്താന്തം ഞങ്ങൾ കൊല്ലം ബൈദ പള്ളിൽ നിന്നു കെൾക്കുന്നു—

അവിടെ ഒരു മാതാപൂച്ചയുടെ കുട്ടി മൂന്നു പെററപ്പൊൾ ഒന്നു പൊററുകയും മററെ രണ്ടു വെള്ള
ത്തിൽ മുക്കി കൊന്നു തൊട്ടത്തിൽ കുഴിച്ചിടുകയും വെണം എന്നു കല്പനയായി - അപ്രകാ
രം ചെയ്തു ഏറെ ഒന്നര മാസം കഴിഞ്ഞിട്ടു തന്നെ തൊട്ടത്തിൽ കുഴിച്ചിട്ട സ്ഥലത്തിൽ
നിന്നു ഒരു പൂച്ചക്കുട്ടി മണ്ണു നീക്കി പുറപ്പെട്ടുന്നത് പണിക്കാർ കണ്ടറിഞ്ഞു - നിറം മുത
ലായത് നൊക്കിയപ്പൊൾ ഇതു കൊന്നു കുഴിച്ചിട്ട കുട്ടി തന്നെ എന്നു തൊന്നി - പിന്നെ
കുഴിച്ചിട്ട സ്ഥലം കിളച്ചു നൊക്കിയനെരം ഒന്നിന്റെ അസ്ഥികളെ കണ്ടതെ ഉള്ളു -
ആ കുട്ടി ഇപ്പൊഴും ജീവനൊടിരിക്കുന്നു - ഉടപ്പിറന്നതിനൊടു സകാലത്തിലും സാദൃശ്യം ഉ
ണ്ടു വണ്ണത്തിലും വളൎച്ചയിലും മാത്രമെ ഒന്നര മാസത്തെ വ്യത്യാസം കാണുന്നുള്ളു -

ഇത് എന്തൊർ അത്ഭുതം എന്നാൽ - ആഴ്ക്കു കുഴിച്ചിട്ടാറെയും പ്രാണൻ മുട്ടി നശിച്ചു
പൊകില്ല അല്പകാലത്തെക്ക മാത്രം ശ്വാസത്തിന്നു മുടക്കം വന്നു എന്നു തൊന്നുന്നു - അ
തിന്നു സമമായ ഒരു കാൎയ്യം വടക്കെ ഭൂമികളിൽ ശീതകാലത്തു തന്നെ നിത്യം കാണ്മാനുണ്ടു -
ആ ഋതുവിൽ കരടി മുള്ളൻ പെരെലി മുതലായ ചില മൃഗങ്ങൾ കുഴി കുഴിച്ചു ചില മാസം
പട്ടിണി കിടന്നുറങ്ങി പൊകുന്നു - കാട പക്ഷിയും ആവലും ഇരുണ്ട ഗുഹകളെ പ്രവെശിച്ചു ഒളി
ച്ചു പാൎക്കുന്നു - ശീതം വൎദ്ധിക്കെ തണുത്തിട്ടു നനഞ്ഞു ചുരുണ്ടു കിടക്കയാൽ കുടലും നാഡിയും
കഴുത്തും ഞെരുങ്ങി ഉറങ്ങുന്ന ശരീരത്തിന്നു ചൂടു കുറഞ്ഞു രക്തത്തിന്റെ ഒഴുക്കവും നിന്നു
പൊകുന്നു അരനാഴിക അകം ഒന്നു രണ്ടു ശ്വാസം കഴിക്കുന്നതെ ഉള്ളു ഇപ്രകാരം ശീതകാ
ലം മുഴുവനും കിടക്കുന്നു - ഈ ഋതുനിദ്ര ഉള്ളെടത്തൊളം വയററിൽ ഏതും ഇല്ലായ്കയാലും
നന്ന കുറഞ്ഞിരിക്കും - ചൂടുള്ള ദെശത്താക്കിയാൽ ക്രമത്താലെ ഉണൎച്ച വരും വിശപ്പും ഉണ്ടാ
കും - ശീതസ്ഥലത്തു വെച്ചു തന്നെ മുറിച്ചാലും വായിൽ തിളവെള്ളം പകൎന്നാലും ഉണരുകയി
ല്ല — പിന്നെ ൧൮൪൦ം ദിശമ്പ്ര ൧൦ ദൊവർ കൊട്ടയുടെ സമീപത്തു ഒരു പാറ പിളൎന്നു വീഴു
കയാൽ ഒരു വീടു തകൎന്നു വീട്ടിലുള്ള ഒരു സ്ത്രീ കുട്ടികളൊടു കൂട ഉടഞ്ഞു മരിച്ചു - അതിൽ ഒരു
പന്നിയും കൂട മരിച്ചു എന്നു അയല്ക്കാരൻ വിചാരിച്ചു എങ്കിലും ൫ മാസവും ൯ ദിവസവും കഴി
ഞ്ഞപ്പൊൾ അതെ കൂലിക്കാരൻ കല്ലും മണ്ണും നീക്കി വീട്ടിന്റെ ഉത്തരങ്ങളെയും മററും വ
ലിച്ചെടുത്തു പന്നി മുറിയും തുറന്നു ദെഹം ഞെരുങ്ങിയും നന്ന മെലിഞ്ഞും കണ്ടു എങ്കിലും പ്രാ
ണൻ ജീവിക്കയും ചെയ്തു - അതിന്റെ ഭാരം മുമ്പെ ൧൬൦ റാത്തലായിരുന്നു എടുത്തപ്പൊൾ
൩൦ റാത്തലെ ഉള്ളു - അതല്ലാതെ തവള പല്ലി പാമ്പു മുതലായ ചിലവ ഒന്നു രണ്ടു വൎഷത്തൊ

ളും ശീതം നിമിത്തം ഉറക്കം ഉള്ള പ്രകാരം കണ്ടിരിക്കുന്നു- വെയിലത്ത ആക്കിയ നെരം ജീവൻ മടങ്ങി വരികയും ചെയ്യു- കല്ലൊത്തികൾ മലയുടെ ഉള്ളിൽ നിന്ന കല്ലുകൊത്തി എടുത്ത പൊൾ തവള പുറത്തു ചാടി കാണുന്നത ദുൎല്ലഭമല്ല- അത നൂറും ആയിരവും വൎഷം ആകാശം ഇല്ലാതെ നനവുള്ള സ്ഥലത്ത ചുരുണ്ടുകിടന്നിട്ടും ചുറ്റുമുള്ള ചളിയൊ മണ്ണൊ ക്രമത്താലെ കല്ലായിച്ചമഞ്ഞിട്ടും മരണം വരാതെ ഒരു യുഗനിദ്രയെ കഴിച്ചു വരുന്നു- മനുഷ്യനും പല കശവല്ല ഉപായങ്ങളാലും ആവക നിദ്ര വരുത്താം ക്ഷാമകാലത്ത് ആയത പ്രയൊഗിച്ചാൽ നല്ല കൌശലം എന്നെ വെണ്ടു- ചില ബ്രാഹ്മണരും യൊഗികളും ആ വിദ്യയെ ഗ്രഹിച്ചു നടത്തുന്ന പ്രകാരം പ്രശംസിച്ചിരിക്കുന്നതു നെരൊ കളവൊ എന്ന നിശ്ചയിപ്പാൻ പാടില്ല എങ്കിലും തവളെക്കു കഴിവുള്ളത മനുഷ്യൻ വരുത്തിയാലും ദിവ്യം എന്നു സ്തുതിപ്പാൻ ആവശ്യം ഇല്ല മൃഗങ്ങളാൽ കഴിയാത്തത ചെയ്താലെ മനുഷ്യന്നു മാനമുള്ളു ഒന്നു തന്നെ നിശ്ചയം പ്രാണൻ ശരീരത്തോടു ചെൎന്നു വസിക്കുന്ന പ്രകാരവും ആ ബന്ധം നിദ്രാദികളാൽ അഴയുന്നതും മരണത്താൽ ഛെദിച്ചെഴുന്നില്ലൊളം വെൎപ്പെടുന്ന പ്രകാരവും മനുഷ്യൎക്ക ഇതുവരെയും അറിയായ്വന്നില്ല—

## കെരളപഴമ

൧൫൦൫ കൊല്ലത്ത ദസാ മുതലായവരുടെ ആപത്തിന്ന വകവീട്ടിയത-

അൽമൈദ കൊല്ലത്തെക്ക നിയൊഗിച്ച ഹൊമൻ കല്ലിത്താൻ അറവിപടകുകളുടെ പായ്യും ചുക്കാനും എല്ലാം വാങ്ങിച്ചു പാണ്ടിശാലയിൽ വെച്ചുകെട്ടിപൊയ പ്രകാരം പറഞ്ഞുവല്ലൊ- ആ അപമാനം മാപ്പിള്ളമാർ സഹിയാഞ്ഞു അങ്ങാടിയിലും പള്ളിയിലും ജനങ്ങളെ ഇളക്കിച്ചപ്പൊൾ രാജാവിന്റെ മന്ത്രികളെ ചെന്നു കണ്ടു ഇത്ര ഞങ്ങൾക്കുള്ള കുറവാകുന്നത അവണാട്ടുകെട്ടു പരദെശികളെ രക്ഷിപ്പാൻ മനസ്സും പ്രാപ്തിയും ഇല്ലാതെ വന്നുപൊയ പ്രകാരം ലൊകർ പറയുമല്ലൊ എന്നാൽ ഞങ്ങൾ ഇവിടെ കച്ചവടം ചെയ്വാൻ ആൎത്തിക്കും എന്നും മറ്റും മുറയിട്ടു സങ്കടം ബൊധിപ്പിച്ചു- അതുകൊണ്ടു ഒരു മന്ത്രി പാണ്ടിശാലയിൽ ചെന്നു ദസാവെ കണ്ടു കല്ലിത്താൻ എടുപ്പിച്ചത ഉടനെ ഏല്പിക്കണം എന്ന രാജാവിൻ കല്പന അറിയിച്ചു- ദസാ ഏറ്റവും വിനയമുള്ളവൻ എങ്കിലും അൽമൈദയുടെ പരവൃത്തി ചാരിച്ചു ഞെളിഞ്ഞു വാങ്ങിപ്പാനും അടങ്ങി മന്ത്രിയൊടു പിണങ്ങി അടിയും കൂടിയപ്പൊൾ ചൊനകരും നായന്മാരും വാൾ ഊരി വെട്ടുവാൻ ഒരുമ്പെട്ടു- ഉടനെ ദസാ ൧൨ പറങ്കികളൊടും കൂട ആയുധങ്ങളെ

ഏറ്റുത്തു ഭഗവതി ക്ഷെത്രത്തിലെക്ക ആക്കിക്കുറയനെരം തട്ടുത്തുനിന്നശെഷം കൊ
ല്ലക്കാർ പിറകെച്ചുറ്റും കുറിച്ചു തീക്കൊളുത്തുകയാൽ ൩൨ പൊൎത്തുഗീസരും ദഹിച്ചു മരിക്കയും
ചെയ്തു — അന്നുതുറമുഖത്ത ഒരു ചെറിയ പറങ്കികപ്പൽ ഉണ്ടു — അതിലുള്ള കപ്പിത്താൻ
വൎത്തമാനം അറിഞ്ഞപ്പൊൾ ചില പടകുകളെ തീകൊടുത്തു നങ്കൂരം കുറുപ്പിച്ചു മടിയാതെ കൊച്ചി
ക്ക ഓടുകയും ചെയ്തു (൧൫൦൬, ആകസ്ത. ൩൧) — അതിൽ പിന്നെ എത്തിയനെരം തന്നെ കണ്ണനൂരി
ൽ നിന്നു അൾമൈദയും കപ്പൽബലത്തൊടും കൂടെവന്നു — ഉടനെ അവൻ കൊല്ലത്തെ വൃ
ത്താന്തം കെട്ടാറെ താമസം കൂടാതെ പുത്രനായ ലൊരഞ്ചൊ നിയൊഗിച്ചയച്ചു — അവൻ
കൊല്ലത്തിന്റെ നെരെ വന്നു അവിടെ കണ്ട എല്ലാ പടകുകളെ വെടിവെച്ചു ഭസ്മമാക്കി മുഴു
ക്കുകയും ചെയ്തു — അതിന്റെ ശെഷം ലൊരഞ്ചൊ അൾമൈദ മാലിലെ ദ്വീപുകളെ
ഉം ഓടിനടന്ന അരവിക്കപ്പലുകളെ പിടിപ്പാൻ തക്കം നൊക്കുമ്പൊൾ വെള്ളത്തിന്റെ വെഗത്താ
ൽ സിംഹളദ്വീപിൽ ചെന്നു അണഞ്ഞു — അതിനെ മലയാളികൾ ൟഴം നാടു എന്നു
പറയുന്നു — നല്ല കറുപ്പപ്പട്ട ഉണ്ടാകുന്ന ഭൂമി — പറങ്കികൾ വന്നകാലം
അരാജ്യത്ത മൂന്നും രാജധാനികളും ഉണ്ടെന്നു കെട്ടു — കൊളമ്പിലെ രാജാവെ കണ്ട
പ്പൊൾ അവൻ സന്തൊഷിച്ചു ചൊനകരുടെ കപ്പലൊട്ടത്തിന്നു ഭംഗം വരുത്തിയാൽ
കൊള്ളാം എന്നു പറഞ്ഞു പൊൎത്തുഗാലെ തനിക്കു നിഴലാക്കുവാൻ ആഗ്രഹിച്ചു ആണ്ടു
തൊറും ൪൦൦൦ കണ്ടി കറുപ്പ കപ്പം തരാം എന്നു കൈമെറു സത്യം ചെയ്തു — അന
ന്തരം ലൊരഞ്ചൊ ശീതകാലം മുഴുവനും ഒന്നായാക്കി കടൽ സഞ്ചരിച്ചു കൊല്ല
ത്തിലെ കലഹത്തിൽ കൂടിയ ചൊനകർ പിരിഞ്ഞത്തിലുണ്ടെന്നു കെട്ടു ഊരെ ഭ
സ്മമാക്കി കന്യാകുമാരിമുതൽ കണ്ണനൂർ വരെ മലയാളത്തിലെ മാപ്പിള്ളമാൎക്കു കടൽ
കാച്ചുവടത്തെ മുടക്കി കൊണ്ടിരുന്നു

൩൬., അൾമൈദ പെരിമ്പടപ്പു സ്വരൂപത്തിൽ അനന്ത്രസമ്പ്രദായത്തെ മാറ്റി
വെച്ചതു —

അൾമൈദ കൊച്ചിക്കു വന്നപ്പൊൾ (൧൫൦൫ നവമ്പ്ര.) പെരിമ്പടപ്പു സ്വരൂപത്തി
ൽ ഒരു കഠിനവാദം ഉണ്ടായപ്രകാരം കെട്ടു — അതിന്റെ കാരണം കൊമ്പ്രാൽ വരുത്തസ
മയം വാണ പെരുമ്പടപ്പു കൊതവൎമ്മർ വാൎദ്ധക്യം നിമിത്തം പ്രപഞ്ചം വെറുത്തു ക്ഷെ
ത്രവാസം ചെയ്തു — നെരെ അനന്തരവന്മാർ രണ്ടാൾ ഉണ്ടു മടത്തിൽ പടി കൊവിലകത്തനെ —

ആയവർ നവവർഷത്തിന്നു മുമ്പെ ഉണ്ടായ യുദ്ധത്തിൽ പറങ്കിപക്ഷത്തെ തള്ളി താഴ്ത്തിയിരിക്കെ
ആശ്രയിച്ചു പൊയിരുന്നു — അതകൊണ്ട മൂത്തരാജാവ് അവരെ ദ്രൊഹികൾ എന്ന
നിരസിച്ചു മൂന്നാമനായ യജ്ഞളിഭിടത്തിൽ പടിമടത്തിങ്കൽ കൊണ്ടിലെ വാഴിക്കയും ചെയ്തു —
ആളിയ മരുമക്കൾ അവകാശത്തെ വിടാതെ ചൊദിച്ചതും അല്ലാതെ അവർ ആശ്രയി
ച്ചു പാൎക്കുന്ന മൊറിഞ്ഞൂർ ഗ്രാമെട്ടിക്കൂട്ട. മൊറിഞ്ഞൂട്ടി ഇടപ്രഭുവിന്റെ സഹായത്താലും ബ്രാ
ഹ്മണപ്രസാദത്താലും പെരിമ്പടപ്പിന്നു വളരെ ശങ്കജനിപ്പിക്കയും ചെയ്തു — അതുകൊ
ണ്ടു രാജാവ് അംഗ്ലൈദയൊടു സങ്കടപ്പെട്ടപ്പൊൾ ആയവൻ പൊൎത്തുഗാലിൻ മമത
യും കീഴിലും എന്നെക്കും നിങ്ങൾ തന്നെ ഇരിക്ക — പുരാണസമ്പ്രദായമല്ല പൊൎത്തുഗാൽ
രാജാവിന്റെ കടാക്ഷമത്രെ പ്രമാണം എന്നു കല്പിച്ചു പട്ടാഭിഷെകം വളരെ ഘൊ
ഷത്തൊടെ കഴിപ്പിച്ചു ഉണ്ണിരാമക്കൊയിൽ എന്ന നാമധെയം ധരിച്ചു പെരി
മ്പടപ്പിന്നു ധൎമ്മമല്ലാത്ത പൊക്ക മുട്ടം മുതലായവറെറ കല്പിക്കുന്നതും ചെയ്തു — അന്നു പെ
രിമ്പടപ്പു ഞാൻ എന്നെക്കും പൊൎത്തുഗാലിന്റെ കുടക്കീഴിൽ വസിക്കാം എന്നു സത്യം
ചെയ്തു അംഗ്ലൈദപടെ സമ്മാനങ്ങൾ കൊടുത്തതും ഒഴികെ പണ്ടു പറങ്കിയുദ്ധത്തിൽ
പൊരുതു മരിച്ച മരുമക്കളുടെ ഒൎമ്മക്കായിട്ടും കൊട്ട എടുപ്പിച്ചു സ്ഥലത്തിന്റെ ഉപ
ഭൊഗമായിട്ടും പൊൎത്തുഗാൽ ആണ്ടുതൊറും ഒരു വെള്ളക്കാരന്റെ നാണിഭമുള്ള
സ്വൎണ്ണം മുതലായ കാഴ്ചകളെ സിംഹാസനത്തിങ്കൽ വെക്കെണം എന്നു വ്യവസ്ഥ
വരുത്തി ആളിപൊയ അനന്തരവന്മാരൊടു പട തുടരുകയും ചെയ്തു — അതിനാൽ
ലൊകൎക്ക സന്തൊഷം വളരെ തൊന്നി ഉരം കൊണ്ടുള്ള കൊട്ട നന്നല്ല ആഴിമുഖത്ത
ന്നെ ശൊഭയുള്ള കൊട്ട കെട്ടെണം ദെശാന്തരം എന്നു സൎവ്വസമ്മതമാകയും
ചെയ്തു —

൨൦ാം നു പെബ്രുവരിയിൽ അംഗ്ലൈദ നൌകക്കപ്പലിൽ ചരക്കു കയററി സ്വരാജ്യ
ത്തെക്കയച്ചപ്പൊൾ രാജാവിന്നും കാഴ്ചയായി ഒർ ആനയെയും ഒരു പക്ഷി
യെ കയറ്റിച്ചു — അത് അവിടെ കപ്പൽവഴിയായി എത്തിയ ആനകളിൽ ഒന്നാ
മത്തതന്നെ —

F. Müller Editor

നമ്പ്ര ഒന്നിന്ന ൩ പൈസ്സ വില

൫., നമ്പ്ര

# പശ്ചിമൊദയം

തലശ്ശെരി

൧൮൪൮ ഏപ്രിൽ

## ഭൂമിശാസ്ത്രം

### ഭാരതഖണ്ഡം

൩., ദക്ഷിണഖണ്ഡവും ലങ്കാദ്വീപും —

൧. പശ്ചിമമലയും കാവെരി കൃഷ്ണാദി നദിപ്രദെശങ്ങളും —

൨. കൃഷ്ണാനദിപ്രദെശം —

കൃഷ്ണാനദി സഹ്യമലപ്രദെശത്തിലെ സത്താര പൂണാപുരി എന്ന മഹരാഷ്ട്ര രാജധാനികളുടെ നടുവിൽനിന്ന ഉത്ഭവിച്ചു കിഴക്കെതൊട്ടു വിജയപുരത്തിൽ കൂടി പ്രവഹിച്ചു മിറിജിന്റെ അരികെ വെച്ചു കൊലാപുരിൽനിന്നൊഴുകി വരുന്ന വൎണ്ണപ്പുഴയെ കൈക്കൊണ്ടു കിഴക്കൊട്ടു ബെല്ഗാമിൽനിന്നു വരുന്ന ഘട്ടാപഹാരിയെയും ധാരവാട ദെശത്തിൽനിന്നു ഉത്ഭവിച്ചൊഴുകുന്ന മലാപഹാരിയെയും കുടക ദെശത്തിൽനിന്നു ഉത്ഭവിച്ചു വടക്കൊട്ടു ചെല്ലുന്ന തുംഗഭദ്രയെയും ബീദർ ഗുരു സമീപത്തിൽനിന്നു വരുന്ന വരദപ്പുഴയെയും കൎണ്ണൂൽ കൊട്ടയുടെ അരികിൽ വെച്ചു ചെൎത്തുകൊണ്ടു പൂണാ - സിരൂർ പട്ടണങ്ങളുടെ അരികിൽനിന്നു പ്രവഹിച്ചു വരുന്ന ഭീമപ്പുഴയെയും കൈക്കൊണ്ടു ഉയൎന്ന ദെശങ്ങളൂടെ പ്രവഹിച്ചു ഹൈദരാബാദ എന്ന നിഷധ രാജധാനിയിൽനിന്നു വരുന്ന മൂസപ്പുഴയെയും ചെൎത്തു ഗിരികളെ - പാൽനാടു ദെശങ്ങളെ കടന്നു തിരുമുക്കൊട്ട - ചരാപിള്ള - കുണ്ടാപിള്ള മുതലായ സ്ഥലങ്ങളിൽ വെച്ചു പിളൎപ്പുകളിലും കണ്ടിവാതിലുകളിലും കൂടി പല അരുവിയാറുകളായി പശ്ചിമമലപ്രദെശത്തിൽനിന്നു ഇപ്പെട്ടു പിന്നെ കിഴക്കൊട്ടാണ നാട്ടുടെ ചെന്നപട്ടണർ ദെശത്തിലെ മച്ചിലിബന്തർ അരികിൽ വെച്ചു തന്നെ ബങ്കാള സമുദ്രത്തിൽ ചെന്നുകൊള്ളുന്നു —

തുംഗഭദ്രപ്പുഴ കല്ലാണെ മഹിസൂർ രാജ്യത്തിൽനിന്നു ഉത്ഭവിച്ചു വടക്കൊട്ടു ചെന്നു കൃഷ്ണാനദിയൊടു ചെരുന്ന പുഴകൾ അതിന്റെ തെക്കെ കരയിൽ ഉള്ള തുംഗഭദ്ര ഒഴുകുന്ന നാട്ടിൽ ചിത്രദുൎഗ്ഗം - ഹരിഹര - ബല്ലാരി - അനഗുന്തി മുതലായ കൊട്ടകൾ പ്രധാനങ്ങളായ ദെശത്തിന്റെ ഉയരം എകദെശം ൨൦൦൦ കാലടി പട്ടാണി രാജാക്കന്മാരുടെ കാലത്തിൽ ഉള്ള കൊട്ടകൾ അനന്തം ഉറപ്പുണ്ടായിരുന്ന മരത്തയുദ്ധങ്ങളിൽ നടന്ന സമയം ഇങ്ക്ലിഷ്കാർ ക്രമത്താലെ ജയിച്ചു മഹാരാ

ഷ്ട്രം സ്വാധീനമാക്കി ഒരൊ കൊട്ടകളെയും കയ്യിൽ പിടിച്ചു കളഞ്ഞു ഹരിഹരബല്ലാൾ മുതലായവരിൽ പട്ടാളങ്ങളെ പാളിച്ചു വരിക കൊണ്ടു നാട്ടിൽ കലഹം എല്ലാം അമർന്നു പ്രജകൾ അനസ്സിക്കെണ്ടി വന്നുള്ള കാലത്തിൽ പുഴകളുടെ വെള്ളം വളരെ കുറഞ്ഞു മഴ ഇല്ലാതുള്ള വൎഷം വറ്റിപൊക കൊണ്ടു നാട്ടുപലദിക്കിലും വെന്തു പൊയി പ്രകാരം എന്നന്ന നാട്ടുകാർ വെണ്ടുന്ന കൃഷിഫലം കിട്ടെണ്ടതിന്നു ഉത്സാഹം അദ്ധ്വാനം കഴിക്കെണ്ടി വന്നതിനാൽ ശെഷമാകയും കൃഷി വരുത്തി പലവിധം പയറു കൊത്തമ്പാല മുതലായ ധാന്യങ്ങളും തന്നെ—

ഈ മദ്ധ്യസ്ഥാനങ്ങളിൽ കൂടെ ഒരു ദെശത്തിൽ മാരത്തന്മാരുടെ പ്രധാന പട്ടണങ്ങളായ സത്താരയും പൂണയും ൨൦൦൦ കാലടി ഉയരമുള്ള മലപ്രദെശങ്ങളിൽ വിശാലമായി കിടക്കുന്ന പണ്ടു ദെശവാസികൾക്കു പൂനാപട്ടണം എന്നുള്ള പെർ തന്നെ എത്രയും ഭയങ്കരമായി തൊന്നിയിരുന്ന മഹാരാഷ്ട്രം ഇങ്ക്ലിഷ്കാരുടെ കൈക്കൽ വന്ന മുതൽ പട്ടണത്തിന്റെ വിസ്താരവും നിവാസികളുടെ സംഖ്യയും വളരെ കുറഞ്ഞു മാരത്ത പ്രഭുക്കന്മാരുടെ വഴിപ്പെട്ടവും താണു പൊയിരിക്കുന്നു എങ്കിലും ഇങ്ക്ലിഷ്കാർ ചില പട്ടാളങ്ങളെ അവിടെ പാൎപ്പിച്ചിരിക്കകൊണ്ടും ഉഷ്ണകാലത്തിൽ ബൊമ്പായിലെ ഗൊവൎന്നരും മറ്റും പല മഹാസമ്പന്നന്മാർ കൂടെക്കൂടെ ആ ഉയൎന്ന സ്ഥലത്തിൽ കയറി വസിക്ക കൊണ്ടും പട്ടണത്തിന്റെ ചുറ്റിലും ശൊഭയുള്ള തൊട്ടങ്ങളും വിലാസത്തൊടു കൂടിയ വീട്ടുകളും നഗരത്തിന്നു അലങ്കാരമായി വന്നിരിക്കുന്നു നാട്ടുകാർ വസിക്കുന്ന ദെശത്തിൽ അങ്ങൊട്ടിങ്ങൊട്ടുകളല്ലാതെ വിശെഷിച്ചു ഒന്നും കാണ്മാനില്ല പണ്ടത്തെ കൊട്ടകളും ചുറ്റുമുള്ള മതിലുകളും ഇടിഞ്ഞു കിടക്കുന്നു മുമ്പെയുള്ള കൊവിലകം ഇങ്ക്ലിഷ്കാർ ന്യായസ്ഥലമാക്കിയും കൊട്ടകൾ എല്ലാം പൊളിച്ചിരിക്കുന്നതിന്നു കിഴക്കെയുള്ള ദെശം എല്ലാം മാരത്തനാശം നിമിത്തവും അസഹ്യമായ ഉഷ്ണത്താലും നിവാസികളുടെ ക്രൂരതയാലും കൂടെക്കൂടെ ക്ഷാമം വ്യാധി മുതലായത് ഉണ്ടാകനിമിത്തം ഈ ദെശം പാഴായിക്കിടക്കുന്നു സസിച്ചു സമയം മുതൽ ഇതുവരെയും ഇങ്ക്ലിഷ്കാർ നിവാസികളുടെ ദാരിദ്ര്യത്തെ ഇല്ലാതാക്കുവാൻ പാടുണ്ടാകയില്ല—

### ൫. ഗൊദാവരി നദി പ്രവഹിക്കുന്ന നാടുകൾ

മുമ്പെ സഹ്യമലപ്രദെശം വിവരിച്ചപ്പൊൾ ഗൊദാവരിയുടെ ഉറവു നാസികിന്റെ അവസ്ഥയെയും അറിഞ്ഞുവല്ലൊ കമ്പായ ഉൾക്കടൽ സമീപത്തെ തപതി നൎമ്മദാ നദികൾ സഹ്യാദ്രിയെ വിന്ധ്യമലകളിൽനിന്നു വെർതിരിക്കുന്നതിനാലെ ത്ര്യംബകം - നാസികം - ജുന്നർ മുതലായ മലപ്രദെശസ്ഥ കൊട്ടകളുടെ അതിരിൽനിന്നു പല പുഴകൾ ഉത്ഭവിച്ചു കിഴക്കെ തൈക്കൊട്ടു

ഴുകി കുംഭക്യൂർ അതിക്കിൽ വെച്ചു ഒന്നായി ചെന്ന് വരുന്ന ഹിന്തുജാതികൾ ഉറവുകളിൽ ഒന്നിനെ ത്രിശൂചിച്ചു അതാകുന്ന ഗൊദാവരിയുടെ ഉത്ഭവം എന്ന് പറഞ്ഞു അതിന്റെ കരകളിൽ ഒരൊ ക്ഷെത്രങ്ങളുണ്ടായി ഭാരതഖണ്ഡത്തിലെ സകല ദെശത്തിൽനിന്നും അലൊട്ടു തീൎത്ഥയാത്രയായി പുറപ്പെട്ടു കൊണ്ടു വരികുന്നു ഉറവു നദികളെല്ലാം ഒന്നായി ചെന്നതിന്റെ ശെഷം ഗൊദാവരി അഹമദനഗരം - ഔരംഗാബാദ എന്ന് രണ്ടു പട്ടണങ്ങളുടെ നാട്ടുവിലെ കുന്നു പ്രദെശത്തുടെ കിഴക്കെ തെക്കൊട്ടു ഒഴുകി തൊകാപട്ടണം സമീപം വെച്ചു നിസാമരാജ്യം പ്രവെശിച്ചു തെക്കും വടക്കും നിന്നു ഒഴുകി വരുന്ന പല പുഴകളെ കൈക്കൊണ്ടു വൎദ്ധിച്ചു വൎദ്ധിച്ചു ബീദർ ദെശത്തുടെ ചെന്നു സിവങ്ഗപ്പാ സമീപത്തിങ്കൽ മഞ്ജിറ എന്ന തെക്കെ മല പ്രദെശത്തിൽനിന്നു പ്രവഹിച്ചു വരുന്ന നദിയെ ചെൎത്തു നെരെ കിഴക്കൊട്ടു ഒടി സപ്പുര മലകളിൽനിന്നു തുടങ്ങി തെക്കൊട്ടൊഴുകി വരുന്ന വരദ പുഴയെ പരിഗ്രഹിക്കുന്നതിൽ വീരാടദെശത്തിന്റെ കിഴക്കെ തെക്കെ അതിരിൽ തന്നെ എത്തിവരുന്ന കൃഷ്ണ ഗൊദാവരി നദികളുടെ നടുനാട്ടിന്റെ ഉയരം ഏകദെശം ൨൦൦൦ കാലടി - വരദ പുഴ ചെൎത്തതിന്റെ ശെഷം ഗൊദാവരി ഒരു നാഴിക വിസ്താരമുള്ള നദിയായി ഗൊണ്ഡവനദെശം പുക്കു കിഴക്കെ തെക്കൊട്ടു ഒഴുകി മഹാദെവപുരം - മുട്ടിക്കൊട്ട - ഭദ്രാചലം എന്നു തിരിച്ചെട്ടു ക്ഷെത്രങ്ങളെയും കൊട്ടകളെയും കടന്നു രാജമന്ത്രി പട്ടണത്തിൽനിന്നു വടക്കൊട്ടു കലിംഗദെശത്തെ വിട്ടു ചെറുതാഴ്വരകളിലും പിളൎപ്പുകളിലും ശുഭ മലകളിൽനിന്നു ഇറങ്ങി സമുദ്രത്തിൽ ചെരും മുമ്പെ രാജമന്ത്രി സമീപത്തിങ്കൽ രണ്ടു കൈകളായി പിരിഞ്ഞു താണനാട്ടുവഴി പ്രവഹിച്ചു കൊരിംഗ - അമലാപുരം - നരസിംഹം - മുതലായ സ്ഥലങ്ങളിൽ വെച്ചു സമുദ്രത്തിൽ ചെന്നു കൂടുന്നു —

ഗൊദാവരി കൃഷ്ണാനദികൾ ഒഴുകുന്ന ഉയൎന്ന ഭൂമിക്കിൽ പണ്ടു തെലിങ്കാണം എന്ന പെരുള്ള മഹാരാജ്യം ഉണ്ടായിരുന്നു - മുകിളകൈസൎമ്മാർ - മാരത്താജാതികൾ - ഇങ്ക്ലിഷ്കാർ മുതലായവരുടെ യുദ്ധങ്ങളെക്കൊണ്ടും മറ്റും പല വിഭാഗങ്ങളും മാററവും സംഭവിച്ചതിനാൽ ദെശം ഇപ്പൊൾ അഞ്ചു അംശങ്ങളായി കിടക്കുന്നു —

തെക്കെപടിഞ്ഞാറെ അംശം വിജയപുരദെശം തന്നെ അതിൽ സത്താര ധാരവാട മുതലായ സഹ്യാദ്രി പ്രദെശങ്ങളും അടങ്ങിയിരിക്കുന്നു അതിന്റെ അവസ്ഥ മുമ്പെ ചൊല്ലി ക്രമമായി പറഞ്ഞുവല്ലൊ മാരത്ത - കൎണ്ണാടക ഭാഷകൾ അതിൽ പ്രധാനമായി നടക്കുന്നു

ദെശാധിപത്യം മിക്കതും ഇങ്ക്ലിഷ്കാരുടെ കൈക്കലാകിവന്നു—

പടിഞ്ഞാറെ അംശത്തിന്നു ഔരങ്ങാബാദ എന്നപെർ ഭീമ ഗൊദാവരി മുതലായ പുഴകളുടെ ഉറവു നാട്ടുത്രതന്നെ അതിൽ നടപ്പായ ഭാഷ മാരതവാക്കതന്നെ ഈ ദെശത്തിന്റെ പടിഞ്ഞാറെ അംശം ഇങ്ക്ലിഷ്കാർ പിടിച്ചു ഭരിക്കുന്നു കിഴക്കെ അംശം നിഷാധരാജാവിന്നധീനമാകിരിക്കുന്ന പട്ടണങ്ങളിൽ പ്രധാനമായത ഗൊദാവരിയുടെ ഉറവിന്നു സമീപമായ നാസികം (൩൦൦൦൦ നിവാസികൾ) ഭീമപ്പുഴയുടെ കരമെലെ അഹമദനഗരം (൨൦൦൦൦ നിവാസികൾ) ഗൊദാവരിയിൽ ചെന്നു വരുന്ന കൊലാപ്പുഴയുടെ കരമെലെ ഔരങ്ങാബാദ (൬൦൦൦൦ നിവാസികൾ) ഈ പട്ടണത്തിന്നു അല്പം വടക്കു ദൌലതാബാദ എന്ന അതിശയമുള്ള കൊട്ടയും എല്ലൂരിലെ പുരാണ പാറ ദെവാലയങ്ങളും മലമുകളിൽ ശൊഭിച്ചു കിടക്കുന്നു—

വടക്കെ അംശത്തിന്നു പിരാടം എന്നപെർ ഗൊദാവരിയുടെ വടക്കെ ഉപനദികൾ മിക്കവാറും ഈ ദെശത്തിൽനിന്നു തുടങ്ങി വരുന്നു അതിൽ വിശിഷ്ടമായത വരദപ്പുഴ തന്നെ നിവാസികൾ മിക്കതും മാരതരും തെലുങ്കരും ആകുന്നു പ്രധാനപട്ടണങ്ങൾ നാഗപുരം എകദെശം ഒരു ലക്ഷം നിവാസികൾ പിരാടരാജാവിന്റെ രാജധാനി അവിടെതന്നെ തപതി നദി സമീപത്തിങ്കൽ കിടക്കുന്ന ഗാവൽഘർ കൊട്ട നിഷാധരാജാവിന്റെ നാട്ടുവാഴിയുടെ വാസസ്ഥലമായ എലിച്ചുപുരം— അജയന്തി എന്ന കണ്ടുവാതിലിന്നു അരികെയുള്ള അജയന്തി പട്ടണവും മറ്റും—

തെക്കുകിഴക്കെ അംശം ഹൈദരാബാദ ദെശം തന്നെ അതിലെ നിവാസികൾ പുറനാട്ടിൽനിന്നു വന്ന മുസല്മാനരും തെലുങ്കരും എന്നിങ്ങിനെ രണ്ടു വിധം ഈ ദെശത്തിലെ പ്രധാനപട്ടണം കൃഷ്ണാനദിയിൽ ചെരുന്ന മൂസപ്പുഴയുടെ വക്കത്തുള്ള ഹൈദരാബാദ എന്ന നിഷാധരാജധാനി നിവാസികൾ ൨ ലക്ഷം അവർ മിക്കവാറും പട്ടാണികൾ തന്നെ അവിടെനിന്നു മൂന്നു നാഴിക പടിഞ്ഞാറൊട്ടു ഗൊല്ഗൊണ്ട കൊട്ടയും അല്പം വടക്കൊട്ടു സിക്കന്തരാബാദ എന്ന ഇങ്ക്ലിഷ്കാരുടെ പട്ടാളവാസസ്ഥലവും ഉണ്ടു തെലുങ്കരാജാക്കന്മാരുടെ കാലത്തിൽ രാജധാനിയായ വരങ്കൊൽ ഇപ്പൊൾ എകദെശം ക്ഷയിച്ചു പൊയിരിക്കുന്നു—

ബിദർ എന്ന നടുഅംശത്തിൽ മഞ്ജിറനദിയുടെ കരമെലെ ബിദർ പട്ടണം പ്രധാനം ഈ നാട്ടിൽ മാരതം— തെലുങ്കം— കൎണ്ണാടകം ഭാഷകൾ നടപ്പായി വന്നിരിക്കുന്നു എന്ന പറഞ്ഞാലും

മിക്കതും നൈഷധരാജ്യത്തിൽ അടങ്ങിയിരിക്കുന്ന അമ്മുസല്ലാൻ രാജാവിന്നു ഏറ്റവും ഭരി-
ക്കൊണ്ടുന്നപ്രകാരം ഇങ്ക്ലിഷ്കാരുമായി കറാർ ഉണ്ടാക്കകൊണ്ടു മെലധികാരം ഇങ്ക്ലിഷ്കാരുടെ കൈ-
ക്കൽ തന്നെ എന്നു പറയാം —

## കെരളപഴമ

൩൧., ബൊലൊഞ്ഞക്കാരനായ ലുദ്വിഗ് താമൂതിരിയുടെ ഒററ അറിഞ്ഞു ബൊ-
ധിപ്പിച്ചത് —

താമൂതിരി മിസ്രസുല്ത്താന്റെ സഹായത്തിന്നായി വളരെ കാലം നൊക്കി കൊണ്ടിരുന്ന ശെഷം
കപ്പലുകൾ വരാഞ്ഞപ്പൊൾ മാപ്പിള്ളമാരും അറവികളും ധാരാളമായി കൊടുക്കുന്ന ദ്രവ്യം വാ-
ങ്ങി എല്ലാ തുറമുഖങ്ങളിലും വലിയ പടകുകളെ ചമെപ്പാൻ കല്പിച്ചു പറങ്കികളിൽനിന്നു ഒടിപ്പൊ-
യി വന്ന ശാസ്ത്രികളെയും പണിക്കാരെയും കൊണ്ടു കപ്പലുകളുടെ മാതിരിയെ പ്രമാണിപ്പിച്ചും രണ്ടു ഇത-
ലരെ കൊണ്ടും വലിയ തൊക്കു വാർപ്പിച്ചു യാത്രെക്ക വെടി വെക്കുന്ന വിദ്യയെ വശമാ-
ക്കി കൊടുപ്പിച്ചും കൊണ്ട് അപ്പൊൾ മൈദ റരവന്തു അറിയാതിരിക്കെണ്ടതിന്നു കടല്പുറങ്ങളും
കാവല്ക്കാരെ നിറുത്തി സന്നാഹങ്ങൾക്കൊക്കയും രഹസ്യമാക്കി തന്നെ തികവു വരുത്തുകയും ചെ-
യ്തു —

ആ കാലത്തു മിസ്രയെ തുടങ്ങി മഹമ്മതമായ രാജ്യങ്ങളിൽ വളരെ കാലം പ്രയാണം
ചെയ്തു വിശെഷങ്ങളെ അറിഞ്ഞു കൊണ്ട ഒരു ഇതല്യൻ കൊല്ലത്തുനിന്നു കൊഴിക്കൊട്ടെക്കു വ-
ന്നു - അതു ലുദ്വിഗ് സായ്പു തന്നെ - (൧ ഇതലരെയും അവൻ യദൃഛ്ശയാ കണ്ടു സ്വദെശക്കാരാക-
കൊണ്ടു സന്തൊഷിച്ചു കരഞ്ഞും ചുംബിച്ചും കൊണ്ടു അവരുടെ വീട്ടിൽ കൂടി ചെന്നു രാത്രി വാർത്ത-
യായവർ കൊച്ചിയിൽനിന്നു ഒളിച്ചു കൊഴിക്കൊട്ടു വന്നു സ്വീകരിച്ച പ്രകാരവും രാജപ്രസാദ-
ത്തൊടും കൂട ചെയ്യുന്ന പണികളും അറിയിച്ചാറെ - ഇതല്യക്കു പൊവാൻ മനസ്സില്ലയൊ എന്നു ലു-
ദ്വിഗ് ചൊദിച്ചു ഞാൻ അപ്പൊൾ മൈദ സാക്ഷിയൊടു നിങ്ങൾക്കു വെണ്ടി ക്ഷമ അപെക്ഷിക്കാം എന്നും മ-
റ്റും പറഞ്ഞപ്പൊൾ പെതർ അന്തൊണി വളരെ കരഞ്ഞു ഞങ്ങൾ ൪൦൦റിൽ പരം തൊക്കു ക്രി-
സ്തമതക്കാരെ നിഗ്രഹിപ്പാൻ ഉണ്ടാക്കിയതു കഷ്ടമത്രെ ഇതല്യയിൽ വെച്ചു ഭിക്ഷക്കാരനായി
പാർത്താലും കൊള്ളാമായിരുന്നു എന്നു കണ്ണുനീരൊടും പറഞ്ഞു - ജുവാൻ മറിയ എന്ന മററവൻ ഇവി-
ടെയൊ റൊമയിലൊ എവിടെയൊ മരിച്ചാലും വെണ്ടതില്ല ദൈവം ഇവിടെ നിന്നു കഴിഞ്ഞു പൊ-
വാൻ എനിക്കു വഴി ഇല്ല അത്രെ എന്നു വെറുതെ പറഞ്ഞു -

പുലരുമ്പൊൾ ലൃസിങ് തന്റെ ക്രിസ്തുയാത്രക്കാരെ കാണ്മാൻ പൊകിന്നെരം എവിടെപ്പൊന്നു
എന്നു ചൊദിച്ചതിന്നു ഞാൻ ഒരു പള്ളിയിൽ പാത്രങ്ങളുള്ളൊരിന്നും വെദാമ്പരിന്നും സ്തൊത്രം ചൊ
ല്ലി എന്നു പറഞ്ഞതല്ലാതെ പകിറൊവാരുള്ള ഭാവം നടിച്ചു പകൽ കാലത്തു ഇറച്ചിയും മറ്റും തിന്നാ
തെ പള്ളിയിൽ പാത്ത്രരാത്രികാലത്തു മൃഢമാംസം ഇതവരെ ചെന്നു കണ്ടു ൬ തൊഴിയെകും തിന്നു സു
ഖിച്ചിരുന്നു — പറങ്കികപ്പല്ക്കാർ കണ്ണനൂരിൽ എത്തി കൊട്ടകെട്ടുപ്പിക്കുന്നു എന്നു പറഞ്ഞ കെട്ടാറെ ഞ
വൻതപ്പിത്തങ്ങളൊത്തു കാമവിറവെഗത്തിൽ ചെലാകിട്ടുപ്പാൻ സംഗതി വരുത്തെണമെ എന്നു
ചൊല്ലി എത്രയും ഞങ്ങളൊരു ഭക്തൻ എന്ന ശ്രുതിയെ പരത്തി ഞങ്ങളൊ വെത്തണകാത്തി ചികിത്സക്കും
കൂട ചെയ്യാൻ തുനിഞ്ഞു എല്ലാ അറവിത്രക്കപാതിമാരിലും പ്രസാദം വരുത്തി കൊണ്ടിരുന്നു —

അനന്തരം താമൂതിരിയുടെ കപ്പലും പടയും തൊക്കും ററവകൾ എല്ലാം സ്വകൈമാക്കി തീ
ഞ്ഞു കൊണ്ട ശെഷം (ഫ്രങ്കൊ. പെങ്ങു) ലൃസിങ് വിചപാസ്കൊച്ചുവടക്കാർ കള്ളരതന്ത കായ്ക്കി
യ തൊണിക്കിൽ കുടിച്ചു കപ്പികാവല്ലാതിൽ നിന്ന തെറ്റി ഒരു പറങ്കിതുളളതെന്ന കണ്ടു പൊര
ഞ്ഞവൾമെദ കൊട്ടു കൊഴികൊട്ടെവൃത്താന്തം എല്ലാം ബൊധിപ്പിക്കയും ചെയ്തു — പെട്ടത്തെ
ക്കിറെ പറങ്കികൾ പിടിച്ചു കൊണ്ടു പൊയി എന്നു കെട്ടാറെ കണ്ണനൂരിൽ മാപ്പിള്ളമാർ ആശ്ചര്യം
വിശ്വസിക്കയത്രെ എങ്കിലും കൊട്ടയിലുള്ളവർ തൊക്കിറെക്കുന്നത് കണ്ടപ്പൊൾ അടങ്ങിപ്പാർത്തു —
ലൊരഞ്ച് പ്രസാദിച്ചു ലൃസിങ് പറങ്കിവെഷം ധരിപ്പിച്ചു കൊച്ചിയിൽ അയച്ചപ്പൊൾ അ
വൻ മഹാ കപ്പിത്താനൊടും വസ്തുത ബൊധിപ്പിച്ചു ഇതലക്ക് വെണ്ടി ക്ഷമ അപെക്ഷിച്ചു —

ആശ്വാസിച്ചു ഉടനെ ലൃസിങ് ഒരു നായരെ കൊണ്ടു ആരണ്ടു ദ്രൊഹികൾക്കു കാത്തകപ്പി
ച്ചു നിങ്ങൾ കുട്ടിയ ഉമ്മമാരെ പൊലും അറിയിക്കാതെ പുറപ്പെട്ടു പൊകി സ്വന്തരത്നങ്ങളെ
അല്ലാതെ ഒന്നും എടുത്തു കൊണ്ടുവരികയും അരുത് എന്ന് എഴുതി അയച്ചത് അവർ വിചാരിയാ
തെ കഞ്ഞികുട്ടികളെയും കൂട്ടി കൊണ്ടുപൊവാൻ ഭാവിച്ചപ്പൊൾ അവരുടെ ഭൃത്യൻ യാത്രാവ
ട്ടങ്ങളെ അറിഞ്ഞു കൊച്ചിയിലക്കാരെ ബൊധിപ്പിച്ചു — ആയത് രാജാവ് പ്രമാണിക്കാതെ ചില
നായന്മാരെ കാക്കും ഗ്രഹിപ്പാൻ നിയൊഗിച്ചയച്ചപ്പൊൾ — രാജാവ് ക്ഷമിക്കും എന്നു കണ്ടു ഭൃത്യ
ൻ കാദിയാരെ ചെന്നറിയിച്ചു ലൃസിങ് ആ ഭവനത്തിൽ പാർത്തും ഒററിഞ്ഞതും വെളിച്ചത്തായി — കാ
ദിയാർ ഉടനെ കച്ചവടക്കാരെ വരുത്തി സമ്മതിപ്പിച്ചു ൧൦൦ വരാഹൻ തിരുമുല്ക്കാഴ്ച വെച്ചി
ച്ചു ജൊനിയൊ രാജാവൊടു വെള്ളക്കാരെ കൊല്ലുവാൻ കല്പന വാങ്ങിക്കയും ചെയ്തു — അ
ന്നാറെ ആറുനൂറാൾ ശംഖ് വിളിച്ചു വെള്ളക്കാരുടെ ഭവനത്തെ വളഞ്ഞപ്പൊൾ ഇരുവരും

ത്രവിക്കയാൽ ഇപ്പോൾ അല്ല എന്നും കാരണവും ഉണ്ടാക്കി വെടിവെപ്പാൻ തുടങ്ങി നായന്മാരെ കൊന്നു ൫൦ മുറികാരെ ഉണ്ടാക്കിച്ചതിന്റെ ശേഷം ചില വിദേശമാർക്കു ക്രിസ്ത്യക്രമം ചെയ്തിട്ടു ഇവന്റെ അരയും അരഞ്ഞാണിയുടെ കാര്യം ചിറിച്ചു വിളിച്ചു ചങ്ങലയും ഘോരകഷ്ടിച്ചു ഭവനത്തെ നാനാവിധമാക്കുകയും ചെയ്തു—

ഇവന്റെ കെട്ടിയവൾ മകനോടും കൂടെ കണ്ണനൂരിൽ ഓടി കുട്ടിയെ വിപ്രഹാനാക്കി പൃഥിവിന്നു വിറവുണ്ടായവൻ സ്നാനം കഴിപ്പിച്ചു ലൊരഞ്ചനാമം കൊടുത്ത ശേഷം കുട്ടി ഉള്ളപ്പുണ്ണിനാൽ മരിച്ചു— ആയതു ൧൦ വർഷം മാത്രം ഉണ്ടായിട്ടുള്ള ദീനം എന്നു അന്നു പ്രസിദ്ധം ഇതു കൊണ്ടു പറങ്കികൾ വരുത്തിയിരിക്കുന്നു എന്നു ഊഹിച്ചു നാട്ടുകാർ പറങ്കിപ്പുണ്ണ് എന്ന പേർ വിളിച്ചിരിക്കുന്നു— എങ്കിലും വിലാത്തിയിൽ ൧൪൯൪ വർഷത്തിൽ മാത്രം ആയതിന്റെ ഉത്ഭവം കണ്ടിരിക്കുന്നു— ആയതു മലയാളത്തിൽ വരുത്തിയതു മിസ്രക്കാരും ആകുന്നു എന്നതോന്നുന്നു—

൩൯. കണ്ണനൂരിലെ കടല്പടയിൽ ലൊരഞ്ചന്നു മൈദക്കെ ജയിച്ചതു—

൧൫൦൭. മാൎച്ച ൧൬ ഉ മൂത്ത ഇളയതുടെ മരണവൎത്തമാനം കണ്ണനൂരിൽ എത്തിയപ്പോൾ ലൊരഞ്ചു് അഞ്ചു ദിവസം മുതലായി ദിക്കുകളിൽ നിന്നു വിളിപ്പിച്ച കപ്പലുകളും തക്കത്തിൽ എത്തി താമൂതിരിയുടെ പടകു ൨൦൦ ഓളം പൊന്നാനി കോഴിക്കോട്ടു കാപ്പുകാട്ടു പന്തലായിനി ധൎമ്മപട്ടണം ഇത്തരമുഖങ്ങളിൽ നിന്നു അന്നു പുറപ്പെട്ടു ഒന്നിച്ചു കൂടി വായ്ക്കരക്കുള്ളിലായി കാടായിട്ടു കണ്ണനൂരിന്നു നേരെ വന്നു— ലൊരഞ്ചു് ൧൧ കപ്പലുകളിൽ ൨൦൦ പറങ്കികളോടും കൂടി അവരെ കാത്തിരുന്നു നിങ്ങൾ ക്രൂശിൽ തറെച്ചു മരിച്ച രക്ഷിതാവിനെ ഓൎത്തു അവന്റെ വൈരികളോടു ഭയം കൂടാതെ എല്ലാം ദൈവത്തിന്നാക്കി പൊരുതുകയാൽ പാപമോചനം നിശ്ചയം അല്ലോ അവന്റെ തുണയാൽ ഇന്നു ദുഷ്ടന്മാരെ വേഗത്തിൽ നിഗ്രഹിക്കാം എന്നു പറഞ്ഞതല്ലാതെ— ഒരു പാതിരി അമരത്തു നിന്നു ക്രൂശയിൽ അനുതാപമുള്ള എല്ലാവൎക്കും പാപക്ഷമ വരും എന്നു വിളിച്ചു സാധിപ്പിച്ചപ്പോൾ എല്ലാവരും പ്രമാണിച്ചു കരഞ്ഞു തിന്നുവെച്ചു മരിപ്പാൻ ആഗ്രഹിച്ചു— ൧൮ ഇൽ ശത്രുക്കൾ അടുത്തപ്പോൾ ലൊരഞ്ചു് മറിയെ അരെക്കു വള്ളി കെട്ടിപ്പിച്ചു മൽനെഞ്ചു ചുവന്നതിന്നു ഉടുത്തു ഇക്കൈയാൽ നിറഞ്ഞ വലിയ കപ്പൽ അടുത്തു നങ്കൂരമിട്ടു അവനവന്റെ നടുവിൽ ഓടി അവരുടെ ഇങ്ങേ കൂട്ടത്തെ പിളൎക്കും അറിഞ്ഞു താനും വെടിവെച്ചു പലനാശങ്ങളെയും വരുത്തിയപ്പോൾ അവർ കാണിയില്ലാക്കു കൊണ്ടു ധൎമ്മപട്ടണത്തോളം

മടങ്ങിപ്പൊയി — പിറ്റെതിൽ അവർ പിന്നെയും അങ്ങൊട്ട യുദ്ധം വെണ്ടാ വടക്കൊട്ട ഒടുവാൻ സമ്മ
തിക്കണം എന്ന ചൊദിച്ചപ്പൊൾ ലൊരഞ്ച സമ്മതിക്കാതെ ഇരുന്നു — ഇങ്ങൾ മുമ്പെ കൊന്നവർ
ക്കു തങ്ങളെ ഇരുവരുടെ മരണത്തിന്നും കൂടെ പകരം വീട്ടെണം എന്ന പറഞ്ഞാറെ എന്നാൽ ഞങ്ങളു
ടെയും ഒടാമ്പലും ത്രാണ എന്ന മാപ്പിള്ളമാർ ചൊല്ലി യുദ്ധത്തിന്ന ആരംഭിച്ചു — അവർ ദൂരെ നി
ന്നു കൊണ്ടു ലൊരഞ്ച് മുമ്പെ പടയാളികളൊട്ട ഉഷ്ണത്തിന്ന് ഇരിപ്പാൻ കല്പിച്ചു കൊലത്തിരി
യും യുദ്ധം കാണ്മാനായി ഇരിക്കുന്ന കൊവിലകത്ത് കാഹളം മുഴക്കിക്കയും ചെയ്തു — ഉടനെ മാപ്പിള്ള
മാരും എല്ലാ കപ്പലുകളിൽനിന്നും വാദ്യങ്ങളെ ഘൊഷിപ്പിച്ചും ആർത്തും കൊണ്ടിരുന്നപ്പൊൾ —
ലൊരഞ്ച മുല്ലൂര അവരുടെ തലക്കപ്പലൊട്ട ഇരിമ്പു ചെർത്തു കയറി നൂറൊളം മാപ്പിള്ളമാ
രെ അറുത്തും കടലിൽ ചാടിച്ചും കൊണ്ടു പട തുടങ്ങി — ഇരുട്ടു വരുവൊളം യുദ്ധം കഴിച്ചു സമസ്ത
ച്ചില്ലത്താനും — തങ്ങളുടെ ശൂരതയും പഞ്ഞിനിറച്ച വസ്ത്രങ്ങളുടെ കൈമറവും മാപ്പിള്ളമാരുടെ നി
ന്ത്യ വിശെഷവും കണ്ടു പറങ്കികൾ അതിശയം തൊന്നി — പൊർത്തുഗീസർ ഇപ്രകാരം വിക്രമം പ്രയൊ
ഗിച്ചുന്നത് ആൾ മാത്രം നശിച്ചു ജയം കൊണ്ടത് കൊലത്തിരിക്ക ഏറ്റവും അതിശയമായിരു
ന്നു — മുസല്മാനർ നാലായിരത്തൊളം അവിടെ പട്ടുപൊയി എന്ന കെട്ടു — ശെഷിച്ച പടകു എ
ല്ലാം ഒരു ചെറിയ പുഴ കുഴിയിൽ ചൊരിഞ്ഞൊളിച്ചു പാർത്തു അതു കൊണ്ടു ലൊരഞ്ച് തന്റെ അച്ഛ
ന്റെ ഭയം തീർപ്പാനായി താൻ തന്നെ കൊച്ചിക്ക ഓടി ജയവർത്തമാനം അറിയിച്ചു അച്ഛനും
പെരുമ്പടപ്പിന്നും വളരെ സന്തൊഷം ജനിപ്പിക്കയും ചെയ്തു —

അച്ഛൻ അപ്പൊൾ തന്നെ കൊച്ചിയിൽ വെച്ചു വലിയ കൊട്ട എടുപ്പിച്ചു താനും പൊ
ർത്തുഗാൽ പ്രഭുക്കന്മാർ മുതൽ പണിക്കാർ വരെയുള്ള എല്ലാവരും ഒരു തുള്ളി മദ്യം സെവിക്കാ
തെ ചൊറും കഞ്ഞിയും മാത്രം ഭക്ഷിച്ചു കൊണ്ടു അദ്ധ്വാനപ്പെട്ടു ആ കൊട്ടയെ പണിയിച്ചു തീ
ർത്തു — അതിന്റെ കൂടെ കാഷാമം പറങ്കികൾ കൊച്ചി ദെശത്തിന്ന വരവ എത്രയും ചുരുക്കം — ആ
ക്കാലം ഒരു നായർ വന്നു താമൂതിരിയുടെ നെരെ അന്യായപ്പെട്ടു ബ്രാഹ്മണനും നിരസിച്ചു സ്ഥാ
നം ഏറ്റു ഒരു മാപ്ലക്കാരത്തിയെ കെട്ടിയപ്പൊൾ — സംശയം ജനിച്ചിട്ട അൽമെദ അവനെ
നവരാത്രി ഭക്ഷപ്പെട്ടു നിസ്സാരവും ഏറ്റു പറഞ്ഞാൽ പ്രാണ ചെതം ഇല്ല എന്ന കല്പിച്ചു നിങ്ങ
ളെ കൊല്ലുവാനും കപ്പലുകളെ ഭസ്മമാക്കുവാനും ഞാൻ കയ്യെറ്റു വന്നു എന്ന പറഞ്ഞാറെ
അൽമെദ അവന്റെ കണ്ണുകളെ ചൂന്നെടുപ്പിച്ചു നായരെ താമൂതിരിക്ക മടക്കി അയച്ചു അപ
മാനവാക്ക പറയിക്കയും ചെയ്തു —

J. Müller, Editor

നമ്പ്ര ഒന്നിന്നു

# പശ്ചിമോദയം

ഒരു പൈസ്സവില

൧., നമ്പ്ര

തലശ്ശെരി

ഒക്തൊബര മാസം

## ഭൂമിശാസ്ത്രം

### ഭാരതഖണ്ഡം

൫., ദക്ഷിണഖണ്ഡവും ലങ്കാദ്വീപും —

൬., പശ്ചിമമലയും കാവെരി കൃഷ്ണാദി നദീ പ്രദെശങ്ങളും

കൃഷ്ണാനദിമുതൽ ഗംഗാനദിയൊളമുള്ള ബെങ്കാള കടല്പുറമായ പ്രദെശത്തിന്നു വടക്കെ സൎക്കാര രാജ്യം എന്ന പെർ വന്നത്തിലെ നിവാസികൾ തെലുങ്കർ — ഉഡിയർ എന്നി രണ്ടു വകക്കാർ തന്നെ പട്ടണങ്ങളിൽ ചില മുസല്മാന്മാരും കുടിയെറി വസിക്കുന്നു ദെശം മിക്കത്രം നല്ല ഭൂമിയാകകൊണ്ടും കൃഷ്ണാ ഗൊദാവരി മുതലായ പല നദികളുടെ അഴിമുഖത്തിൽ ക്ഷ ഭിക്ഷകിട്ടു വെള്ളത്തിൽ കുറവു ഉണ്ടാക്കകൊണ്ടും കൃഷികൾ വളരെ അതിൽ നടക്കുന്നു നിവാസികളുടെ സംഖ്യ അമ്പതു ലക്ഷം എന്നു മതിക്കും കൊണ്ടെറ മിക്കവാറും മൂഢന്മാരും ക്രൂരന്മാരും ആകകൊണ്ടു ചില ദിക്കിൽ നരമെധം കഴിച്ചുവരുന്നു ദെശം ഇങ്ങിനെ അംശമാക്കി വിഭാഗിച്ചു കിടക്കുന്നു —

വടക്കുള്ള ഉത്തരഗഞ്ചാം സൎക്കാർ തന്നെ അതിലെ പ്രധാന നഗരമാകിയ ഗഞ്ചാം കടപ്പുറത്തു തന്നെ കിടക്കുന്ന നാട്ടുകാൎക്കു ബ്രഹ്മപുരി മുതലായ സ്ഥലങ്ങൾ പ്രധാനം — ദെശത്തിന്റെ തെക്കെ അതിരിൽ ചിക്കാക്കൊൽ സൎക്കാർ വ്യാപിച്ചു കിടക്കുന്നു അതിന്റെ പുരാണനാമം കലിംഗനാട്ടിലെ മുഖ്യസ്ഥലങ്ങൾ കലിംഗപട്ടണം — ചിക്കാക്കൊൽ — വിശാഖപട്ടണം എന്നിവ തന്നെ — അതിന്റെ തെക്കെ അതിരിൽ രാജമന്ത്രി സൎക്കാർ ഗൊദാവരിയുടെ തെക്കും വടക്കും കരമെൽ കിടക്കുന്ന പ്രധാന നഗരങ്ങൾ സമുല്ക്കൊട്ട — രാജമന്ത്രി — കൊരിങ്കാ മുതലായവ തന്നെ — രാജമന്ത്രിയുടെ തെക്കെ അതിരിൽ എല്ലൂർ എന്ന ചെറിയ സൎക്കാർ ദെശം ഉണ്ടു നാട്ടിന്റെ പെർ പ്രധാന പട്ടണത്തിന്നും ഉടപ്പാകി വന്നു — അവിടെനിന്നു തെക്കൊട്ടു കൊണ്ടാപിള്ളി സൎക്കാർ നാട്ടു കൃഷ്ണാനദിയുടെ വടക്കെ കരമെൽ ഉളിക്കുന്ന പട്ടണങ്ങൾ നാട്ടുകാൎക്കുള്ള കൊണ്ടാപിള്ളിയും സമുദ്രതീരത്തിൽ കിടക്കുന്ന മചിലിപട്ടണവും — തെക്കെ സൎക്കാര നാട്ടിന്റെ പെർ ഗുണ്ടൂർ അതിന്റെ വടക്കെ അതിൽ കൃഷ്ണാനദി തെക്കെ

അമിർഗുണ്ടി ഗ്രാമപുഴ പട്ടണങ്ങൾ ഗുഞ്ജർ— വെള്ളക്കൊണ്ട മുതലായവ തന്നെ—

൬., ദക്ഷിണഖണ്ഡത്തിന്റെ വടക്കെ അതിർനാടുകളും

മഹാനദി നൎമ്മദാ തപതി നദിപ്രവാഹവും—

മെൽ വിവരിച്ചു പറഞ്ഞ സൎക്കാർദെശങ്ങളുടെ വടക്കപടിഞ്ഞാറെ അതിരിലും വിരാട
നാട്ടിന്റെ കിഴക്കെ അറ്റത്തും വിശാലമായി കിടക്കുന്ന ഭൂമി ഗൊണ്ഡവനം എന്ന നാ
മം ഉണ്ടു അതിന്റെ തെക്കെ അംശം കാട്ടും മലയും ക്രൂരനിവാസികളും നിറഞ്ഞ നാടാക
കൊണ്ടു സ്പഷ്ടമായി വിവരിപ്പാൻ പാടില്ല വടക്കെ അംശമായ അമരകണ്ടം ദക്ഷിണ
ഖണ്ഡത്തിന്റെ വടക്കപ്പുറത്തെ കൊണായിരിക്കുന്ന മഹാനദി നൎമ്മദ ശൊണ മുതലായ
പുഴകൾ അവിടെനിന്നു ജനിച്ചു നാലുദിക്കിലും പ്രവഹിച്ചു പൊകുന്നതിനാൽ ആ നാട്ടിന്റെ
ഉയരം അല്പം അല്ല എന്നു നിശ്ചയിപ്പാൻ സംഗതി ഉണ്ടു ൩൦൦൦ കാലടി ഉയരത്തിൽ ഒരൊ ദിക്കി
ൽ ഈറങ്കകളെ കാണും എന്ന അവിടെ പൊയവരുടെ പക്ഷം—

൭., ഈ അമരകണ്ടത്തിൽനിന്ന മഹാനദി ഉത്ഭവിച്ചു കാട്ടിലും മലകളി
ലും ചെന്നു ശ്രീനാരായണ സമീപത്ത വെച്ചു വടക്കുനിന്നു ഒഴുകിവരുന്ന ഹസ്തനദിയെ കൈ
ക്കൊണ്ട ശെഷം തെക്കൊട്ടു തിരിഞ്ഞു സംബല്പുരി സമീപത്തിൽ തെലപുഴയെ ചെൎത്ത മല
കളെ വിട്ടു കിഴക്കൊട്ടു താണ നാട്ടൂടെ ഒരു നാഴികവിസ്താരമുള്ള നദിയായി ഒഴുകി
കട്ടക പട്ടണത്തിന്റെ അരികെ അനെക കൈകളായി പിരിഞ്ഞു ബങ്കാള സമുദ്ര
ത്തിൽ ചെൎന്നുകൊണ്ടിരുന്നു—

ഈ മഹാനദി ഒഴുകുന്ന നാട്ടുകളുടെ പടിഞ്ഞാറെ അംശമായ ഗൊണ്ഡവനം മിക്ക
വാറും മലപ്രദെശവും കാട്ടു നിറഞ്ഞ ഭൂമിയുമാകുന്നു അതിലെ നിവാസികൾ പലവിധമാ
യ കാട്ടാളരും ക്രൂരപ്രകൃതികളും ഹിന്തുക്കളിൽനിന്ന പലവിധെന വെവ്വെറു കൂട്ടരും ആ
കകൊണ്ടും ദെശം മിക്കതും പുലി പൊത്ത മുതലായ ദുഷ്ടമൃഗങ്ങൾ നിറഞ്ഞു വഴി ഇല്ലാ
ത്തതാകകൊണ്ടും അതിന്റെ വിവരം സ്പഷ്ടമായി അറിവാൻ ഇതുവരെക്കും
സംഗതി ഉണ്ടായില്ല വലിയ പട്ടണങ്ങളെ ആ രാജ്യത്തിൽ കാണുന്നില്ല ജനങ്ങൾ പല കൂറുക
ളായി ചെറുഗ്രാമങ്ങളിൽ വസിച്ചു അല്പം കൃഷി ചെയ്തു കാട്ടുകിഴങ്ങു മുതലായതു തിന്നു കൂട
ക്കൂടെ പുറപ്പെട്ടു പുതിയ വാസസ്ഥലങ്ങളെ അന്വെഷിച്ചു ഉഭയൊരും ചിലർ വീടുകളെ കെട്ടാ
തെ പാറകളിലും ഗുഹകളിലും മൃഗപ്രായം പൂണ്ടു പാൎത്ത മനുഷ്യമാംസവും തിന്നു മാറ്റു വിശെഷങ്ങ

ളിൽ മ്ലെച്ശന്മാരാക്കി നടന്നവരുടെ ന്യായങ്ങൾ - ഗ്രംസ്ഥർ മുതലായ ദെശങ്ങളിൽ വെച്ചു അവർ നരമെധവും കഴിക്കും - ഇവിടെ നടപ്പായ ഭാഷകളും പലവിധം പ്രധാനമാകൊത്തു ഗങ്ങ-മെഘന-മരാവതി തന്നെ വിശെഷസ്ഥലങ്ങൾ ശൊണ നർമ്മദാ നദികളുടെ ഉറവിസമീപമുള്ള അമരകണ്ടവും മഹാനദി ഹസ്ത പുഴകളുടെ നടുനാട്ടിലെ രത്നപുരവും മഹാനദിയുടെ തെക്കെ കരയിലെ രായപുരവും വരദനദിസമീപമുള്ള ചന്ദപട്ടണവും മറ്റും - രാജ്യത്തിൽ എവിടയും ജനപുഷ്ടി ചുരുക്കം താനും

വടക്കു മിട്ടനപുരം ജെലാസ്സുരം നഗരങ്ങൾ തുടങ്ങി തെക്കു ചില്ക്കാസരസ്സോളവും കിഴക്കു ബെങ്കാളസമുദ്രം തുടങ്ങി വടക്കുപടിഞ്ഞാറൊട്ടു ഗഞ്ചാം-ശൊണെപുർ-ശംഭല്പുരം മുതലായ പട്ടണങ്ങളൊളവും വ്യാപിച്ചു കിടക്കുന്ന മഹാനദിപ്പുഴയുടെ ദെശത്തിന്റെ കിഴക്കെ അംശവും അതിന്നു വടക്കൊട്ടു ബ്രാഹ്മണി മുതലായ പുഴകളുടെ പ്രവാഹദെശവും എല്ലാം ഉൽകലം എന്നും ഉഡിയരാജ്യം എന്നും പെർ പ്രാപിച്ചിരിക്കുന്നു - ഈ വിസ്താരമുള്ള രാജ്യത്തിൽ പടിഞ്ഞാറെ അംശം പ്രത്യെകം മലപ്പദെശവും സഞ്ചരിച്ചുകൂടാത്ത കാട്ടുഭൂമിയും ആകുന്നു - അതിന്നു ഖൊന്ത് രാജവാട എന്ന പെർ കിഴക്കെ അംശമായ കടപ്പുറം മഹാനദി മുതലായ പുഴകൾ അനെകം കൈകളായി സമുദ്രത്തിൽ കൂടുക കൊണ്ടു മനുഷ്യവാസത്തിന്നു കൊള്ളാത്ത ചളിപ്രദെശം ആകുന്നു അതിന്നു താണരാജവാട എന്ന പെർ വന്നു - ഈ രണ്ടു ദെശങ്ങളുടെ നടുവിൽ മുകൾവണ്ടി എന്ന സാരമുള്ള കൃഷിഭൂമി കെടദെശം കൊണ്ടു ... ലമാക്കി മഹാനദിയിൽനിന്നു വടക്കൊട്ടു വരമ്പു കിടക്കുന്നു കൃഷിസ്ഥലങ്ങളിൽ മുഖ്യമാകുന്നത് നെല്ലു മുതലായ ധാന്യങ്ങളും തെങ്ങു അടക്ക വുകെല കരിമ്പു ഇത്യാദികളും തന്നെ —

ഈ ഉഡിയരാജ്യം ഇങ്ക്ലിഷ്കാരുടെ വശത്തിലാക്കിവന്ന സമയം മുതൽ നിവാസികളുടെ അവസ്ഥയും ഒരൊ നഗരങ്ങളുടെ വിശെഷവും അല്പം അറിവാൻ കഴിവ് വന്നിരിക്കുന്നു - മുകൾവണ്ടി - താണരാജവാട ഈ രണ്ടു ദെശങ്ങളിൽ കട്ടക - ബാലെശ്വരം - ജഗന്നാഥപുരം ഈ മൂന്നു പ്രധാനപട്ടണങ്ങൾ അല്ലാതെ ൫൫൦൦ ഊരുകളുമുണ്ടു നിവാസികളുടെ സംഖ്യ എകദെശം ൧൨ ലക്ഷം മലവാസികളുടെ ക്രൂരതയും അസൂയയും നിമിത്തം ഖൊന്ത് രാജവാടയുടെ വിവരം അറിവാൻ സംഗതി വന്നില്ല പ്രജകൾ എല്ലാവരും ഹിന്തുമതആചാരങ്ങളെ ആചരിക്കുന്നു അവരുടെ ഭാഷ സംസ്കൃതഭാഷയുടെ ഒരു ശാഖയത്രെ അവരുടെ പ്രവൃത്തി മിക്കതും കൃഷി തന്നെ കൈതൊഴിലുകളും കച്ചവടവും രാജ്യത്തിൽ ചുരുക്കമെ

പുള്ളു — ജയപുരം — ബദ്രാക്ക — ഹരിഹരപുരം — പിപ്പിളി മുതലായ അനെക ഊരുകളുടെ പെരും മറ്റും പറവാൻ പാടില്ല എങ്കിലും ൩ പ്രധാന നഗരങ്ങളുടെ അവസ്ഥകളും വിവരിച്ചു പറയെണ്ടത് —

മഹാനദി പലകൈകളായി പിരിഞ്ഞു പൊകുന്ന ദിക്കിൽ കടക (കൊട്ട ) ബങ്കാളസമുദ്രത്തിൽനിന്നു ൫ — ൬ കാതം വഴി പടിഞ്ഞാറൊട്ടു അകന്നു നില്ക്കുന്നു പൂർവ്വകാലത്തിൽ ഉണ്ടായ പട്ടണം മിക്കതും നശിച്ചു വരാവതി കൊട്ട മാത്രം ശെഷിച്ചിരിക്കുന്നു — മുമ്പെ അതിശയമായ കൊവിലകങ്ങൾ ഇപ്പൊൾ ഒരു കല്ക്കുന്നാക്കി കിടക്കുന്നു — ഈ കട്ടക്ക് പട്ടണത്തിൽ ഏകദെശം ൬൦൦൦ വീടുകളും ൪൦൦൦൦ നിവാസികളും ഉണ്ടായിരിക്കും ബംഗാളദെശത്തിന്റെ അതിരിൽനിന്നു അല്പം തെക്കൊട്ടു ബാലെശ്വരം ബ്രാഹ്മണിപുഴയുടെ ൨ കൈകളുടെ നടുവിൽ കടപ്പുറത്തു തന്നെ കിടക്കുന്ന ഒരു നല്ല തുറമുഖം അവിടെ ഉണ്ടാകകൊണ്ടു പിലാത്തിക്കാർ ഭാരതഖണ്ഡത്തിൽ വന്ന സമയം മുതൽ ക്രമത്താലെ പൊൎത്തുഗീസർ ഇങ്ഗ്ലിഷ്കാർ ഫ്രഞ്ചിക്കാർ മുതലായ കച്ചവടജാതികൾ പട്ടണത്തിൽ പാണ്ടിശാലകളെ കെട്ടി പാൎത്തു കച്ചവടം ചെയ്തുപൊന്നു — ഇപ്പൊഴും അവിടെ പാൎക്കുന്ന ൧൦൦൦൦ നിവാസികൾ മിക്കവാറും കച്ചവടക്കാർ തന്നെ വിശെഷച്ചരക്കു ധാന്യവും ഉപ്പും മറ്റും ആകുന്നു — രാജ്യത്തിൽ വിശിഷ്ടസ്ഥലം കട്ടക്കിൽനിന്നു തെക്കൊട്ടു മഹാനദിവക്കത്തു ബംഗാളസമുദ്രത്തിന്റെ കരയിൽ വളരെ ക്ഷെത്രങ്ങളൊടും കൂട ശ്രുതിപ്പെട്ടു വിളങ്ങുന്ന ജഗന്നാഥപുരം തന്നെ അവിടത്തെ മുപ്പതിനായിരം നിവാസികളല്ലാതെ കൊല്ലം തൊറും ക്ഷെത്രത്തിലെ മഹൊത്സവങ്ങൾക്കു ചെരുന്ന പുരുഷാരങ്ങളുടെ സംഖ്യ ഏകദെശം ഒരു ലക്ഷമായിരിക്കും ക്ഷെത്രങ്ങളെല്ലാതെ പട്ടണത്തിൽ ഒരു വിശെഷവും കാണ്മാനില്ല ക്ഷെത്രങ്ങളിൽ വിശിഷ്ടമായത പുരുഷൊത്തമക്ഷെത്രം തന്നെ ഉത്സവത്തിന്നു പൊകുന്നവരുടെ സംഖ്യ കൂടക്കൂടെ കുറഞ്ഞു പൊകകൊണ്ടു ക്ഷെത്രധനവും വളരെ താണു താപസന്മാരുടെ ഉപാലനം ക്ഷയിച്ചു പൊകുന്ന പ്രകാരം കാണുന്നു —

## കെരളപഴമ

൫൩. കൊലനാട്ടിലെ പുതുരാജാവ് പറങ്കികൾക്കു ശത്രുവായി ചമഞ്ഞതു —

൧൫൦൬ മാൎച്ചമാസത്തിൽ ഉണ്ടായ കപ്പൽജയം മുതൽ കൊണ്ടു പൊൎത്തുഗാൽ കപ്പലിന്നു ഹിന്തുസമുദ്രത്തിൽ എതിർ ഇല്ല എന്നു വന്നു — മിസ്രകപ്പലുകൾ ൧൫൦൮ ാമതിൽ വന്നപ്പൊൾ

തൊററ പ്രകാരം പിന്നെ പറയാം എങ്കിലും അൽമൈദ അഞ്ചുദ്വീപിൽനിന്ന സഹായം വരുത്തിയപ്പൊൾ ഗൊവയിൽ വാഴുന്ന സബായി തുരുത്തി കൊള്ളുവാൻ ആൾ പൊരാ എന്നിനിരൂപിച്ചു കൊട്ടപിടിപ്പാൻ തുൎക്കരെ അയച്ചു - അവരിൽ പ്രമാണി ഒരു പറങ്കിജാതി തന്നെ - അവൻ മുമ്പെ ഇങ്ങെ ലക്ഷാരനായി പിന്നെ പൊൎത്തുഗാല്ക്കാരിൽനിന്ന ഒളിച്ചു അസ്സുള്ള എന്ന നാമവും തൊപ്പിയും ധരിച്ചവൻ തന്നെ - അവൻ കൌശലത്തൊടു തുടങ്ങിയ സാഹസത്തിന്ന സാദ്ധ്യം വന്നില്ല താനും - പൊൎത്തുഗീസർ ചുരുക്കം എങ്കിലും ഒട്ടു പാൎത്തു മഴ തീൎന്നതിൽ പിന്നെ ലൊരഞ്ചു അഞ്ചുദ്വീപിലെ കൊട്ടയുടെ പടിഞ്ഞാറെ കൊട്ടപ്പുറം മുഴുവനും ഭയപ്പെടുത്തി അമൎക്കും ചെയ്തു - എങ്കിലും ബലങ്ങളെ ഞെരിക്കാം പിതിരിച്ചു പാൎപ്പിച്ചാൽ വൎഷകാലം നിമിത്തം നന്നല്ല കൊച്ചിക്കിലും കണ്ണനൂരിലും ഉള്ള കൊട്ടകൾ വ്യാപാരരക്ഷെക്ക് ആശ്രയസ്ഥാനമാകുമതിനെന്നും തൊന്നുകയാൽ അൽമൈദ അഞ്ചുദ്വീപിൽ എടുപ്പിച്ച കൊട്ടയെ താൻ ഇടിപ്പിച്ചു കളഞ്ഞു (൧൫൦൬ സെപ്ത)

എന്നാറെ അറുനൂററു നാലും കൊല്ലത്തിന്റെ ആദിക്കിൽ ചൈത്രകും വിശെഷമായ സൂൎയ്യഗ്രഹണം ഉണ്ടായിട്ടു പകല്ക്കാലത്തും വാനമീനകൾ നന്നായി കാണാകുന്നതു കൊഴിക്കൊട്ട ജ്യൊതിഷക്കാർ വിചാരിച്ചു ഈ കൊല്ലത്തിൽ തന്നെ പൊൎത്തുഗാലിന്നു ഗ്രാസം പിടിക്കും എന്ന ലക്ഷണം പറഞ്ഞു മലയാളത്തിൽ എങ്ങും ശ്രുതിപ്പെടുത്തുകയും ചെയ്തു - അതു കൂടാതെ മന്നവെൽ രാജാവു മാക്കിസംഖ്യ കഴിച്ചു കൊലത്തിരി തീപ്പെട്ടപ്പൊൾ അനന്ത്രവന്മാരിൽ ഉണ്ടായ വാദത്തെ താമൂതിരി ബ്രാഹ്മണരെ നിയൊഗിച്ചും ദ്രവ്യം കൊടുത്തും കൊണ്ടു തീൎത്തു തനിക്കു ബൊധിച്ചവനെ വാഴിക്കയും ചെയ്തു - ആകയാൽ കൊലത്തിരിക്കു നാലകൊനാത്തിരിയുടെ പക്ഷം അത്രെ എന്ന ലൊകമുഖെന കെട്ടപ്പൊൾ സമുദ്രിരി അത്രെ വെണ്ടും വണ്ണം കാക്കേണം എന്നൊ കൊച്ചിയിലും അധികം വിശ്വസിക്കേണ്ടാ എന്നു രാപ്പകൽ സൂക്ഷിക്കേണം എന്ന പൊൎത്തുഗാൽ കപ്പിത്താന്മാർ ഓക്കും കല്പനയായി - എങ്കിലും കൊലത്തിരി അല്പം ഒരിക്കകൾ തന്നെ അതിക്രമിച്ചു സമാധാനത്തെ തള്ളിക്കളഞ്ഞ പ്രകാരം ആവിതു -

മുമ്പെത്ത കൊലത്തിരിയുടെ മന്ത്രിയായ ചെരിച്ചെരിക്കുറുപ്പു മന്നവെൽ രാജാവെ വാട് അറബിഭാഷയിൽ എഴുതി അപെക്ഷിച്ചതു ഹൌസ്സത്തൻ ശംശ-മുഹറം ഒന്ന്ത്തിങ്ങളുടെ കപ്പിത്താന്മാർ നമ്മുടെ ചെറിയ ദ്വീപുകളുടെ നെരെ ഉപദ്രവം ചെയ്യാതെ ഇരിന്ന കാലത്തൊളം നാട്ടുപടകുകൾ എങ്കിലും കണ്ണനൂരിൽനിന്ന ഹൊൎമ്മുസിലെ കുതിരകളെ

വാങ്ങുവാനാക്കി അരുടിപ്പിലെ ഉഭയരാത്രിയിലെ കൊയിലെപ്പുണ്ടതിന്നു കല്പനയുമൊണ്ടം
എന്നത്രെ- ഇക്കിന്നരാജാവ് അവരെ കൊടുത്താറെയും കപ്പിത്താന്മാർ പലപ്പിടെയനന്താ
ട്ടുകാരുടെ കപ്പലൊട്ടത്തെ മുടക്കി കൊണ്ടു കൊലത്തിരി കൊച്ചുതാം ഒരുവെച്ചു വെച്ചിരുന്നു- അ
തിന്നു ഒരൊരൊ സംഗതികൾ ഉണ്ടാക്കി- കൊഴിക്കൊട്ടുകാർ പലരും കണ്ണനൂരിൽ വന്നു
കൊലത്തിരിയുടെ അനുവാദം നന്നവരിച്ചു വരങ്ങുകളെ ഉപദ്രവിച്ചു വ്യാപാരം നടത്തുകയാൽ- മാപ്പി
ള്ളമാരെ കാണുന്നതൊടും ഇവർ താമൂതിരിയുടെ പ്രജകൾ അത്രെ എന്നൊരു സിദ്ധാന്തം പ
റങ്കികളിൽ ഉണ്ടാക്കി- ഇതു കൊണ്ടു കണ്ണനൂരിൽ മെല്പട്ടിതാനായ ബ്രിത്തൊവൊട് ചീട്ടു വാ
ങ്ങി അല്ലാതെ ഒരു പടകും പുറപ്പെട്ടുവാൻ ത്രാണിയില്ല- കൊഴിക്കൊട്ടുകാരുടെ വ്യാജം ത
ടുപ്പാനായി അൽമൈദ മെൽ പറഞ്ഞ ലൂയിഗെമലകാക്കു അറികയാൽ വ്യാപാരത്തിന്നു
പ്രമാണിയുമായി കണ്ണനൂരിൽ പാർപ്പിച്ചു അവനും ബ്രിത്തൊവും നന്നായി ലൊചിച്ചിട്ടത്രെ പട
കുകാർക്കു ചീട്ടു എഴുതി കൊടുക്കും-

പറങ്കികൾ സമുദ്രം എങ്ങും പരന്നു മുസല്മാൻ കപ്പലെ തടുക്കുന്ന സമയം ഗൊൻസ്ക
പ്പിത്താൻ കണ്ണനൂർ സമീപത്തു ഒരു പടകിനെ കയറി മുക്കി ബ്രിത്തൊവിന്റെ ചീട്ടു കണ്ടാ
റെയും ഈ ഒപ്പു കൃത്രിമം എന്നു നിശ്ചയിച്ചു ചൊടിച്ചു പട തുടങ്ങുകയും കൊണ്ടു പടകിൽ ക
ണ്ടവരെ പായിൽ പൊതിഞ്ഞു കെട്ടി കടലിൽ ചാടി- പായി പൊട്ടി ശവങ്ങൾ കരെക്ക വന്ന
ടിഞ്ഞു പറങ്കിയുടെ അനുസരിക്കയും പ്രസിദ്ധമാകയും ചെയ്തു- പിണങ്ങളിൽ ഒന്നു മമ്മാലിമ
രക്കാരുടെ മരുമകൻ എന്നു കണ്ടപ്പൊൾ- കച്ചവടക്കാരിൽ പ്രധാനനായ അവന്റെ മാ
ന്ത കൊട്ടയിൽ വന്നു ബ്രിത്തൊ ചതിച്ചുവല്ലൊ എന്നു ക്രുദ്ധിച്ചു പറഞ്ഞു ബ്രിത്തൊവിന്റെ
ന്യായം മറ്റും അനുസരിക്കാതെ കുഞ്ഞി കുട്ടികളൊടും കൂടെ വളർപട്ടത്തെ കൊയില
കത്തെക്കു ഒടി അരമനയിൽ കരഞ്ഞും തൊഴിച്ചും കൊണ്ടു സങ്കടം ബൊധിപ്പിക്കയും
ചെയ്തു- നാട്ടുകാർ എല്ലാവരും കൊപം സഹിയാതെ പൊർത്തുഗാൽ നാമത്തെ ദുഷിച്ചു പ്ര
തിക്രിയച്ചു യുദ്ധം ചെയ്‌വാൻ കല്പന അപെക്ഷിച്ചാറെ- രാജാവ് അനുവാദം കൊടുത്ത
അനെകം ആയുധപാണികൾ അന്നു തന്നെ കൊട്ടെക്കു പുറമെ ഉള്ള കിണറിനെ കര
സ്ഥമാക്കി എന്നു വെള്ളം എടുക്കുന്നവരെ തടുക്കയും തുടങ്ങി പറങ്കികൾ ബദ്ധപ്പെട്ടു
കൊട്ടയിൽ അടങ്ങി പാർക്കേണ്ടി വരികയും ചെയ്തു- (൧൫൦൭ ഏപ്രിൽ ൨൭)- അന്നു
മുതൽ നാലു മാസം വരെ കൊട്ടയിലുള്ളവർക്കു വിഷമമുള്ള പട നടന്നു-

## ൫൨. കണ്ണനൂർ കോട്ടയുടെ നിരോധം

ബ്രിതൊ ഉടനെ ഒരു പടവു തൊല്പിച്ചത കൊച്ചുതമ്പി മൈമദ കൊണ്ടിരിക്കുമ്പൊൾ ത
വൻ പിലചെകവരെക്കും പദാൎത്ഥങ്ങളെക്കും സഹായത്തിന്ന കല്പിച്ച കൊച്ചുട്ടുപ്പനായകനെ ഗൊ
വസെ സ്ഥാനത്തിൽനിന്ന പിഴുക്കയും ചെയ്തു — ആകയാൽ ബ്രിതൊ ഉണക്കത്തിനായി
ശ്രമിച്ചാറെ കൊലത്തിരിക്കും യുദ്ധത്തിന്ന ഉറയാതാമസം വരുത്തി മന്ത്രികളെ അയച്ചു
പറങ്കികളെ മടക്കവാൻ നൊക്കുന്നതിന്നിടയിൽ മമ്മാലിയെ കൊണ്ടു താമൂതിരിയെ
അറിയിച്ചു വൾവഴിയ്ക്കൊക്കെ തൊഴിലെ തൊട്ടുനിന്നെ പരുത്തുകയും ചെയ്തു — അതല്ലാതെ
അവൻ കൊട്ടയെയും നഗരവും പെർപിരിക്കെണ്ടതിന്ന ഒരു വാരയെ കിളപ്പിച്ചു നായ
ന്മാരെ ൪൦൦൦൦ത്തൊളം ചെൎക്കും ചെയ്തു — അവന്റെ മരുമകൻ സ്വാതന്ത്ര്യമായി പൊൎത്തു
ഗാലെന്ദ്രത്തിൽ ചിത്ത കൊണ്ടു ബ്രിതൊ വെബൊഡില്പിച്ചതകൊണ്ട് അവൻ രാജാവിന്റെ അ
ത്യന്തം ഫലം അറിഞ്ഞു രാപ്പകൽ വിടാതെ കൊട്ടയെ ഉറപ്പിക്കയും ചെയ്തു — അപ്പൊൾ
ഒരു ദിവസം രാവിലെ നായന്മാർ വാദ്യഘൊഷത്തൊടും ബാണം പൂവെടി മുതലായതു
മുന്നിട്ടു ചിറവിരക്ഷാകുന്നിരതൊറും ൧൦൦൦ങ്ങളായും നടന്നു കൊണ്ടു പടവെട്ടു തുടങ്ങി — ചാട്ട
ത്തിനും മറിച്ചിടിന്നും ഒട്ടും ഉറവില്ല മതിൽമെൽ കയറുവാൻ സംഗതി വന്നില്ല താനും —
പറങ്കിവെടികൊണ്ടു പലർ മരിച്ചു മലയാളത്തൊക്ക ഗാംഭീൎയ്യവും അനുഭവവും കണ്ട
തും ഇല്ല — കൊട്ടയിലുള്ളവർ ൨൦൦ ആൾ മഴക്കാലത്തെ കഷ്ടത്തെ തെങ്ങകും ചത്തരക്കും
ഉണ്ടു — വെള്ളത്തിന്നായിട്ടു ആഴ്ചവട്ടം തൊറും രണ്ടു കുറി പുറപ്പെട്ടു ഒർ അമ്പെതുദൂരത്തു
ചെന്നു കിണറ്റിൽനിന്ന വെള്ളം കൊരെണ്ടി വന്നു — ആ ദിവസങ്ങളിൽ വാൾ കൊണ്ടത്രെ
വഴിയെ സാധ്യമാക്കും — പലരും മുറിഞ്ഞാറെ പെന്തക്കൊനിശ്ശില്ലി കൊട്ടയിൽനി
ന്നു കുഴിച്ചു തുരന്നു ഒരു ഉപടെച്ചു കിണറ്റിന്റെ വെള്ളത്തെ കൊട്ടയുടെ അകത്താവശ്യ
ത്തിലെക്കു ആക്കി — അതു കാണാഞ്ഞ ശത്രുക്കൾ പറങ്കികൾ പൊരുതു ചെന്നു കിണറ്റിനെ മണ്ണു
ട്ടു മൂടുകയും ചെയ്തു — പിന്നെ താമൂതിരി ൨൦൦൦൦ നായന്മാരെ തന്നെ അയക്കുമ്പൊൾ കൊ
ട്ടയിൽനിന്നു പുറപ്പെടുവാൻ നന്നെ പരാധീനമായി — അതിന്റെ രക്ഷക്കാം അറിയെണ്ട
തിന്നു പറങ്കികൾ താമൂതിരിയുടെ ഒരു പണിക്കരെ കള്ളുവെച്ചു പിടിപ്പെട്ടു വസ്ത്രത്തിൽ
ക്കയും ചെയ്തു — പിന്നെ ഉണ്ടാക്കൊള്ളുന്നതിനെ വെച്ചു മാപ്പിള്ളമാർ വലിയ പരുത്തിക്കെട്ട
ട്ടു കൊണ്ടു വന്നു മറയാക്കി പൊരാടുമ്പൊൾ നടപ്പുള്ള തൊക്കിന്നു ഫലം പൊരാതെവ

ന്നുള്ളതു കൊണ്ടു എത്രെക്കും വലിയത് ഒന്നു വരുത്തി മതിലിന്മെൽ നിറുത്തി വെടിവെച്ചു
പൊൾ പരുത്തി എല്ലാം പാറിപ്പൊം മാപ്പിള്ളമാർക്കു ഉണ്ടെ കൊണ്ടു മറിക്കക്കും ചെയ്തു—

അനന്തരം മലക്കാളികൾ പടക്കൂടാതെ കൊട്ടയെ വളഞ്ഞു പൊരുതപ്പൊൾ ക്ഷാമം
നന്ന വർദ്ധിച്ചു വാണിശാലെക്കു തീപിടിച്ചതിനാൽ ശെഷിച്ചുള്ള അരിക്കും ഭസ്മമായി—അ
പ്പൊൾ എലി—പല്ലി—പൂച്ച മുതലായത് തിന്നെണ്ടി വന്നു—വ്യാധികളും ഉണ്ടായി അതു നാ
ട്ടുകാർ അറിഞ്ഞു ഒറ്റിക്കൽ പത്രങ്ങളെ കൊട്ടവാതിലെക്കും തെളിച്ചു പറങ്കികൾ പുറ
പ്പെട്ടപ്പൊൾ രണ്ടിനെക്കും ആട്ടി അവരെ ഒരു പതിയിരിപ്പിൽ അകപ്പെടുത്തുവാൻ നൊ
ക്കി—വിശപ്പിനാൽ വിഷം എറിവന്നിട്ടു പറങ്കികൾ പത്രങ്ങളെ പിടിച്ചു തിന്നും—ഇപ്രകാരം
ദുഃഖം എന്നിട്ട് ഇരിക്കുമ്പൊൾ അവർ നാൾതൊറും കന്യമറിയയൊടു സഹായത്തിന്നായി
പ്രാർത്ഥിച്ചു അപ്പൊൾ ദൈവം ഒന്നിച്ചു കെട്ടിയച്ചു അവർക്കു വന്നെത്തിച്ചിട്ടുള്ള പള്ളിയിൽ കൂടും
ചെയ്തു നടന്നു—എന്നാറെ കന്യകാ പെരുനാളാക ആഗുസ്ത—൧൫—കടലിൽ നിന്നു തെണ്ടും
കൊഞ്ചനും മറ്റും ഒരിക്കലും കാണാത്ത വെള്ളം കടപ്പുറത്തു അടിഞ്ഞു വന്നതിനാൽ തിന്മാ
ൻ വളരെ ഉണ്ടായി ദിനക്കാരും ഇതു സ്വർഗ്ഗരാജ്ഞിയുടെ കാഴ്ചയല്ലൊ എന്നു വെച്ചു ഭ
ക്തിച്ചപ്പൊൾ പലർക്കും വിശ്വാസം ആത്മത്തിൽ ഭെദം വന്നു എന്നു പൊർത്തുഗീസകവികട
ക്കം—പിന്നെ താമൂതിരി ഉപദെശിക്കയാൽ ഒന്നാം മുമ്പെ ൫൦൦൦ നായന്മാരും കൂ
ടി പൊരാടുവാൻ ഭാവിച്ചപ്പൊൾ—കൊലത്തിരിക്കുടെ മരുമകൻ ക്രിസ്തൊവിന്നു ഒളിഞ്ഞ
ഒരു അകച്ചുനാളുകാരക്കും കടലും പടകാണം സ്വർഗ്ഗാരിക്കണം എന്നു കല്പിച്ചപ്പൊൾ മുറിഞ്ഞവരും
ദിനക്കാരും പടെക്ക ഒരുമ്പെട്ടു പുലച്ചു അക്കൊട്ടക്കുടെ നെരെ വരുന്ന മാപ്പിള്ളമാരുടെ മഞ്ചു
ചങ്ങാടം മുതലായതിനെ തകർത്തു മിതിച്ചു കരപ്പുറത്തു നായന്മാരൊട് തടുത്തു നിൽക്കും ചെയ്തു—അ
ഭാഗത്തു വളരെ ഞെരിക്കം ഉണ്ടായി—നിലനാകയാർ മതിൽക്കിഴക്കിൽ എത്തി മരിച്ചു പറങ്കി
കൾ മിക്കവാറും മുടികെയറ്റപ്പൊൾ ക്രിസ്തൊ തളർച്ചയെ മറെച്ചു അങ്ങെ തിന്നുപ്പക്കത്തൊക്കക്കൊ
ണ്ടു കണ്ണനൂരെ കൊള്ളവെടിവെച്ചു വെള്ളിയാഴ്ച നിമിത്തം പുത്തനായി കൊട്ട കെട്ടുന്നതു
സല്ലാൻ പള്ളിയെ ഉണ്ടകളാൽ ഇടിക്കും ചെയ്തു—പറങ്കികൾ ആരും മരിക്കാത്തതു കണ്ട് ക്രി
സ്ത്യാനികളുടെ വൈഭവം ഹെതുവായിട്ടത്രെ എന്നു വെച്ചു പലനാട്ടുകാരും മടുത്തപ്പൊൾ—
ആഗുസ്തു ൨൭-ൽ കുഞ്ഞാലി മിത്തൽ പായ്ക്കപ്പലൊടും കൂടി മലാക്കയിൽ നിന്നു വന്നു
നിരൊധത്തെ നീക്കുകയും ചെയ്തു—

F. Müller, Editor.

# പശ്ചിമോദയം

നമ്പ്ര ഒന്നിന്ന | | ഫെബ്രുവരിമാസ
൩. നമ്പ്ര | തലശ്ശെരി | ൧൮൫൩ ആണ്ടിൽ


## ഭൂമിശാസ്ത്രം

### ഭാരതഖണ്ഡം

### ൩. ദക്ഷിണഖണ്ഡവും ലങ്കാദ്വീപും

### ൩൩. പശ്ചിമമലയും കാവെരി കൃഷ്ണാദി നദിപ്രദെശങ്ങളും

### ൩൪. തപതി നൎമ്മദാ നദികളുടെ ഒഴുക്കം.

ഈ രണ്ടു നദികളുടെ ഉല്പത്തിസ്ഥാനമായ ഗണ്ഡ്വനത്തെയും തപതി ഒഴുകി വരുന്ന ഖണ്ഡെഷദെശത്തെയും അതിലെ നിവാസികളായ ഭില്ലജാതികളെയും കുറെ മുമ്പെ ഒരിക്കൽ വിവരിച്ചു പറഞ്ഞതിനാൽ തപതിനദിപ്രവാഹത്തെ കുറിച്ചു ഇനി പറവാനുള്ളതു ചുരുക്കമത്രെ. ആ നദിയുടെ ഉത്ഭവം ഗണ്ഡ്വനദെശത്തിന്റെ വടക്കുപടിഞ്ഞാറെ അറ്റത്തിൽ ഇരിക്കുന്ന ൪൦൦൦ കാലടി ഉയരമുള്ള മഹാദെവമലപ്രദെശത്തിൽനിന്നു തന്നെ ആകുന്നു. ഉത്ഭവിച്ചശെഷം ആ നദി തപതി എന്നും പൂൎണ്ണ എന്നും പെരുള്ള രണ്ടു കൈകളായി ഗാവിൽഘർ മൈവത്തൽ എന്ന രണ്ടു കൊട്ടകളെ കടന്നു മലപ്രദെശങ്ങളൂടെ ഏകദെശം ൨൦ കാതം വടിപടിഞ്ഞാറോട്ടു ഒഴുകി മുമ്പെ കാലത്തിൽ ഖണ്ഡെഷദെശത്തിലെ പ്രധാനപട്ടണമായ ബ്രഹ്മപുരിസമീപത്തിങ്കൽ വെച്ചു ഒന്നായി പിന്നെ സാല്പുരമലകളുടെ തെക്കെ അടിയിൽ ഏകദെശം ൫൦ കാതം വഴി നെരെ പടിഞ്ഞാറൊട്ടു ഭില്ലർ മുതലായ മ്ലെച്ഛജാതികൾ വസിക്കുന്ന ഖണ്ഡെഷ എന്ന സാരമുള്ള ഭൂമിയൂടെ ചെന്നു സൂരത്ത എന്ന മഹാകച്ചവടപട്ടണസമീപത്തിങ്കൽ എത്തി കപ്പൽ പ്രവെശിപ്പാൻ തക്ക നദിയായി കമ്പായ ഉൾകടലിൽ ഒഴുകി ചെരുന്നു. ആ നദി ഒഴുകുന്ന കിഴക്കെ ദെശത്തിൽ വിശെഷനഗരങ്ങളില്ല. മരാട്ടി രാജാക്കന്മാർ തൊറ്റുതാണ വെഷത്തിന്റെ ശെഷം ബ്രഹ്മപുരിയിൽ പണ്ടു നടന്ന കച്ചവടവും ക്ഷയിച്ചു അതിലെ നിവാസികളായ മുസല്മാന്മാർ മിക്കതും ഇങ്ക്ലീഷ്കാരുടെ സൂരത്ത മുതലായ പട്ടണങ്ങളിൽ ചെന്നു പാൎക്കുന്നു. ആ പട്ടണത്തിൽനിന്നു ഏകദെശം ൨ കാതം വടക്കുകിഴക്കൊട്ടു ചുറ്റുമുള്ള മലകളെക്കാൾ ൨൦൦൦ കാലടി അധികം ഉയരമുള്ള പാറമെൽ കിടക്കുന്ന അസീൎഗ്ഗഡ്കൊട്ട [illegible] ഉള്ളത്രെ. നദിപ്രദെശത്തിന്റെ പടിഞ്ഞാറെ അംശത്തെ

ട്ടുവെ സഹ്യപർവ്വതത്തിന്റെ അവസ്ഥ പറഞ്ഞപ്പോൾ വിവരിച്ചുവല്ലൊ-

തപതി നർമ്മദാ നദികൾ ഒഴുകുന്നതുകളുടെ ദിക്കിൽ താലത്രെ തമ്മിൽ ഭെദിച്ചുപൊകുന്നതു തപതിപ്രവാഹത്തിൽ ചെർന്നുള്ളതാല്ലെ നർമ്മദയൊടു ഒക്കും എന്നിട്ടും രണ്ടു പുഴകൾക്കു പല വിധമായ സംബന്ധവും കാണുന്നു രണ്ടിന്റെ ഉറവു ദെശം ഒന്നു ഒഴുക്കവും നെരെ പടിഞ്ഞാറൊട്ടു തന്നെ ന്നു രണ്ടിന്റെ കരകളിൽ മലകൾ ഉണ്ടാകകൊണ്ടു അവറ്റിന്റെ പ്രവാഹനാടുകൾ എത്രയും ചുരുങ്ങിയ താഴ്വരകൾ അസമം മലകൾ എങ്ങും അടുത്തിരിക്കുന്നു കൊണ്ടു രണ്ടിന്റെയും ഉയർന്ന കളും ചുരുക്കമെ ഉള്ളു-

നർമ്മദാനദി അമരഖണ്ഡത്തിന്റെ വടക്കെ ഭാഗത്തിങ്കൽ ഉത്ഭവിച്ചു പല അരുവിയാറുകളായി മലകളിൽനിന്നു പടിഞ്ഞാറൊട്ടു ഇറങ്ങി മന്നമണ്ഡലം-ഗറാ മുതലായ കൊട്ടകളെ കടന്നു ജബല്പുരം സമീപത്തു വെച്ചു ഹരിപുഴയെ ചെർത്തു വർദ്ധിച്ചു നദിയായി ഹാരക്കളിൽ കൂടി ഒഴുകി ഹൊഷങ്ങാബാദ് നഗരത്തിന്റെ അരികെ ചെറു കപ്പൽ ഓടുവാൻ തക്ക നദിയായി വളർന്നു പടിഞ്ഞാറൊട്ടൊഴുകി ബെച്ചിയ-ഒങ്കാർ-മന്താട്ട-മഹീസുരം മുതലായ കൊട്ടകളെ കടന്നു മാളവ ദെശത്തിന്റെ തെക്കെ അതിരിങ്കൽ കൂടി ഒഴുകി രാജപിപ്പളി മലകളെ കടന്നിട്ടു വിസ്താരമുള്ള ഗുജരാത്തിൽ പ്രവെശിച്ചു ബരൊച്ച് (ഭൃഗുഗച്ഛ) പട്ടണസമീപത്തിൽ വെച്ചു വിസ്താരമുള്ള നദിയായി കമ്പായത്ത് കടലിൽ ചെന്നു ചെരുന്നു

നർമ്മദാനദിപ്രദെശം മിക്കതും മലപ്രദെശമാകകൊണ്ടു വിസ്താരം കുറഞ്ഞതാഴ്വരെ അസമൃദ്ധ്യമായിരിക്കുന്നു പുഴവക്കത്തു വിശെഷ നഗരങ്ങൾ ചുരുക്കം അത്രെ ഉറവു സമീപത്തുള്ള അമരഖണ്ഡഗ്രാമത്തിന്നു ജനപുണ്യം കൊണ്ടല്ല വിശിഷ്ട പാർവ്വതിക്ഷെത്രം ഉണ്ടാക കൊണ്ടത്രെ അല്പം ഖ്യാതി വന്നത് അവിടെനിന്നു പടിഞ്ഞാറൊട്ടു ജബല്പുരത്തൊളം പല ഊരുകളും കൊട്ടകളും പുഴവക്കത്തു ഉണ്ടെങ്കിലും വിശെഷിച്ചു ഒന്നും വിവരിപ്പാനില്ലതാനും- പുഴക്കു ഒടെ വടക്കെ കരസമീപത്തിരിക്കുന്ന ജബല്പുരം ഇങ്ക്ലിഷ പട്ടാളത്തിന്നും മറ്റും വാസസ്ഥലമാകകൊണ്ടു ആ നാട്ടിലെ പ്രധാന നഗരമായിരിക്കുന്നു-അവിടെനിന്നു പടിഞ്ഞാറു മലപ്രദെശം കുറയവിട്ടു നർമ്മദാ അല്പം വിസ്താരമുള്ള താണനാട്ടുടെ ഒഴുകുന്നു ആ നാട്ടിന്റെ പടിഞ്ഞാറെ അറ്റത്തു പുഴക്കുടെ തെക്കെ കരമെൽ ഹൊഷങ്ങാബാദ് എന്ന പ്രധാന നഗരം ഇങ്ക്ലിഷ് അധികാരികൾക്കും പട്ടാളത്തിന്നും ഇരിപ്പിടമായിരിക്കുന്നു അവിടെനിന്നു പടിഞ്ഞാറൊട്ടുള്ള ദെശങ്ങളിൽ നർമ്മദ ഗുജരാത്തിൽ പ്രവെശിക്കുന്ന

/.

ദിക്കൊളം വിന്ധ്യസാത്പുര മലകൾ വ്യാപിച്ചു പല വെരുകളെയും ധരിച്ചു പണ്ടെത്ത യുദ്ധം ത്രവാസികളുടെ ക്രൂരതയും നിമിത്തം പലദിക്കിലും കാടാക്കിച്ചമഞ്ഞിരിക്കുന്നു — ഗൊണ്ടർ — ഭി ല്ലർ — കൊക്കാർ — മറാട്ടക്കൂറ്റരും മുഖ്യസ്ഥലങ്ങളിൽ തന്നെ ഇരിക്കുന്നു —

നൎമ്മദാനദി മദ്ധ്യപ്രദേശം വിട്ടു ഗുജ്ജരം എന്ന താണഭൂമിയെ പ്രവെശിക്കുന്നതി ന്നിൽ വില പുരാണപട്ടണങ്ങളും ക്ഷെത്രങ്ങളും കാശി — ജഗന്നാഥം — രാമെശ്വരം എന്ന സ്ഥ ലങ്ങൾക്കൊക്കുന്ന കീൎത്തിയും മാഹാത്മ്യവും വന്നിരിക്കുന്ന മലകളിൽനിന്നു പ്രവഹിച്ചു വരുന്ന നൎമ്മ ദാവെള്ളം ഏറ്റം ശുദ്ധം എന്നു വെച്ചു അനെക തീൎത്ഥയാത്രക്കാർ സ്നാനത്തിന്നാ യി കൂട്ടം കൂട്ടങ്ങളൊടു ചെല്ലുവാറുണ്ടു മഹെശ്വരപട്ടണം ഇത്യാദി നഗരങ്ങൾ അതൊടു — ബിന്ദൂ ർ — ഒക്കൂർ മുതലായവ തന്നെ ഈ പട്ടണങ്ങളൊടു ചെൎന്ന ദെശത്തിൽ ഏകദെശം നൂറു ഊരു കളും മഹെശ്വരപട്ടണത്തെ ചെൎന്നിരിക്കുന്ന നിവാസികളുടെ അജ്ഞാനവും ക്രൂരതയും നി മിത്തം ഒരൊ ഉത്സവം വിധവമാർ ഭൎത്തൃശവങ്ങളൊടു കൂട ഉടന്തടി ഏറുകയും വെള്ളത്തിൽ ചാടി മരിക്കുക ഇത്യാദി കൎമ്മങ്ങൾ മുഴുവനും നിൎത്തുവാൻ വഹി ക്കുന്ന വിശുദ്ധപുഴയിൽ ചാടി മരിക്ക ഇത്യാദി കൎമ്മങ്ങൾ മുഴുവനും നിൎത്തുവാൻ വാ ടുണ്ടായില്ല —

ഗുജ്ജരം എന്ന താണദെശത്തുടെ ഒഴുകുന്ന തപതി — നൎമ്മദാ — ധാത്രമതി — സാ ബൎമ്മതി ഇത്യാദി നദിപ്രദെശങ്ങളുടെ അവസ്ഥ പറയുന്നു — നൎമ്മദാ കമ്പായ ഉൾക്കടലിൽ കൂടു ന്നദിക്കിൽനിന്നു അല്പം കിഴക്ക പുഴവക്കത്തു തന്നെ ബരൊച്ച് പട്ടണവും അതിനൊടു ചെൎന്ന ദെശവും ഊരുകളും ശൊഭിച്ചു കിടക്കുന്നു മരാട്ടിയുദ്ധം തീൎന്ന ശെഷം ഇങ്ക്ലിഷ്കാർ നാ ടു പിടിച്ചു സ്വരാജ്യത്തൊടു ചെൎക്കയും ചെയ്തു പട്ടണനിവാസികൾ ഏകദെശം മുപ്പത്താ നായിരം ആകുന്നു അതിന്റെ ചുറ്റുമുള്ള ദെശം ... നാഴികവഴിയൊളം നൎമ്മ ദാ വക്കത്തുള്ള ക്ഷെത്രങ്ങളിൽ പുറനാട്ടിൽനിന്നു ബ്രാഹ്മണങ്ങൾ വന്നു വസിച്ചു സ്നാനം കഴിച്ചു കൊണ്ടിരിക്കുന്നു ഏറെ വെനിലും വൎഷകാലത്തില്ലാ മത്രെ കപ്പലുകൾ പട്ടണ ത്തൊളം ഓടുവാൻ കഴിയും നൎമ്മദാനദിക്ക നന്ന കഴിക്കയിന്മാരമുണ്ടെങ്കിലും ദുഷ്കരം കുറവു മെയുള്ള പട്ടണത്തിലെ ആസ്പത്രികളിൽ ദീനക്കാരെ മാത്രമല്ല കുരങ്ങ — പക്ഷി — കീരി — നായി — പൂച്ച — പെൻ — ചെള്ളു മുതലായ ജന്തുക്കളെയും ഒരൊ ഇറങ്ങിന്നും ബ്രാഹ്മണരു ടെ വയറു നിറച്ചു തീറ്റി ക്ഷീണങ്ങൾ തീൎക്കുന്ന പലദിക്കിൽനിന്നു നെയ്യും കാഴ്ചകളും വരുന്നു ണ്ടു പട്ടണത്തിലെ വാസികളും ഈ സമ്പ്രദായങ്ങളെ തീൎക്കയാറും കഴിവെടക്കാരാകുന്ന നാട്ടുവാസിക

ളുടെ മുഖ്യപണി കൃഷി തന്നെ - തപതിനദി സമുദ്രത്തിൽ കൂടുന്ന അഴിമുഖസമീപത്ത ത
ന്നെ മഹാകച്ചവടസ്ഥലമായ സൂരത്തിപട്ടണം പൂൎവ്വകാലത്തിലെ മൊഗിലിന്ത്യരുടെ പുരാണ
നഗരമായിരുന്നു സമമായി വിളങ്ങുന്നു എങ്കിലും അതിന്റെ മാഹാത്മ്യം ഇപ്പൊൾ ഇല്ലതാ
നും - ബൊമ്പായി പട്ടണം വൎദ്ധിക്കുന്നൊടും സൂരത്തിയിൽ നടന്നുവരുന്ന കച്ചവടവും കപ്പ
ലൊട്ടവും ക്ഷയിച്ചുതാം അന്നു ക്ഷാമം വ്യാധി മരാട്ടിചൊൎത്തികളുടെ കവൎച്ചയും കൊണ്ടു
നിവാസികൾ വളരെ കുറഞ്ഞു പൊയെങ്കിലും അവരുടെ സംഖ്യ ഇപ്പൊഴും നാലു ലക്ഷ
ത്തിന്റെ താഴെ അല്ല പണ്ടു പലക്ഷത്തൊളം എന്നല്ല അവിടെ കുരങ്ങുകൾ ഇരിക്കുന്ന
നവാതികളൊടും കൂട നഗരത്തെ ചുറ്റി നില്ക്കുന്ന പുറമതിലിന്റെ പിൻഭാഗം ഒക്ക ദെശം
കാതം വഴി അതിൽ വാഴുന്നവർ ഇങ്ക്ലിഷ്കാർ തന്നെ - നടക്കുന്ന കച്ചവടം മിക്കതും പാൎസി
കളുടെ കൈക്കൽ വന്ന ശെഷം നിവാസികൾക്കു ദാരിദ്ര്യം നന്നു ഉണ്ടു - പാൎസികൎത്താക്കൾ
മുതലായ കൈതൊഴില്ക്കാരുടെ പ്രവൃത്തിക്കും താണു പൊകിലായകം എങ്ങും വറിവന്നു
കാണുന്നു എങ്കിലും മുമ്പെത്ത മഹാഭാഗ്യത്തിനു വാസികൾക്കു മിക്കതും അവിടെ പത്തുകൂട്ട
ൎവഷ്മാകിട്ടു തീൎന്നിരിക്കുന്നവരുന്നതു നിശെഷവചനം നിരസിക്കുന്നവ ഭിക്ഷകളാകുന്നവ
അന്നത്തെ സ്ഥിതികളിൽ ഒരൊ വകമൃഗങ്ങളെ വളൎത്തി പൊറ്റുന്നതിൽ അവൎക്കു മടിയി
ല്ലതാനും - ബരൊച്ച് പട്ടണത്തിൽനിന്നു ഏകദെശം ൧൦ കാതം വടക്കിഴക്കൊട്ടു ധാ
ത്രപ്പുഴവക്കത്തു തന്നെ ഗയിക്കവാട എന്നു ഗൂൎജ്ജരരാജാവിന്റെ വാസസ്ഥലമായ
ബരൊദപട്ടണം നല്ല കൃഷിസ്ഥലങ്ങളൊടും കൂട ശൊഭിച്ചു കിടക്കുന്നു - നിവാസികൾ ഏ
കദെശം ൧ലക്ഷം - പൂൎവ്വകാലത്തിൽ ചുറ്റുമുള്ള നാട്ടുതൊട്ടത്തിന്നു സമം തന്നെ മഴക
റവുവന്നാൽ ദെശം എല്ലാം വരണ്ടുകിടക്കും - മുകിളകൈസൎമ്മാരുടെ കാലത്ത പട്ടണത്തിന്നു
ണ്ടായ ശൊഭ ഇപ്പൊൾ കാണുന്നില്ല അതിന്റെ പ്രാകാരം ചുറ്റും കിടക്കുന്ന ശിലാവിസ്തു
കളെക്കൊണ്ട അറിയാം വാസികൾ - മുസൽമാനർ - ഹിന്തുക്കൾ എന്നി മൂന്നു വക നി
വാസികൾ അല്ലും കച്ചവടവും നടത്തിവരുന്നു ചുറ്റുമുള്ള ഊരുകളിൽ കൃഷി തന്നെ
ആധിക്യം - ബരൊദയിൽനിന്നു നെരെ പടിഞ്ഞാറ മഹിനദി പുഴ കമ്പായ ഉൾകടലിൽ
ഒഴുകിചെരുന്ന അതിന്റെ ഉല്പത്തി വിന്ധ്യമലയുടെ വടക്കെ അടിയിൽനിന്നു തന്നെ
ആകുന്നു നൎമ്മദാപുഴ ഒഴുകുന്ന നാട്ടിന്റെ മുക്കാലംശം മലപ്രദെശമാകകൊണ്ടു വളരെ
പിരിച്ചുപറവാൻ ഇല്ല മുമ്പെത്ത വിധകൊണ്ടു ധനമാഹാത്മ്യവും ജനപുഷ്ടിയും വളരെ

ചുരങ്ങളെ വെട്ടി മലപ്രദെശം തിട്ടപ്പെടുത്തം എന്നതാണ ഭൂമിയുടെ ഒട്ടുമെന്ന പുഴവഴിഞ്ഞു
മാത്രം പല പട്ടണങ്ങളും ഊരുകളും നാട്ടിൽ എങ്ങും നിറഞ്ഞുകിടക്കുന്നു — അതിൽ പുഴക്കുടെ
അഴിമുഖത്തിരിക്കുന്ന കമ്പാക്കിപട്ടണം തന്നെ പ്രധാനം അത് പണ്ടു ഒരു വലിയ രാജ്യവ
ടനഗരം ആയിരുന്നു എങ്കിലും മുസല്മാൻ കൈകസല്മാരും മരാട്ടിരാജ്യക്കാരുമായി കൊ
ള്ളയുദ്ധത്തിൽ ആ പട്ടണത്തിന്നും നാശം വന്നിരിക്കുന്നാൽ മുമ്പെത്ത ശൊഭയും ഉന്ന
പുഷ്ടിയും ധനമാഹാത്മ്യവും ഏതാദെശം പെട്ടിഞ്ഞു പൊയി — കമ്പാക്കിൽനിന്ന വടക്കമെ
വാടമലപ്രദെശത്തിൽനിന്നു ഉത്ഭവിച്ചു തെക്കൊട്ടു ഒഴുകി കമ്പാക്കുഴൽ കടലിൽ ചെരുന്ന
സഹ്യട്ടി പുഴയുടെ കരയിലെ അഹമുദാബാദം എല്ലാ ഗുജ്ജര പട്ടണങ്ങളിൽ മുഖ്യമാക
ത തന്നെ പണ്ടു ആ പട്ടണം ബൊംബെൽനിന്നി വെറ്റി വന്നിരുന്നസമമായിരുന്നു അതിന്റെ
ചുറ്റളവും ഏകദെശം അഞ്ചുകാതം വഴി രണ്ടു ഉറപ്പുള്ള കൊട്ടകളും ൪൦൦ മുസല്മാന്റെ പ
ള്ളികളും അനെകക്ഷെത്രങ്ങളും മറ്റും അതിൽ ഉണ്ടായിരുന്നു ഇപ്പൊൾ ആ പട്ടണത്തിലും
വിശെഷമായി ഒന്നും കാണ്മാനില്ല പണ്ടെത്ത യുദ്ധകാലത്തിൽ ഇടിഞ്ഞുവീണ കൊവി
ലകങ്ങളും പള്ളികളും മറ്റും പട്ടണത്തിന്ന വല്ലാത്ത ശൊഭയാക്കിത്തീർന്നിരിക്കുന്നു ചുറ്റുമു
ള്ള ദെശത്തിൽ ഏറ്റം നിവാസികൾ ഉള്ള ഊരുകളും ദുല്ലഭമല്ല — ആ നാട്ടും ഇപ്പൊൾ ഇങ്ക്ല
ക്കാർ തന്നെ സ്വാധീനമാക്കി വന്നിരിക്കുന്നു —

## കെരളപഴമ

### ൧൫൦൩ താമൂതിരിക്ക കൊച്ചിയിൽ വെച്ചുണ്ടായ തൊല്വി —

അക്കാലത്ത കണ്ണനൂർ ക്രൂഷിൽ നക്രുരംഗുട്ടുസംസ്ഥിരക്കാരെ ഇറക്കി കണ്ണനൂർ അങ്ങാടിക്ക
തീ കൊളുത്തപ്പൊൾ സ്ത്രീ തൊഴാൻ കൊലത്തിരിയെ ഭയപ്പെടുത്തി ചക്രമതി എന്നവെ
ച്ചു സാമവാക്കു ചൊല്ലി തീ കൊളുത്താറെ മാപ്പിളെ ചൊദിക്കുന്ന മമ്മാലിമരക്കാരെ കൊല്ലി
ക്കയും കയും ചെയ്തു — അവിടെ അവൻ അൾ മൈദകുമാക്കി വിചാരിച്ചനാൾ ഒരു
ഇടച്ചൽ എല്ലാം മറക്കെണം എന്ന തൊന്നി പൊത്തുഗാലും കൊലനാട്ടും തമ്മിൽ നിരന്നു
വരികയും ചെയ്തു —

ആകയാൽ കണ്ണനൂരിലും കൊച്ചിയിലും ചരക്ക വെണ്ടുവൊളം വാങ്ങി കപ്പലുകളിൽ
നിറച്ചപ്പൊൾ അക്കാലത്ത പൊൎക്കന്നാവെ താമൂതിരി കൊച്ചിയും ഒന്നു തീർക്കെണം
എന്ന വിചാരിച്ചു — അന്നു കപ്പലാൽ കാക്കടിയ് ബിഷെനാവിരൻ ൧൦൦൦ പടകൾ കാവ

ഒട്ടും കൂടാതെ പൊന്നാനി ചിലവുള്ള പടകുകൾ ഒളരക്ഷിച്ചു കൊണ്ടിരുന്നു- ആ അഴിമുഖത്ത വെള്ള
ത്തിന്നു ആഴം ഉണ്ടാക്കുമാറാനെ തട്ടപ്പാൻ തെക്കും വടക്കും ൧൨ കൊട്ടയും ഉണ്ടു- അൾമൈദ സകല
പറങ്കികളെയും കൂടി കൊണ്ടു നവംബ്ര ൭- വെസ്പ്രം ൨൩ കപ്പലുകളിൽ കരെറി പൊന്നാനി
ക്കെ ചെന്നു അടുത്തപ്പൊൾ- രാത്രിയിൽ വല മാപ്പിള്ളമാരും സെഹീദാക്കി മരിപ്പാൻ നെർന്നു
വള്ളിയിൽ കൂടി വന്നു തല മിരച്ചും ഉറക്കം ഇളച്ചും വാൎത്തയും ചെയ്തു- പറങ്കികൾ ന്നാം ആളെ
ഉള്ളു കൊച്ചി നായന്മാർ ചിലരും കൂടി പൊന്നു- അവരൊട് അൾമൈദ നവംബ്ര ൨൪ ഉ
ലരുമ്പൊൾ പറഞ്ഞു ഇതെല്ലാം മാപ്പിള്ളമാരുടെ മുഖ്യ ദെശം ഇവിടെ തന്നെ ഇക്കാൎയ്യ
ത്തെ ഒന്നും എല്ലാവരും ഒരുങ്ങിക്കൊ- എന്നെ തല്ലാതെ വിശ്വാസശത്രുക്കളൊടു പൊരുതുമ
രിക്കുന്നതിനെക്കാൾ പാപമൊചനത്തിന്നും സ്വൎഗ്ഗപ്രാപ്തിക്കും എളുപ്പമുള്ള മറെറാരുവ
ഴിയും ഇല്ല എന്നു ഒമ്മ വാക്കും ചിലച്ചു പറഞ്ഞപ്പൊൾ- പറങ്കികൾ ഒക്കയും കൎണ്ണവാ
ഞ്ഞു ബദ്ധപ്പെട്ടു ഇറങ്ങി തൊണികളിൽ കയറി രണ്ടു മരിക്കൽ കൂടി തണ്ടു വലിച്ചു കടന്നു
കരെക്കണഞ്ഞു- അന്നുണ്ടായ യുദ്ധം പറഞ്ഞു കൂടാ- ലൊരഞ്ചാ എല്ലാവരിലും പരാക്രമം
അധികം കാട്ടി മുറി ഏററിട്ടും ൬൦ മാപ്പിള്ളമാരെ താൻ വെട്ടി കൊന്നു- നായന്മാർ മണ്ടി
പൊവാൻ തുടങ്ങിയ ശെഷവും അറവികൾ വാങ്ങാതെ നിന്നു പൊരുതു ഒരൊരൊ വി
ധെന പട്ടു പൊയി പറങ്കികൾ കൊട്ടയിൽ കയറി തീ കൊടുത്തു ൫൦ തൊക്കും പിടിച്ചു തൊ
ണികളിൽ കരെറിയപ്പൊൾ പുഴയിൽ അറെറക്കം വെച്ചതല്ലാതെ തങ്ങളെത്തിക്കാൽ
കൊള്ളയിട്ടാൽ തൊററു പൊവാൻ സംഗതി ഉണ്ടാകും എന്നു വിചാരിച്ചു പണ്ടിശായകളെ
യും മററും ഭണ്ഡാരക്കാരുടെ നെരെ എല്ലാവരും കാടപ്പുറത്തു കൂടി വരെണം എന്നു കാഹളത്തെ
ഊതിച്ചിച്ചു- അനന്തരം അൾമൈദ ദൈവത്തെയും വീരന്മാരെയും വാഴ്ത്തി
കുഞ്ഞാക്കുടെ മകനും ലൂദ്രീഗും മററും ചിലർ പടയിൽ കാട്ടിയ വൈഭവം നിമിത്തം പല
വിരുതും നായസ്ഥാനവും കല്പിച്ചു കൊടുത്തു ൭൦ പറങ്കികൾ പട്ടുപൊയവരെ കുഴി
ച്ചിട്ടു കപ്പലുകളിൽ കയറി കണ്ണനൂരിലെക്ക ഓടുകയും ചെയ്തു- അവിടെ നിന്നു വിശ
പ്പന്തി അക്രാഞ്ചരാക്ഷ്യവിന്റെ ഇഷ്ടവും കയററുമതിയെയും കൂട്ടി കൊണ്ടു കൊച്ചിയാ
യിലെക്ക മടങ്ങി ഓടുകയും ചെയ്തു-

൫൨. ലൊരഞ്ചാ അൾമൈദ മിസ്രക്കപ്പലുമായി പൊരുതു മരിച്ചതു-

പറങ്കികളുടെ കാടപ്പാഷയാൽ ഖാൻ ഹസ്സൻ എന്ന മിസ്രവാഴിക്കു അനവധി ചെതം വന്ന

പ്പോൾ കോഴിക്കോട്ടു ഗുജരാത്ത വെനെത്യ മുതലായ രാജ്യങ്ങളിൽനിന്നും മിസ്രസുൽത്താനു സഹാ
യവും വാങ്ങി മുസല്മാനരുടെ വങ്കച്ചവടത്തെ രക്ഷിപ്പാൻ നിശ്ചയിച്ച പ്രകാരം ൨ാം അദ്ധ്യാ
യത്തിൽ പറഞ്ഞുവല്ലൊ- മിസ്രക്കാർ വല്ല സഹായവും തുടങ്ങിയാൽ മുടക്കെണ്ടതിന്നും ചെ
ങ്കടൽ വൊളം ചെന്നു തുറമുഖങ്ങളെ അടക്കെണ്ടതിന്നും മാനവെൽ രാജാവ് ത്രിസ്താൻ ദകു
ഞ്ഞൊ അൽബുകെർക്കെ ഈ രണ്ടു കപ്പിത്താന്മാരെ ചെങ്കടലിലെക്ക നിയൊഗിച്ചിരുന്നു-
അവിടെ നന്നായി യുദ്ധവിശെഷങ്ങൾ പലതും ഉണ്ടു കാൎയ്യസാദ്ധ്യം ഉടനെ ഉണ്ടായതും ഇ
ല്ല- മലയാളത്തിൽനിന്ന മരവും പടകും എത്തായ്കയാൽ കാൻസുസ്സൻ കിഴ വെനെതി
ൽനിന്നും മറ്റും മരം വെട്ടിച്ചു റസിത്തിനിലനദിയൂടെ കയ്റൊവിലും കെട്ടികൊണ്ടു വന്നപിന്നെ
ഒട്ടകപ്പുറത്തു കയറ്റി ഒരു മരവും പലകപ്പൂട്ടും ഇല്ലാത്ത സുവെസിലെക്ക കടത്തിവെക്കയും
ചെയ്തു- സുവെസ്സൽ പടകട്ടെ ചെങ്കടലിൽ ൧൨ പടകുകളെ ഉണ്ടാക്കി തന്നെ- അവിടെ തന്നെ വെ
നെത്യയിൽനിന്നു ഉള്ള തച്ചശാസ്ത്രിമാർ ചെന്നു ൧൨ വലിയ കപ്പൽ തീൎത്തപ്പൊൾ മീർ
ഹുസെൻ എന്ന പാസ്ത്രമാത്തി ൧൫൦൦ മമ്ലൂക്കന്മാരെ അതിൽ കരെറ്റി- മമ്ലൂക്കർ എ
ൎന്നാൽ സൎക്കസ്യ തുൎക്ക രാജ്യങ്ങളിൽനിന്നും കട്ടുകൊണ്ടുപൊയി ചെറുപ്പത്തിൽ കൂടി
യുദ്ധാഭ്യാസം ചെയ്തുവന്ന ചെകവർ തന്നെ അവരെക്കൊണ്ടു സുൽത്താന്മാർക്കു ഉടെക്കൂടെ നാശ
മമിദാം മമക്കാരും വന്ന് കപ്പൽ ചെൎന്നു ഹിന്തുരാജ്യത്തെ അടക്കി പൊവാൻ നിശ്ചയി
ച്ചു- അവൻ എല്ലാ മുസല്മാനരിലും അധികം പറങ്കികളെ വിരൊധിക്കും കാഫീർ നാശ
ത്തിന്നായി നിത്യം കൊതിച്ചവനതിന്നു ഇഷ്ടനായവനും സകലരാജാക്കന്മാരെക്കും പ
റങ്കികളെ കൊള്ളെ ഇളക്കുന്നവനും ആകുവിപ്രസിദ്ധി വന്നവൻ ഒരിക്കൽ കൊച്ചിവ
ടകിലെ ഉത്തര ദാസ്യമിൽ കണ്ടപ്പൊൾ അവൻ ഇക്കാരെ സമ്മതിപ്പിച്ചു വെറുതെ ഭസ്മ
മാക്കുവാൻ സംഗതിവരുത്തിഇരുന്നു- ഇങ്കിരെസ് കപ്പൽ മിസ്രയിൽനിന്നു ഗുജ
രാത്തിലെ ദിവിൽ വന്ന ഉത്തരതീരത്തിൽ കടല്പിടിക്കാരായി വാഴുന്ന ആമികളെ
ചെൎത്തുകൊണ്ടു ഒക്കത്തക്ക കൊങ്കണതീരത്തിന്നായി ചെവുൽ തുറമുഖത്തു ചെന്നു
ചാൽ കപ്പലുകളൊടു എത്തുകയും ചെയ്തു-

അക്കാലത്ത ലൊറഞ്ഞൊ എന്നാൽമൈദ ഭിം സിംഹത്തിൽനിന്നു
മലയാളത്തിലും കൊങ്കണത്തിലും ഒട്ടു ചവുലിൽ വ്യാപാരം ചെയ്യുന്ന കൊച്ചി പടകുകളെ
രക്ഷിക്കുമ്പൊൾ മിസ്രകപ്പൽബലം വരുവാറുണ്ട് സൂക്ഷിക്കെണം എന്നു തിമ്മൊജ

ഗ്രന്ഥിക്കയാൽ വിസ്തരിച്ചു എല്ലാം വിചാരിച്ചു ഇതു ഒരു നല്ലതും വരാത്ത കാൎയ്യം ന്നു വസിൽ ഒരു കല്പിനം വെറുതെ മരവും ഇല്ലല്ലൊ ആക കൊമന്ത്രത്തിന്നു ചില ഉരുക്കളായിരിക്കും എന്ന ബെല്ജികാരെക്കുറിച്ച് ഇംഗ്ലിഷ്യർ വിശ്വസിച്ചിരുന്നൊ ഉദ്യൊഗത്താൽ നെരം പൊക്കികൊള്ളുന്നതു ബൊധ വാക്യരമ്യകളിൽ ഉള്ള വൎത്തമാനത്തിന്ന് അറുതികളിൽ വരുന്നതുകളെ അറിയിച്ചു— ആകുകൊണ്ടു തന്നെ ആശ്ചൎയ്യം എന്ന തൊന്നിയതിന്റെ ശെഷം കപ്പൽ നടുആവന്നു ചുവപ്പും വെള്ളയും കലൎന്ന കൊടികളിൽ കറുത്ത അൎദ്ധചന്ദ്രനെ കാണാക്കുറികാകും ചെയ്തു— പൊൎത്തുഗീസർ ഭ്രമിച്ചു ബദ്ധപ്പെട്ടു കരക്കിൽ നിന്ന് വാങ്ങുത്തുണ്ടു വരിച്ചു താന്താങ്ങടെ കപ്പലുകളിൽ കയറികൂടിയതിന്നു ഒരു വെട്ടപ്പൊൾ മീർഹുസെൻ മൂന്ന വെടിവെച്ചു കടന്നു പുഴക്കുടെ അക്കരെ [illegible] ഇട്ടകാക്കും ചെയ്തു—

പിറ്റെന്നാൾ ഉണ്ടായ പടയിൽ മസിമാമപാമരത്തിൽ നിന്നു നമസ്കാരം ചെയ്യുന്നെരം ഒൎത്തുകൊണ്ടു മരിച്ചു— അവന്റെ പിന്നത്തെ അവരും സ്ത്രീവിളക്കും സ്വാമിയുമിരിക്കുന്നതു വെക്കുന്നെരത്തിൽ നിന്നു ഉള്ള ഭൂമികളും മിസ്രത്താരുടെ തുണെക്കും വന്നുകൂടിയപ്പൊൾ അവൎക്ക് മെദകും കൂടെ ഈയവരുതടെനെരെ തള്ളുവാൻ കഴികയില്ല എന്നു കണ്ടു രാത്രിയിൽ പുറപ്പെട്ടപൊയ്യനെരം കപ്പലിൽ പിടിക്കാർ പുഴയിൽ നിന്ന് ഒഴുകുന്നികളിൽ തടഞ്ഞു കൊറയകായം എന്നപ്പൊൾ മണലിൽ ഉറച്ചു പൊയി അവൻ കപ്പൽ ചെയ്യുന്നൊ തൊണിയിൽ കയറി മണ്ടി പൊയനൊ മനസ്സില്ലായ്കയാൽ ഭൂമികളുടെ ഉണ്ടമാറി കൊണ്ടു കപ്പല്ക്കാരൊടു കൂടഅന്തരിച്ചു— ശെഷം പറങ്കി കപ്പലുകൾ അറക്കം നിശ്ചിത്തം സഹായിപ്പാൻ പ്രാപ്തി ഇല്ലാതെ അവിടമുതത്തിന്നു സങ്കട വൎത്തമാനത്തെ കണ്ടശെഷം കൊച്ചിക്ക ഓടി അഞ്ചു നെത്തറിയിക്കയും ചെയ്തു— ഇനി പൊൎത്തുഗാലെ ഭീരുത കടലിൽ നിന്നു നീക്കുവാൻ സമയം ആയിഎന്നു മിസ്രത്തിസ കാലതിരത്തിലും പരന്നുമസിമാമമീർഹുസെൻ ഭൂമിമല കയാൽ എന്നുനവെക്കും കീൎത്തിപ്രസിദ്ധി വരികാക്കും ചെയ്തു—

F. Müller, Editor.

നമ്പ്ര ഒന്നിന്നു

൧൰ നമ്പ്ര

# പശ്ചിമോദയം

തലശ്ശെരി

൧൮൫൦ ഫിബ്രുവരി

൧൰൨൫ കുംഭം


## ഭൂമിശാസ്ത്രം

### ഭാരതഖണ്ഡം

### ൧. മദ്ധ്യഖണ്ഡം

മഹാനദികളാകുന്ന നൎമ്മദാനദികളുടെ പ്രവാഹങ്ങളെക്കൊണ്ടു ദക്ഷിണഖണ്ഡത്തിന്റെ വടക്കെ അതിർ അവസാനിച്ചിരിക്കുന്നതു ആ നാട്ടുകളിൽനിന്നും സിന്ധു ഗംഗ ബ്രഹ്മപുത്രാനദികളുടെ അഴിമുഖങ്ങളിൽനിന്നും വടക്കഹിമാലയപൎവ്വതങ്ങളോളവും പടിഞ്ഞാറു സുലൈമാൻ പാൎശ്വ മലകളോളവും പരന്നിരിക്കുന്ന ഏകദേശം ചതുരം ധരിച്ചുകിടക്കുന്ന നദിപ്രവാഹങ്ങളെയും മരുപ്രദേശങ്ങളെയും ഒന്നാക്കിചെൎത്തു ഭൂമിശാസ്ത്രികൾ മദ്ധ്യഖണ്ഡം എന്ന പെർ ഇടുകയും ചെയ്തു ഈ ഖണ്ഡത്തിന്റെ അവസ്ഥകളും എങ്കിലും ഗ്രഹിക്കെണ്ടതിന്നു മലപ്രദേശം ആകുന്ന നാട്ടുകൾ ഇരണ്ടുവക ഭൂമികളെ വെവ്വെറെ വിവരിക്കെണ്ടതിന്നും ഈ മഹാമദ്ധ്യഖണ്ഡത്തെ മൂന്നംശങ്ങളായി വിഭാഗിക്കെണ്ടതാകുന്നതിൽ തെക്കെ അംശം നൎമ്മദാനദിയുടെ വടക്കെ കരതൊട്ടു യമുനാനദിയോളം വ്യാപിച്ചുനില്ക്കുന്ന മലനാട്ടു — പടിഞ്ഞാറെ അംശം സിന്ധു മുതലായ നദികൾ ഒഴുകുന്ന ദെശങ്ങൾ — കിഴക്കുള്ളതു ഗംഗാ ബ്രഹ്മപുത്രാനദികളുടെ പ്രവാഹങ്ങളുടെ തന്നെ ആകുന്നു —

### ൨. വിന്ധ്യാപൎവ്വതവും അതിന്റെ ശാഖകളും

സിന്ധുഗംഗാ എന്ന രണ്ടു മഹാനദികൾ ഒഴുകുന്നതാകുന്ന ഭൂമികളുടെ നടുവിൽ വിന്ധ്യാദി മലപ്രദേശങ്ങൾ നൎമ്മദാ അഴിമുഖത്തുനിന്നു വടക്കിഴക്കൊട്ടു യമുനയോളവും നെരെ കിഴക്കൊട്ടു അമരഖണ്ഡത്തിൽ ശ്രീഭാഗംഗാതീരത്തോളവും ഏകദെശം ൧൦൦൦ ചതുരശ്രയൊജന വിസ്താരത്തിൽ ചെന്നെത്തി കിടക്കുന്നു അവറ്റിൽനിന്നു ഉത്ഭവിച്ചു വടക്കൊട്ടൊഴുകി ഗംഗയൊടു ചെരുന്ന നദികളിൽ വിശെഷമായതു ചൎമ്മവതി — കാളി സിന്ധു ശൊണ മുതലായ നദികൾ തന്നെ ഈ മഹാമലപ്രദേശത്തിന്റെ തെക്കെ അതിരാകുന്നതു അടയ്ക്കലൊക്ക മാത്രം വിന്ധ്യൻ എന്ന പെർ കൊള്ളുന്നു അതിൽനിന്നു പല ശാഖകൾ പുറപ്പെട്ടു വലവെരുകളായി ധരിച്ചു വടക്കൊട്ടു നീങ്ങി നില്ക്കുന്ന ആ ശാഖകളിൽ പടിഞ്ഞാറുള്ളതു സിന്ധു മരുഭൂമിയുടെ അതിരാകുന്ന മെവാട

മലപ്രദെശം കിഴക്കെത്തിൽ ബുണ്ടെലഖണ്ഡം എന്ന മലനാട്ടു തന്നെ ഇരണ്ടിന്റെ നടുവിൽ
ചിറ്റൂർ എന്നും ഹരവതി എന്നും പെരുള്ള ശാഖകൾ വടക്കൊട്ടു പരന്ന ഒരൊ നാട്ടുകളെ ചെൎത്തി
രിക്കുന്നു — ൨൨൨ മഹാമലപ്രദെശത്തിന്നു ൫൦൦൦ കാലടികളിൽ അധികം ഉയരം ഇല്ല ചില
ദിക്കിൽ ൩൦൦൦ — ൪൦൦൦ കാലടി മാത്രമെയുള്ളു വെഷെൻ മലനാട്ടുകളുടെ അവസ്ഥ ചുരുക്കിപ
റയാം —

കിഴക്ക ബുണ്ടെലഖണ്ഡം തെക്ക വിന്ധ്യപൎവ്വതം പടിഞ്ഞാറു മെവാടനാട്ടു വടക്ക ഹ
രവതി മലപ്രദെശം ഇങ്ങനാലതിൎക്കകത്തകപ്പെട്ട മാളുവദെശം ഏകദെശം ശരാശരിയും ൧൫൦൦ കാല
ടി ഉയരവും ൧൫൦൦ ചതുരശ്രയൊജന വിസ്താരവുമുള്ള മലപ്രദെശമായി വ്യാപിച്ചു കിടക്കു
ന്നു എങ്കിലും കൊതമ്പം നെല്ലു പലവിധ പയറുകളും പരുത്തി പുകയില കരിമ്പ ഞ്ഞാം മറ്റും കൃഷി
കളുവരെ വളച്ചു വരുന്ന പല വൃക്ഷങ്ങൾക്കും കുറവില്ല — പുലി കരടി — ചെന്നായി — പന്നി — മാൻ മു
തലായ കാട്ടു മൃഗങ്ങളുടെ ബാധ നാട്ടിൽ അധികം ഉണ്ടെങ്കിലും കുതിരകളും പശുവാദികളിലും
ക്ഷാമമില്ല — ദെശത്തിലെ പുഴകൾ എല്ലാം തെക്കെ അതിരായ വിന്ധ്യമലകളിൽനിന്നു ഉ
ള്ളൂറ്റിച്ചു വടക്കൊട്ടൊഴുകി — യമുനാനദിയൊടു ചെൎന്നു കൊണ്ടിരിക്കുന്നു — ശെഷമായവ
ചൎമ്മവതിയും സിന്ധുവും ബെത്വവതിയും വെത്രവതിയും തന്നെ — മാളുവം ഇപ്പൊൾ ൩൩ അംശങ്ങ
ളായി വിഭാഗിച്ചു പൊയി ഒരൊ അംശത്തെ ഒരൊ രാജാവ് ഭരിച്ചു ഇങ്ക്ലിഷ്കാൎക്കു കപ്പം കൊ
ടുത്തു വരുന്നു — നിവാസികളുടെ സംഖ്യ ഏകദെശം ൩൦ ലക്ഷം രാജ്യത്തിലെ മുഖ്യപട്ടണ
ങ്ങളിൽ ഉജ്ജയിനി — ഇന്ദൂര — ഭൊപാല — സാഗരം മുതലായവ പ്രധാനം — നിവാസികൾ മു
ഖ്യം പുരാണകാലം മുതൽ അവിടെ കുടിയിരിപ്പാൎത്തു വരുന്ന ഭില്ലർ എന്ന കാട്ടാളർ — പ
ണ്ടെ നാട കയ്ക്രമിച്ചു വന്ന മുസല്മാനർ — ഗംഗാതീരത്തിന്നു പുറപ്പെട്ടു മലനാട്ടുകളെ പിടിച്ചു
ടക്കി വാണു കൊണ്ടിരിക്കുന്ന രാജപുത്രർ എന്നിവർ തന്നെ — ഭില്ലന്മാർ മലകളിലും കാട്ടിലും പാ
ൎത്തു വില്ലാളികളായി നായാട്ടു ഭിക്ഷ മുതലായതിനെ കൊണ്ടു ഉപജീവനം കഴിക്കുന്നു — കു
ട്ടർ ചിലർ നാട്ടുകാരുടെ അടിമകളായും ഇങ്ക്ലിഷ് പാസക്കാരിന്നു വടയാളികളായും പാ
ൎപ്പിക്കുന്നു — മുസല്മാനർ മിക്കവാറും മരാട്ടി രാജാക്കന്മാരുടെ കാലത്തിൽ പുറനാട്ടിൽനിന്നു
വന്നു ആയുധപാണികളായി സെവിച്ചവരുടെ സന്തതികൾ തന്നെ — അവൎക്ക ഇപ്പൊൾ മെൽപട്ട
ണങ്ങളിൽ കച്ചവടം ... വ്യാപാരങ്ങളിലും കച്ചവടവും കൃഷിപണിയും നടത്തു
ന്നു — ഇസ്ലാം മാൎഗ്ഗത്തിന്റെ അവസ്ഥ അറിയായ്ക കൊണ്ടു അവർ സകലത്തിലും ഹിന്തുദെശം

ഹിന്തുക്കളൊടുഒത്തവരിഷ്ടക്കാരായിരിക്കുന്നു- രജെപുത്രൻരാജ്യത്തിൽഎന്നപൊലെഇവിടെയും പ്രാപിച്ചവംശക്കൂറുകളായിപിരിഞ്ഞുതങ്ങളുടെഉല്പത്തിയെയും പൂൎവ്വന്മാരുടെ ശൂരതയെയും ആശ്രയിച്ചുകൊണ്ടു ഡംഭികളായിഒരൊരൊഉദ്യൊഗങ്ങളെനടത്തികൊണ്ടിരിക്കുന്നു അധികാരം ഒന്നും ഇല്ലെങ്കിലും തമ്പുരാൻ മഹാരാജാ എന്നുള്ള പെരുകളെ ധരിച്ചും താണവരെ ഉപദ്രവിച്ചും ഒരൊമത്സരങ്ങളെയും അന്യായങ്ങളെയും നടത്തുന്നതും അവരുടെ സമ്പ്രദായം ചിലർ ആയുധങ്ങളെ താഴ്ത്തി കൃഷിവാണിജ്യവും മുതലായ വൃത്തികളെ അംഗീകരിച്ചു ദിവസം കഴിച്ചുവരുന്നു- ഈ മൂന്നുവകക്കാരല്ലാതെ പലമരാട്ടി ബ്രാഹ്മണരും മുമ്പെത്ത യുദ്ധകാലത്തിൽ അങ്ങൊട്ടു ചെന്ന പട്ടാളങ്ങളിലും കൊട്ടകളിലും ഉദ്യൊഗസ്ഥന്മാരായി സെവിച്ചും കച്ചവടം ചെയ്തും ഇന്നാളൊളം പാൎത്തുകൊണ്ടിരിക്കുന്നു-

ഹരവതി മലപ്രദെശം മാളവത്തിന്റെ വടക്കെ തുടൎച്ചയത്രെ എന്നു മുന്നം ചൊല്ലീട്ടുള്ളും മലകളുടെ ഉയരവും അടിവാരങ്ങളിലെ നിവാസികളുടെ അവസ്ഥയും രണ്ടുനാട്ടുകളിൽ ഏകദെശം ഒരു പൊലെ എങ്കിലും രണ്ടുനാട്ടുകൾ തമ്മിൽ ഭെദമുള്ള പ്രകാരവും കാണുന്നു- മാളവം കിഴക്കൊട്ടു ഉയൎന്ന നാട്ടു തന്നെ ഹരവതി ദെശം പലശാഖാമലസ്ഥലമായി പിളൎന്നും പിരിഞ്ഞും ഒരൊ ചെറു താഴ്വരകളായി പിരിഞ്ഞും കിടക്കുന്നു അതിനിമിത്തം പല അരുവിയാറുകളായി നാട്ടുടെ ഒഴുകുന്ന ചമ്പൽവതി മുതലായ നദികൾ അതിനെ ക്രമിച്ചു കൃഷികൾക്കും മറ്റും വലപ്പെടുന്നതും വരണ്ടുന്ന താഴ്വരകളിൽ കാററു തിക്കായ്ക കൊണ്ടും കാട്ടുകളിൽനിന്ന ഒരൊരൊ ദുൎവ്വായുക്കൾ പുറപ്പെട്ടു നാട്ടിൽ വ്യാപിക്ക കൊണ്ടും മനുഷ്യൎക്കും മൃഗങ്ങൾക്കും ഉഷ്ണം അസഹ്യമായി വൎദ്ധിച്ചു ജ്വരമല്ലാതെ ശീതപനി ഛൎദ്ദ്യതിസാരം മുതലായ രൊഗങ്ങൾ നിവാസികളെ നിത്യം ബാധിച്ചു മുടിച്ചുകളയുന്നു- ദെശം വിഭാഗിച്ചു ഭരിക്കുന്ന രജെപുത്രന്മാർ ഇങ്ക്ലിഷ്കാരുടെ അധികാരത്തിൽ ഉൾപ്പെട്ടുവന്നു പ്രധാന പട്ടണങ്ങൾ മിക്കതും പുഴവക്കത്തു തന്നെ കിടക്കുന്നു ചമ്പൽവതിയുടെ കരയിൽ രാമപുരം- കൊട്ട- അല്ലാതെ പട്ടണം- പള്ളി- പനാസ്സ് പുഴവക്കത്തു ചിറ്റൂർ- മന്ധലഗഡ- ത്രക്ക- മലമുകളിൽ ബുണ്ടി മുതലായ സ്ഥലങ്ങൾ പ്രധാനം- പണ്ടെറെ പട്ടണങ്ങളിൽ ഉണ്ടായ ക്ഷെത്രങ്ങളുടെ കീൎത്തിയും മാഹാത്മ്യവും ഒരൊ പുരാണങ്ങളിൽ പറഞ്ഞുകൊള്ളുന്നു ഇപ്പൊൾ അവററിന്റെ ശെഷിപ്പുകളെ പൊലും കാണ്മാൻ ബഹുപ്രയാസം വാനരജാതികൾ കാടായി പൊയ അമ്പസ്ഥലങ്ങളിലെല്ലാം തടവുകൂടാതെ വാസം ചെയ്തുകൊണ്ടിരിക്കുന്നു-

/.

വെത്രവതിപ്പുഴ ഹാരവതി ദെശത്തിന്റെ കിഴക്കെ അതിരിൽ കൂടി വടക്കൊട്ടു ഒഴു
കി - യമുനാനദിയിൽ ചെന്നു ചെരുന്നു ആ പുഴയിൽനിന്നു കിഴക്കെ ശൊണാനദിയൊളവും
അമരകണ്ടം ഗണ്ട്വനം ഈ രണ്ടു നാടുകളിൽനിന്നു വടക്കെ യമുനാനദിയൊളവും പരന്നുകി
ടക്കുന്ന മലനാട്ടിന്നു ബുണ്ടെലഖണ്ഡം എന്ന പെർ അതിലുള്ള മലകൾ മിക്കതും തമ്മിൽ ചെ
രാതെ തിരിച്ചു വെവ്വെറെ കുന്നുകളായിട്ടിരിക്ക കൊണ്ടും മുകൾപരപ്പുകളിൽ ആ മലവാഴിക
ൾ ഒരൊരൊ കൊട്ടകളെ കെട്ടിയുറപ്പിച്ചതു കൊണ്ടും നാടൊക്കയും ഉറപ്പുള്ള കൊട്ടെക്കു സമം ത
ന്നെ മലകളുടെ ഉയരം ൧൦൦൦ കാലടിയിൽ അധികം ഇല്ല നാട്ടിൽ കൂടി ഒഴുകുന്ന പുഴകൾ
മച്ചുവതി കെന സമമായ പലതരം വിധങ്ങളാകിയ ഒരൊ പാറകളിൽനിന്നു വീണു തിളച്ചുക
ളിൽ കൂടി പ്രവഹിച്ചു ചെല്ലുന്നു നിവാസികളുടെ അവസ്ഥയും ദെശാകൃതികളെ ആവണുന്ന ഇ
ംഗ്ലിഷ്ക്കാർ രാജ്യം പിടിച്ചടക്കും മുമ്പെ ചമ്പവതി ശൊണ ഈ രണ്ടു നദികളുടെ നടുവിൽ
ഉം രാജാക്കന്മാർ വെവ്വെറെ വാണുകൊണ്ടിരുന്നു അവരുടെ കലഹങ്ങൾക്കും പരാക്രമ
ങ്ങൾക്കും കവർച്ചകൾക്കും ഒരവസാനം ഇല്ല - ഒരൊരൊ മലമെൽ അവർ കൊട്ടകളെ കെട്ടി
ച്ചു പാർത്തു കവരുവാൻ തക്കവണ്ണം നെരിട്ടു പുറപ്പെട്ടു അയൽവക്കത്തുള്ളവരെ വെറുതെ
ഉപദ്രവിച്ചും നിഗ്രഹിച്ചും ധനങ്ങളെ അപഹരിച്ചും കൊണ്ടു പൊരുംന്നു ആയത് കൊണ്ടു ആ
രാജ്യത്തിൽ പൊക്കുവരവിന്നു മുമ്പെ ബഹുവിഷമമായിരുന്നു - ദെശത്തിന്റെ വട
ക്കെ അതിരിൽ കൂടി യമുനാ മുതലായ നദികൾ ഒഴുകുക കൊണ്ടും മലകൾ തെക്കൊട്ടു അ
കന്നു നില്ക്കകൊണ്ടും വടക്കെ അംശം താണഭൂമിയുടെ ഭാഗം ധരിച്ചു കൃഷിക്കു ഉചിതമാ
യിരിക്കുന്നു - കല്പി - ബണ്ടാ മുതലായ വിശെഷനഗരങ്ങൾ അവിടെ തന്നെ ശൊഭി
ക്കുന്നു അവറ്റിലെ നിവാസികൾ കൃഷി ചെയ്യുന്നതുമല്ലാതെ ധാന്യം പരുത്തി കല്ലുകളെ ഇ
ത്യാദി ചരക്കുകളെ കൊണ്ടു അല്പാല്പം കച്ചവടവും നടത്തിവരുന്നു ഇംഗ്ലിഷ പട്ടാളങ്ങളു
ടെയും മെലധികാരികളുടെയും വാസസ്ഥലം ബണ്ടാപട്ടണം തന്നെ - മലപ്രദെശ
ത്ത് നാട്ടുരാജാക്കന്മാരുടെ പ്രധാനപട്ടണമായ പന്നാപുരത്തിന്റെ ശൊഭ കഴിഞ്ഞുപൊ
അക്ഷെത്രങ്ങളും ശിലാവിലയങ്ങളും മിക്കതും വീണു കിടക്കുന്ന കൊട്ടകളിൽ വിശിഷ്ടമായ
അജയഗഡ് - കലിഞ്ജർ ഈ രണ്ടു തന്നെ അവറ്റിന്റെ ഉറപ്പും മാഹാത്മ്യവും കഴി
ഞ്ഞു പൂർവാവസ്ഥ പുരാണങ്ങളിലും നിവാസികളുടെ ഓർമ്മയിലും മാത്രം വിളങ്ങുന്നു ഇംഗ്ലിഷ്ക്കാർ
൧൮൦൩. ആ. അജയഗഡിനെയും ൧൮൧൨. ആ. കലിഞ്ജരെയും പിടിച്ചു

ച്ചവണ്ടെത്തല്ലൂരവഷ്ഷെത്തകൊട്ടുകാം വരുത്തിയിരിക്കുന്നു- ഗവൎമ്മിയൊൎക്കൊട്ടക്കും രാജ്യ
വും ഇപ്പൊൾ അവൎക്കധീനമാക്കിവന്നിരിക്കുന്നു-

മാളവം- മീറ്റൂർ- ഹാരവതി മലപ്രദെശങ്ങളിൽനിന്നു പടിഞ്ഞാറു താണ രാജസ്ഥാ
ൻ പക്ഷ്ണവും പാരവള്ളി മലമുതൽ വടക്കു ഭരതപൂർ- മഥുര തുടങ്ങിയ മലനാട്ടുകളെയുള
വും വ്യാപിച്ചുകിടക്കുന്ന ഭൂമിക്കു മെവാടമെന്നും രജന്ത രാജസ്ഥാൻ എന്നും പെരുകൾ
ഉണ്ടു അതിന്റെ ഉയരം തെക്കെ അംശത്തിൽ ൨൦൦൦ വടക്കെ പാതിക്കിൽ ൧൦൦൦ കാ
ലടിത്തരെ ഉന്നതമിശാലമലപ്രദെശം ഇപ്പൊൾ മൂന്നു ഖണ്ഡങ്ങളായി പകുത്തായിരി
ക്കുന്നു- തെക്കെ അംശം ഉദയപൂർ രാജ്യം വടക്കെ അംശം ജയപുരി സംസ്ഥാനം മദ്ധ്യാം
ശം അജ്മീർ ദെശം തന്നെ വടക്കെ അറ്റത്തിൽ ശിഖരവതി മഥുര- ഭരതപൂർ മുതലാ
യ ചെറുവകകാൾ ഉണ്ടു- ഈ രാജ്യങ്ങളിൽ എല്ലാം വാസികൾ മിക്കതും രജപുത്രർ തന്നെ പണ്ടു അ
നെക ക്ഷുദ്രരാജാക്കൾ മഹാപരാക്രമികൾ ആയി രാജ്യം പല അംശങ്ങളായി പകു
ത്തു താന്താങ്ങളിൽ വാണു താവൻ നിത്യകലഹങ്ങളാൽ അന്യൊന്യം താഴ്ചകളെ
യും നാശങ്ങളെയും വരുത്തിക്കൊണ്ടു നടന്നതിനാൽ രാജ്യം മുഴുവനും മരാട്ടി രാജാക്കന്മാ
ൎക്കു ഇരയായി പൊവാൻ സംഗതി ഉണ്ടായി- ഇങ്ക്ലിഷ്ക്കാർ ൧൮൧൮ വൎഷത്തിൽ മരാട്ടികളെ ജയി
ച്ചു നശിപ്പിച്ചപ്പൊൾ രാജസ്ഥാനിലും ക്രമക്കെട്ടു തീരെണം എന്നു വെച്ചു അജ്മീർ ദെശം പിടി
ച്ചടക്കി- ശെഷം രാജാക്കന്മാരൊടു സത്യവും സമയവും ചെയ്തു സ്ഥിരതയും ഒരുമയും വെണം
എന്നു കല്പിച്ചു പരിപാലനത്തിന്നായി രാജധാനികളിൽ മന്ത്രികളെയും പട്ടാളങ്ങളെയും
അയച്ചു പാൎപ്പിച്ചു പുതിയ വ്യവസ്ഥ വരുത്തി കപ്പം വാങ്ങിക്കൊണ്ടുമിരിക്കുന്നു-

മെവാടമലപ്രദെശത്തിൻ തെക്കെ അംശമായ ഉദയപൂർ രാജ്യത്തിന്റെ അവസ്ഥ
ചുരുക്കമെ അറിയുന്നുള്ളു- കിഴക്കു മീറ്റൂർ ഹാരവതി മലനാട്ടുകൾ തെക്കു മാളവദെശം പടിഞ്ഞാ
റു പാരവള്ളി മല വടക്കു അജ്മീർ ദെശവും മറ്റും അതിന്റെ അതിരുകളായിരിക്കുന്ന രാജ്യത്തിൽ
ഉടെ ഒഴുകുന്ന നദികൾ ചുരുക്കമത്രെ അവറ്റിൽ മുഖ്യമായവ ബൈരസ് എന്നും ബനാസ് എ
ന്നും- ഈ രണ്ടു തന്നെ രാജ്യം മിക്കതും ഉഷർ ഭൂമി എങ്കിലും കൃഷിക്കു തക്ക സ്ഥലങ്ങൾക്കു കുറവു
ഒട്ടും ഇല്ല രാജാവിന്റെ വാസം രാജ്യത്തിന്റെ നടുവിലെ ഉദയപൂർ പട്ടണത്തിൽ തന്നെ ആകു
ന്നു- ഏറ്റം ഉന്നതപ്രഭുക്കളും വെവ്വെറെ രാജ്യത്തിൽ പാൎത്തു അവനെ അനുസരിച്ചു കപ്പം കൊ
ടുത്തുവാഴുന്നു- ആകാദെശം ൧൦൦൦൦ നഗരങ്ങളും ഊരുകളും രാജ്യത്തിൽ നിറഞ്ഞുകിടക്കുന്നു

ൽ ജനപുഷ്ടിക്കിൽ കഷാമമില്ലാഎന്നറിയാമല്ലൊ രാജധാനിയിൽനിന്ന വടക്കൊട്ടുകക്കി
ൽവാട- കമൽമിഡം- ഗണൊരയും മറ്റുംകിഴക്കഖ്യാരട്- മഷ്ലൻ- മള്ളൂ ഇത്യാദികളും വടക്കി
ഴക്ക അമരവലർ- ടില്ലവാട- ബനൂരു- ഇവമുതലായസ്ഥലങ്ങൾ പ്രധാനം—

## കെരളപഴമ

### ൧൭൬൬ ഹൈദർ പക്കാളിവാൻ വട്ടംകൂട്ടിയത—

൧൭൬൬ാം നവമ്പ്ര ഹൈദർ കൊഴിക്കൊട്ടവന്ന വെണ്ണാട്ട മന്ത്രികളെ കണ്ടു- കൊല്ലത്തിലെ പാ
ണ്ടിശാലെക്ക നാശം വന്നതു വെണ്ണാട്ടടിക്കുള്ള സങ്കടം തന്നെ ഞങ്ങൾ പട വെണ്ടാ ഞങ്ങൾ ൯൦൦൦
പൊർമ്മുളക തന്നെക്കൊള്ളാം ഇനി രണ്ടുവരിക ഇല്ലയൊ എന്നവർ ബൊധിപ്പിച്ചത് കെട്ടാ
റെ- പൊരാ പൊന്നും പുരാണങ്ങളെല്ലാം ഉണ്ടല്ലൊ മാണിക്യം ഉണ്ടല്ലൊ അവ ഞാൻ മടങ്ങി പൊ
യാൽ മാനവെൽ രാജ്യം തന്നെ മുഴുവൻ വെക്കട്ടെ എന്ന പറഞ്ഞപ്പൊൾ അവർ ക
ല്പന ഇല്ല എന്ന ചൊല്ലി പുറപ്പെട്ടു പൊയി- ഉടനെ മകന്റെ മരണവൃത്താന്തം അറിയിക്കു
ന്നദൂതനും വന്നു ഹൈദർ ഉന്മത്തനായി കെട്ടാരെ മുറിയെ പൂട്ടി ൩ ദിവസം ആരെയും കാണാതെ
ദുഃഖിച്ചു പാർത്തു പിന്നെ ചങ്ങാതികളുടെ ചൊൽ കെട്ടു തന്റെ നെഞ്ചിലെ ദെവത്തെ മറെച്ചു പ
രിഭവം തീർപ്പാൻ ശ്രമിക്കയും ചെയ്തു- പെരിമ്പടപ്പും വന്നു അവനെ കണ്ടു പുത്രൻ പൊയതി
നെക്കൊണ്ടു ദുഃഖിക്കെണ്ടാ നാം എല്ലാവരും അവനൊത്തവണ്ണം മാനം രക്ഷിച്ചുകൊള്ളാം എ
ന്നു എന്നൊരു ആശ്വാസവാക്ക പറഞ്ഞു- നായന്മാരിൽ ഉത്തമന്മാർ ൫൦൦ പെരെ തെരിഞ്ഞു കടൽ
യുദ്ധത്തിന്നായി ഹൈദർ കപ്പലിൽ കയറ്റി അയക്കയും ചെയ്തു- അവരെ കൂടാതെ ൭൦൦൦ പെ
ൾക്കാരെ ചെർത്ത പടകുകളിൽ കരെറി നവമ്പ്ര ൧൪ കണ്ണനൂരിൽ ഒരുമിച്ച തൊപ്പിട്ടു കാർ
ബിചാരം തുടങ്ങുകയും ചെയ്തു- പിന്നെ ദിശമ്പ്രെരിൽ അതാശ്രമി വരുന്ന എന്ന കെട്ടു വര
ന്നപ്പൊൾ ഹൈദർ പടക്കൂട്ടങ്ങളെ പാറിവിരിച്ചു എഴിമല ഒളം ചില കപ്പലൊട്ടും അ
തിൽ ഒരു വെടി വെച്ചശെഷം ഇത പൊർത്തുഗാൽ കപ്പലല്ലൊ അൾ ബെ കൊ എന്ന മഹാ കപ്പി
ത്താനത്രെ എന്ന കെട്ടു അവരൊട്ട ഒക്കത്തക്ക കണ്ണനൂരിൽ ഒടികരെക്ക ഇറങ്ങുകയും ചെയ്തു-
പൊഷം ഒന്നും ഇല്ലായ്കയാൽ അല്പ്പക്കെട്ട വിഷാദിച്ചു നിങ്ങൾ രാജ്യാധികാരികളെ എല്ലാം
തന്നെ കൈക്കൊള്ളുന്നുവൊ എന്ന ചൊദിച്ചാറെ വെണ്ടതില്ല ഇപ്പൊൾ ഭക്ഷണത്തിന്ന ക
ക്കാവു എന്ന ഹൈദർ പറഞ്ഞു രാജ്യാധികാരികൾ ഇരുവരും ക്രിതൊവിന്റെ വീട്ടിൽ ചെ
ന്നു അത്താഴം കഴിക്കയും ചെയ്തു- രാജകല്പനപ്രകാരം നിങ്ങൾക്കു സർവ്വാധികാരമെന്നിൽ സമ

സ്ഥിപ്പാൻ നല്ല ദിവസം എത്രയെന്ന ചോദിച്ചതിന്ന അൾ മൈദതിരസപ്പെട്ടു ഇന്ന ദിവസം
എന്നവറവാനില്ലറരാവണം തന്നെ നല്ലത്രം അല്ലാതാസ്ത്രതിരിയുകെട്ടു ത്രണെക്കാം ഒഴിമ
ശ്രമിക്കും വരുവാറുണ്ട ഇപ്പൊൾ രാജ്യേരക്ഷ അശിലമുള്ള ജീവനെ കൊണ്ട തന്നെ
ആവശ്യം എന്ന കെട്ടാരെ - എല്ലാ രാജ്യെ കല്പന കൊണ്ട എന്തെന്നു അസ്ത്ഥിക്കെ കർത്താവും ആകു
ഇപ്പൊൾ പറയുന്നില്ല എന്ന അൾ മൈദക്കും ചൊല്ലി വിടിച്ചു - അതിന്റെ കാരണം പറയാം
അസ്ഥിക്കെ കൽ അസൂയ ഭാവിച്ചു ദ്രോഹം വിചാരിച്ച പലരെയും കൊല്ലിച്ചു അതാതാരും ഉണ്ടെങ്കിൽ അവർ വഴിത്തി
നാലും കാത്തിനാലും എഷെണിനെത്തി കിഴിച്ചു അവൻ ഭ്രാന്തൻ അവനെ വിശ്വസിക്കരുത് വക
തിരിയാതെ എന്തെങ്കിലും ചെയ്യാൻ തുനിയും എന്നുള്ള ദുഷ്കീർത്തിയെ പരത്തി അൾ മൈദയെ
യും സ്രീതൊവെയും വിശെഷാൽ വശീകരിച്ചു കൊണ്ടിരുന്നു - അനന്തരം അസ്ഥിക്കെ കർത്താ
ൻ എങ്ങിനെ എങ്കിലും ശ്രുദ്ധ എന്ന പടയുടെ ഒരു ഭാഗത്തെ നടത്തട്ടെ എന്ന പറഞ്ഞാ
റെ വെണ്ടന്നിങ്ങു പൂവങ്ങരെ പ്രയത്നം കഴിച്ചു കഷ്ടിച്ചു വല്ലൊ ഇപ്പൊൾ തഴ്ച മാറുവാൻ ഒ
കാഴ്ചിക്കൽ സ്വസ്ഥനാകിവാൻ എന്ന അൾ മൈദ കല്പിച്ചു അസ്ഥിക്കെ കർത്തൻറെ കൽപ്പലുകളെ
ഉം സ്വന്തത്തൊഴു ചെത്തു കൊണ്ടു മറെറാന്നും കൂട്ടാക്കാതെ ശത്രുക്കളെ അമ്പെറിപ്പാൻ
കണ്ണന്നൂരിൽ നിന്ന് ഒട്ടുകയും ചെയ്തു - ൧൭൮൦ ൹ ശ്രാ - ൧൦൨൫൹ -

അൾ മൈദ ദീവാന്റെ കുത്തിൽ നിന്ന് ജീവിച്ച് ശ്രമിബലഞ്ഞ ഉളവാഗ്രഹിച്ചത് -
ഹൊന്നാവരിലെ തിമ്മൊയ ഭട്ടക്കന്ദരാ ജൊവു മാക്കി പടക്കൂട്ടുന്ന എന്ന കെട്ടിട്ട അൾ
മൈദ മുമ്പിൽ ഭട്ടക്കളെയെ അടക്കവാൻ വിചാരിച്ചു പിന്നെ ഇരുവരും നിരന്ന പ്രകാ
രം കെട്ടു ഹൊന്നാവരിൽ ഒരു ഭത്തിൽ കണ്ട കൊഴിക്കൊട്ടു പടവുകളെ ഒട്ടു അഞ്ചു ദ്വീ
പിൽ നിന്ന നല്ല വെള്ളം കരെറി ഗൊവക്കിൽ വാഴുന്ന സബാരെയും പെതി കഴിപ്പാ
ൻ വിചാരിച്ചു - ദാബുൽ ഊർ സബായുടെ സ്വാധീനത്തിൽ ആക്കാ കൊണ്ടു ഗൊവയുടെ
ടരെ തന്നെ അല്ല ദാബുലെ കൊള്ളെ പൊകെണം എന്ന വെച്ചു ഒഭ൧൦൦൦ ചെക
വരുള്ള കൊട്ടക്കിൽ പെരുതകയറി പെണ്ണുങ്ങളെയും ശിശുക്കളെയും രക്ഷിക്കാതെ
കണ്ടവരെ കൊല്ലിച്ചു പട്ടണത്തെ ഭസ്മമാക്കുകയും ചെയ്തു — ദാബുലിന്ന് അതിയ
പ്രകാരം പറങ്കിളെ ഷ്ട്രാം നിന്റെ മെൽ എന്നുള്ള ശാപവാക്ക് അന്നു മുതൽ പഴ
ഞ്ചൊല്ലായി നടന്നു —

൧൭൦ നാം ചെമ്പുനാട്ട് അൾ മൈദദീവിൽ എത്തിമാറാനെൻറ കപ്പലും താമ്പ

തിരിഞ്ഞയച്ചതും പടകം കാരത്തിൽ എഴുന്നള്ളിച്ചു വഴിയാതൊന്നിൻ നിരകളെയും കണ്ടു സന്തോഷിച്ചു സ്ഥലവിശേഷം അറിഞ്ഞു ഉടനെ തുറമുഖത്തിലെക്ക ഒടി ശത്രുബലത്തൊടു എല്ലാം ചെയ്തു — പറങ്കിവാൾ പ്രമാണം എന്നു കെട്ടാറെ ഹുസ്സെൻ ഭയപ്പെട്ടു കരെക്കു ഒടി ദിവു വാഴിയെയും വിശ്വസിക്കാതെ കുതിരപ്പുറത്തിരാപ്പകൽ പാഞ്ഞു ഗുജരാത്തി രാജാവെ ചെന്നു കണ്ടു അഭയം ചോദിക്കയും ചെയ്തു — കോഴിക്കൊട്ടുകാർ വന്നെരെ ചെതപ്പെട്ടപ്പോൾ കപ്പൽകളുടെ ഒരുവഴിയെ കണ്ടു മിക്കവാറും തണ്ടുവലിച്ചു തെറ്റി പൊയി — മക്കത്തർ എകദേശം എല്ലാം പട്ടുപൊയി പവിത്രന്മാരെയും ശ്രീവനൊടെ പിടിച്ചു കാവലും വളരെ ഉണ്ടായി അതിൽ വിശെഷാൽ ഇതാല സ്വാവപ്രാഞ്ചിസ്തു ജർമ്മന്ന്യ മുതലായ ഭാഷകളിലും എഴുതിയ പുസ്തകങ്ങൾ കണ്ടെത്തി ശരിച്ചു — ശത്രുക്കൾ ൩൦൦ഉം പറങ്കികൾ ൫൦ഉം മരിച്ചു എന്നു കെൾക്കുന്നു — മുറിയെറ്റവർ ൩൦൦ൽ അധികം — അവർക്കു മുറി കെട്ടുവാൻ അൽമൈദ തനിക്ക ശെഷിപ്പുള്ള ഒരു കുപ്പായം കൊടുത്തു കൊണ്ടു ഒരു കാശു തൊടാതെ ചെകവർക്കു നല്ലതാൻ ക്ഷൌരം ചെയ്തു കൊടുത്തവക ചിന്തതിനാൽ സ്വസ്ഥാനിക്കയും ചെയ്തു —

അന്നു മുതൽ മിസ്രരാജ്യത്തിന്റെ ശക്തിക്ഷയം ഏറ്റു പൊയി — ൧൫൧൭ ൽ തുർക്കിസുല്ത്താൻ വന്നു അതിനെ പിടിച്ചടക്കുകയും ചെയ്തു — ദിവുവാഴിയായ മല്ലിക്കയാസ് ക്ഷമ ചെയ്കിച്ചു കപ്പവും കൊടുത്തു — അപ്രകാരം ചെറുപ്പത്തിൽ വാഴുന്ന ഗുജരാത്തിലെ ശാഹ് മാന്തവൻ രാജാവിന്നു സമ്മാനം അയച്ചു — ഹൊന്നാവരിലെക്ക വന്നപ്പൊൾ അൽമൈദ തിമ്മൊജയെ കണ്ടില്ല — അവൻ രായരെ പേടിച്ചു മണ്ടിപ്പൊയി എന്നും രായർ ഗൊകർണ്ണത്തിൽ വന്നു തുലാഭാരകർമ്മം കഴിച്ചു തന്റെ മെയ്യ് തുല്യമാകിയ പൊന്നു ബ്രാഹ്മണർക്ക കൊടുത്തു എന്നും കെട്ടു പുറപ്പെട്ടു ഭട്കളത്തിൽ വന്നാറെ രാജാവ് കടപ്പുറത്തു വന്നു ഭയം നിമിത്തം വാഗ്ദത്തം ചെയ്തു വെക്കയും ചെയ്തു — പിന്നെ കണ്ണനൂർ കൊട്ടയിൽ എത്തിയപ്പൊൾ അൽമൈദ മാപ്പിള്ളമാരുടെ വമ്പു താഴ്ത്തുവാൻ എന്നും മറ്റും നിശ്ചയിച്ചു സുല്ത്താൻകളുടെ കൊളമ്പിലെ ഞാട്ടു പാർപ്പിച്ചവരെ വാക്കുരങ്ങളിൽ ആക്കി വിട്ടും തൊക്കിന്റെ മുഖത്ത കെട്ടി വെടി വെച്ചും അസ്ഥികളെ ആറക്കല്ലു നരവെപിച്ചും കൊണ്ടു താൻ രാജ്യത്തെയും മനസ്സിന്റെ ഉഗ്രതയെയും പ്രസിദ്ധമാക്കി സന്തോഷിക്കൊണ്ടു കൊച്ചിയിൽ എത്തുകയും ചെയ്തു (ശെഷം ൭൧)

F. Müller. Editor

# പശ്ചിമോദയം

നമ്പ്ര ഒന്നിന്നു | | ൧ ഒച്ചപ്പിൽ വില
൫൨. നമ്പ്ര. | തലശ്ശെരി | ൧൮൪൭ നവെംബ്ര


## ഭൂമിശാസ്ത്രം

### ഭാരതഖണ്ഡം

#### ൬. മദ്ധ്യഖണ്ഡം

ഉദയപ്പൂർ ജെയപുരി എന്ന രണ്ടു സംസ്ഥാനങ്ങളുടെ മദ്ധ്യത്തിലുള്ള അജ്മീർ ദെശം ഇങ്ക്ലിഷ്കാർക്ക സ്വാധീനമാകിവന്നിരിക്കുന്നു ദെശവിസ്താരവും അതിൽനിന്നുണ്ടാകുന്ന വരവും വിചാരിച്ചിട്ടല്ല ചുറ്റുമുള്ള സംസ്ഥാനങ്ങളിൽ മത്സരം വരാതിരിപ്പാനും സ്വസംസ്ഥാനങ്ങളൊടു ചെർച്ചക്കും സൈന്യസഹായവും വരുത്തുവാനും വിശിഷ്ടം എന്നു വെച്ചിട്ടത്രെ അവർ അതിനെ പിടിച്ചത് ദെശം മിക്കവാറും മലഭൂമി തന്നെ ഉഷ്ണകാലത്തിലെല്ലാം വാട്ടങ്ങൾ പൊകകൊണ്ടു അതിൽ കൃഷി ദുർല്ലഭമാകിട്ടത്രെ നടക്കുന്നു പുഴ കിട്ടില്ലാ ഹെതുവാൽ പലപ്പൊഴും വെള്ളത്തിന്നും ക്ഷാമമുണ്ടു മൃഗങ്ങളെയും പലരെ കാണുന്നില്ല ഒട്ടകങ്ങളുടെ പറ്റുകൾ ആക്കീട്ടത്രെ ദെശം നല്ല വീട്ടു പണിക്കവെണ്ടുന്ന മരം പുറനാട്ടിൽനിന്നു തന്നെ കൊണ്ടുവരെണം പട്ടാളങ്ങൾക്കും മറ്റും കുടിപ്പാൻ മാത്രം വെള്ളം കിട്ടെണ്ടതിന്നു ഇങ്ക്ലിഷ്കാർ ബഹു പ്രയാസപ്പെട്ടു വളരെ ആഴമുള്ള കിണറുകളെയും കുളങ്ങളെയും ഉണ്ടാക്കിച്ചു അതല്ലാതെ ദില്ലിപാദിശാ ഒരുത്തൻ പണ്ടു മലകളിൽനിന്നു ഒഴുകിവരുന്ന ചില ചെറുപുഴകളെ ഒരു കുഴിനാട്ടിൽ നടത്തി ചിറകെട്ടി രണ്ടു മൂന്നു നാഴിക വിസ്താരമുള്ള കുളം ഉണ്ടാക്കിച്ചു വെള്ളത്തിന്റെ മുട്ടു അല്പം തീർത്തിരിക്കുന്നു പട്ടണങ്ങളിൽ പുരാണമാകുന്നത് അജ്മീർ തന്നെ പണ്ടെ തെക്കുഭാഗങ്ങളാൽ പട്ടണവും കൊട്ടയും വളരെ ക്ഷയിച്ചു പൊയിട്ടും ഇങ്ക്ലിഷ്കാരുടെ കൈവശമായ സമയം മുതൽ പിന്നെയും വർദ്ധിച്ചും വന്നിരിക്കുന്നു നിവാസികളുടെ സംഖ്യ ഏകദെശം ൨൫൦൦൦. ഇങ്ക്ലിഷ്കാർ പട്ടാളങ്ങളുടെ വാസത്തിന്നായി ൧൮൧൮. ആം. ഒരു പുതിയ നഗരം പണിയിച്ചു അതിന്നു നസ്സീരാബാദ് എന്നു പെരിട്ടു പട്ടാളങ്ങളല്ലാതെ അതിൽ നിവാസികൾ എറെ കാണുന്നില്ല ഈ രണ്ടു പട്ടണങ്ങൾ അല്ലാതെ മറ്റും ചില ഊരുകൾ ഉണ്ടായിരിക്കും ചില പുരാണക്ഷെത്രങ്ങളും ഹിന്തുക്കളുടെ ദെശത്തിന്നു അലങ്കാരമായിരിക്കുന്നു —

അജ്മീർ ദെശത്തിന്റെ അതിർ തുടങ്ങിയ മെവാട മലപ്രദെശത്തിന്റെ വടക്കെ അറത്തൊളം ജെയപുരി സംസ്ഥാനം മലനാട്ടും മരുഭൂമിയുമായിട്ടു വ്യാപിച്ചുകിടക്കുന്നു ദെശാകൃതി മെൽപ്പ

വരിച്ചു ഉദയപ്പൂർ അജമീർ രാജ്യങ്ങളൊടു ഒത്തുവരുന്നു മാർവാടികൾ കിഴക്കു യുദ്ധവിധങ്ങളൊടും
എത്രിപുരാണമാഹാത്മ്യം ക്ഷയിച്ചു ദെശം മിക്കവാറും പാഴായി വെക്കുകയും ചെയ്തു ഇങ്ക്ലിഷ്കാർ ഈ സം
സ്ഥാനത്തിൽ വരുത്തിയ പുതിയ വ്യവസ്ഥയെ അംഗീകരിക്കെണ്ടി വന്നതിനാൽ രാജാവിന്നു അഭി
പ്രായത്തിന്നു തക്കവണ്ണം നടപ്പാൻ സമ്മതമില്ല നിവാസികളുടെ സംഖ്യ എകദെശം ൧൯ ലക്ഷം രാജാ
വിന്റെ മുതൽവരവു സംവത്സരത്തിൽ ൨൦ ലക്ഷം രൂപ്പിക- നിവാസികൾ മിക്കവാറും മഹാഗർവ്വികളായ
രജപുത്രരാകുന്നു ആയവർ ഇപ്പൊഴത്തെ നിന്ദയും താഴ്ചയും പൂർവ്വന്മാരുടെ മാഹാത്മ്യം കൊണ്ടു മൂ
ടി വെച്ചു പൊരുന്നു പണി ചെയ്വാൻ അവർക്കു ലജ്ജ തൊന്നുകയാൽ രാജ്യം മിക്കതും വനപ്രദെശമാ
യും ജനങ്ങൾ ദരിദ്രന്മാരായും തീർന്നിരിക്കുന്നു പടവെട്ടുക കവർച്ച ചെയ്ക മുതലായത് അവർക്കിഷ്ടമുള്ള
പ്രവൃത്തി എങ്കിലും മെൽ അധികാരം ഇങ്ക്ലിഷ്കാരുടെ കൈക്കൽ ഇരിക്ക കൊണ്ടു അപ്രകാരം നടപ്പാൻ സ
മ്മതം ഇല്ല സാരമുള്ള പട്ടണങ്ങളെ രാജ്യത്തിൽ കാണ്മാനില്ല ഉള്ളതിൽ വിശെഷമായത് ജെയപുരി
തന്നെ-

അജമീർ ജെയപുരി എന്നീ രണ്ടു സംസ്ഥാനങ്ങളുടെ നടുവിൽ കൃഷ്ണഗഡ (ക്രിഷ്ണഗഡ) എ
ന്നൊരു ചെറിയ ദെശം ഉണ്ടു അതിൽ വാഴുന്ന രാജാവിന്നു സ്വാതന്ത്ര്യം ഉണ്ടായതു അല്പം ശെഷിച്ചു എ
ങ്കിലും ഇങ്ക്ലിഷ്കാരുടെ ആധിപത്യത്താലും സ്വന്തവാഴ്ചയുടെ ലഘുത്വം നിമിത്തവും എകദെശം ൧൦൦൦
കുഡുംബങ്ങളെ പൊറെണ്ടി വന്നതിനാലും അവന്നു അടങ്ങി ഇരിപ്പാനെ കഴിവുള്ളു ദെശത്തി
ന്റെ പെർ പ്രധാനപട്ടണത്തിന്നും വന്നു നിവാസികളുടെ വൃത്തി മിക്കതും കൃഷി തന്നെ-

ഈ പറഞ്ഞ രജപുത്രന്മാരുടെ സംസ്ഥാനങ്ങളിൽ ഭില്ലന്മാരൊടു സംബന്ധമുള്ള ഒരു കൂട്ടം ഒ
ച്ചന്മാർ മലമുകളിലും ഒരൊ ഗുഹകളിലും എകദെശം സ്വയംസ്ഥലങ്ങളിൽ നിന്നു പാർത്തു ചുറ്റു
മുള്ള ദെശങ്ങളിൽ തന്നെ കൊള്ളയിട്ടു കവർന്നു പുത്തിക്കുഴിച്ചു നിവാസികൾക്കു വല്ലാത്ത ബാധയായിവ
ന്നു അവർ ഭാരതഖണ്ഡത്തിലെ പൂർവ്വവാസികളുടെ ഒരു ശെഷിപ്പു തന്നെ എന്നു തൊന്നുന്നു ഇവരുടെ
ക്രിയകളെ തടുത്തു ക്രമമെന്നെല്ലാതാക്കെണ്ടതിന്നും അവരെ എണ്ണും അടക്കി ഇരുത്തുവാൻ വെക്കെ
ണ്ടതിന്നും ഇങ്ക്ലിഷ്കാർക്കു കുറയകാലം മുമ്പെ കഴിവു വന്നിരിക്കുന്നു-

മെവാട മലപ്രദെശത്തിന്റെ വടക്കെ ശാഖകളിൽ ജെയപുരി സംസ്ഥാനം- യമുനാന
ദി ഇവ രണ്ടിന്റെ നടുവിൽ തന്നെ ശിഖരവതി- മച്ചെരി- ഭരതപ്പൂർ എന്നീ ചെറുകളായ മൂന്നു ചെ
റു രാജ്യങ്ങൾ മരുഭൂമിയുടെ ഭാഗം ധരിച്ചു കിടക്കുന്നു അവറ്റിൽ വടക്കുള്ളതു ശിഖരവതി ദെശം തന്നെ
അതിന്റെ വിസ്താരം എകദെശം ൧൫൦ ചതുരശ്രക്കൊഴുനപ്പുഴക്കളും കൃഷിസ്ഥലങ്ങളും അവിടെ

ഇല്ലനിവാസികളുടെ വൃത്തി കവൎച്ചയാകകൊണ്ട അവർ രാജ്യരക്ഷെക്കായി ഒരൊ മലമുകൾ
പരപ്പുകളിൽ കൊട്ടകളെ കെട്ടി പരാക്രമികളായി വാഴുന്നു- വിശെഷപട്ടണങ്ങൾ ആ നാട്ടിൽ ഇ
ല്ല ചമ്പന- സിംഹന മുതലായ കൊട്ടകളെ ഉള്ളു- നിവാസികൾ നിത്യം അഫീൻ തിന്നുകയാൽ മ
ന്ദ്യം ഭ്രാന്തി ഇത്യാദി ദുർഗ്ഗുണങ്ങളിൽ മികച്ചവർ- ആ ദെശത്തിന്റെ കിഴക്കെ അതിരിലെ മ
ച്ചെരിനാട്ടും മിക്കതും മരുഭൂമി തന്നെ നിവാസികളുടെ ഭാവവും മെൽപറഞ്ഞവരൊട് ഒക്കും- പ്രധാ
നസ്ഥലം ആല്വാട കൊട്ട തന്നെ- ഭരതപ്പൂർ അവിടെനിന്ന കിഴക്കൊട്ടു യമുനാ ഒഴുകുന്ന താണനാ
ട്ടൂടെ ആഗരാദെശത്തിന്റെ അതിരൊളം വ്യാപിച്ചിരിക്കകൊണ്ടു കൃഷിക്കു വിശെഷസ്ഥലങ്ങളു
ള്ള നാടാകുന്നു- ആ വാസികൾ ൧൮൦൩ ക്രി. അ. മുതൽ സിന്ധുപ്രവാഹനാട്ടുകളിൽനിന്ന വന്നു കുല
ക്കി ഭരതപ്പൂർ മുതലായ കൊട്ടകളെ ഉണ്ടാക്കി ചുറ്റുമുള്ള നാട്ടുകൾക്കു ഭയങ്കരന്മാരായി തീൎന്നൊടുവിൽ
ഇങ്കിരിസ്സർ ഇത്യാദി കലഹങ്ങളെ തീൎക്കെണ്ടതിന്നു ൧൮൨൬ാം ക്രി. അ. ഭരതപ്പൂർ കൊട്ടയെ വളഞ്ഞു
പിടിച്ചു നിലത്തിന്നു സമമാക്കി തങ്ങളെ അനുസരിക്കുന്ന രാജാവെ വാഴിച്ചു ചെറുരാജ്യത്തിൽ
സ്വസ്ഥതവരുത്തുകയും ചെയ്തു- അന്നുമുതൽ നിവാസികൾ കൃഷിമുതലായ സാരമുള്ള വൃത്തികളെ
കഴിച്ചു ഉത്സാഹിച്ചതിനാൽ നാട്ടിൽ ഒരൊരൊ അംശങ്ങൾ തൊട്ടത്തിന്നു സമമാക്കിവന്നിരിക്കു
ന്നു- ഭരതപ്പൂർ എന്ന പ്രധാനനഗരം അല്ലാതെ ഛത്തിപ്പൂർ- ഖാമ്പാ- പഹ്സ്സൂ ഇത്യാദി കൊട്ടകളും
നാട്ടിൽ വെവ്വെറെ ശൊഭിച്ചു കിടക്കുന്നു-

൨. സിന്ധുമരുഭൂമിയായതാണ രാജസ്ഥാനം- കച്ച്- ഗുജരത്തി എന്ന അൎദ്ധദ്വീപു
കളും- ബൊമ്പായി മുതലായ തുരുത്തികളും—

മെവാട മലപ്രദെശത്തിൽനിന്നു പടിഞ്ഞാറ സിന്ധുനദിയൊളവും കച്ച്ദെശത്തിലെ ചളിനാ
ട്ടിൽനിന്ന വടക്ക ബഹാവല്പൂർ രാജ്യത്തൊളവും വ്യാപിച്ചു കിടക്കുന്ന ഭൂമി മിക്കവാറും വനപ്രദെശം
തന്നെ ആകുന്നു- ഈ മഹാവിസ്താരമുള്ള രാജ്യത്തിൽ ലവണി എന്നൊരു നദിയെ ഉള്ളു- അതി
ന്റെ ഉറവു അജ്മീർ ദെശത്തിന്നും അഴിമുഖം കച്ച്ദെശത്തിന്റെ വടക്കെ അതിരിലെ ച
ളിസ്ഥലത്തിങ്കലും തന്നെ ആകുന്നു- ഈ പുഴയുടെ കിഴക്കെ കരയിൽ മരുവാട എന്നും ജൊദപ്പൂ
ർ എന്നും പെരുകളുള്ള രജപുത്രരാജ്യം ഉദയപ്പൂർ അജ്മീർ ദെശങ്ങളൊടും ചെൎന്നു കിട
ക്കുന്നു- പുഴയുടെ വടക്കും പടിഞ്ഞാറെക്കും കരകളിൽ ദെശം മിക്കതും പൂഴിസ്ഥലമായി ഉയരം
കുറഞ്ഞ മണക്കുന്നുകളൊടും കൂട നാലുദിക്കിലും വ്യാപിച്ചിരിക്കുന്നു- ബിക്കനീർ- അമരകൊട്ട-
ജയസല്മീർ- ബക്കർ മുതലായ ചെറുരാജ്യങ്ങൾ സമുദ്രത്തിലെ ദ്വീപുകൾക്കു സമമായി തീരുന്നു

ശാലപ്പുഴിദെശത്തിൽനിന്നവൊഞ്ഞിനില്ക്കുന്നു-

൬൯. മരുവാടഎന്നുംജൊദപ്പൂർഎന്നുംവെരുള്ളരാജ്യത്തിന്റെഅവസ്ഥ- അതിന്റെഅതിരുകൾവടക്കശിഖരവതി- വിക്കനിഢരാജ്യങ്ങളും-പടിഞ്ഞാറുജയസല്മീഢം അമരക്കൊട്ടദെശങ്ങളും-തെക്കകച്ചിചന്തിനാട്ടും-കിഴക്കഉദയപ്പൂർ-അജ്മീഢംജയപുരിസംസ്ഥാനങ്ങളുംതന്നെ-വിസ്താരം-ഏകദെശം൬൦൦൦ചതുരശ്രയൊജന-നിവാസികളുടെസംഖ്യഏകദെശം൨ലക്ഷം-ദെശാകൃതിയെക്കുറിച്ചുവട്ടുരെവറവാനില്ല-അതിന്റെകിഴക്കെഅംശങ്ങളിൽമെവാടമലപ്രദെശത്തിന്റെശാഖകൾനിറഞ്ഞിരിക്കുന്നു-പടിഞ്ഞാറെദിക്കുകളിൽതെരൊകുന്നുകളും-പൂഴിസ്ഥലങ്ങളുംപ്രധാനം-ലവണിപുഴഒഴുകുന്നതാണദ്ദിരാജ്യത്തിൽവിശിഷ്ടമാംശംതന്നെ-അതിന്റെകരപ്രദെശങ്ങളിൽനാട്ടുകാർപലകൃഷികളുംനടത്തിവരുന്നു-പലദിക്കിൽനിന്നഇരൊലൊഹങ്ങളെയുംവിളഞ്ഞെടുക്കുന്നു-നാട്ടുമൃഗങ്ങളിൽഒട്ടകം-പശു-ആടുമുതലായത്പ്രധാനം-രാജ്യത്തിൽനടക്കുന്നകച്ചവടവുംഅല്പമല്ല-വിശെഷചരക്കുകൾപലവകതുണിയും-വാൾതൊക്കആയുധങ്ങളുംധാന്യങ്ങളുംഉപ്പുംമറ്റും-രാജാവിന്റെവരവുസംവത്സരത്തിൽഏകദെശം൧൪ലക്ഷംരൂപ്പിക-രാജധാനിജൊദപ്പൂർപട്ടണംതന്നെ-ആളുകൾപ്രഭുക്കൾരാജാവെന്നസന്ധിച്ചുകപ്പവുംവെണ്ടുന്നസമയംപട്ടാളങ്ങളുംകൊടുത്തുവരുന്നു-അവരെല്ലാവരുംരജപുത്രർതന്നെനാട്ടുനിവാസികൾപലവർണ്ണങ്ങളായിപിരിഞ്ഞുവസിക്കുന്നു-ബ്രാഹ്മണർചുരുക്കംതാനം-രാജ്യത്തിൽഏകദെശം൫൦൦൦പട്ടണങ്ങളുംഗ്രാമങ്ങളുംഉണ്ടെന്നകെൾക്കുന്നു-ജനപുഷ്ടിഏറുന്നഅംശംലവണിപുഴഒഴുകുന്നകൃഷിനാട്ടുതന്നെ-രാജ്യം൨൨ജില്ലകളായിവിഭാഗിച്ചിരിക്കകൊണ്ടുവിശെഷപട്ടണങ്ങളും൨൨തന്നെ-അതിൽവിലാത്തപറയാം-ജൊദപ്പൂർഎന്നരാജധാനി൬൦൦൦൦നിവാസികൾ-രാജ്യത്തിലെവിശിഷ്ടകൊട്ടയുംഅവിടെതന്നെ-പല്ലിപട്ടണം൫൦൦൦൦നിവാസികൾ-നാഗൂർ൪൦൦൦൦നിവാസികൾ-സാമ്പര-സൊജത-ജയതരം-രായപ്പൂർമുതലായനഗരങ്ങളിൽഒരൊന്നിൽ൫൦൦൦നിവാസികളുണ്ടായിരിക്കും-രാജ്യത്തിന്റെതെക്കെഅതിരിലെജല്ലൂർകൊട്ടയിൽപ്രധാനതറുക്കളുണ്ട്-നിവാസികൾ൩൦൦൦-പുരാണരാജധാനിയായമണ്ടവരമിപ്പൊൾഇടിഞ്ഞുതകർന്നുകിടക്കുന്നു-അതിശയമായശെഷിപ്പുകളുള്ളകൊണ്ടുഅതിന്റെപൂൎവ്വമാഹാത്മ്യംഅറിയാം-

## മെവാടപഥമ

൭൦. അൾബുമെൎത്തപറങ്കികളുടെതലവനാകുന്നത്-

അൾമൈദ ജയഘോഷത്തോടും കൂടെ കൊച്ചിക്ക (൧൫൦൯ മാൎച്ച ൮) മടങ്ങിവന്നപ്പോൾ അൾബു
കെൎക്ക സൎവ്വാധികാരത്തെ ഏല്ക്കാം ഞായം ഇല്ലായ്കയാൽ വെച്ചിരിക്ക എന്നതല്ലൊ എന്നു പിന്നെയും പിണങ്ങി
ചൊദിക്കയാൽ വളരെ വൈരം ഉണ്ടായി - അതിന്റെ കാരണം മഹാപാപരെ ഉരുവരെയും ഒ
ദിപ്പിക്കൊണ്ടിരുന്ന വെവ്വേറെ എഴുത്തുകൾ ശ്രമിക്കയാൽ അൾമൈദ വിശ്വസിച്ചത് എന്നെന്നാൽ ഇ
മറെറവന്ന കാൎയ്യവിചാരണ സാധിച്ചുവന്നാൽ പൊൎത്തുഗാലിന്ന അപമാനമെ വരും അവൻ
കാട്ടാളരിലെ യശ്വദന്മാരൊടു സ്നെഹിച്ചിരിക്കുന്നു ഇത്യാദി കുറ്റം എഴുതി അയക്കയും വാങ്ങു
കയും ചെയ്യുന്നു ഇതു ഷണ്ഡരഹസ്യം പക്ഷെ അവൻ രാജദ്രൊഹമൊ മതദ്രൊഹമൊ വിചാരി
ച്ചിരിക്കുന്നു എന്നിങ്ങനെ ഒരൊന്നു ചെയ്തുകൊണ്ടിരുന്നപ്പോൾ - വെനിസപട്ടണത്തിന്റെ യോഗത്താൽ
അഞ്ചികല്ല നായർ വന്ന ബൊധിപ്പിച്ചത് ഞങ്ങടെ തമ്പുരാൻ മാനുവെൽ രാജാവിൽ ആ
ജ്ഞ കിട്ടിക്കൊണ്ടു ഞങ്ങൾക്കു അൾബുകെൎക്കിന്റെ കയ്യിൽ അത്രെ മുഖ്യ കുതലായധാരങ്ങൾ ഉണ്ടെ
രമെല്ലിക്കും അവർ സാക്ഷാൽ വിസൊരെയി സ്ഥാനത്തിൽ ആക്കുന്ന മാനുവെൽ രാജാവിന്റെ
ന്റെ കൈയെഴുത്തിലും അപ്രകാരം കാണുന്നു - ആ മസം എത്തിന രാജാവിന്റെ കല്പന എ
മ്മാണമല്ലാതെ അവൊക്കിട്ടുണ്ടൊ - എന്നിങ്ങനെ കെട്ടറെ ആ അൾമൈദ കൊച്ചി അൾബുകെ
ൎക്ക ഭവനത്തിൽ തന്നെ തടവുകാരനാക്കി പാൎക്കുമാറു കല്പിച്ചു - ഇനി പ്രിയ രാജാവിന്റെ
വല്ലനായകന്മാരും മാറ്റിന്യായം പറയുന്ന പ്രകാരം കണ്ടുവെങ്കിൽ ശിക്ഷിക്കാതിരിക്കയും ഇല്ലാ
ന്നു വൈരിച്ചു പറഞ്ഞു -

അങ്ങിനെ ഇരിക്കും കാലം മാനുവെൽ രാജാവ് സ്ഥിര യുദ്ധവട്ടത്തിന്റെ ശ്രുതി കെ
ട്ടു പെൻ തകുതിന്യോ എന്ന ധൎമ്മവക്കീൽ ഏകദെശം കപ്പലുകളൊടും ൧൫൦൦ ററിൽ പരം ചെക
വരൊടും കൂടെ പൊൎത്തുഗാലിൽ നിന്നു യാത്ര അയച്ചു - (൧൫൦൯ മാൎച്ച ൧൦) താനും അൾബു
കെൎക്കും ഒന്നിച്ചു വടക്കെ കോട്ടകൾ കോഴിക്കൊട്ടെ സംഹരിച്ചു വടക്കെ കുറവു കൂടാതെ വ
ൎദ്ധിപ്പിച്ചു നടത്തെണം എന്നും മററും കല്പിക്കയും ചെയ്തു - അവൻ ഈ രാജ്യത്തിൽ എത്തുമ്പൊ
അൾമൈദ അധികാരം കൊടുപ്പാൻ മനസ്സില്ലാതെ തടഞ്ഞുനിന്നില്ലല്ലൊ അവൻ കൊച്ചിയിൽ പാൎത്താൽ
നാശം വരും എന്നു കയ്യാൽ തെറെറന്നു അവനെ കപ്പലിൽ കരെറി കണ്ണനൂരിൽ ഇരിപ്പാൻ
ണം എന്നു കല്പിച്ചു തൊവെ അയക്കയും ചെയ്തു - അതുകൊണ്ടു അൾബുകെൎക്ക വെറു
ന്ന മനസ്സൊടെ കണ്ണനൂരിൽ ഇറങ്ങിവന്നാറെ ബ്രിത്തൊ അവനെ ഒരു പൊട്ടനെ പോലെ കുലതല
ക്കാരനെ പൊലെ ഭാവിച്ചു അപമാനിച്ചു പാൎപ്പിച്ചു - ജൂലായി മാസത്തിൽ തന്നെ അൾമൈ

ദമരെറാന്റു കല്പിച്ചാക്കൊ കപ്പലുകളോടെ അജ്ഞമായ രാജ്യങ്ങളിലെക്ക യച്ചു കിഴക്കെ ദ്വീപുകളി ലും പൊൎത്തുഗാൽനാമത്തെ പരത്തുകയും ചെയ്തു—

ഇങ്ങിനെ അല്പ്സാമെദ·ആൺറ്ടക്കാരനായി നടക്കുമ്പൊൾ ൧൫൦൩ ആമത കത്രബ്രം·ഫ്യത്ത് സാമൂതിരി കണ്ണനൂരിൽ തന്നെ എത്തിന ക്രൂരം ഇട്ടുട നെ—ത്രിമ്പുരവാസന്തത്തെ അറിഞ്ഞു ആരൊട്ടും ഒന്നും കല്പിക്കാതെ ഒരു മഞ്ചിൽ കയറി കൊച്ചിക്ക് ഒട്ടുകയും ചെയ്തു— സാമൂതിരി കൊട്ടയിൽ വന്നപ്പൊൾ തന്നെ അല്ബുകെൎക്ക് എന്നെ ബെസുവെവന്നതിരാഗ്ഗാമിൻ ചൊല്ലാൽ സഹാ യകൻ എന്നു മാതിക്കയും ഒന്നൊത്തു കാൎയ്യ വിചാരം തുടങ്ങുകയും ചെയ്തു— പിന്നെ ഇരുവരും വെലാ ഷത്തൊടെ പുറപ്പെട്ടു കൊച്ചിയിൽ എത്തിയാറെ അഞ്ചു·ഇന്ത്യൽ മൈദകാൎയ്യാദികളൊക്കെ ല്ലാം ഭരമെല്പിച്ചു താനും ഉറവച്ചങ്ങാതികളുമായി കെരളത്തെ വിട്ടു വിലാത്തിയിലെക്ക ഒഴിപൊകയും ചെയ്തു—ത്രിശന്ത്രി അവന്ന നല്ല യാത്ര സാധിച്ചില്ല താനും— കൊച്ചിയിൽ എത്തിയപ്പൊൾ കപ്പലി ൽ വെള്ളം കയറുവാൻ കരെക്ക് ഇറങ്ങി പിട്ടാക്കുളത്തിനെ ക്കുമ്പൊൾ തന്നെ കാപ്പിരികൾ പാഞ്ഞു വന്നു വിലക്കി കൂത്തം മാഭിത്തുടങ്ങി— അന്നു മുറിയെററിട്ടു അവനും സഖിയായ ത്രിമ്പുരവും മഹാ ഞ്ഞി ത്രിസ്സാരമായ കാട്ടുളരശങ്ങളെയാൽ പട്ടുപൊകയും ചെയ്തു ൧൫൧൦. മാൎച്ച ൧൩— ൧൪വൎഷം പറങ്കികൾക്കു ജെയമിത്തു മുള്ളള്ള മുപ്പനായി പാൎത്ത അൽമൈദയുടെ അവസാനം ഇപ്പണ്ണമത്രെ സംഭവിച്ചതു അവൻ കരിനഹൃദയമുള്ളവൻ എങ്കിലും കാമലൊഭങ്ങളെ വെറുക്കയാൽ മി ത മാകുളള കീൎത്തിയെ ശെഷിപ്പിച്ചിരിക്കുന്നു—

൧൫—ം സാമൂതിരിയും അല്ബുകെൎക്കും കൊഴിക്കൊട്ടു ജയിപ്പാൻ

പുറപ്പെട്ടതു—

മാനുവെൽ രാജാവ് കൊഴിക്കൊട്ടിനെ സംഹരിക്കെണം എന്നു കല്പിച്ചതു കൊലത്തിരിയും പെരിമ്പടപ്പും മത്സരപ്രകാരം ഉണ്ടാക്കി— ആ തമ്പ്രാക്കന്മാർ ഇരുവരും പൊൎത്തുഗാലും താമൂ തിരിയുമായി ഇത്ര യുദ്ധം ഉണ്ടെങ്കിൽ ഇങ്ങെത്തുറമുഖങ്ങളിൽ കച്ചവടലാഭം അധികം ഉണ്ടാകും എന്നു അസൂയ ഹെതുവാക്കിട്ടു നിശ്ചയിച്ചതല്ലാതെ— പടനിമിത്തം കൊഴിക്കൊട്ടു ക്ഷാമം ഉണ്ടാ കുന്നൊറും കരവഴിയായി ധാന്യങ്ങളെ ഉളന അയച്ചു സഹായിക്കയാൽ അനവധി ധനം കൈക്കലാ ക്കും—

അനന്തരം പറങ്കികൾ കൊച്ചിയിൽനിന്നു ചില പട്ടന്മാരെ അയച്ചു താമൂതിരിക്കുടെ ഒറ്റ അറിഞ്ഞു ചങ്ങാതികളായ കൊയ പക്കിയൊട കൊഴിക്കൊട്ടുനിന്ന വരുത്തിയ ശെഷം·

നായന്മാർ മിക്കവാറും താമൂതിരി താനും ചെറ്റുവായികിലും ചുരത്തിന്നടിക്കിലും പടെ
ക്കു പൊയി എന്നു കെട്ടാറെ - കുതിഞ്ഞോ ൩൦ കപ്പലുകളിൽ ൧൬൦൦ പറങ്കികളെയും ൬൦൦ നായ
ന്മാരെയും കരെറ്റി കണ്ണനൂർ കോട്ടയുടെ മൂപ്പനായ റബെല്ലുവെയും പുറത്താട്ടികളെയും തെ
ണ്ണപ്പാൻ വിളിച്ചു ഇങ്ങിനെ എണ്ണം ഏറിയ ബലങ്ങളൊടും കൂട പുറപ്പെട്ടു ഒടി കൊഴിക്കൊ
ട്ടുന്ത്തിൽ നങ്കൂരം ഇട്ടുകയും ചെയ്തു - ക്രി. ൧൫൧൦. ജന. ൨ ൹ - കുതിഞ്ഞോ കരയിറങ്ങി പട തുടങ്ങി
യപ്പൊൾ അൾബുകെൎക്ക് ഇടത്തെ അണിയിൽ പൊരാടി സ്ഥലവിശെഷങ്ങളെ അറിഞ്ഞ
വനാകയാൽ അതിവെഗത്തിൽ തറമ്മൽ കോട്ടയെ വളഞ്ഞു കൊണ്ടിട്ടു മതിലിന്മെൽ
കയറുകയും ചെയ്തു - ആയത് കുതിഞ്ഞോ കണ്ടു അഭിമാനം ഭാവിച്ചു എനിക്കല്ലൊ യുദ്ധത്തിലെ
മുഖ്യസമൎപ്പിച്ചു തന്നത് നിങ്ങൾ മുമ്പുക്കൂടി ജയിച്ചത് എന്തു കൊണ്ടു എന്നു ഉണ്ണിച്ചു പറഞ്ഞു ശത്രു
കൾ ഒടിപൊയതു കണ്ടു താനും പടികത്ത് ഒന്നു സാധിക്കണം എന്നു വെച്ചു ദ്വിഭാഷിയാ
യ ഗസ്പരെ വരുത്തി താമൂതിരിയുടെ കൊവിലകം എവിടെ വഴിയെ കാണിച്ചു തരെണം
എന്നു ചൊല്ലിപ്പുട്ടു നിമിത്തം ശിരൊരക്ഷ കും കൂടാതെ ൮൦൦ പറങ്കികളുമായി ഒന്നര നാഴി
കദൂരത്തൊളം നാട്ടകത്തു ചെല്ലുവാൻ തുടങ്ങി ഇരുത്തിങ്ങിയ മരങ്ങളൊടും തിണ്ടുകളുടെ
ഉയരം നിമിത്തവും ഭയമുള്ള കാഴ്ചകൾ തന്നെ എന്ന് അൾബുകെൎക്ക് പറഞ്ഞതു അവൻ ക
രുതാതെ പിരഞ്ഞു ചെന്നപ്പൊൾ നല്ലൂക്കൊക്കാ പട്ടണത്തെയും പെണ്ടികളും പിള്ളരും നിറ
ഞ്ഞ സ്രാമ്പിയെയും ഭസ്മമാക്കി കുഞ്ഞുന്നം ചെകവരെ കൂട്ടി കൊണ്ടു വയസ്സെറിയ ബ
സുവിന്റെ പിന്നാലെ വളരെ ചെല്ലുകയും ചെയ്തു -

ഉച്ചക്കു മുമ്പെ തന്നെ കുതിഞ്ഞോ കൊവിലകത്തെ തിത്തത്തിൽ കാണുന്ന നായ്ക്കൂ
ന്മാരെ പൊരുതു നിക്കി അതു കണ്ടു ഉടനെ പറങ്കികൾ മുറി തൊറും വാഞ്ഞു കയറി പുരാണനി
ധികളെയും രത്നമയമായ ബിംബങ്ങളെയും രാജചിഹ്നങ്ങളെയും കവൎന്നു നാനാവിധമാക്കി ക
ളയുമ്പൊൾ - താൻ തളൎച്ച നിമിത്തം വലിയ ശാലയിൽ കിടക്ക വിരിച്ചു ഒനാഴികവരെയു
ശയനിച്ചു കിടക്കുകയും ചെയ്തു - നായന്മാരുടെ കൂക്കൽ അതിക്രമിച്ചു കെട്ട നെരം അവൻ എഴു
നീറ്റു പുറത്തു ആൾ അധികം വരുന്നുണ്ടെന്നു കണ്ടു ചെകവരെ വിളിച്ചു നിരയാക്കുവാൻ തുടങ്ങി
നായന്മാർ അതിന്നു ഇട കൊടാതെ നാലുപുറത്തുനിന്നും ചാടി അമ്പുകളെ പൊഴിച്ചു സ്ഥലപ
രിചയമില്ലാത്ത പറങ്കികളെ മതിലിന്നിന്നു കണ്ടെടത്തു ഒടുക്കുകയും ചെയ്തു - അതിന്റെ ഒച്ച
കെട്ടു അൾബുകെൎക്ക് ബദ്ധപ്പെട്ടു എത്തിയപ്പൊൾ കുതിഞ്ഞോ മുതലായ ൮൦ പറങ്കികൾ പട്ടു

പൊയപ്രകാരം അറിഞ്ഞു തൊറ്റിലാകാം തിക്കിരയാക്കും കണ്ടു ശത്രുക്കൈവശമാകിപ്പൊയ ആയുധ
ങ്ങളെ വീണ്ടെടുപ്പാൻ ഉത്സാഹിച്ചിട്ടും കഴിവില്ല എന്നു കണ്ടു സങ്കടത്തൊടെ മടങ്ങി പൊവാൻ തുടങ്ങി
യിട്ടും കുളത്തൂടെ ചെല്ലുമ്പൊൾ മിക്കവാറും ചുറ്റി കൊറ്റമ്പുകൊണ്ടുതാനും ഒർ ഉണ്ടകൊണ്ടും ഇട
റി ദൈവമാതാവിന്നു ഒന്നാമനെ നന്മകളൊടെ തെന്നടഞ്ഞു പിന്നെ കല്ലേറു കൊണ്ടു മൊഹിച്ചു വീണു
പൊയാറെ ശത്രുക്കൾ അവനെ പരിശമെൽ കിടത്തി കൊണ്ടുപൊയി — കടപ്പുറത്തെത്തിയ
പ്പൊൾ റബെല്ലു കപ്പിത്താൻ വലിയ വെടികളെ പ്രയൊഗിച്ചു നായന്മാരെ അകറ്റി പറങ്കികൾ
പംക്തറായ ശെഷിച്ചവർ എല്ലാവരും കപ്പലെറി കൊഴിക്കൊട്ടെക്കു പൊകയും ചെയ്തു —

നാലാം നാൾ താമൂതിരി പുരത്തിന്റെ ചുവട്ടിൽനിന്നു മടങ്ങിവന്നപ്പൊൾ നാശങ്ങൾ എ
ല്ലാം കണ്ടു കൊത്തുവാളും കമ്മാളർ ഇരുവരും ഇഷ്ടപ്രകാരം കെട്ടു കണ്ണൂർ പാത്രമാപ്പിളമാ
ർ പൊരിൽ പരാക്രമം ഒന്നും കാട്ടായ്കയാൽ അവരെ കൊല്ലിച്ചു പറഞ്ഞു കുതിഞ്ഞൊവെ
താലിച്ചു നായന്മാർക്ക് സ്ഥാനമാനങ്ങളെ കല്പിക്കയും ചെയ്തു —

---

ദൈവം എന്നെ കാണുന്നു —

ഒരു സമയത്ത കളവു ചെയ്യുവരുന്ന ഒരുത്തൻ അയല്ക്കാരന്റെ വയലിൽ ചെന്നു കതിരു
കളെ പറിപ്പാൻ ഒരുങ്ങി വല്ലവരും അവനെ കാണുന്നുണ്ടൊ എന്നു ചുററും നൊക്കിയാറെ
തന്റെ കൂടെ ഇരിക്കുന്ന ൭ വയസ്സുള്ള മകൻ അച്ഛാ ഒരു ദിക്കിലും കൂടെ നൊക്കുവാൻ അ
ച്ഛൻ മറന്നു പൊയി എന്നു ചൊന്നാറെ അച്ഛൻ ഭ്രമിച്ചു — ഏതു ദിക്കിൽ ഞാൻ നൊക്കാ
ഞ്ഞത് എന്നു ചൊദിച്ചപ്പൊൾ മകൻ ദൈവം കാണുന്നുണ്ടൊ എന്നു മെല്പെട്ടു നൊക്കീട്ടില്ലല്ലൊ
എന്നു പറഞ്ഞപ്പൊൾ അച്ഛന്നു മനസ്സിൽ കുത്തൽ ഉണ്ടായി കതിരൊന്നും പറിച്ചെടുക്കാതെ
പൊയി. ദൈവം എന്നെ കാണുന്നു. എന്നും എപ്പൊഴും ഒർത്തു തന്റെ വ്യാജപ്രവൃത്തികളെ
ക്കുറിച്ചു ഉപെക്ഷിച്ചു — അപ്രകാരം നമ്മളും ചെയ്യുന്ന പ്രവൃത്തികളിൽ ഒക്കെയും ദൈവം നമ്മെ
കാണുന്നു എന്നു ഒർത്താൽ വെഗം പാപത്തിൽ ഉൾപ്പെട്ടുവാൻ ഇടയുണ്ടാകയില്ല നി
ശ്ചയം. ——

---

*F. Müller Editor.*

# പശ്ചിമോദയം

നമ്പ്ര ഒന്നിന്ന | ഒരു പൈസ്സവില.

കൊ.വ. ൧൦൨൩ | തലശ്ശെരി | ൧൮൪൭ നം. സപ്തെമ്പ്ര


## ഭൂമിശാസ്ത്രം

### ഭാരതഖണ്ഡം

### ൯. മദ്ധ്യഖണ്ഡം

മരുവാടരാജ്യത്തിന്റെ വടക്കെ അതിരിൽ ഉളള പ്രസിദ്ധദെശം ബഹാവല്പൂർ സിന്ധിരാജ്യങ്ങളോളം പരന്ന പുഴയും മലയും ഇല്ലാത്ത മരുഭൂമിക്കിൽ വസിച്ചുവരുന്ന ഭട്ടിക്കാരുടെ രാജ്യം ആകുന്നു- അതിനെ കുറിച്ചു വളരെ പറവാൻ ഇല്ല ഉല്പത്തികളും നിവാസികളും ദശാന്തരത്തെപോലെ ഉത്തരവരുന്നു- വൎഷകാലത്തിൽ മാത്രം ദെശത്തിൽ ചില അംശങ്ങൾ പച്ചയായിരിക്കുന്നു ഉഷ്ണകാലത്തിൽ രാജ്യമെല്ലാം ഒരു ഭെദം കൂടാതെ വറണ്ടുകിടക്കും- കാട്ടുമൃഗങ്ങളും കൂടെ അവിടെ ഇല്ല നിവാസികൾ ദുഷ്ടന്മാർ ആകകൊണ്ടു രാജ്യത്തിൽ നടക്കുന്നവൎക്കെ തൊഴിലുകളും കച്ചവടവും ദുൎല്ലഭമത്രെ- പ്രസിദ്ധപട്ടണത്തിൽ ൨൦൦൦൦ വീടുകളും ഏകദെശം ൬൦൦൦൦ നിവാസികളും ഉണ്ടെന്നു കെൾക്കുന്നു- ഭുജകൂടാരത്തിൽ അധികം എനങ്ങൾ രാജ്യത്തിൽ ഇല്ല രാജാവിന്റെ വരവു സംവത്സരത്തിൽ ൫ ലക്ഷം ആകിരിക്കും—

രാജ്യത്തിന്റെ വടക്കെ അതിരിൽ ഭട്ടനെർ എന്നൊരു ഇടവക ചില നഗരങ്ങളോടും കൂടെ താണരാജസ്ഥാനത്തിന്റെ വടക്കെ അതിരായി കിടക്കുന്നു- പ്രധാനപട്ടണത്തിന്റെ പെരും ഭട്ടനെർ തന്നെ- ഈ രണ്ടു രാജ്യങ്ങളിൽ പ്രവെശിപ്പാൻ ചില ഇങ്ക്ലിഷ്കാൎക്ക മാത്രം സംഗതി വന്നതുകൊണ്ടു അവറ്റിന്റെ വിവരം ഒക്കയും ഇതുവരയും തെളിഞ്ഞുവന്നില്ല മരുഭൂമിയുടെ ഭാവം രാജ്യങ്ങൾക്കും പട്ടണങ്ങൾക്കും നിവാസികൾക്കും പറ്റിയതെന്നെ അറിയുന്നുള്ളു-

അമരകൊട്ട ജയസല്മീർ പുഷ്കർ എന്നീ സംസ്ഥാനങ്ങൾ മരുവാടരാജ്യത്തിന്റെയും സിന്ധുനദിയുടെയും നടുവിലെ മഹാവനപ്രദെശത്തിന്റെ അംശങ്ങൾ ആകുന്നു ഇതിൽ വടക്കുള്ളതു അമരകൊട്ട തന്നെ ഇങ്ക്ലിഷ്കാൎക്ക അവിടെ ചെന്നു ദെശവിവരം അറിവാൻ എന്നെക്കും സംഗതി വരായ്കകൊണ്ടു ആ വനതരുക്കളുടെ അവസ്ഥ എക

ങ്ങിനെ പറകെണ്ടു - ൧൮൧൯. ക്രി. അ. ഭൂകമ്പം ഉണ്ടായിട്ടും - ൧൮൧൯ - ആമതിൽ സിന്ധുനദി കവിഞ്ഞതിനാലും രാജ്യത്തിന്നു വളരെ നാശം സംഭവിച്ചു എന്നു കെൾക്കുന്നു —

അവിടെ തന്നെ തെക്കൊട്ടു മരുഭൂമിയുടെ നടുവിൽ തന്നെ ജയസല്മീർ രാജ്യം ദ്വീപാകാരമായി പൂഴിക്കിൽ നിന്നു പൊങ്ങി നില്ക്കുന്നു - ആ രാജ്യത്തിലും ഒരു പുഴ ഇല്ലായ്കകൊണ്ടും മഴ ദുൎല്ലഭമായി വെക്കകൊണ്ടും കൃഷി നടത്തുവാൻ ബഹു പ്രയാസം കുടിപ്പാൻ പൊലും വെള്ളം കിട്ടെണ്ടതിന്നു നാട്ടുകാർ ൩൦൦ - ൪൦൦ - അടി ആഴമുള്ള കിണറുകളെ കുഴിക്കെണ്ടി വരുന്നു - മൃഗങ്ങളും നാട്ടിൽ ചുരുക്കമെ ഉള്ളു പകൽ ഉഷ്ണവും രാത്രിയിൽ ശൈത്യവും മനുഷ്യരിലും മൃഗങ്ങളിലും അസഹ്യം തന്നെ - ഏകദെശം ൩൦൦ നഗരങ്ങളിലും ഗ്രാമങ്ങളിലും ൩ ലക്ഷം നിവാസികൾ വസിച്ചു വരുന്നു രാജധാനിയായ ജയസല്മീർ പട്ടണത്തിൽ ൩൦൦൦൦ നിവാസികളെ ഉള്ളു പിക്കാലത്തിൽ ൨൦൦൦൦ ഉണ്ടായിരിക്കും ദെശദുഷ്പ്രാപ്തി നിമിത്തവും കൊയ്മയുടെ ക്രൂരത നിമിത്തവും ദാരിദ്ര്യം എങ്ങും പരന്നിരിക്കുന്നു —

പക്കൂർ എന്നൊരു ചെറിയ രാജ്യം ഏകദെശം ൫൦൦ ചതുരശ്ര യൊജന വിസ്താരമായി ൧൦൦൦൦൦ നിവാസികളൊടു കൂട കച്ഛ ചെറു പ്രദെശത്തിന്റെ വടക്കെ അതിരിൽ കിടക്കുന്നു - ഈ ചെറു രാജ്യത്തിലുള്ള നഗരങ്ങളും ഗ്രാമങ്ങളും ചുരുക്കമെ ഉള്ളു പരശുനാഥ വിരവാപ്പുമതിലായ സ്ഥലങ്ങൾ പ്രധാനം —

## ൨. കച്ഛ ദെശവും അതിലെ നിവാസികളും

കച്ഛ ദെശത്തിന്റെ അതിരുകൾ കിഴക്കും വടക്കും താണ രാജസ്ഥാനെൻറ തെക്കെ അതിരിൽ വിസ്തീൎണ്ണമായി കിടക്കുന്ന ചെറു പ്രദെശം - തെക്കെ കച്ഛ ഉൾക്കടൽ - പടിഞ്ഞാറ സിന്ധുനദി എന്നിവ തന്നെ - ദെശത്തിന്റെ നീളം ഏകദെശം ൩൦ കാതം വീതി ഏകദെശം ൧൫ കാതം - കിഴക്കും വടക്കുമുള്ള അതിരുകൾ ഉഷ്ണകാലത്തിൽ പൂഴി പ്രദെശമായും വൎഷകാലത്തിൽ കടലിന്നു സമമായും വെള്ളം നിറഞ്ഞു കിടക്കകൊണ്ടു ആ നാടു ഏകദെശം ഒരു ദ്വീപിന്നു സമമായി ഭാരതഖണ്ഡത്തിൽ നിന്നു വെർപ്പെട്ടു കിടക്കുന്നു - പടിഞ്ഞാറു നിന്നു കിഴക്കൊട്ടു നാട്ടുനടുവെ നീണ്ടു കിടക്കുന്ന മലകളുടെ അവസ്ഥയെ കൊണ്ടും കൂടക്കൂട ഭൂകമ്പം നാട്ടിൽ ഉണ്ടായ സംഗതികളാലും ദെശം എല്ലാം കെട്ടുപൊയ ഒരു അഗ്നിപൎവ്വതത്തിന്നു സമം എന്നറിയാം - മലകളുടെ നടുവിലെ താഴ്വരകളിൽ കൃഷിക്കും മെയ്ക്കുന്നതിന്നു മാത്രം പറ്റുക കൊണ്ടു നാട്ടുകാൎക്കു കൃഷി അല്ല ഗൊരക്ഷ തന്നെ പ്ര

ധാനം - നദികൾ ചുരുക്കം ഉള്ളവ തന്നെ ഉഷ്ണകാലത്തിൽ മിക്കതും വറ്റിപ്പോകുന്നു - കുടി
ക്കാൻ വെള്ളത്തിന്നു ൫൦ - ൬൦ അടി ആഴത്തോളം കുഴിക്കേണം - നിവാസികൾ മിക്കവാ
റും ഹിന്തുമാൎഗ്ഗവും ഇസ്ലാമും കലൎന്നനുസരിക്കുന്ന രജപുത്രരാകുന്നു - രാജാവു കറാർ
പ്രകാരം ഇങ്ക്ലീഷ്കാൎക്കു വൎഷം തോറും ഏകദേശം ൯ ലക്ഷം ഉറുപ്പിക കപ്പം കൊടുത്തും ഇ
ങ്ക്ലീഷ് പട്ടാളങ്ങളെയും സ്ഥാനികളെയും രാജ്യത്തിൽ പാൎപ്പിച്ചും വരുന്നു - നിവാസികളുടെ സം
ഖ്യ ഏകദേശം മൂന്നര ലക്ഷം - പെൺകുട്ടികളുടെ വധം മുതലായ ദോഷങ്ങൾ അവൎക്കു നടപ്പാ
കുന്നു - കച്ശ ദേശത്തിൽ വലിയ പട്ടണങ്ങളെ ദുൎല്ലഭമായിട്ടത്രെ കാണുന്നു - പ്രധാനപ
ട്ടണത്തിന്റെ പേർ ഭുജ് എന്നാകുന്നു - രാജാവിന്റെ വാസം അവിടെ തന്നെ - ഇങ്ക്ലീ
ഷ് പട്ടാളം നഗരസമീപത്തിങ്കൽ പാൎക്കുന്നു - ചുറ്റുമുള്ള ദേശം എല്ലാം പൂഴിസ്ഥലമാകകൊ
ണ്ടും സംവത്സരത്തിൽ ൯ മാസം മഴയില്ലാക്കകൊണ്ടും സസ്യാദികളും അവിടെ ഇ
ല്ല - നല്ല വെള്ളത്തിന്നും പലപ്പോഴും ക്ഷാമം ഉണ്ടു - നിവാസികളുടെ സംഖ്യ ഏകദെ
ശം ൨൦൦൦൦ - ൧൮൧൯ാമതിൽ ക്രി. അ. ഭൂകമ്പം ഉണ്ടായിട്ടു പട്ടണം മിക്കതും ഇടിഞ്ഞു നശിച്ചു
പോയി - ഏകദേശം ൯൦ കാതം വഴി തെക്കു പടിഞ്ഞാറൊട്ടു കടപ്പുറത്തു തന്നെ മന്താ
വി പട്ടണം - ചുറ്റും തെങ്ങ് മുതലായ വൃക്ഷങ്ങൾ നിറഞ്ഞു കിടക്കുന്നു - തുറമുഖം വെള്ളത്തി
ന്റെ ആഴം പോരാഞ്ഞിട്ടു വലിയ കപ്പലുകൾക്കു അണഞ്ഞു നില്പാൻ പാടില്ല - വിലാത്തി
ക്കാൎക്കു ആ പട്ടണത്തിൽ സുഖവാസവുമില്ല - വൎഷകാലം കഴിഞ്ഞിട്ടു ഉഷ്ണകാറ്റു വീശുക
കൊണ്ടു പനി മുതലായ ദീനങ്ങൾ നിത്യം അവിടെ ഉണ്ടു - നിവാസികൾ മുഖ്യമായി ചെയ്യു
ന്ന പണി കപ്പൽ വേല തന്നെ അവരുടെ സംഖ്യ ൫൦൦൦൦ ദേശത്തിന്റെ പടിഞ്ഞാറെ അതി
രിലെ കടപ്പുറത്തു കിടക്കുന്ന ലക്കപുത് പട്ടണത്തിൽ ൧൫൦൦൦ നിവാസികൾ ഉണ്ടു - ശെ
ഷം നഗരങ്ങൾ എല്ലാം ൫൦൦൦ നിവാസികൾ ഉള്ളവയത്രെ -

൬. ഗുൎജ്ജരം എന്നും കട്ടിവാട് എന്നും പേരുള്ള അൎദ്ധദ്വീപു -

കച്ശി അൎദ്ധദ്വീപിന്റെ വിസ്താരം നിരൂപിച്ചാൽ ഗുൎജ്ജരത്തിന്നു സമമാകിലും ദേശ
ങ്ങളുടെ അവസ്ഥ ഏകദേശം ഒരുപോലെ ആകുന്നു - കച്ശി കാമ്പായ എന്ന കടലുകളും ഹിന്തുസമു
ദ്രവും സവൎമ്മതി പുഴയും കച്ശ ദേശത്തിന്റെ വടക്കെ അതിരിൽനിന്നു കിഴക്കൊട്ടു നീണ്ടു കിടക്കുന്ന ച
തുപ്പുഭൂമിയും കട്ടിവാട അൎദ്ധദ്വീപിന്റെ അതിരുകളാകുന്നു - വടക്കെ അതിരുകൾ മിക്കതും താണ
നാട്ടുകളാക കൊണ്ടു വൎഷകാലത്തിൽ പലപ്പോഴും വെള്ളം വൎദ്ധിച്ചു ദേശത്തിന്നു ഒരു ദ്വീപിന്റെ

ആകൃതിവരുത്തുന്നു- അദ്ദ്വീപിന്റെ നടുവിൽ പൂർവ്വപശ്ചിമമായി നീണ്ടുകിടക്കുന്ന മലകളി
ൽനിന്നു ഒരൊരൊ ദിക്കിൽ ഒഴുകുന്ന പുഴകൾ നാട്ടുടെ ഒഴുകി വെള്ളം എങ്ങും മതിയാവൊളം പരത്തു
കയാൽ ദെശം മിക്കവാറും കൃഷിഭൂമി തന്നെ ആകുന്നു ഇങ്ക്ലിഷ്കാർ മരാട്ടികളുടെ ഐശ്വ
ര്യം മുടിച്ചിട്ടു ആയതിനെ സ്വരാജ്യത്തൊടു ചെർക്കാതെ ബറൊദയിൽ വാണുകൊണ്ടിരിക്കു
ന്ന ഗൈക്കവാട എന്ന രാജാവിന്റെ ശാസനക്കീഴ് ഏല്പിച്ചതുകൊണ്ടു ഉള്ള ഒരംശം
വിവരം സ്പഷ്ടമായി അറിവാൻ വിഷമം താനും നിവാസികളുടെ സംഖ്യയും അറിയുന്നി
ല്ല അവർ മിക്കവാറും രജപുത്രർ ആകുന്നു- ചിലടിക്കു ചില ചെറിയ മുസൽമാൻ രാജാക്ക
ളും പാത്രം ഒരൊ ഇടവകകളെ ഭരിച്ചുവരുന്നു- ദെശം ൩ അംശമാക്കി വിഭാഗിച്ചുകിടക്കു
ന്നു നടു അംശത്തിന്റെ പെർ സൊരാഷ്ട്രം- അതിൽ മിക്കതും മലനാടു തന്നെ മുഖ്യമായ പട്ടണ
ത്തിന്റെ പെർ ജൂനഗരം- ആ അംശത്തിന്റെ കിഴക്കെ അതിരിൽ കാമ്പായ ഉൾകടപ്പു
റത്തു തന്നെ ബബ്രിയവാട് എന്ന പെരുള്ള ഖണ്ഡം പരന്നുകിടക്കുന്നു അതിലെ നിവാസിക
ൾ ക്രൂരന്മാരും മടിയന്മാരും ആകകൊണ്ടു ദെശം മിക്കവാറും കാടു തന്നെ പുലി- മാൻ മുത
ലായ മൃഗങ്ങൾ എങ്ങും നിറഞ്ഞിരിക്കുന്നു- പ്രധാനസ്ഥലത്തിന്റെ പെർ ജാഫ്രാബാദ്
അതു കടപ്പുറത്തിരിക്കകൊണ്ടു ഉത്തമമുഖം അവിടെ ഉണ്ടു- ആ അംശത്തിൽ പണ്ടു പ
ത്രയും കീർത്തിതമായ സൊമനാഥക്ഷെത്രം ഉണ്ടായിരുന്നു ഇപ്പൊൾ ഒന്നുമില്ല ചില ശെ
ഷിപ്പുകളെ കാണുന്നുള്ളു- അദ്ദ്വീപിന്റെ തെക്കെ പടിഞ്ഞാറെ അംശത്തിന്നു ജഗ
ദ്വാരം എന്ന് പെർ അതിൽ മിക്കവാറും താണഭൂമി തന്നെ എന്നിട്ടും മണ്ണു പൊരാക്കയാൽ
കൃഷിക്കു കൊള്ളുന്നില്ല പ്രധാനപട്ടണം കടപ്പുറത്തുള്ള പൊർബന്തർ തന്നെ- ദെശത്തിന്റെ
പടിഞ്ഞാറെ അതിരിൽ ദ്വാരകാക്ഷെത്രം ഇപ്പൊഴത്തെ സൊമനാഥപുരമായി ശൊഭി
ക്കുന്നു-

അദ്ദ്വീപിന്റെ പടിഞ്ഞാറെ അറ്റത്തു ഒക്കമണ്ഡലം എന്ന് പെരുള്ള അം
ശം ഏകദെശം മറ്റെ രാജ്യത്തൊടു സംബന്ധമില്ലാതെ കിടക്കുന്നു വിശിഷ്ടപട്ടണങ്ങ
ളില്ല-

വടക്കെ അംശങ്ങൾ നാലും ഒക്കമണ്ഡലത്തിൽനിന്നു വടക്കിഴക്കൊട്ടു കച്ഛ് കടപ്പു
റത്തൊടെ നീണ്ടുകിടക്കുന്നു- ഹല്ലാട് എന്ന പെരുള്ള അംശം ഒക്കമണ്ഡലത്തിന്നു അതിരാ
കുന്ന കൃഷിഭൂമി ആകുന്നു- അതിൽ നവനഗരം എന്ന കച്ചവടസ്ഥലം പ്രധാനം- അതി

ന്റെ കിഴക്കെ അതിരിൽ മയിസൂർഖണ്ഡം ഏറ്റം പെരുത്തുള്ള ശ്രീരംഗപട്ടണത്തൊടു കൂടെ
ക ദെശം പാഴാക്കി കിടക്കുന്നു - കിട്ടിവാട എന്ന നാട്ടുദെശം നഗരങ്ങളില്ലാതെ പാറയും കാ
ടും ഉള്ള നാടായിക്കിടക്കുന്നു - രാജ്യത്തിന്റെ വടക്കെ അറ്റത്തുള്ള ജില്ലകൾ വട്സകായത്തം
ശങ്ങളിൽ വിശെഷമായത കൃഷിയും കച്ചവടവും അതിൽ പുഷ്ടിയൊടെ നടക്കുന്നു - ക
മ്പായ ഉൾക്കടലുടെ പടിഞ്ഞാറെ കരയിലുള്ള ഗൊഷിൽവാട എന്ന നാട്ടിൽ മുഖ്യമാ
യത ഏക ദെശം ഒരു കാതം വിസ്താരമുള്ള മാമരക്കാടു തന്നെ - പ്രധാനപട്ടണത്തി
ന്റെ പെർ ഭ്രുനഗരം —

# കെരളപ്പഴമ

## ൮൧. അല്ബുകെൎക്ക ഗൊവാനഗരത്തെ അടക്കിയതു —

കുതിഞ്ഞൊ മരിച്ചതിനാൽ അല്ബുകെൎക്ക മഹാകാര്യവിചാരി ആയി ശെഷിച്ചിരിക്കെ പൊൎത്തു
ഗാലിൽ ഉള്ള വകക്കാർ എല്ലാം പറയും എന്നു വിചാരിച്ചുകൊണ്ടിരിക്കുമ്പൊൾ കത്ത
എഴുതി അവൎക്ക നാണം വരുത്തിയാൽ പൊരാ കീൎത്തിയുള്ള വൈഭവം തന്നെ സാരം എ
ന്നു എന്നെ വെച്ചു മുറിക്കുള്ള ഭെദം വന്നപ്പൊൾ പൊൎത്തുഗീസ പരിഭവം വിട്ടു മുസല്മാനരു
ടെ പന്തരണ്ടക്കണം എന്നു കണ്ടു ൨൩ കപ്പലുകളെ ചെൎത്തു മതിയാവൊളം പട
ജ്ജനങ്ങളെയും കരെറി ഒരൊരൊ രാജാക്കന്മാർ നിയൊഗിച്ചു വന്ന മന്ത്രികളെ
കണ്ടു കുശലവാക്കുകളെ കൊട്ടു മാനിച്ചു പറഞ്ഞയച്ചു ശെഷം കൊച്ചിയിൽനിന്നു പു
റപ്പെട്ടു വടക്കൊട്ടു ഓട്ടുകയും ചെയ്തു - (ജനു. ഫെബ്രു) - പിന്നെ കിണറ്റിൻകരയിലെ മ
ഞ്ജുതറ മുഖത്തെത്തിയപ്പൊൾ ഹൊനാവരിൽനിന്നു തിമ്മൊജി പ്രഭു വന്നു കണ്ടു ക
ച്ചവടവും കപ്പലൊട്ടവും ഇവിടെ നല്ലവണ്ണം നടക്കുന്നുവൊ എന്ന ചൊദ്യം ചെയ്കയാറെ
ഗൊവയിലെ മുസല്മാനരുടെ ഉപദ്രവിരൊധം ഹെതുവായിട്ടു ഇവിടെ സൌഖ്യമുള്ള
സ്ഥലം ഒന്നും എനിക്കറിഞ്ഞില്ല - ഇതെല്ലാം ഗയം എന്നു ചൊല്ലിയതിന്നു അല്ബുകെൎക്ക പറ
ഞ്ഞു നാം പൊൎത്തുഗലിന്റെ നെരെ തന്നെ ചെല്ലുന്നു എന്നു ചൊന്നപ്പൊൾ തിമ്മൊജി മന്ദ
ഹാസത്തൊടെ പറഞ്ഞു അങ്ങ് കരത്ത് തന്നെ കിട്ടുവാനുള്ള തുല്യരമെന്തിരുന്നാൽ സാരമൊ -
ഞാൻ ചൊല്ലുന്നതു കെട്ടാലും - പൊൎത്തുഗൽ നല്ലതു തന്നെ - ഗൊവാദ്വീപൊ അവിടെ
ദെശവിശെഷം അധികം ഉണ്ടു ദാബൂലെ നിങ്ങൾ ഭസ്മമാക്കിയതിന്നു സബായി എറെ
വും ചിറികപ്പലും പടയും ഒരുക്കുവാൻ ഉത്സാഹിച്ചുകൊണ്ടിരിക്കിൽ പരിഭവിച്ചു മറ്റ)

ച്ചിരിക്കുന്നു- അവൻ വരുത്തിയതക്ക് വെള്ളക്കാർ പലരും ഉണ്ടു അധികം വരെണ്ടതും ഉണ്ടു- അവന്റെ മകനായ ത്രങ്ങിൽ ഖാൻ എന്നവൻ- ഇവന്റെ വാഴ്ചക്കു ഇന്നെവരെ നല്ല ഉറപ്പു വന്നിട്ടില്ല- സിംഹവന്മാരുള്ള നാട്ടിൽ മത്സരങ്ങൾ ജനിച്ചു ഇതങ്ങളിലും ഒരൊരൊ ദിക്കുകൾ ഉണ്ടു എന്നു കെൾക്കുന്നതു കൊണ്ടു വെക്കാതെ ചെന്നു നെരിട്ടാൽ ജയിക്കാം എന്നതെ ഉള്ളു—

ഈ വക പലതും കൊട്ടാരെന്ദ്ര്യക്കെക്ക് സംശയം എല്ലാം വിട്ടു ഇത്ര തന്നെ വെണ്ടത് എന്നു ചൊല്ലി കാഴ്ക്കെ തന്നിശ്ചയിച്ചപ്പൊൾ സമയം അവനൊടു കൂട പുറപ്പെട്ടു അട്ടക്കു ഇനിയൊരു പട എന്ന ദിക്കിൽ കൊട്ടയെ വളഞ്ഞു പൊരുതു പിടിച്ചു— ഉടനെ ഗൊവക്കുടെ ത്രിക്കിലും എത്തിയാറെ ഞങ്ങളിൽ ഖാൻ അന്നൊരു വാഗാമിൽ ചെന്നിരിക്കയാൽ ബലവന്നില്ലാതെ സാഗരക്കാർ അല്പം മാത്രം എതിർത്തിന്നു കുറയജനം പട്ടു പൊയ ശെഷം അഭയം വിളിച്ചവർ രാജ്യ വിടാകും ചെയ്തു- അപ്പൊക്ക് കരെറിയ പറങ്കികളെ തിരക്കാതിരുന്നത് കൊണ്ടു ആമിയക്കിശിനെ പ്രദക്ഷിണ സമ്പ്രദായപ്രകാരം മുന്നിട്ടു നടത്തി നഗരപ്രവെശം കഴിക്കയും ചെയ്തു- ൧൮൪൭- ഫെബ്രുവരി- ൧൭-

ഈ ദിക്കിന്റെ മുമ്പെ സിസ്ട്രഭാർ (മുന്ത്രപറമ്പ) എന്ന പെർ ഉണ്ടായിരുന്നു- നരസിംഹരായരുടെ വാഴ്ചകാലം ഹൊനാവരിൽ ഉള്ള മാപ്പിള്ളമാർ ഒരിക്കൽ മത്സരിച്ചിട്ടു അവിടെ ഉള്ളവരെ ഒട്ടൊഴിയാതെ കൊല്ലെണം എന്നു കല്പനയായി- ൧൫൭൦– പലരും മരിച്ചശെഷം ഒരു കൂട്ടം തെററിപ്പൊയി ഇങ്ങൊവരുത്തിക്കിൽ തന്നെ വാങ്ങിപ്പാർത്തു കൊട്ട കെട്ടി ഇരിച്ചു സബാക്കി മുതലായ വെള്ള മുസല്മാനരെയും നായന്മാരിൽ ലവിരരെയും ഭൃത്യരെയും ചെർത്തു കൊണ്ടു കടല്പിടി നടത്തി വെണ്ടുവൊളം വർദ്ധിച്ചിരുന്നു- തുറമുഖം വഴിയ കപ്പലുകൾക്കു മഴക്കാലത്തും എത്രയും വിശെഷം- ബൊംബായിക്കല്ലാതെ അത്ര നല്ല മുള്ളന്തുഴി മുഖം ഇന്ദ്യഭാഗത്താറെ കടപ്പുറത്തു എങ്ങും കാണ്മാനില്ല- അതുകൊണ്ടു അപ്പൊക്ക് പ്രവെശിച്ച സമയം കൊള്ളപ്പെടികൾ ഉണ്ടാക്കി- രായക്കും മററും വിശ്ലെഷിക്കുന്ന കുതിരകളെ അധികം കണ്ടു— ഈ പറങ്കികൾക്കു ഇത്ര തന്നെ മൂലസ്ഥാനമാക്കിക്കൊണ്ടു എന്നു അപ്പൊക്ക് നിശ്ചയിച്ചു ഉറപ്പിപ്പാൻ വട്ടം കൂട്ടുകയും ചെയ്തു—

F. Muller, Editor.

# പശ്ചിമോദയം

നമ്പ്ര ഒന്നിന്നു ഫെബ്രുവരിയില

൧൦.൧ നമ്പ്ര തലശ്ശെരി ൧൮൫൦. ആമത ആണ്ടു


## ഭൂമിശാസ്ത്രം

### ഭാരതഖണ്ഡം

### ൩.൧ മദ്ധ്യഖണ്ഡം

൫., ബൊമ്പായിമുതലായ ചെറുതുരുത്തികളുടെ അവസ്ഥ-

ഗുജരാം കമ്പായക്കടൽ തപതി നൎമ്മദാനദികളുടെ അഴിമുഖം മുതലായ ദിക്കുകളിൽ നിന്നു കന്യാകുമാരിയോളം തെക്കോട്ടു കിടക്കുന്ന കടപ്പുറത്തിന്നു സമീപമുള്ള തുരുത്തികൾ ചുരുക്കമെയുള്ളു വിവരിപ്പാനുള്ളവ സുരാഷ്ട്രം-കൊങ്കണം എന്നിരണ്ടു നാട്ടുകൾ തമ്മിൽ ചെന്ന ദിക്കിൽ നിന്നു അല്പം പടിഞ്ഞാറെ ഒട്ടു കടൽകരസമീപത്തു പൊങ്ങികിടക്കുന്ന ബൊമ്പായി-കരിപുരി-ശ്രീസ്ഥാനം എന്നിമ്മൂന്നു തന്നെ- അതിൽ വിശെഷമാകുന്ന ബൊമ്പായി തുരുത്തി അതിന്നു പതിനാറാം ക്രൊശൽ ഉള്ളു മല-പുഴ ഇത്യാദികളുടെ അവസ്ഥ പറവാനില്ല ൧൫൩൦ ക്രി. അ. പൊൎത്തുഗീസർ ആ തുരുത്തിയെ കൈവശമാക്കി ഒരു കോട്ടയെ പണിയിച്ചു തുടങ്ങി എങ്കിലും അവരുടെ കാലത്തിൽ എല്ലാം അവിടെ നിന്നു ഒറ്റദൂരമില്ലാത്ത ഗൊവ പട്ടണം മുഖ്യമാക്കി ശൊഭിക്ക കൊണ്ടും ബൊമ്പായി തുരുത്തിയിൽ വരെ ചെറിയ ഒരു കിഴിനാട്ടു ഉണ്ടാക നിമിത്തം വിലാത്തിക്കാൎക്ക സുഖവാസമില്ലായ്ക കൊണ്ടും അവർ ൧൬൬൨ ക്രി. അ. അതിനെ ഇങ്ക്ലിഷ് രാജാവിന്നു കൊടുത്തു കളഞ്ഞു അതിൽ നിന്നു ഒരു പ്രയൊജനം ഉണ്ടാകയില്ല എന്നും അതിനൊട്ടു സംബന്ധിച്ചു വിലവും വെണ്ടാ എന്നും വെച്ചു രാജാവ് കുമ്പിഞ്ഞിസൎക്കാൎക്ക ആയതിനെ എല്പിച്ചു കൊടുത്തു- അവർ ഭാരവടക്കുപടിഞ്ഞാറെ സംസ്ഥാനത്തിന്നു ആ തുരുത്തി പ്രധാനസ്ഥലമാക്കിക്കൊള്ളാം എന്നു വിചാരിച്ചു ഗവൎന്നർ മുതലായ സ്ഥാനികളെ അതിൽ അയച്ചു പാൎപ്പിച്ചു- അന്നു മുതൽ ആ ദെശത്തിന്റെ വിശെഷതം സ്പഷ്ടമാകി കാണ്മാൻ സംഗതി വന്നു- ഇങ്ക്ലിഷ്കാർ അത്യന്തം പ്രയത്നം കഴിച്ചു ക്രമത്താലെ ആ കിഴിനാട്ടും നികത്തി ചളികളഞ്ഞു കാടും വെട്ടി ആ സ്ഥലം എല്ലാവൎക്കും സുഖവാസത്തിന്നു യൊഗ്യമാക്കിയതുമല്ലാതെ വിശെഷമായ തുറമുഖം അവിടെ ഉണ്ടാകകൊണ്ടു ബൊമ്പായി തുരുത്തി ഇപ്പൊൾ വടക്കുവടത്തിന്നും കപ്പലൊട്ടത്തിന്നും ഒരു പ്രധാന

സ്ഥലമാക്കിയിരിക്കുന്നു- ബൊംബായിപട്ടണത്തിലെ നിവാസികളുടെ സംഖ്യ ഇപ്പൊൾ ൧ല ക്ഷത്തിന്റെ താഴെ അല്ല- അവരിൽ ഏകദെശം ൫൦ലക്ഷം ഹിന്തുക്കൾ- ൨൫൦൦൦ മുസല്മാനർ ൫൦൦൦ പൊൎത്തുഗീസക്രിസ്ത്യാനർ ൫൬൦൦൦ പാൎസിക്കാർ ൪൦൦ യെഹൂദന്മാർ ൨൫൦൦ ഇങ്ക്ലീഷ്പട്ടാളക്കാർ ൫൪൦൦ ഇലയാനം ഇങ്ക്ലീഷ്സൎക്കാർസ്ഥാനികളും കുറെ പ കച്ചവടക്കാരും മറ്റും ഉണ്ടായിരിക്കും അതല്ലാതെ സംവത്സരംതൊറും ഒരൊ സംഗതികൊണ്ടു വന്നുപൊകുന്നവരുടെ സംഖ്യ ൬൦൦൦൦ ആയിരിക്കും മിക്കെപ്പൊഴും ധനവാന്മാർ പാൎസികൾ തന്നെ കപ്പൽപണിയ കച്ചവടം മുതലായ പുഷ്ടിയുള്ള വൃത്തികൾ മിക്കതും അവരുടെ കൈക്കൽ തന്നെ ആകുന്നു- ഇങ്ക്ലിഷ്ക്കാർ ഒരൊ വിധം വിദ്യാസംഘങ്ങളെ സ്ഥാപിച്ചതുമല്ലാതെ പലവാതിലും അങ്ങ ഇടെ പാൎത്തു സുവിശെഷ പ്രകടനത്തിന്ന അനെകം എഴുത്തുപള്ളികളിൽ കുട്ടികളെ പഠിപ്പിക്കെ പലപുസ്തകങ്ങളെയും മരാട്ടിമുതലായ ഭാഷകളിൽ പകൎത്ത അച്ചടിക്ക ഒരൊ യാത്രകളിൽ വായിപ്പാൻ ദൈവവചനം പ്രസംഗിച്ചു നിവിതാക്കാൻ അനെകപലപ്രയത്നവും ചെയ്തുകൊണ്ടിരിക്കുന്നു- തുരുത്തിയുടെ വടക്കെ ഭാഗത്ത കിടക്കുന്ന മഹീം നഗരത്തിൽ പാൎക്കുന്നവർ മിക്കതും പൊൎത്തുഗീസർ തന്നെ-

ബൊംബായിക്ക സമീപമുള്ള ഗരിപുരി തുരുത്തിയിൽ പൂൎവ്വകാലത്ത പാറയിൽ കൊത്തി ഉണ്ടാക്കിയ ക്ഷെത്രങ്ങളും ബിംബങ്ങളും അല്ലാതെ വിശെഷിച്ചു കാണ്മാൻ ഒന്നുമില്ല-

ശ്രീസ്ഥാനം എന്ന പെരുള്ള തുരുത്തിയുടെ നീളം ഏകദെശം ൩൪ കാതം വീതി ൨൪ കാതം അതു ഒട്ടും ബൊംബായിക്ക ഉത്രെയും സമീപമാകുന്നു- അതിലെ നിവാസികൾ ഏകദെശം ൫൦൦൦൦ അവർ മിക്കതും രൊമക്രിസ്ത്യാനർ പ്രധാനസ്ഥലങ്ങൾ തന്നാ- വസ്സൊവ- ഈ രണ്ടു മാത്രെ—

## ൩. ഗംഗാനദിപ്രവാഹം-

ഗംഗാ യമുനാനദികൾ ഹിമാലയപൎവ്വതത്തിൽ നിന്ന അതിശയ മലകളിലും പാറകളിലും ഗുഹകളിലും കൂടെ തെക്കൊട്ടു പ്രവഹിച്ചു ഹരിദ്വാരം ശഹരണപുരം എന്ന രണ്ടു സ്ഥലങ്ങളുടെ സമീപത്ത വെച്ചു മലപ്രദെശം വിട്ടു ദില്ലിരാജ്യത്തിൽ പ്രവെശിച്ചു ഏകദെശം ൧൦൦ കാതം ദൂരത്തിൽ അകന്നു അല്ലും തെക്കൊട്ടൊഴുകിയ ശെഷം കിഴക്കൊട്ടു തിരിഞ്ഞു അള്ളഹാബാദ പട്ടണത്തിന്റെ അരികിൽ വെച്ചു ൫൦൦ നിവാസിപാനം കാതം വഴി പ്രവഹിച്ചതിന്റെ ശെഷം ഒന്നായി ചെൎന്നു വരുന്നു- യമുനാനദി ചൊട്ടചെറുന്ന പുഴകളൊക്കയും വിസ്താര

പൎവ്വദെശങ്ങളിൽനിന്നുത്ഭവിച്ചു വടക്കൊട്ടു പ്രവഹിച്ചുകൊണ്ടിരിക്കുന്നു- അവറ്റിൽ വിശിഷ്ടമായവ ചൎമ്മണ്വതി- സിന്ധു- വെത്രവതി മുതലായവ. അവറ്റിന്റെ ആയസമ്പത്താൽ പറഞ്ഞുവല്ലൊ- ഗംഗാനദിക്കുള്ള ഉപനദികൾ മിക്കവാറും ഹിമാലയത്തിൽനിന്നുത്ഭവിച്ചു തെക്കൊട്ടു ചെന്നു അതിൽ ചെരുന്നു- വിശെഷമുള്ളവ രാമഗംഗാ- ഗൊമതി- സരയു- ഭവനാശിനി- ഗണ്ഡകി- കൌശികി- തിസ്ത മുതലായവ തന്നെ. ദെവപ്രയാഗത്തിൽനിന്നു കിഴക്കൊട്ടു പണ്ടെത്ത പാടലിപുത്രസമീപത്തുവെച്ചു ബുണ്ടെലഖണ്ഡം എന്ന മലനാട്ടിൽനിന്നുത്ഭവിച്ചു മലകളുടെ വടക്കെ തട്ടൊഴുകി ചെല്ലുന്ന ശൊണാനദിയെയും ചെൎന്നുവരുന്ന മറെറല്ലാ സകല പുഴകളിൽ വിശിഷ്ടമായ ബ്രഹ്മപുത്രനദി തിബെത്ത്- അസ്സാം മുതലായ ഉന്നതദെശങ്ങളിൽ കൂടെ പ്രവഹിച്ചു തെക്കൊട്ടു തിരിഞ്ഞു ബങ്കാളമുതലായ നാട്ടുകളിൽ കൂടി ചെന്നു സമുദ്രത്തിൽ കൂട്ടു ചെരും ഗംഗയുടെ കിഴക്കെ കരെക്കു ചെൎന്നു വരുന്നു- ഇപ്രകാരം അനെകനദികൾ കൂടുന്ന സംഗതിയാൽ ഗംഗാ അത്യന്തം വൎദ്ധിച്ചു ദെവപ്രയാഗത്തിൽനിന്നു കിഴക്കെതെക്കൊട്ടു ബങ്കാളദെശത്തൂട ഒഴുകി അനെകം കൈകളായി പിരിഞ്ഞു ബങ്കാളസമുദ്രത്തിൽ പ്രവഹിച്ചുകൊണ്ടിരിക്കുന്നു- ഉത്ഭവസ്ഥാനം തുടങ്ങി അഴിമുഖത്തൊളം ഏകദെശം ൧൫൦ കാതം വഴിദൂരം ഗംഗാനദി സകല ഉപനദികളൊടും കൂട ഒഴുകിവരുന്ന ദെശത്തിന്റെ വിസ്താരം ഏകദെശം ൨൦൦൦൦ ചതുരക്കാതം ആകുന്നു- ഒരൊവഴിയ ദെശാവസ്ഥ അല്പമെങ്കിലും ഗ്രഹിക്കെണ്ടതിന്നു ഭൂപടത്തിലെ അംശങ്ങളായി ഖണ്ഡിക്കെണ്ടതാകുന്നു-

### ൩.൧ ഗംഗായമുനാനദികളുടെ നടുനാട്ടു-

ഹരിദ്വാരം- ശ്രീരാമപുരം ഈ രണ്ടുപട്ടണങ്ങൾ സമീപം രണ്ടു നദികൾ ഹിമാലയപൎവ്വതം വിട്ടു തെക്കൊട്ടൊഴുകി അല്ലഹാബാദ്പട്ടണത്തിന്നരികെ ഒന്നായി ചെൎന്നു വന്നെന്നു മീത്തൽ പറഞ്ഞുവല്ലൊ- അവറ്റിന്റെ നടുവിലുള്ള ദെശത്തിന്നു ദ്വിനദം എന്ന പെർ വന്നു- അതിന്റെ ആകൃതിയെ കുറിച്ചു വളരെ പറവാനില്ല വടക്കെ അംശം ഒഴികെ ദെശം മിക്കതും താണഭൂമി തന്നെ വെള്ളത്തിന്നു ക്ഷാമമില്ലായ്ക കൊണ്ടും ശീതഭൂമിയായ ഹിമാലയപൎവ്വതത്തിന്നു സമീപമായി കിടക്കുന്നെങ്കിലും അതിന്റെ തെക്കെ അംശങ്ങളിൽ ഉഷ്ണവും വെണ്ടുവൊളം ഉണ്ടാകന്നിമിത്തവും പലവൃക്ഷധാന്യാദികൾ എങ്ങും പുഷ്ടിയോടെ മുളെച്ചുവരുന്നു- ഈ ദ്വിനദവും അതിന്നടുത്ത ദെശങ്ങളും ഹിന്തുശാസ്ത്രത്തിൽ കീൎത്തിച്ചിരിക്കുന്നതെങ്കിലും മുസല്മാനർ സിന്ധുനദിയെ കടന്നു ഭാരതഖണ്ഡത്തിൽ വന്നു ആക്രമിച്ചു നാൾ മുതൽ മഹാക്ഷെത്രങ്ങളുടെ മാഹാത്മ്യവും

ഹിന്തുരാജാക്കന്മാരുടെ അതിശയരാജധാനികളും കണ്ടിട്ടുണ്ടല്ലൊ ഇവരുടെ മതവൈരാഗ്യംകൊ
വഷ്ഠശ്രദ്ധയുദ്ധപരാക്രമം ഇത്യാദികളെക്കൊണ്ടു നശിച്ചു കുരുക്ഷെത്രം-ഹസ്തിനാപുരം-ഇ
ന്ദ്രപ്രസ്ഥം-കന്യകുബ്ജം മുതലായ നഗരങ്ങൾക്കുള്ള തുകളായിരിക്കയും ചെയ്തു-നിവാസികളി
ൽ ആധിക്യം പ്രാപിച്ചവർ ഹിന്തുക്കളല്ല മുസല്മാനർതന്നെ ആകകൊണ്ടു ദെശത്തിന്റെ
ശൊഭയും കുറഞ്ഞു വലിപ്പവും മരുഭൂമിയായ്തീർന്നു- ഇപ്പൊഴത്തെ മുഖ്യമായ പട്ടണങ്ങൾ മി
ക്കവാറും ഗംഗാ-യമുനാനദികളുടെ കരപ്രദെശത്തതന്നെ കിടക്കുന്നു-മീരത്ത്‌മിഹ്രു
പട്ടണംമാത്രം രണ്ടുനദികളിൽനിന്നു സമദൂരവഴിയായി ദെശത്തിന്റെ മദ്ധ്യത്തിൽ കന്യ
കുബ്ജപട്ടണം സമീപത്തു ഗംഗയൊടു ചെന്നുവരുന്ന കാളിപ്പുഴയുടെ അരികിൽതന്നെ കിടക്കുന്നു-
പിയാത്തികൾക്ക് പാർപ്പാൻ നല്ലസ്ഥലമാകകൊണ്ടു ഇങ്ക്ലീഷ്കാർ ചില പട്ടാളങ്ങളെ അവിടെ പാ
ർപ്പിച്ചുവരുന്നു-പട്ടണത്തിന്നു വിശെഷമായൊരലങ്കാരമില്ല-നിവാസികളുടെ സംഖ്യ ഏകദെ
ദെശം ൧൭൦൦൦൦ യമുനാപുഴവക്കത്തുള്ള പട്ടണങ്ങൾ ദില്ലി-മധുര-ആഗ്ര-കല്പി മുതലായവയത്രെ
കുരുരാജാക്കന്മാരുടെ രാജധാനിയായ ഇന്ദ്രപ്രസ്ഥം പണ്ടു ശൊഭിച്ച ദെശത്തു മുസല്മാൻ
കൈസൎമാരുടെ പ്രധാനപട്ടണമായ ദില്ലി എന്ന കൊട്ടാരങ്ങൾ-മുസല്മാൻപള്ളിക
ൾ-വിദ്യാലയങ്ങൾ മുതലായ അതിശയപണികളൊടു കൂടെ ഏകദെശം ൭ചതുരശ്രക്കാതം വി
സ്താരത്തിൽ ൨ലക്ഷം നിവാസികൾക്കു ഇരിപ്പിടമായ്‌ ഉണ്ടായി ഏകദെശം ൧൦൦ സംവത്സരത്തിന്ന
കം പലയുദ്ധങ്ങൾ നടന്ന സംഗതിയാൽ കൂടക്കൂടെ നശിച്ചും പുതുതായി ഉദിച്ചും അത്യലങ്കൃതമാ
യി ശൊഭിച്ചതിന്റെ ശെഷം മഹാരാജ്യം ക്ഷയിച്ചു ഒരൊ ഖണ്ഡങ്ങളായി മരാട്ടി-ഇങ്ക്ലീഷ്
കാർ മുതലായവരുടെ വശത്തിൽ വന്ന നാൾ മുതൽ പട്ടണവും അത്യന്തം താണു അതിശയ
മായ ശെഷിപ്പുകളെക്കൊണ്ടു മാത്രം പണ്ടത്തെ മാഹാത്മ്യം ഇപ്പൊൾ കാണിക്കുന്നതു ഇപ്പൊളു
ള്ള കൈസർ ശുഭനാമവും വലിയ മാസപ്പടിയുമല്ലാതെ കണ്ടുവാഴുന്ന ഒന്നും ശെഷിച്ച
തുമില്ല നിവാസികളുടെ സംഖ്യ ഇപ്പൊൾ ഏകദെശം ൨ലക്ഷം ആകുന്നിരിക്കും-

## കെരളപഴമ

൫൨. കൃഷ്ണരായർക്കു തുളുഗൊവയിൽനിന്നു വാങ്ങി ഒയതു

ആ നഗരത്തിൽ ആക്കാലം വാഴുന്നവൻ നരസിംഹരായരുടെ അനന്തരനായ വീര കൃഷ്ണദെ
വരായർതന്നെ-മറ്റെല്ലാരായരിലും ശ്രീത്വം ഏറിയവൻതന്നെ-അവനൊടു മമതയും കാ
ൽ ഇസ്ലാമിന്നു ദക്ഷിണഖണ്ഡത്തിൽ വാഴുകില്ലാതാക്കുവാൻ വിഷമമില്ല എന്നു

കെക്ക് കമ്പെല്യത്തിസ്സ പാതിരിയെ തന്റെ ദൂതനായിട്ടു തുംഗഭദ്രാതീരത്തുള്ള നഗരത്തിലെക്ക അയച്ചു- അവനൊടു കൂടെ ദ്വിഭാഷിയായ ഗസ്പാരെയും ഏഴു വെഗതയുള്ള കുതിരകളെയും അയച്ചു- ഉണ്ടായ വർത്തമാനങ്ങളൊക്കെയും രായരെ അറിയിച്ചു ക്രിസ്തുവെദത്തിന്റെ സാരാംശവും ബൊധിപ്പിച്ചു രായരുടെ ഇങ്ങെ പക്ഷത്തിന്ന അരശ്ക്രിപനായ്ക്കയമൊക്കെണം മലയാളത്തിനും മാപ്പിള്ളമാരെ തിരിക്കെണ്ടതിന്നു വടക്കെ ചെന്നു നൊക്കുകയില്ലയൊ നിങ്ങൾ ചുരത്തിൻ വഴിയായി ഇറങ്ങിവന്നു ആക്രമിച്ചാൽ നാം കടൽ വഴിയായി ചെന്നു വിവിധിപ്പിക്കാം. എന്നാൽ കുതിരക്കച്ചവടത്തിന്നു വൈകല്യം ഒന്നും വരികയില്ല- വിശെഷിച്ചു മംഗലാപുരം താൻ ഭട്ടക്കളത്താൻ മുതൽ നല്ല സ്ഥാനമാകുന്നു എന്നു പ്രകാരം തൊന്നുന്നു- അവിടെ കൊട്ട കെട്ടിപ്പാൻ അനുവാദം തരുന്നു എങ്കിൽ നിങ്ങൾക്കല്ലാതെ മറ്റ ഒരുത്തനും കുതിരകൾ വരാതിരിക്കെണ്ടതിന്നു ഞങ്ങൾ കടൽ പിന്നെ അടെച്ചുവെക്കാം- എന്നിങ്ങിനെ പല പ്രകാരം കാര്യവിചാരം തുടങ്ങുവാൻ പാതിരിയെ നിയൊഗിച്ചു വിട്ടുകയും ചെയ്തു-

എങ്കിലും ഗൊവയിൽ നമ്മാസം അല്ല സൌഖ്യത്തൊടെ നിന്നവാത്ത്- അദിൽഖാൻ പുരത്തിന്മെൽ നിന്നു ഇറങ്ങിവന്നപ്പൊൾ കൊറ്റ നഗരത്തിന്ന കാത്ത ഒട്ടും വരാതിരിക്കുമാറായി വഴികളെയും അടെച്ചുവെച്ചു ക്രമെണ ഫറി പിന്നെ നഗരക്കാരും കലഹിച്ചു തുടങ്ങിയപ്പൊൾ അല്ബുകെക്ക് നഗരത്തെ വിട്ടു റാപത്തിൽ വാങ്ങിപൊയ്ക്കൊണ്ടുവന്നു- അവിടെ ക്ലെശിച്ചു വസിച്ചു ശത്രുക്കളൊടും വിശപ്പൊടും പൊരുതുകൊണ്ടു മഴക്കാലം കഴിച്ചു- പല പറങ്കികളും ദീനപ്പെട്ടു മരിച്ചു മറ്റെവർ വയറു നിറെപ്പാൻ മറുപക്ഷം തിരിഞ്ഞു തൊപ്പിയിട്ട ശെഷം അല്ബുകെക്ക് മഴയില്ലാത്ത ദിവസം വന്നപ്പൊൾ ശെഷിച്ചവരൊടു കൂട കപ്പലെറി അഞ്ചുദ്വീപിൽ ചെന്നിറങ്ങി തൽക്കാലം ആശ്വസിച്ചു കൊൾകയും ചെയ്തു (ക്രി. ൧൫൧൦ ആഗസ്ത)

൫൫. അല്ബുകെക്ക് ഉണ്ണിരാമകൊയിക്കൽ വാഴ്ച തെറ്റിച്ചതു—

അഞ്ചുദ്വീപിലും ഹൊന്നാവരിലും എത്തിയപ്പൊൾ പിന്നെയും ഗൊവയെ കൊള്ളയടിക്കെണ്ടി വരുമല്ലൊ എന്നു വെച്ചു അല്ബുകെക്ക് പടെക്ക പല പ്രകാരത്തിലും കൊപ്പിട്ടു മലയാളത്തിൽ നിന്നും സഹായം പ്രാപിക്കെണ്ടതിന്നു തെക്കൊട്ടു ഓടുകയും ചെയ്തു- (ക്രി. ൧൫൧൦ സെപ്ത. ൧൬) കണ്ണനൂരിൽ അണഞ്ഞു കൊലത്തിരിയൊടു കൂടി കാഴ്ചക്കായി കൊട്ടയുടെ മുമ്പിൽ ഒരു കൂടാരത്തിൽ ചെന്നു കണ്ടു- അവിടെ രാജാവും മന്ത്രിമാർ മറക്കാരും കണ്ണനൂർ ഒശിരായ ചെന്നു തിക്കു ഉണ്ടു മുതലായ മഹാലൊകരും മാപ്പിളകൾ അനെകം നിന്നു കുശലവാക്കുകൾ പറകയും ചെയ്തു-

ന്നവിട്ടുന്നകൊഴിക്കൊട്ടപ്പൻറെ കത്തുകളെ വായിച്ചു മടിയാതെ പുറപ്പെട്ടു കൊച്ചിക്കിൽ ചെന്നിയാ
റമൂത്തരാജാവ് മരിച്ചതിനാൽ കൊഴിയ കത്തുകൾ പലവിധെന വായിച്ചപ്രകാരം കെ
ട്ടു - അതിൻറെ ഹെതു ബ്രഹ്മഹത്യാ യതിമൂത്തൽ ഉദ്ദെശിച്ചു പറഞ്ഞുവല്ലൊ - മുമ്പെ ഉള്ള സമ്പ്ര
ദായം എന്തെന്നാൽ മൂത്തരാജാവ് സന്ന്യാസം ദീക്ഷിച്ചു ക്ഷെത്രവാസി ആയിരിക്കപ്പെട്ടാൽ
വാഴുന്ന രാജാവ് രാജ്യഭാരം നെരെ അനന്തരവർക്കൽ എല്പിച്ചു മൂത്തവനെ അനുഗമിച്ചു സ
ന്ന്യാസം തുടങ്ങെണം എന്നത്രെ - അതു കൊണ്ടുള്ള കൊതവച്ചൂർ ഇരിപ്പെട്ട പ്രകാരം കെട്ടാറെ
മുമ്പെ ഉദ്ദെശിച്ചു പൊയ അനന്തരവൻ താമൂതിരിയുടെ പടയെക്കൊണ്ടു എതിർ വെച്ചിരിക്കൊ
ളം വന്നുള്ള രാമ കൊയിൽ എഴുതിവിട്ടതിൻ പ്രകാരം - ഞങ്ങൾ പറങ്കികളുടെ ചൊൽ കെട്ടു എ
ൻറെ അവകാശം തള്ളി നാലു നിലയാനം വഷം വാണു കൊണ്ടതിനാൽ ഏറിയ വെദന ഉ
ള്ള - ഇപ്പൊൾ മാത്രം ഞങ്ങൾ ബൊധം ഉണ്ടായിട്ടു രാജ്യം എങ്കൽ എല്പിച്ചു ക്ഷെത്രവാസം തുടങ്ങി
യാൽ എല്ലാം പൊറുക്കാം - പൂർവ്വമര്യാദ അറിയാമല്ലൊ മറന്നു എങ്കിൽ ബ്രാഹ്മണരൊടു
ചൊദിച്ചറികയും ചെയ്യാം - എന്നിങ്ങിനെ എല്ലാം കെട്ടാറെ പെരിമ്പടപ്പു പറങ്കികൂട്ടരുമായി
നിരൂപിച്ചു രാജ്യം വിട്ടു കൊടുക്കയില്ല എന്ന നിശ്ചയിച്ചു - പിന്നെ താമൂതിരിയുടെ പട വന്നി
ച്ചു അതിക്രമിച്ചപ്പൊൾ ബ്രാഹ്മണരും വന്നു പലപ്രകാരം മുട്ടിച്ചു മുറയിട്ടു വെണ്ണങ്ങളും മന്ത്രിച്ചതു
ടങ്ങിയശെഷം രാജാവ് നന്നക്ലെശിച്ചു എനിക്ക അന്യായം ഇല്ലല്ലൊ എന്നു മനസ്സിൽ കത്തു
ണ്ടായിട്ടു മൂത്തരാജാവിൻ കൊവിലകം വിട്ടു വെറെ പാൎക്കയും ചെയ്തു - ഉടയതു പറങ്കികൾ
കൊട്ടാരെ കൊട്ടയിൽ മൂപ്പനായ ജുന്ന കാനാൽ ബ്രിട്ടു ഉടനെ ചെന്നു രാജാവെ കണ്ടു കാരണം
ചൊദിച്ചറിഞ്ഞാറെ സമ്പ്രദായനിഷ്ഠ ഇല്ലാത്തം ഹിന്തുരാജാക്കന്മാരും അകപ്പെട്ട ദൗസ്ത്യ
ത്തെ കുറിച്ചു വളരെ പരിഹസിച്ചു ചിരിപ്പാൻ തുടങ്ങുകയും ചെയ്തു - പിന്നെ രാജാവിൻറെ കണ്ണുനീർ ക
ണ്ടു ക്ഷമ ചൊദിച്ചു മനം തെളിയിപ്പാൻ വട്ടംകൂട്ടുകയും ചെയ്തു - അന്നു മുതൽ അതിരാജാവ് കൊ
ച്ചിക്കിൽ വന്ന പറങ്കികളുടെ ഭാവം ഗ്രഹിച്ചു പെരിമ്പടപ്പൊടും കൊട്ട മൂപ്പനൊടു മുഖസ്തുതി
പറവാൻ തുടങ്ങിനാൻ ഇന്നുതൊട്ടു ചന്ദ്രാദിത്യർ ഉള്ളളവും നിന്തിരുവടി കുടക്കീഴെ ഞങ്ങടെ വാഴ്ച
നടത്തുകയുമാം എന്നു കരെറുന്ന പ്രകാരം പ്രമാണം എഴുതിച്ചു ഒപ്പിട്ടുകൊടുക്കയും ചെയ്തു - അതി
നാൽ രാജാവിൻ മനം കുറയ തെളിഞ്ഞതല്ലാതെ ശെഷം ചില മാടമ്പികളും ഇടപ്രഭുക്കന്മാ
രും ബ്രാഹ്മണർ വിധിച്ചതു ഒഴിപ്പെട്ടെടണമൊ എന്നു ശങ്കിച്ചു - ആനൊ മൂപ്പൻ താമസം കൂടാതെ
വടക്കെ അതിരിൽ ഒടിപ്പുഴക്കടവുകളെയും കാത്തു പാൎക്കയും ചെയ്തു -

*F. Müller. Editor.*

നമ്പ്ര ഒന്നിന്നു

# പശ്ചിമോദയം

ദക്ഷെസ്സവില

൧൮., നമ്പ്ര

തലശ്ശെരി

൧൮൪൭. നവെമ്പ്ര

## ഭൂമിശാസ്ത്രം

### ഭരതഖണ്ഡം

### ൩, മദ്ധ്യഖണ്ഡം

ദില്ലിയിൽനിന്നു ഏകദെശം ൧൨൦ കാതം തെക്കൊട്ടു യമുനാനദിക്കുടെ പടിഞ്ഞാറെ കരക്കിൽ മധുരാനഗരവും അതിന്നു സമീപെ വൃന്ദാവനവും പല ക്ഷെത്രങ്ങളൊടുകൂട ശൊഭിച്ചുകിടക്കുന്നു- മധുരക്കിൽ ഇങ്ക്ലിഷ്കാർ പല പട്ടാളങ്ങളെ പാൎപ്പിച്ചുവരുന്നു- ആയതല്ലാതെ അതിൽ വിശെഷിച്ചതൊന്നും കാണ്മാനില്ല- കൃഷ്ണൻ അതിൽ ജനിച്ചു വൃന്ദാവനത്തിൽ ഇടയനായി കാലം കഴിച്ചു എന്നൊരു കഥകളെ കൊണ്ടത്രെ ആ സ്ഥലങ്ങൾക്കു ഇന്നെയൊളം അല്പം ഒരു കീൎത്തി ശെഷിച്ചിരിക്കുന്നു- മധുരക്കിൽനിന്നു ഏകദെശം ൫ കാതം വഴി തെക്കൊട്ടു ആഗരാ പട്ടണം യമുനാനദിക്കുടെ പടിഞ്ഞാറെ കരമെൽ ഇരിക്കുന്നു- അതു പണ്ടൊരു ചെറിയ ഗ്രാമമത്രെ ആയിരുന്നു- അക്ബർ പാദിശാ ആ സ്ഥലം രാജധാനിക്കാക്കുള്ളതാം എന്നു വെച്ചു കൊവിലകങ്ങളെയും മറ്റും പണിയിച്ചനാൾ മുതൽ മഹാലൊകർ പലരും അങ്ങൊട്ടു ചെന്നു ഭവനങ്ങളെയും കെട്ടി വാൎത്ത്യവ്യാപാരവും വൎദ്ധിച്ചതുകൊണ്ടു അത് എത്രയും വിസ്താരവും ജനപുഷ്ടിയുമുള്ള നഗരമായിതീൎന്നു- രാജ്യക്ഷയത്തൊടുകൂട നഗരത്തിന്നും താഴ്ചയും നാശവും പററി ഇപ്പൊളതു ഇങ്ക്ലിഷ്കാരുടെ വടക്കെ സംസ്ഥാനത്തിലെ പ്രധാന പട്ടണമാകുന്നെങ്കിലും നിവാസികളുടെ സംഖ്യ ൫൦൦൦൦ മാത്രം പൊരും- പണ്ടെത്ത മഹത്വത്തിന്റെ അതിശയമാകശെഷിപ്പുകളെ വളരെ കാണ്മാനുണ്ടുതാനും- അതിനൊടു ചെൎന്ന കൊട്ടെക്കു അക്ബരാബാദ് എന്ന പെർ- ആഗരാ പട്ടണത്തിന്റെ ചുററുമുള്ള നാട്ടു കൃഷിക്കു ഉചിതം തന്നെ- നെല്ലു മുതലായ ധാന്യങ്ങളല്ലാതെ ആ നാട്ടുകാർ പുകയില- കരിമ്പ മറ്റും കൃഷികളെ നടത്തിവരുന്നു-

ഗംഗാതീരത്തിങ്കലെ മുഖ്യപട്ടണങ്ങൾ- ഫറക്കാബാദ്- കന്യാകുബ്ജം- കാവന്പൂർ ഇവ തന്നെ- അതിൽ വടക്കുള്ളതു ഫറക്കാബാദ് അതു ഗംഗക്കുടെ പടിഞ്ഞാറെ കരമെൽ ഏകദെശം ൭൦൦൦൦ നിവാസികളൊടും കൂട ആ നാട്ടിലെ പ്രധാന പട്ടണമായികിടക്കുന്നു- അതിന്നു

സമീപം ഇങ്ക്ലീഷ് പട്ടാളങ്ങളുടെ വാസസ്ഥലമായ ഫത്തിഘർ ഉണ്ടു-

കന്യാകുബ്ജം (കനൊജ്) നഗരം ഗംഗകരയിൽ നീങ്ങികിടക്കുന്ന ഒരു തെരുവീഥിയായിരിക്കുന്നു- അതിന്റെ ചുറ്റും പൊളിഞ്ഞുകിടക്കുന്ന കുളങ്ങളും മതിലുകളുടെ കഷണങ്ങളും ഹിന്തുമുസല്മാനരുടെ ശ്മശാനങ്ങളും അല്ലാതെ പണ്ടെത്ത അതിശയമായ നഗരത്തിന്റെ ശെഷിപ്പുകൾ ഒന്നും കാണ്മാനില്ല- അതിൽനിന്നു തെക്കൊട്ടു നദിയുടെ പടിഞ്ഞാറെകരയിലിരിക്കുന്ന കവന്പൂർ പട്ടണത്തിൽ അതിൽ കാവലിന്നായി ഇങ്ക്ലീഷ് പട്ടാളങ്ങൾ പാൎത്തുവരുന്നു- അതിലെ നിവാസികൾ പലകൃഷികളെയും നടത്തി നദിസമീപമാക കൊണ്ടു കച്ചവടത്തിന്നും മറ്റും ഒരൊ തൊണിപ്പടികളെയും ഏട്ടത്തുവരുന്നു-

## ൨. രൊഹില്ലഖണ്ഡം

കിഴക്ക അയൊദ്ധ്യാരാജ്യം- തെക്കും പടിഞ്ഞാറും ഗംഗാനദി- വടക്കു ഹിമാലയപൎവ്വതം ഈ അതിരുകൾക്കകത്ത രൊഹില്ലനാട്ടു ത്രികൊണരൂപെണ കിടക്കുന്നു- അതിന്റെ പടിഞ്ഞാറെ അതിരാകി തെക്കൊട്ടു ഒഴുകുന്ന മഹാഗംഗാനദിയൊളം ഏകദെശം നാട്ടിന്റെ നടുവിൽ കൂടി ഹിമാലയപൎവ്വതത്തിൽ ഉത്ഭവിച്ചു വരുന്ന രാമഗംഗ- കൊസല മുതലായ പുഴകൾ തെക്കൊട്ടു പ്രവഹിച്ചു കൃഷിക്കും മറ്റും വെണ്ടുന്ന വെള്ളം ധാരാളമായി കൊടുത്തുകൊണ്ടിരിക്കുന്നു- രാജ്യത്തിന്റെ വടക്കെ അംശം മിക്കതും മലനാട്ടു തന്നെ- മെഘങ്ങളൊളം കയറി നില്ക്കുന്ന ഹിമാലയപൎവ്വതശിഖരങ്ങളെ അവിടെനിന്നു കാണാം- ശീതൊഷ്ണങ്ങൾ അധികമില്ലായ്ക കൊണ്ടു ആ രാജ്യം പാൎപ്പിന്നു നന്നെന്നു വെച്ചു പാദിശാക്കളുടെ കാലത്തിൽ ഒരൊ നവാബുകളും മഹാലൊകരും അങ്ങൊട്ടു ചെന്നു കൊവിലകങ്ങളെയും കൊട്ടകളെയും കെട്ടിച്ചു പാൎക്കകൊണ്ടു താണങ്ങാതികളും നാട്ടിൽ നിറഞ്ഞു രാജ്യം തൊട്ടത്തിന്നു സമമായ്പതികയും ചെയ്തു- ൧൮൦൧ ക്രി. അ. അവിടെക്കും ഇങ്ക്ലീഷ്ക്കാൎക്ക ആധിക്യവും ആധിപത്യവും വന്നു- നിവാസികൾ പ്രധാനം ഹിന്തുക്കളും- മുസല്മാനരും തന്നെ- മുസല്മാനരിൽ ഒരംശം അഫ്ഘാനർ ആകുന്നു- അവൎക്ക തന്നെ രൊഹില്ലർ എന്ന പെർ വന്നത- കാശിപൂർ- രാമപുരി- അല്മൊര- പിലിബീട്ടു നഗരങ്ങൾ മിക്കതും പുഴകളുടെ കരമെൽ ഇരിക്കുന്നു- അല്മൊരയിലെ നിവാസികൾ ഏകദെശം- ൩൦൦൦൦൦-

## ൩. അയൊദ്ധ്യാരാജ്യം

ആ രൊഹില്ലഖണ്ഡത്തിൽ നിന്നും നെപാള രാജ്യത്തിൽ നിന്നും തെക്കൊട്ടു ഗംഗാനദിയൊ

/.

ളവും കിഴക്കൊട്ടു ബെഹാർദെശത്തൊളവും പരന്നു കിടക്കുന്ന ദെശം ഗ്രാമപട്ടണങ്ങളൊ
ടു ജനവിസ്താരമായും ഫലകരമായും ജനങ്ങൾക്കു വാസസ്ഥലമായും കിടക്കുന്നു - നെപാളരാജ്യം ഒ
ഴികെ അതിന്റെ അതിർനാട്ടുകളൊക്കയും ഇങ്ക്ലിഷ്കാരുടെ വശത്തിൽ ഇരിക്കുന്നു എങ്കിലും
അയൊദ്ധ്യാരാജാവിന്നു ഇതുവരെയും അല്പമൊരു സ്വാതന്ത്ര്യം ശെഷിച്ചിരിക്കുന്നു - അവ
ന്റെ പ്രജകൾക്കു ഞെരിക്കവും അധമവ്യവസ്ഥയും മാത്രം ദിവസെന വർദ്ധിച്ചുവർദ്ധിച്ചു വരുന്ന
തെ ഉള്ളു - രാജാക്കന്മാരുടെ അത്യാഗ്രഹവും മഹാപാതകാംക്ഷയും നിമിത്തം പ്രജകൾ നിഷ്ഠൂ
രക്കിളപ്പിനൊടു തങ്ങൾക്കു കിട്ടു ധനധാന്യങ്ങളെ മിക്കതും രാജഭണ്ഡാരത്തിൽ കൊടുത്തുകൊ
ണ്ടുവരുന്നു - ദെശം കൃഷിക്കും മറ്റും ഏറ്റവും ഉചിതമെങ്കിലും പ്രജകൾ അനുഭവം ഏതുമി
ല്ലെന്നു കണ്ടിട്ടു അവ കൃഷിചെയ്യായ്കയാൽ മരുഭൂമിയായും ദാരിദ്ര്യവും ഏറ്റം വർദ്ധ
ച്ചിരിക്കുന്നു - ഈവക സങ്കടങ്ങളെ നീക്കെണ്ടതിന്നു ഇങ്ക്ലിഷ്കാൎക്കു ആ രാജ്യത്തിൽ ഇതുവരെയും
വിശെഷിച്ചൊന്നും ചെയ്വാൻ സംഗതി വന്നില്ല - അവരുടെ മന്ത്രിയും പട്ടാളങ്ങളും രാജ്യത്തി
ൽ പാൎക്കുന്നെങ്കിലും രാജാവ് പരസ്യമാക്കി ഒരു വിരൊധം കാട്ടാതെ അവരൊടുള്ള കരാർ
പ്രകാരം നടക്കകൊണ്ടു രാജ്യവ്യവസ്ഥയെ കുറിച്ചു അവനൊടു നല്ല ബുദ്ധി പറകയല്ലാതെ
കണ്ടു അവൎക്കൊന്നും ചെയ്വാൻ ന്യായമില്ല - ഇങ്ങിനെ ആ രാജ്യക്കാർ മിക്കവാറും രാജാവി
ങ്കൽ നിന്നും മന്ത്രികൾ മുതലായ കാൎയ്യസ്ഥന്മാരിൽ നിന്നും ഉള്ള ഉപദ്രവങ്ങൾ ഹെതുവായിട്ടും
വിഷമിച്ചു വലഞ്ഞു കിടക്കുന്നു - ശൊഭയും ധനപുഷ്ടിയും രാജഗൃഹങ്ങളിലെ കാണുന്നുള്ളു - രാ
ജ്യത്തിൽ മുഖ്യപട്ടണങ്ങൾ രണ്ടു മൂന്നെ കാണുന്നുള്ളു - അതിൽ അതിപുരാണവും പ്രസിദ്ധവും
രാമായണത്തിൽ വൎണ്ണിതവുമായ അയൊദ്ധ്യാനഗരം തന്നെ - അതു ഹിമാലയത്തിലുത്ഭവി
ച്ചു തെക്കൊട്ടൊഴുകി ഗംഗയിൽ കൂടുന്ന സരയു (ഘൊഘ്ര) പുഴയുടെ കരമെൽ ഇരിക്കുന്നു -
ഇപ്പൊഴത്തെ നഗരത്തിന്നു ചുററും കിടക്കുന്ന കുന്നുകളും മതിൽ ഖണ്ഡങ്ങളും പണ്ടെത്തതി
ന്റെ വിസ്താരം സൂചിപ്പിക്കുന്നു - ശൊഭയും ധനമാഹാത്മ്യവും എല്ലാം ക്ഷയിച്ചു നഗരം ഏ
ത്രയും നികൃഷ്ടമായി തീൎന്നിരിക്കുന്നു - അതിന്നു സമീപം ഫൈജാബാദ് എന്ന നവാബുക
ളുടെ മുമ്പെത്തെ രാജധാനിയുണ്ടു - അതിൽ സ്ഥാപിച്ചു കിടക്കുന്ന രാജധനങ്ങളല്ലാതെ വി
ശെഷമായൊരു ശൊഭയും ജനപുഷ്ടിയും കാണ്മാനില്ല - ഇപ്പൊഴത്തെ രാജധാനിയാ
ഹില്ലനാട്ടിൽ നിന്നു ഉത്ഭവിച്ചു തെക്കൊട്ടു പ്രവഹിച്ചു ഗംഗയൊടു ചെരുന്ന ഗൊമതിനദിയു
ടെ പടിഞ്ഞാറെ കരമെൽ കിടക്കുന്ന ലക്ഷ്ണവ (ല്ലക്നൊ) പട്ടണം തന്നെ ആകുന്നു -

അതിൽ നല്ല ലക്ഷം നിവാസികളുണ്ടെന്ന കെൾ്ക്കുന്നു ഹിന്തുശാസ്ത്രത്തിൽ വൎണ്ണിച്ചു കാണുന്ന പുരാണനഗരം നശിച്ചു ഇപ്പൊഴത്തെത്തതിന്റെ ശെഷിപ്പുകളിന്മെൽ കിടക്കുന്നു - രാജാവിന്റെ കൊവിലകങ്ങൾ ഒഴികെ പട്ടണത്തിൽ ശുഭമായതൊന്നുമില്ല - പ്രാവുകളെ പൊററി ഒരൊ കൌശലങ്ങളെ പഠിപ്പിക്ക പല വിധ വിലകളെ ഒക്കെ രസിക്ക ഇത്യാദി ദുസ്സാരപ്രവൃത്തികൾ നവാബുകൾക്കും നിവാസികൾക്കും മുഖ്യപണികളായി തീൎന്നിരിക്കുന്നു -

൫., ഗിനദത്തിന്റെ കിഴക്കെ അററം

നീലവൎണ്ണമുള്ള യമുനാനദി വെള്ളമഞ്ഞനിറമായ ഗംഗാജലത്തൊടു ചെരുന്ന ദിക്കിൽ അള്ളഹാബാദ നഗരം ഏകദെശം ൨൦൦൦൦ നിവാസികളൊടും കൂട ചില ഇങ്ക്ലിഷ പട്ടാളങ്ങൾക്കും സ്വാമികൾക്കും വാസസ്ഥലമായി കിടക്കുന്നു - ചുററുമുള്ള നാടുകളിൽ കച്ചവടം നടത്തുവാൻ ആ പട്ടണസ്ഥലം അത്ര യുക്തിതമെങ്കിലും ധനപുഷ്ടി അതിൽ വിശെഷിച്ചു കാണാക്കകൊണ്ടു നഗരത്തിന്നു അല്ലഹാബാദ എന്ന നിത്യനാമം വന്നിരിക്കുന്നു - കൂടക്കൂട തീൎത്ഥസ്നാനത്തിന്നു ഒരൊ ദിക്കിൽനിന്നു അവിടെക്കു ചെന്നു ചെരുന്ന ജനസംഘങ്ങളെ കൊണ്ടു മാത്രമെ അപ്പൊൾ സമ്പന്നഭവം വരുന്നുള്ളു - അത്രയല്ല കൊസർപുഴ വക്കത്തു പണിയിച്ചു ഉറപ്പുള്ള കൊട്ട ഇപ്പൊൾ കലഹക്കാരായ പല ഹിന്തു മഹാലൊകൎക്കു തടവു കാവലായിരിക്കുന്നു —

## കെരള പഴമ

൫൬., ആസ്ത്രക്കൊടു ഉണ്ണിരാമക്കൊയില്ക്കുവാഴ ഉറപ്പിച്ചതു (൧൫൦൪)

ചില ദിവസം കഴിഞ്ഞാറെ സ്ഥരത്തൊളു തൊണിക്കൽ പെറിങ്കൂട കണ്ടു ഇതു പക്ഷെ അനന്തവൻ എന്ന വിചാരിച്ചു പടവുകളെ നിയൊഗിച്ചു പിന്തുടൎന്നു തിമിൎക്കുളയപ്പൊൾ - അനന്തവനല്ല പള്ളിപ്പുറത്തു പ്രഭു എന്നു കണ്ടു അവനൊടു ചൊദിച്ചാറെ പെറിമ്പടപ്പന്ത്രുവൻ മങ്ങാട്ടു കൈമളും പറവൂർ നമ്പിയാരും ഇതും ഇപ്പൊൾ വൈപ്പിക്ഷെത്രത്തിൽ തന്നെ ഉണ്ടെന്നും ആ നമ്പിയാർ ഉണ്ണിരാമക്കൊയിലെ കണ്ടു പറവാൻ വളരെ ആഗ്രഹിക്കുന്നു എന്നും കെട്ടു - തൃപ്പൻതട്ടത്തിങ്ങൾ തുടങ്ങും കൊച്ചിക്ക പൊകരുതു് ബ്രാഹ്മണരുടെ കൌശലം വെണ്ടുവൊളം അറിയാം എന്നു കട്ടകട ചൊല്ലി പുഴകളിൽ ആരെയും കടത്താതെ ഇരിപ്പാൻ പടയാളികളെ ഒട്ടു വളരെ കല്പിക്കയും ചെയ്തു - നമ്പിയാർ കാണ്മാൻ വരുന്ന പ്രകാരം പെറിമ്പടപ്പു കടക്കപ്പൊൾ വളരെ വലഞ്ഞു കണ്ടക്കൊരമന്ത്രിയെ തൃപ്പന്തിക്കിലെക്ക അയച്ചു - നമ്പിയാരിൽ ഞങ്ങൾക്കു വളരെ മമതയുണ്ടു താമസം വിനാ കടത്തി

അക്കാകൊണ്ടു നിന്നവളരെ അപെക്ഷിക്കുന്നു എന്നു ചൊല്ലിവിട്ടു- ആ കത്തു കെട്ടു നൊപ
റഞ്ഞു നിങ്ങളുടെ ഇഷ്ടം പൊലെ ആകട്ടെ എങ്കിലും രാജ്യത്യാഗം ചെയ്വാൻ പെരിമ്പടപ്പിന്നു
കൂടതൊന്നിയാലും നമ്മുടെ രാജ്യാധികാരിയെ അറിയിക്കുമ്മുമ്പെ ചെയ്യരുത് അവരെ നി
ൎബന്ധിച്ചു രാജ്യഭാരം ചെയ്യിപ്പാൻ തന്നെ ഇദ്ദെഹവും മതി എന്നു കെട്ടാറെയും - നമ്പി
യാരെ കൊച്ചിക്ക അയക്കെണം എന്നു കണ്ടക്കൊരവിന്നെയും മുട്ടിച്ചു പൊന്നു - ആത
കൊണ്ടു നൊനൊ അവനെ ഇഷ്ടം ഉണ്ടു പാർപ്പിച്ചു നമ്പിയാരെ ചൊഷത്തൊടു കൂടെ അല്പം
കാറായചങ്ങാതത്തൊടു കൂട നഗരത്തിലെക്ക അയച്ചു അല്പുകെർക്ക് വരുത്തുവാൻ കണ്ണൂ
രിലെക്ക എഴുതി പുഴയുദ്ധം തുടങ്ങി അവരെ രക്ഷിക്കയും ചെയ്തു - മാറാനൊട്ടുകര
മെൽ എല്ലാവരും അന്നു വറങ്കിക്കാതുർ പൊരാഞ്ഞതെ ഉള്ളൂ -

അല്പുകെർക്ക് കൊച്ചിയിൽ എത്തിയപ്പൊൾ പെരിമ്പടപ്പു വന്ന അഭയം ചൊദിച്ചു
അല്പുകെർക്കും മന്ദഹാസത്തൊടെ അവനൊട്ടു ആശ്വാസം പറഞ്ഞു മനസ്സുറപ്പിച്ചു - പിന്നെ
സ്വകാര്യമായി വൈപ്പിലെക്ക ഒടി താമൂതിരിയുടെ പടയെ ജയിച്ചു നീക്കി മടങ്ങിവന്നനാൾ പെ
രിമ്പടപ്പു കരഞ്ഞു ബ്രാഹ്മണർക്ക അത്ര വന്ന എന്തിക്ഷയം ലഭിച്ചാലും അവകാശന്യാ
യം ഒട്ടും ഇല്ല എന്നു അണത്തിക്കയാൽ വിഷാദം മുഴുത്തു വന്നു എന്നു കല്പിച്ചു - ഈ ഭാരത്തി
ൽ ബ്രാഹ്മണരെ മൊഴിക്കല്ല അന്യരുടെ കൈക്കൽ നിന്നു തന്നെ ഇനി വാഴുവാൻ അവകാശം
പാൎത്താൽ ആജ്ഞാപിതിരു മനസ്സിൽ ആശ്രയിച്ചു കൊൾക അവർ കൈവിടുകയില്ല എന്നു ചൊ
ല്ലി മനഃപ്രസാദം വരുത്തുകയും ചെയ്തു -

൫൭. അല്പുകെർക്ക് പിന്നെയും ഗൊവായുദ്ധത്തെ ഒരുക്കിയതു -

൧൫൧൦. സെപ്തെമ്പ്ര മാസം പറങ്കിമൂപ്പന്മാർ എല്ലാവരും കൊച്ചിയിൽ കൂടി നിരൂപിക്കുമ്പൊൾ
അല്പുകെർക്ക് ഇനി ഗൊവയെ പിടിക്കെണം എന്നു പറഞ്ഞത് എല്ലാവൎക്കും നിരസമാകി തൊന്നി -
മലയാളത്തിൽ കൊച്ചി തന്നെ പ്രധാനനഗരമാകിരിക്കട്ടെ വടക്കെ മുസല്മാനരെ തടുക്കെ
ണ്ടുകിന്ന ഗൊവയൊളം നല്ലൊരു ദെശം കാണ്മാൻ ഇല്ല - അവിടെ അദിൽഖാൻ ഗുജരാത്തി
നിജാം ഇവർ ഒഴികെ മിസ്ര സുല്ത്താനൊടും എതിൎക്കെണ്ടി വന്നു വെണ്ടുന്ന കൊപ്പുകളും ആയുധ
വും കൊട്ടയും ഉണ്ടു എന്നു പലപ്രകാരം കാണിച്ചിട്ടും അവൎക്കു ബൊധിച്ചില്ല - എങ്കിലും രാജ്യാ
ധികാരി വളരെ അപെക്ഷയൊടെ ചൊദിച്ചു പൊരുകയാൽ അവർ മിണ്ടാതെ ഇരുന്നു അ
ല്പുകെർക്ക് അപ്പൊൾ ഉള്ള ൨൧ കപ്പലൊടു പൊൎത്തുഗാലിൽ നിന്നു പുതുതായി വന്ന ൧൦ കപ്പലും ചെ

ന്ത്യം — ഹി൦൦ വെള്ളക്കാരാകുന്ന പട്ടാളം കരെറ്റി കണ്ണനൂർ കോട്ട പിടിക്കയും ചെയ്തു —
അവിടെ കുറയകാലം പാർത്താറെ ഗോവയിൽ തുക്കർ ന൦൦ ആണ്ടൊളം ചെന്നു വന്നു എന്നുള്ള
വാർത്ത കേട്ടാറെ പറങ്കികൾ ഇളർ മനസ്സിച്ചു മറ്റവരെയും കലഹിപ്പിച്ചു ഞങ്ങൾ കോ
ട്ടനത്തിൽ പോകയില്ല എന്നു ഞങ്ങൾ തട്ടിപ്പിക്കയും ചെയ്തു — ആയതു താമൂതിരിയും അറി
ഞ്ഞു പെരിമ്പടപ്പിലവകാശിയായവനെ പടയൊട്ടു കൂട അയച്ചു കോലത്തിരിയെയും വ
ശീകരിപ്പാൻ നോക്കി എങ്കിലും അയ്യൂക്കെക്ക് പ്രതിജ്ഞയുള്ള മനസ്സ് വെണ്ടുവൊളം കാട്ടിനയും
കാണ്കും ഭയം കൊണ്ടും പറങ്കികളെ ഞെരുക്കി വീഴ്ച്ച പ്രതാപത്താൽ മഹാലൊകരെയും വശീ
കരിച്ചു കോലത്തിരിയുടെ മന്ത്രിയായ ചെണിച്ചേരിക്കുറുപ്പൊട്ടു സ്നെഹം ഉറപ്പിച്ചു അവനും
൧൦൦ നായന്മാരെ കോട്ടനത്തിൽ ഒട്ടുവാൻ ഒരുങ്ങി പറങ്കികൾക്കു ധൈര്യം വരുത്തുകയും
ചെയ്തു —

കൊച്ചിയിൽ ആനെമൂപ്പൻ രാപ്പകൽ അതിർ കാത്തു കൊണ്ടിരിക്കുമ്പൊൾ മൂത്ത
അവകാശി ഒരിക്കൽ തോണിയിൽ കയറി കൊച്ചിക്ക് പൊകെണ്ടുവാൻ മനസ്സായ
പ്രകാരം ഗ്രഹിച്ചു സൂക്ഷിച്ചു പാർത്തു — ഒരുനാൾ രാത്രിയിൽ നാലൊടം ഏറ്റവും വെഗത്തി
ൽ തണ്ടു വലിച്ചു വിരഞ്ഞു ചെല്ലുന്നതു ഒറ്റുകാർ അറിയിച്ചാറെ ആനെ താൻ പിന്തുടർന്ന്
എത്തി പൊരുതു ഓടങ്ങളെ പിടിച്ചു കയറുകയും ചെയ്തു — അകത്തു നോക്കിയപ്പൊൾ അവ
കാശി ഇല്ല അവൻ ഒരു ചെറുതോണിയിൽ കയറി കടൽ തുഴഞ്ഞു തെറ്റിപ്പൊയിരുന്നു —
വെക്കൊറ്റക്കുടങ്ങളെക്കൊണ്ടു പൊൽകാഹളം പെരിമ്പറ പൊൻപുടവ മുതലായ രാജ
ചിഹ്നങ്ങൾ പലതും ഓടങ്ങളിൽ കിട്ടിയതു ആനെ പെരിമ്പടപ്പിന്ന് അയച്ചു കാഴ്ച
വച്ചിച്ചപ്പൊൾ അവൻ വളരെ പ്രസാദിച്ചു ഇനി ശങ്ക ഒന്നും ഇല്ല എന്നുറച്ചു സുഖിച്ചു
വാണു — * അവകാശിയൊ ആശാഭംഗനായി മടങ്ങി താമൂതിരിയെ കണ്ടു വിധിബലം
ഉണർത്തിച്ചു മരണപര്യന്തം ഏറനാട്ടിൽ ചെകം എടുത്തു പാർക്കയും ചെയ്തു — ഈ ഭാഗത്തു ഇനി
പടയില്ല എന്നു കണ്ടാറെ ആനെ താനും മറ്റു പല വീരന്മാരും ബദ്ധപ്പെട്ടു കണ്ണനൂരിലെക്കു
യാത്രയായി കൊട്ടയുദ്ധത്തിന്നായി അയ്യൂക്കെക്ക് അനുസരിച്ചു പുറപ്പെടുകയും ചെയ്തു (അതു)

* കേരളത്തിൽ തമ്പ്രാക്കന്മാർ വയസ്സു ചെന്നാൽ ക്ഷേത്രം പുക്കു സന്ന്യാസം ദീക്ഷി
ക്കുന്ന മര്യാദ അന്നുമുതൽ ക്രമത്താലെ ക്ഷയിച്ചു പൊയി എന്നു തൊന്നുന്നു —

*F. Müller. Editor.*

നമ്പ്ര ഒന്നിന്ന — # പശ്ചിമോദയം — ഫെബ്രുവരിയില

൧൮൪൭ — തലശ്ശെരി — ൧൮൪൭ നമ്പ്ര

# ഭൂമിശാസ്ത്രം

## ഭാരതഖണ്ഡം

### ൩, മദ്ധ്യഖണ്ഡം

൫, ദെവപ്രയാഗംമുതൽ ബങ്കാളദെശപൎയ്യന്തമുള്ള ഗംഗാതീരത്തിന്റെ അവസ്ഥ— ഹിന്ദത്തിന്റെ കിഴക്കെ അറ്റം തുടങ്ങി യമുനാനദിയെ കൈക്കൊണ്ട ഗംഗ കിഴക്കൊട്ട ഒഴുകുന്ന അലഹബാദ - വാരണാസി - ബെഹാരം എന്ന മൂന്നു നാടുകളിൽ കൂടി ഒഴുകി രാജമഹാൽ നഗരസമീപത്ത അമരഖണ്ഡത്തിൽനിന്ന വടക്കെ കിഴക്കൊട്ടു നീണ്ടു കിടക്കുന്ന ശാഖാഗിരികളെ കടന്നതിന്റെ ശെഷം അത്യന്തം വിസ്തീൎണ്ണനദിയായി ബങ്കാളദെശം പുക്കു താണനാട്ടൂടെ തെക്കൊട്ടു പ്രവഹിച്ചുകൊണ്ടിരിക്കുന്നു— അലഹബാദ നഗരം തുടങ്ങി രാജമഹാൽ പൎയ്യന്തവും നാടെല്ലാം പശ്ചിമക്രമമായ സമഭൂമിയാകകൊണ്ടു - പരുത്തി - അവീൻ - നെല്ലുമുതലായ കൃഷികൾ നിറഞ്ഞു ധനധാന്യാദികൾ പെരുകി നാട്ടുകച്ചവടവും കപ്പൽ വ്യാപാരവും ഏറിയ ജനപുഷ്ടി അത്യന്തം വൎദ്ധിച്ചു മുഖ്യരാജ്യം ആകുന്നു— ഗംഗയുടെ കരമെൽ ഉള്ള നഗരങ്ങൾ ഏകദെശം അന്യൊന്യം ചെൎന്നു ഒരു വഴിയെ പട്ടണത്തിന്ന സമമായി ശൊഭിച്ചു കിടക്കുന്നു— ക്ഷെത്രങ്ങളും തീൎത്ഥസ്നാനം കഴിപ്പാൻ തക്ക കല്ലുപുരകളും കല്പടകളും പുഴക്കടവുകളും നിറഞ്ഞിരിക്കുന്നു - വിശുദ്ധനദിയിൽ കുളിച്ചു തൎപ്പണാദികളെ കഴിപ്പാൻ ഭാരതഖണ്ഡത്തിലെ ഒരൊ നാടുകളിൽനിന്ന അനെകജനങ്ങളും - സന്യാസികളും അങ്ങൊട്ടു ചെന്ന ദൈവകടാക്ഷം വരുത്തികൊണ്ടിരുന്നു പുഴയുടെ കരമെൽ ദെവനം കെട്ടി പാൎക്കുന്ന മായാവിലൊകരെ ഭിക്ഷ വാങ്ങി ദിവസം കഴിച്ചു വരുന്നു - അങ്ങൊട്ടു ചെല്ലുവാൻ കഴിയാത്തവൎക്കും അന്യരാജ്യങ്ങളിലെ ഒരൊ ക്ഷെത്രക്കുളങ്ങളിലും വെള്ളവും എടുത്തുകൊണ്ടു പൊകുന്നവരുടെ സംഖ്യയും അല്പം അല്ല— ആ ദെശം പരിഷ്കാരികൾക്ക സുഖവാസത്തിന്ന നല്ലതാകുന്നു കാണ്പൂർ അനെകം ഇംഗ്ലീഷുകാർ മറ്റും ഒരൊ നഗരങ്ങളിൽ വിദെശികളും പാൎത്തു

ശാലകളെയും കെട്ടി കൊത്തുവടം ചെയ്തുപാൎത്തുകൊണ്ടുമിരിക്കുന്നു — വിശേഷനഗരങ്ങളി
ൽ ചിലതുപറയാം — അള്ളഹാബാദ് - കാശി ഈ രണ്ടുപട്ടണങ്ങളുടെ നടുവിൽ ഗംഗപു
ഴയുടെ തെക്കെക്കരമെൽതന്നെ മഹാകച്ചവടനഗരമായിരിക്കുന്നു — വിശേഷിച്ചു ചരക്കുക
ൾ പരുത്തി — തിലം ഈറവന്നെ — നിവാസികളുടെസംഖ്യ ഒരുലക്ഷത്തിന്റെതാഴെ
അല്ല — പട്ടണത്തിൽനിന്നല്പം കിഴക്കൊട്ടു കാശിനഗരസമീപത്തുതന്നെ ചുണാർകൊ
ട്ട പല കലഹക്കാൎക്കും രാജദ്രോഹികൾക്കും വാസസ്ഥലമായ്ക്കിടക്കുന്നു — ഭാരതഖ
ണ്ഡത്തിൽ സകലപട്ടണങ്ങളിൽ കീൎത്തിമികെച്ചതവാരാണസി കാശിതന്നെ —
അതുനദിയുടെവടക്കെക്കരമെൽ അൎദ്ധചന്ദ്രാകാരം പൂണ്ടു ഏകദെശം നാലുമൈ
ലുകളൊളം — ലക്ഷം നിവാസികളൊടുംകൂട ബ്രാഹ്മണരുടെ പ്രധാനപട്ടണമായ്ക്കു
ളിരുന്നു — അവരുടെ ബൌദ്ധശാസ്ത്രമതക്കാരുടെ വിഷ്ണുമാൎഗ്ഗപ്രത്യ
ക്ഷത്തിങ്കൽ ഐവം കൊണ്ടു പ്രകാരം കാശിക്കൊണ്ടു പട്ടണത്തിന്റെ നടുവി
ലുള്ള പലമഹാക്ഷെത്രങ്ങളെ ഉണ്ടാക്കിയതുപുണ്യസ്ഥലത്തതന്നെ ആശ്ചൎയ്യ
മായ ഒരുപക്കഷം കൈക്കൊണ്ടു എങ്കിലും പാത്രജനങ്ങൾക്കായുടെ മൂലസ്ഥാനം നശി
പ്പിപ്പാൻ അസാദ്ധ്യമായ്പൊയി — അക്കരമായിരവരുക്കാർ ദിവസെനതൊ
രാ ദെശങ്ങളിൽനിന്നും തീൎത്ഥസ്നാനത്തിന്നായി നഗരത്തിലെത്തുന്നതുമല്ലാതെ
മഹൊത്സവദിവസങ്ങളിൽ അതിൽപാൎക്കുന്നപരദെശികളുടെസംഖ്യ ലക്ഷത്തൊ
ളംവൎദ്ധിച്ചുവരുന്നു — പുഴവക്കത്തു ക്ഷെത്രങ്ങളും മഠങ്ങളും — മാളി
കവീടുകളും മരങ്ങളും നിറഞ്ഞുനില്ക്കുന്നു — പലരാജാക്കന്മാരും പ്രഭുക്കളും ധ
നവാന്മാരും മൊക്ഷസാദ്ധ്യം വരുത്തുവാൻ പലദെശത്തുനിന്നുവന്നു ഈ പുണ്യ
പട്ടണത്തിൽ ക്ഷെത്രങ്ങളെയും ഭവനങ്ങളെയും കെട്ടിസ്ഥാപിച്ചു ഐശ്വൎയ്യത്തിങ്കൽ
ബ്രാഹ്മണൎക്കും മടിയന്മാരായ അനെക സന്യാസികൾക്കും — ഭിക്ഷക്കാൎക്കും അന്നം
ധൎമ്മം ചെയ്തു മരണത്തിന്നായി കാത്തുകൊണ്ടുമിരിക്കുന്നു — ൧൨൦൦൦ വീടുകളിൽ ബ്രാ
ഹ്മണർ അത്രെ പാൎക്കുന്നു — താണജനങ്ങൾ വസിക്കുന്നപട്ടണാംശത്തിന്നു വിശെ
ഷിച്ചൊരുശൊഭയില്ല — ധനവാന്മാരുടെ അംശത്തിലും — വിലാത്തിക്കാർപാൎക്കു
ന്നദിക്കിലും മാത്രം മനൊഹരമുള്ളഭവനങ്ങൾ നില്ക്കുന്നുള്ളു — ബ്രാഹ്മണവിദ്യാശാ
ലകളും പട്ടണത്തിൽ ഉണ്ടു വിശെഷമായി പഠിപ്പിക്കുന്നത വെദശാസ്ത്രപുരാണാദി

കൾതന്നെ - കച്ചവടം മുതലായ വൃത്തികളിലും ഒട്ടും കുറവില്ല — ചില ഇങ്ക്ലിഷ്ബൊ
ധകന്മാരും അവിടെ പാൎത്തു സുവിശെഷവ്യാപനത്തിന്നു പലവിധമായി അദ്ധ്വാനിച്ചു
എഴുത്തുപള്ളികളെയും ഉണ്ടാക്കി ക്രിസ്തീയ സഭകളെയും സ്ഥാപിച്ചു വൎദ്ധിപ്പി
ച്ചു പൊരുന്നു - പട്ടണസമീപത്തു ഗംഗാനദിയുടെ വിസ്താരം ൩൦൦൦ കാലടി—

വാരാണസിയിൽനിന്നു കിഴക്കൊട്ടു ഘജീപുരി - ദീനപൂർ - ഹജീപൂർ - വാ
ങ്കിപുരി - മൊംഗീർ (മുദ്ഗഗിരി) കരക്പൂർ മുതലായ പല നഗരങ്ങൾ ഗംഗാ
നദിവക്കത്തു കിടക്കുന്നെങ്കിലും എല്ലാറ്റിന്റെ അവസ്ഥയെ വിവരമായി പറവാൻ
പാടില്ല - മുഖ്യമായി വിസ്തരിക്കെണ്ടുന്നവ രണ്ടു ഉള്ളൂ — അവറ്റിൽ ൧ - പണ്ടു പാ
ടലിപുത്രമിരുന്നിയ സ്ഥലത്തു വിസ്തീൎണ്ണമായി കിടക്കുന്ന പാട്നാപുരി പ്രത്യവ
(?) നഗരം തന്നെ - ഇതു ബെഹാരനാട്ടിൽ പ്രധാനപട്ടണമാകുന്നു — അതിലെ ൫൦൦൦൦
വീടുകളിൽ ൩ ലക്ഷത്തിൽ പരം ൧൦൦൦൦ ആളുകൾ വസിച്ചുവരുന്നു — നീലം - അഫീൻ
പരുത്തി മുതലായ ചരക്കുകളെ കൊണ്ടു കച്ചവടം നടത്തുന്ന പല വിലാത്തിക്കാരും
പാണ്ടിശാലകളെ കെട്ടി പുഴക്കരമെൽ പെരിയ ഭവനങ്ങളെയും പണിയിച്ചു സുഖെ
ന പാൎത്തുവരുന്നു — കപ്പലൊട്ടവും അതിനൊളം നദിയിൽ കൂടെ പെരുകി നടക്കുന്നു—
പട്ടണത്തിൽനിന്നു അല്പം കിഴക്കൊട്ടു ശൊണ - സരയു നദികൾ ഗംഗയിൽ ചെ
ന്നു ചെരുക കൊണ്ടു അതിന്റെ വിസ്താരം വൎഷകാലത്തിൽ ൩ നാഴിക യൊളം വ
ൎദ്ധിച്ചു പൊരുന്നു — ൨ രാജമഹാൽ പട്ടണം ബെഹാര ദെശത്തിന്റെ കിഴക്കെ
അതിരിൽ ഗംഗയുടെ തെക്കെ പടിഞ്ഞാറെ കരമെൽ തന്നെ കിടക്കുന്നു — പണ്ടു അ
തു ഒരു രാജധാനിയായിരുന്നു - ഇപ്പൊളും വമ്പരെക്ഷകൾ ഉത്ഭൂകമ്പം അതി
ബാധകളാൽ ഒക്കെ ദെശം ഇടിഞ്ഞു വീണിരിക്കുന്നു - പഴെ അതിശൊഭയും - ഉറപ്പും
അല്പം ചില ശെഷിപ്പുകളെ കൊണ്ടു കാണ്മാനുള്ളൂ — ആ പട്ടണത്തൊളം അമരഖ
ണ്ഡ ദെശത്തിൽനിന്നു ഒരൊ ശാഖതിരികൾ നീണ്ടിരിക്കുന്നു — കിഴക്കൊട്ടുള്ള
ഭൂമിയെല്ലാം താണനാടു തന്നെ —

## ൩. തിൎഹുതദെശം

അതിന്റെ അതിരുകൾ കിഴക്കു കൌശികനദി - തെക്കു ഗംഗ - പടിഞ്ഞാറു ഗണ്ഡകീപുഴ
വടക്കു നെപാളരാജ്യം ഈ പറഞ്ഞ അതിർനദികളല്ലാതെ പല ചെറുപുഴക

നദികളുടെ ഒഴുക്ക കൊണ്ടു ദെശം എല്ലാം പശിമക്കൂറു തന്നെ — എങ്കിലും വെ
ള്ളത്തിന്റെ അതിക്രമത്താൽ നിമിത്തവും വടക്കെ അംശം ഹിമാലയപൎവ്വതസമീപം
ഉള്ള വെക്കാട്ടുകൾ നിമിത്തവും മനുഷ്യവാസത്തിന്ന് അനുകൂലമാകാ — പനിമൂത്ത
ലായതിന്നങ്ങൾ നിത്യം അതിൽ വ്യാപിച്ചു പൊരുന്നു — അതാൽ പട്ടണങ്ങൾ
ദുല്ലഭമായിട്ടത്രെ കാണുന്നു — എന്നിട്ടും കച്ചവടലാഭം കാംക്ഷിച്ചു പല പല
ത്തികാർ ഇംഗ്രെജ്ജക്കളുടെ അസഹ്യതപിച്ചാറിയാതെ ഒരൊദിക്കിൽ കാസ്സ് സ്-
അമൻ മുതലായവരിന്റെ തൊട്ടങ്ങളെ ഉണ്ടാക്കി പാൎത്തിരിലും — അവി
ൻ എന്നെവരക്കരകളെ കൊണ്ടു കച്ചവടം ചെയ്തു ധനം വൎദ്ധിപ്പിച്ചു കൊണ്ടി
രിക്കുന്നു — അധികം അസൌഖ്യമുള്ള സമയം മഴക്കാലം തന്നെ — അതി
ൽ ദെശത്തിന്റെ പല അംശങ്ങൾ തടിയിന്റെ ഭാഷയിൽ മിന്നി കിടക്കുന്നു —
ചൊട്ടുകാരെല്ലാം അവിടെ പെരുമയും ദുല്ലഭമായിട്ടല്ല കാണുന്നത് — ഹിമാലയപൎവ്വ
തം അത്രയും സമീപം എങ്കിലും ഒരു കാത്തമഞ്ഞത്ത് ആയതിനെ കാണെ
ക്കുന്നിത്രം മരച്ചുകളയുന്നു — തവള പലവിധമായ പാമ്പുകൾ ഇരുമ്പ
ഞൊച്ചി കമ്പിളിപ്പുഴു ഇത്യാദി മലപ്രാണികളുടെ ഉപദ്രവം അസഹ്യം
എന്ന കെൾക്കുന്നു — മുഖ്യപട്ടണങ്ങൾ അമ്മുകട്ടെ ഗംഗാനദിയുടെ പട
ക്കെകരമെൽ കിടക്കുന്ന ഹജിപ്പൂർ അതിൽനിന്നു ഒരു ദെശം ൧൦
കാതം വടക്കൊട്ടുള്ള ഇങ്ക്ലീഷ് പട്ടാളവാസം ആയ മജ്ജിപ്പുറ ഈ
ന്ന് തന്നെ — ഈ ഹൃത ദെശത്തിന്നു ഏറ്റവും പടിഞ്ഞാറൊട്ടു രപ്തിപ്പുഴയു
ടെകരമെൽ ഗൊരക്ഷപ്പൂർ കൊശലരാജ്യത്ത ശൊഭിച്ചു കിടക്കു
ന്നു —

## ഐയരുളെപഴമ

൫൯ ഗൊവത്സരങ്ങൾ പിന്നെയും പിടിച്ചത്

൬൯. അരം നസ്സ് ൨൨ വലങ്ങെളൊട്ടു കൂടപുറപ്പെട്ട ഹൊന്നാവരിൽ
ആത്രിഷാരെതിമക്കൾ അന്നുതന്നെ ഗൊസ്റ്റാപ്പ് രായസ്ക്കിയുടെ പുത്രിയെ
വെൾക്കുന്നതക അവ്വെ ഗൊവെക്കുട്ടെനെരെ കൂടപൊരുമൊഹന്നു ചൊദിച്ചു-

കല്യാണംകഴിഞ്ഞഉടനെവരാംഎന്നുപ്രഭുപറഞ്ഞുനടക്കപ്പലുംമാധവരാവഎന്നപി
രനെയുംകൂടഅയച്ചുതാൻമിൻചെലപാൻകൈക്കൊണ്ടു—അദിൽഖാൻഗൊവയിൽതനെ
ന്നയൊഎന്നചൊദിച്ചതിന്നുഅല്ലക്രിഷ്ണരായർതരക്കൊലകൊളളുപടക്കൂടിയതതട്ടപ്പാ
നായിഅദിൽഖാൻപുറപ്പെട്ടിരിക്കുന്നുഎന്നുകെട്ടാറെഅല്ബുകെൎക്ക്സന്തൊഷിച്ചുഅവൻമടങ്ങിവ
രുംമുമ്പെഗൊവയെപിടിക്കെണംഎന്നുകണ്ടുതാമസംകൂടാതെഅതിന്റെനെരെഓടി
(൧൫൧൦ ൨൫ നവമ്പ്ര)നൂമണിനെരംയുദ്ധംചെയ്തുകയറിജയിച്ചുപുതിയകൊട്ടയെഅടക്ക
കയുംചെയ്തു—ഈപുണ്യവതികത്രീനയുടെദിവസംപറങ്കികൾഅന്നുമുതൽഇന്നെയുംശ്രീമ
മുളളനാൾയുദ്ധംസമൎപ്പിച്ചതിന്റെശെഷമത്രെതിമൊജഎത്തിയതുഅല്ബുകെൎക്കിന്നു
സന്തൊഷമായിതൊന്നി ക്രിസ്ത്യാനരുടെവീൎയ്യത്താലെജയംവന്നതെഉളളുഎന്നു
തെളിഞ്ഞുവരികയുംചെയ്തു—പട്ടണംപിടിച്ചശെഷംക്രിഷ്ണരായരുടെമന്ത്രികൾവന്നു
ബ്രാഹ്മണരെരക്ഷിച്ചുവെക്കെണ്ടതിന്നുവളരെപറഞ്ഞപ്പൊൾഅല്ബുകെൎക്ക്രാ
യരെമാനിച്ചുബ്രാഹ്മണർമുതലായചതുൎവ്വൎണ്ണക്കാരെഭെദംകൂടാതെപരിപാലി
ച്ചുമാപ്പിളളമാരെമാത്രംപട്ടണത്തിൽനിന്നുനീക്കുവാൻനിശ്ചയിച്ചു—അവരും
വെഗത്തിൽഓടിപൊയാറെഅല്ബുകെൎക്ക്പടയാളികളെവഴിയെഅയച്ചുമാപ്പിളള
മാരുടെകന്യമാരെപിടിച്ചുകൊണ്ടുവരെണ്ടതിന്നുകല്പിച്ചു—അവർ൧൫൦ഓ
ളംപെൺകുട്ടികളെചെൎത്തുകൊണ്ടുവന്നപ്പൊൾഅല്ബുകെൎക്ക്അവരെതന്റെപുത്രിമാ
രെന്നുവിളിച്ചുസ്നാനംകഴിപ്പിച്ചുവീരന്മാരെകൊണ്ടുവെൾപ്പിച്ചുഅവൎക്കുനിലങ്ങളെവി
ഭാഗിച്ചുകൊടുത്തു—നികുതികൊടുക്കെണ്ടതുഹിന്തുക്കൾമാത്രം—ക്രിസ്ത്യാനികളായപറ
ങ്കികൾപടചെൎക്കത്തിന്നുഒരുങ്ങിഇരിക്കെണം—ശെഷംമാപ്പിളളമാരുടെധനംഎ
ല്ലാംജപ്തിചെയ്കയാൽകൊട്ടഉറപ്പിപ്പാനുംപളളികളെകെട്ടിപട്ടണത്തെഅലങ്കരിച്ചു
വസിപ്പിപ്പാനുംകൊപ്പുവെണ്ടുവൊളംകിട്ടി—മതിലിന്നായികുഴിക്കുമ്പൊൾചെ
മ്പാലുളളഒരുക്രൂശ്കാണായ്വന്നുഎന്നുകെൾക്കുന്നു—ക്രിയയുഈതരശകുനപണ്ടിതന്മാ
ൎക്കുംപരന്നിരുന്നുഎന്നുളളതിന്നുദൃഷ്ടാന്തമാകയാൽപറങ്കികൾവളരെസന്തൊഷംഉണ്ടാ
യി—അവർഅതിനെപുതിയപളളിയിൽസ്ഥാപിച്ചതിന്റെശെഷംപൊൎത്തുഗാൽരാജാ
വിന്നുംഅവൻലെയൊപാപ്പാവിന്നുംകാഴ്ചയായിഅയക്കയുംചെയ്തു—
അന്നുമുതൽപറങ്കികൾമലയാളത്തിലല്ലഗൊവയിൽതന്നെപ്രധാനസ്ഥാനമാക്കിയതു—

അതുകെരളത്തിന്നവടക്കെദെശം ആകയാൽ അതിന്റെ വിവരം ചുരുക്കി പറഞ്ഞതെഉള്ളൂ — മെലാൽ വത്തമാനത്തിൽനിന്നും കെരളത്തെതൊട്ടുള്ള അംശങ്ങളെമാത്രം എടുത്തുപറയും — ഇങ്ങിനെ പറങ്കികൾ കെരളത്തിൽ വന്നു വ്യാപരിച്ചിട്ടു ൧൫൰ാം ആണ്ടിൽ അവൎക്കു സ്ഥിരമുള്ളവാസം കിട്ടിയതു അല്ബുകെൎക്കിന്റെ ബുദ്ധിവിശെഷത്താൽ സംഭവിച്ചിരിക്കുന്നു. അൽമെദമുതലായവർ മുളകുതുടങ്ങിയ കച്ചൊടങ്ങളിലെ ലാഭങ്ങളെകാത്തുകൊണ്ടിരിക്കെ അല്ബുകെൎക്ക കണ്ടു നിശ്ചയിച്ചതു ഇവിടെ പറങ്കികൾ കുടിയെറിപാൎക്കെണം. കപ്പൽബലം കൊണ്ടു സമുദ്രം വാഴുന്നതു പൊരാ രാജ്യധനങ്ങൾ ഉണ്ടായാൽ മതിയാകുന്ന പട്ടാളം ഇക്കരയിൽ തന്നെ ചെല്പാൻ സംഗതി വരെണം. അതിന്നായി പടജ്ജനങ്ങൾ നാട്ടുകാരത്തികളെ വിവാഹം ചെയ്തു പുത്രസന്തത്തുണ്ടാക്കി ക്രിസ്ത്യാനസമൂഹത്തെ വൎദ്ധിപ്പിച്ചു പൊരെണ്ടതാകുന്നു — എന്നിങ്ങിനെ അലൊചിച്ചതു പലരും വിരൊധിച്ചിട്ടും അവൻ ബുദ്ധിയൊടും സ്ഥിരതയൊടും നടത്തുകയാൽ ഇന്നു ബന്ധത്തിലുള്ള പൊൎത്തുഗാൽ അധികാരത്തിന്നു കാരണഭൂതൻ ആയിചമഞ്ഞു —

അങ്ങിനെ എല്ലാം ഉത്സാഹിച്ചു പൊരുമ്പൊൾ കൊച്ചിരാജാവ് മുതൽ കെരളത്തിൽ ചങ്ങാതികളായി പാൎക്കുന്നവരിൽ ഗൊവനിമിത്തം വളരെ അസൂയതൊന്നി — കൊച്ചി തന്നെ മൂലസ്ഥാനം ആകെണം. കപ്പൽ എല്ലാം അവിടെ എത്തെണം എന്നു പെരിമ്പടപ്പിന്റെ രച്ചിന്തയല്ലൊ ആയതു — തൊപ്പിക്കാർ പലരും ഈ പരിചയിച്ചത് എല്ലാം മാറിപൊകെണ്ടതല്ലൊ എന്നു വെച്ചു വിഷാദിച്ചു മത്സരക്കാർ പലരും തങ്ങളുടെ ദൊഷങ്ങളെ കുറെക്കെണ്ടതിന്നു അല്ബുകെൎക്കിന്റെ മാഹാത്മ്യം മറെച്ചുവെച്ചു ഇവൻ രാജ്യത്തെ നശിപ്പിക്കുന്നവൻ എന്ന ഒരു ശ്രുതിയെ പൊങ്ങുമാറാക്കുകയും ചെയ്തു —

F. Müller Editor.

Archivfilm
vorhanden

4.-

„Indische Zeitung.“ v. d. Lalur Relalag

# പശ്ചിമോദയം


നമ്പ്ര ഒന്നിന്ന — ൧ പൈസ വില

൧ാം നമ്പ്ര — തലശ്ശേരി — ൧൮൪൭. ഒക്ടോ


വെളിച്ചം പൂർവ്വദിക്കിൽ നിന്ന മാത്രമല്ല പശ്ചിമത്തിൽ നിന്നും വരുന്നത് ഉണ്ടു
തന്നെ- ഈ കേരളം ദൈവവശാൽ ഇങ്ക്ലിഷ്കാൎക്ക അധീനമായി വന്നതിനാലെ
നാട്ടിൽ അറിഞ്ഞുകൂടാത്ത ചില സംഗതികളെ പടിഞ്ഞാറിൽ നിന്ന ഇങ്ങോട്ടു
വരുവാൻ ഒരു പാലം ഉണ്ടായിരിക്കുന്നു- ഇവിടെ നടപ്പായ വിദ്യകളും ശാസ്ത്രങ്ങളും
കെ വിലാത്തിയിൽ നടക്കുന്നവ പലതും ഉണ്ടു- രണ്ടു വകെക്കും തമ്മിൽ വളരെ ഭേദം ഉ
താനും- പരമാത്മാ ജീവാത്മാക്കൾ തുടങ്ങിയുള്ള മതോപദേശങ്ങളെ ധ്യാനിച്ചു ഒരൊന്ന
രുണ്ടാക്കിയ ദിവ്യശ്ലോകങ്ങളെ ഉപമെച്ചു വിദ്വാന്മാരെ അതിശയിപ്പിക്കുന്നത് ഹിന്തു ജ്ഞാ
ത്തിൽ മുഖ്യം തന്നെ- കാലദേശാവസ്ഥകളുടെ സൂക്ഷ്മം നിദാനിച്ചറിഞ്ഞു കുട്ടികളു
ഉപകാരത്തിന്നായി ഗദ്യമായി പറയുന്നതു വിലാത്തി ജ്ഞാനത്തിന്റെ ലക്ഷണമ
ഈ വകയായിപ്പോൾ ആഗ്രഹിക്കുന്നവർ ഉണ്ടെങ്കിൽ ഞങ്ങൾ മാസന്തോറും വിലാ
ശാസ്ത്രങ്ങളിൽ നിന്ന പറയുന്നത് ഒരൊന്ന എടുത്തു ഇങ്കിരിസ്സിൽ കാണിച്ച മാതിരിയാ
മലയാളികൾക്ക തോന്നുവാൻ തക്കവണ്ണം ഭാഷയിലാക്കി അച്ചടിച്ചു വരുത്തുമുള്ള
ക്ക്യയക്കയും ചെയ്യും- വില ഒരു വർഷത്തിന്ന അരരൂപ്പിക-

## ജ്യോതിഷവിദ്യ

ഈ ശാസ്ത്രങ്ങളിലും ഈ കല്പജ്ഞാനങ്ങളിലും പ്രധാനമാകുന്നത് എന്നു ഈ രാജ്യക്കാര
പലരും പറയുന്നു- ജ്യോതിസ്സ എന്നതു വെളിച്ചം തന്നെ- ജ്യോതിഷമൊ കണ്ണാലെ കാണു
ന്ന ഗ്രഹങ്ങൾ മുതലായ വാനമീനുകളുടെ അറിവാകുന്നു- അതല്ലാതെ

സർവ്വലാവണ്യം നക്ഷത്രതാരകാധിപൻ നൂനം
സർവ്വ ശൊകങ്ങളെയും കളയും ദിനാധിപൻ

എന്നൊരു പാട്ടിൽ കേൾക്കുന്നതു പൊലെ പണ്ടു പല രാജ്യക്കാരും ഒരൊ ഗ്രഹങ്ങളൊ
ങ്ങൾ മനുഷ്യൎക്കു വരുന്നതു നക്ഷത്രങ്ങളുടെ കടാക്ഷബലത്താൽ തന്നെ എന്നു നിശ്ചയിച്ച